മി. സ്പീക്കർ: അടുത്തത് സുനാമി ദുരന്തത്തെക്കുറിച്ചുള്ള ചർച്ചയാണ്. 11.30-ന് ആരംഭിക്കേണ്ടതായിരുന്നു. നേരം വൈകി, ആർക്കും സംസാരിക്കുന്നതിനുള്ള അവസരം നിഷേധിച്ചു, പെട്ടെന്ന് ബില്ലുകൾ പാസ്സാക്കി എന്ന് വരാതിരിക്കാൻ സമയം അനുവദിച്ചതാണ്. സുനാമിയുടെ ചർച്ച നീണ്ടാൽ എല്ലാവരുടേയും ഭക്ഷണവും വൈകും. അതുകൊണ്ട് എല്ലാവരും സമയനിഷ്ഠ പാലിക്കണം.

X. ചട്ടം 130 അനുസരിച്ചുള്ള ഉപക്ഷേപം

സുനാമി ദുരിതാശ്വാസ പ്രവർത്തനം

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, "2004 ഡിസംബർ 26-ാം തീയതി കേരളത്തിന്റെ തീരപ്രദേശങ്ങളിൽ സുനാമി തിരമാലകൾ ആഞ്ഞടിച്ചതിന്റെ ഫലമായി സംസ്ഥാനത്തെ ഒമ്പത് ജില്ലകളിൽപ്പെട്ട 219 വില്ലേജുകളിൽ വ്യാപകമായ നാശനഷ്ടവും ജീവഹാനിയും സംഭവിക്കുകയുണ്ടായി. കൊല്ലം, ആലപ്പുഴ, എറണാകുളം ജില്ലകളിലുണ്ടായ നഷ്ടങ്ങൾ ബൃഹത്താണ്. ഈ സുനാമി ദുരന്തത്തെ നേരിടുന്നതിന് സർക്കാർ സ്വീകരിച്ച ദുരിതാശ്വാസ പ്രവർത്തനത്തെയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുനരധിവാസ പ്രവർത്തനങ്ങളെയും ഭാവി പ്രതിരോധ നടപടികളെയും സംബന്ധിച്ച് ചർച്ച ചെയ്യണം" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. പി. വിശ്വനാഥൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(ശ്രീ. കെ. എം. മാണി): 2004 ഡിസംബർ 26-ാം തീയതി കേരളത്തെ നടുക്കിയ സുനാമി ദുരന്തം സൃഷ്ടിച്ച നാശനഷ്ടങ്ങൾ വളരെ വളരെ ഹൃദയഭേദകവും ബൃഹത്തുമാണ്. ഒമ്പത് ജില്ലകളിൽപ്പെട്ട 219 വില്ലേജുകളെ ഇത് ബാധിക്കുകയുണ്ടായി. കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലാണ് ഏറ്റവും കൂടുതൽ ദുരന്തമുണ്ടായത്. 204 പേരുടെ ജീവൻ അപഹരിച്ചു. കേരളത്തിൽ മരണപ്പെട്ട 204 പേരിൽ 172 പേർ കേരളത്തിനകത്തും 32 പേർ കേരളത്തിന് പുറത്തും ഉള്ളവരാണ്. കൊല്ലം ജില്ലയിൽ മാത്രം 131 പേർ മരണപ്പെടുകയുണ്ടായി. 1600 പേർ പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നു.. അനേകം വീടുകൾക്ക് ഇതോടൊപ്പം തന്നെ നാശനഷ്ടമുണ്ടായി. ഏതാണ്ട് മൂവായിരത്തോളം വീടുകൾ എന്നുതന്നെ പറയാം, മുഴുവനായി നഷ്ടപ്പെടുകയുണ്ടായി. 9,748 വീടുകൾ ഭാഗീകമായി നഷ്ടപ്പെട്ടു. ഈ ഫിഗേഴ്സ് രണ്ടാമത് സർവ്വെ നടത്തിയ ശേഷമുള്ളതാണ്. ആദ്യത്തെ മെമ്മോറാണ്ടത്തിൽ കൊടുത്തിരിക്കുന്ന ഫിഗേഴ്സും ഇതും തമ്മിൽ വ്യത്യാസമുണ്ട്. ആദ്യത്തെ മെമ്മോറാണ്ടത്തിൽ റഫായിട്ടുള്ള കാൽക്കുലേഷനായിരുന്നു. 3574 കട്ടമരങ്ങളും വള്ളവും നഷ്ടപ്പെട്ടു. 615 ഔട്ട് ബോർഡ് എഞ്ചിനുകൾക്ക് നഷ്ടമുണ്ടായി. 23 കോടി രൂപയുടെ നഷ്ടം

LIBRARY ARCHIVES Kerala Legislative Assembly

ഏതായാലും ആ രംഗത്ത് വന്നിട്ടുണ്ട്. ഇതുപോലെ തന്നെ ഫിഷർമാനെ സംബന്ധിച്ചിടത്തോളം അവർക്കുള്ള നഷ്ടമായി ഇപ്പോൾ 78 ഗ്രൂപ്പുകളിലായി 35 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. അതുപോലെ ഇൻഫ്രാസ്ട്രക്ചർ രംഗത്ത് വളരെയേറെ നഷ്ടമുണ്ടായിട്ടുണ്ട്. കൃഷിയെ സംബന്ധിച്ചിടത്തോളം കാർഷിക നഷ്ടം വളരെയേറെ ഉണ്ട്. ഇന്നത്തെ ചർച്ചയിൽ പറയാനുള്ളത് ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ചാണ്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. പക്ഷേ എല്ലാവർക്കും അറിയാവുന്നതുപോലെ 140 ക്യാമ്പുകൾ ദുരിതാശ്വാസത്തിന് ആശ്വാസം നൽകാനായി തുറക്കേണ്ടിവന്നു. ആ പോയിന്റ് ഓഫ് ടൈമിൽ ഒരു ലക്ഷത്തി അറുപത്തയ്യായിരം പേർ നമ്മുടെ റിലീഫ് കേന്ദ്രങ്ങളിൽ വന്നു എന്നു പറയുമ്പോൾ ഇവർക്കെല്ലാം ആശ്വാസം കൊടുക്കാനും ഇവരെ പരിരക്ഷിക്കാനുമുള്ള ചുമതല ഗവൺമെന്റിന് ഏറ്റെടുക്കേണ്ടി വന്നു. അത് എത്രയോ വലിയ ചുമതലയാണെന്ന് മനസ്സിലാക്കാൻ കഴിയും. ഇവർക്കെല്ലാം താമസ സൗകര്യം, വസ്ത്രം, മരുന്ന്, സാനിട്ടേഷൻ സൗകര്യം ഇവയെല്ലാം ഒരുക്കേണ്ട ഭാരമാണ് വന്നത്.. അത് ഏർപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെന്റ് വീഴ്ചയൊന്നും വരുത്തിയിട്ടില്ല. മനുഷ്യസാദ്ധ്യമായ എല്ലാം ചെയ്തുകൊടുക്കാൻ കഴിഞ്ഞു എന്നുള്ള സംതൃപ്തിയാണുള്ളത്. 27-12-2004-ൽ രജിസ്റ്റർ ചെയ്ത എല്ലാവർക്കും ആയിരം രൂപ വച്ച് കൊടുക്കാനുള്ള തീരുമാനമെടുക്കുകയുണ്ടായി. അവിടെ വന്നില്ല എങ്കിൽപ്പോലും ഒരു റിലാക്സേഷൻ കൊടുക്കുകയുണ്ടായി. ആരെങ്കിലും ഒരു വീട്ടിൽ മരിച്ചിട്ടുണ്ടെങ്കിൽ ആ വീട്ടിലെ ആളുകൾ ക്യാമ്പിൽ വന്ന് രജിസ്റ്റർ ചെയ്തില്ലെങ്കിലും, വീടുകൾ മുഴുവനായി നഷ്ടപ്പെട്ടവർ രജിസ്റ്റർ ചെയ്തില്ലെങ്കിലും അവർക്കും ആയിരം രൂപ വച്ച് കൊടുക്കുന്നതാണ് എന്ന് ഗവൺമെന്റ് പ്രഖ്യാപിക്കുകയാണ്. അതനുസരിച്ച് 27-ാം തീയതി ക്യാമ്പിൽ രജിസ്റ്റർ ചെയ്ത എല്ലാവർക്കും ആയിരം രൂപ വച്ച് കൊടുക്കുകയാണ്. ഇതിനുശേഷവും കുറേയേറെ ആളുകൾ ഞങ്ങൾ ക്യാമ്പിൽ വന്നവരല്ല, ഞങ്ങൾ വീടുകളിൽ താമസിച്ചവരല്ല, ഞങ്ങളും അഫക്റ്റഡ് പേഴ്സൺസാണ്, ഞങ്ങൾക്കും ആയിരം രൂപ കിട്ടണമെന്നുള്ള മുറവിളിയുണ്ടായി. നമുക്കറിയാം ഇത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. ഉദാഹരണത്തിന് ആലപ്പുഴ ജില്ലയിൽ 9,348 അപേക്ഷകരിൽ 4,260 പേർക്ക് ആയിരം രൂപ വച്ച് കൊടുത്തു. ബാക്കി 5,087 പേർക്ക് കൊടുക്കാനുണ്ട്. കാരണം എന്താണെന്നുവച്ചാൽ നമ്മുടെ പ്രഖ്യാപനം ക്യാമ്പിൽ രജിസ്റ്റർ ചെയ്തവർക്ക് ആയിരം രൂപവച്ച് കൊടുക്കുമെന്നാണ്. കൂടുതൽ ആളുകൾ ഇങ്ങനെ ഡിമാന്റ് ചെയ്യുകയാണ്. ഗവൺമെന്റ് റിജിഡായ ഒരു സ്റ്റാന്റ് എടുക്കുന്നില്ല. ബഹുമാനപ്പെട്ട ഗൗരിയമ്മയെ പോലുള്ള ആളുകൾ വളരെ പ്രതിജ്ഞാബദ്ധമായി ആ രംഗത്ത് നിന്നുകൊണ്ട് സഹായം എത്തിച്ച കാര്യം ഞാൻ ഓർക്കുകയാണ്. കൂടുതൽ ആളുകൾ ഇങ്ങനെ വന്നിട്ടുണ്ടെങ്കിൽ ഉദാരമായ ഒരു സമീപനം ഗവൺമെന്റ് എടുക്കും. എന്തെങ്കിലും നോംസ് ഉണ്ടാക്കിക്കൊണ്ട് ബാലൻസുള്ള 5087 പേരിൽ കുറെയെങ്കിലും ബോണഫൈഡിയായി അവിടെയുണ്ടെന്ന് എന്തെങ്കിലും ഒരു സ്ക്രീനിംഗ് നടത്തിക്കൊണ്ട് അവർക്കും ന്യായമായി ഇനിയും ആയിരം രൂപ വച്ചിട്ടുള്ള സഹായധനം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻ ഗവൺമെന്റ് ഇപ്പോൾ തീരുമാനിച്ചിരിക്കുകയാണ്. അതിനാവശ്യമായ ഡയറക്ഷൻസ് കൊടുക്കുന്നതാണ്. അതിനർത്ഥം ഇത് റിലാക്സ് ചെയ്യുകയാണെന്നാണ്. നിയമപരമായി കൊടുക്കാൻ ബാദ്ധ്യതയില്ലെങ്കിൽപ്പോലും മാനുഷിക പ്രശ്നമെന്ന നിലയിൽ ഉദാരമായ ഒരു സമീപനം ഗവൺമെന്റ് സ്വീകരിച്ചുകൊണ്ട് അവർക്കു കൂടി സഹായം കൊടുക്കുമെന്നുള്ള കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. 26,247 പേർ ക്യാമ്പുകളിൽ ഉണ്ട്. അവരെ ഗവൺമെന്റ് തന്നെ ആ ക്യാമ്പിൽ പരിരക്ഷിച്ചുകൊണ്ടിരിക്കുകയാണ്. ഇനി ആവശ്യമായിട്ടുള്ളത് ഈ ക്യാമ്പുകളിൽ കഴിയുന്ന മുഴുവൻ ആളുകൾക്കും അതു പോലെ തന്നെ റിലേറ്റീവ്സിന്റെ വീടുകളിലേക്ക് പോയിരിക്കുന്ന മുഴുവൻ ആളുകൾക്കും താമസ സൗകര്യം ഒരുക്കിക്കൊടുക്കുക എന്നതാണ്. ടെമ്പററി ഷെൽട്ടേഴ്സും പെർമനന്റ് ഷെൽട്ടേഴ്സും ഉണ്ടാക്കിക്കൊടുക്കുക എന്നിങ്ങനെയുള്ള ഭാരിച്ച ജോലിയാണ് ഏറ്റെടുക്കേണ്ടിയിരിക്കുന്നത്; അത് ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. മാതാ അമൃതാനന്ദമയി മഠം ഏതാനും ഷെൽറ്ററുകൾ വച്ച് കുറേ ആളുകളെ അവിടെ പരിരക്ഷിക്കുകയുണ്ടായി എന്നാണ് അങ്ങ് പറയുന്നത്. ഇത് വളരെ ശ്ലാഘനീയമായ കാര്യമാണ്. കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ഇരുപതു വീടുകൾ നിർമ്മിച്ച് പൂർത്തിയാക്കുന്നു. നിർമ്മിതി 100 വീടുകൾ നിർമ്മിച്ച് പൂർത്തിയാക്കി. അതുപോലെ ആർമി 360 വീടുകൾ നിർമ്മിച്ചു പൂർത്തിയാക്കുന്നു. എനിക്കിപ്പോൾ ലേറ്റസ്റ്റായിട്ട് കിട്ടിയിരിക്കുന്ന വിവരം ഫെബ്രുവരി പതിമൂന്നാം തീയതി ഹൗസിംഗ് ബോർഡിന്റേയും നിർമ്മിതിയുടേയും, ആർമിയുടേയും അഭിമുഖ്യത്തിലുള്ള 360 വീടുകൾ പണി തീരും. ഫെബ്രുവരി പതിമൂന്നാം തീയതി നമുക്ക് ഇത്രയും ആളുകളെ മാറ്റി പാർപ്പിക്കാൻ കഴിയും. അതിനു പുറമേ ആയിരം വീടുകൾക്കു കൂടി ടെന്റർ കൊടുത്തിട്ടുണ്ട്. ആയിരം വീടുകൾ എന്നു പറയുന്നത് യഥാർത്ഥത്തിൽ അതിനേക്കാൾ കൂടുതൽ, നമ്പർ കണക്ക് വച്ച് നോക്കുമ്പോൾ ടെമ്പററി ഷെൽറ്റർ കൊടുക്കേണ്ടതായിട്ടുണ്ട്. ആയിരത്തിൽ കൂടുതൽ ഉണ്ടെങ്കിൽപ്പോലും ഗവൺമെന്റ് അങ്ങനെ എടുത്തിരിക്കുന്നതിന് ഒരു കാരണമുണ്ട്. ഇതിനിടയിൽ ആരെങ്കിലും റിലേറ്റീവ്സിന്റെ വീടുകളിൽ പോയി താമസിക്കുന്നുവെങ്കിൽ സർക്കാരിന്റെ ടെമ്പററി ഷെൽറ്ററിൽ അല്ലാതെ അവരുടെ റിലേറ്റീവ്സിന്റെ വീടുകളിൽ പോയി താമസിക്കാൻ ഓപ്റ്റ് ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ളവർക്ക് പ്രിലിമിനറിയായി ഒരു ഇനിഷ്യൽ സഹായം എന്നുള്ള നിലയ്ക്ക് അയ്യായിരം രൂപയും മാസന്തോറും ആയിരം രൂപയും കൊടുക്കുമെന്ന് ഒരു പ്രഖ്യാപനം നടത്തുകയുണ്ടായി. വളരെയേറെ ആളുകൾ അങ്ങനെ മാറുകയുണ്ടായി. അവർക്ക് ഷെൽറ്റർ കൊടുക്കേണ്ട ആവശ്യമില്ല. ഇനിയും അങ്ങനെയുള്ള കുറേ ആളുകൾ കൂടി റിലേറ്റീവ്സിന്റെ വീടുകളിലേക്ക് പോകാൻ ഓപ്റ്റ് ചെയ്യും എന്നുള്ളതു കൊണ്ടാണ് ആയിരം വീടുകൾക്ക് മാത്രം ടെന്റർ കൊടുത്തത്. ആയിരം താൽക്കാലിക വീടുകൾ പണിയുന്നതിനുവേണ്ടി ടെന്റർ കൊടുത്തു. ഏറ്റവും കുറഞ്ഞ ടെന്റർ എന്ന നിലയ്ക്ക് പബ്ലിക് സെക്ടർ ഓർഗനൈസേഷനായ അഗ്രോ ഇന്റസ്ട്രീസ് കോർപ്പറേഷൻ ഏറ്റവും കുറഞ്ഞ ടെന്ററുമായിട്ട് വന്നു. ആയിരം വീടുകൾ നമ്മൾ അവരെ ഏൽപ്പിച്ചിട്ടുണ്ട്. അവർ

LIBRARY ARCHIVES Kerala Legislative Assembly

വീട് പണി ആരംഭിച്ചു കഴിഞ്ഞു. നിർദ്ദിഷ്ട തീയതിക്കകം പണി തീർത്ത് താൽക്കാലികമായിട്ടുള്ള ആളുകളെ മുഴുവൻ അങ്ങോട്ട് മാറ്റി പാർപ്പിക്കും. ഇത് കൊല്ലം ജില്ലയെ സംബന്ധിച്ച് പറഞ്ഞതാണ്. ആലപ്പുഴ ജില്ലയെ സംബന്ധിച്ചിടത്തോളം ആലപ്പുഴ ജില്ലയിൽ 15 ഷെൽറ്റേഴ്സാണ് ടെമ്പററിയായിട്ടുള്ളത്. അത് പൂർത്തിയായി. എല്ലാ ആളുകളേയും ടെമ്പററിയായി താമസിപ്പിച്ചുകഴിഞ്ഞു. എറണാകുളം ജില്ലയെ സംബന്ധിച്ചിടത്തോളം ഷെൽറ്റേഴ്സ് പണിത് കൊടുത്തില്ലെങ്കിലും അവർ എടുത്ത ഒരു സമീപനം ഓരോ വ്യക്തിക്കും അവരിൽ വീട് വേണ്ടവർക്ക് 7,500 രൂപ വച്ച് കൊടുത്തു. അവരവരുടെ ഉത്തരവാദിത്വത്തിൽ അവരവർ വീട് നിർമ്മിക്കട്ടെയെന്ന് പറഞ്ഞു. അതനുസരിച്ച് എറണാകുളം ജില്ലയിലെ പ്രോബ്ലം പരിഹരിക്കപ്പെട്ടു. ആലപ്പുഴ ജില്ലയിലെ പ്രോബ്ലം തീർന്നു. ഏറ്റവും കൂടുതൽ കൊല്ലം ജില്ലയിലാണ്. കൊല്ലം ജില്ലയിൽ കൂടുതൽ നിർമ്മാണ ജോലികൾ നടത്തേണ്ടിയിരിക്കുന്നതുകൊണ്ട് കൊല്ലം ജില്ലയിലേത് മാത്രം തീർന്നിട്ടില്ല. നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. നമുക്ക് എത്രയും വേഗം അത് പൂർത്തിയാക്കാൻ കഴിയും. ഇനി ആവശ്യമായിട്ടുള്ളത് പെർമനന്റായിട്ടുള്ള വീടുകളാണ്. പെർമനന്റായിട്ടുള്ള വീടുകളെ സംബന്ധിച്ചിടത്തോളം ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ മുവായിരം പെർമനന്റായിട്ടുള്ള വീടുകളാണ് ആവശ്യം. ആ വീടുകളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് പ്രഖ്യാപനം കൊടുത്തിരുന്നു. ഇത് ഗവൺമെന്റ് പ്രസിദ്ധീകരിക്കുന്ന ടൈപ്പ് ഡിസൈൻ അനുസരിച്ചുള്ളതായിരിക്കും. ബെനീഫിഷ്യറീസിനെ ഗവൺമെന്റ് തീരുമാനിക്കും. ആ ഡിസൈൻ അനുസരിച്ച് വോളന്ററി ഏജൻസീസായി ആർക്ക് വേണമെങ്കിലും മുന്നോട്ട് വരാം. വീടു നിർമാണം അവരെ ഏല്പിക്കും. അവിടെ പറഞ്ഞതനുസരിച്ചുള്ള ടൈപ്പ് ഡിസൈൻ റെഡിയായി. ഏജൻസിയെ ഏൽപ്പിച്ചുകഴിഞ്ഞു. ടൈപ്പ് ഡിസൈൻ എന്നു പറയുന്നത് രണ്ട് ബെഡ് റും, ഒരു ഡ്രോയിംഗ് റും, ഒരു കിച്ചൺ ഒരു ടോയ്ലറ്റ്. അങ്ങനെ 430 സ്കയർ ഫീറ്റിലുള്ള ടൈപ്പ് ഡിസൈനായിട്ടാണ് കൊടുത്തിട്ടുള്ളത്. ഇതിന്റെ ചെലവ് വരുന്നത് രണ്ടുമുന്ന് തരത്തിലാണ്. നോർമൽ ഡിസാസ്റ്റർ റെസിസ്റ്റന്റായിട്ടുള്ള വീടുകൾ വേണ്ടാത്ത സ്ഥലം ഉണ്ട്. നോർമലായിട്ടുള്ള വീടുകൾ നിർമ്മിക്കാൻ നിർദ്ദേശിച്ചിരിക്കുന്നത് ഒന്നേമുക്കാൽ ലക്ഷം രൂപയ്ക്കാണ്. ഞങ്ങൾ അങ്ങനെയാണ് ആൾ പാർട്ടി കോൺഫറൻസിൽ തീരുമാനിച്ചത്. അങ്ങനെയാണ് ഞങ്ങൾ എല്ലായിടത്തും പറഞ്ഞത്. ബഹുമാന്യനായ മുഖ്യമന്ത്രിയും അങ്ങനെയാണ് പറഞ്ഞത്. പക്ഷെ അതിനു ശേഷം ഞങ്ങൾ വേറൊരു തീരുമാനം എടുത്തു. കോസ്റ്റിൽ അൽപം മാറ്റം വരുത്തി. കാരണം ഡിസാസ്റ്റർ റെസിസ്റ്റന്റ്സായിട്ടുള്ള ചില വീടുകൾ അങ്ങനെയുള്ള സോയിലിൽ നമുക്ക് പണിയേണ്ടതായിട്ടുണ്ട്. പായപ്പാട് ഐലന്റിന് പടിഞ്ഞാറ് വശത്ത് ആരേയും താമസിപ്പിച്ചിട്ടില്ല. കിഴക്ക് വശം ആണെങ്കിൽപ്പോലും, കോസ്റ്റൽ സോണിനത്താണെങ്കിലും അവിടെ ഡിസാസ്റ്റർ റെസിസ്റ്റന്റ് വീടുകളെ സംബന്ധിച്ചിടത്തോളം ഐ.ഐ.റ്റി. മദ്രാസിന്റെ ചില എക്സ്പേർട്ടിസിനെ വരുത്തി. ആ എക്സ്പേർട്ട്സും കേരളത്തിന്റെ ഹൗസിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന്റേയും നിർമ്മിതിയുടേയും, പി.ഡബ്ല്യു.ഡി.-യിലെ കിട്ടാവുന്ന എക്സ്പേർട്ട്സും ഒരുമിച്ച് ഇക്കാര്യം ചർച്ച ചെയ്തു. ആ എക്സ്പേർട്ട്സിന്റെ അഭിപ്രായം, ഓരോ സ്ഥലത്തും സോയിൽ ടെസ്റ്റ് ചെയ്തു സോയിലിന് അനുസൃതമായി വീടുകൾ നിർമ്മിക്കണം എന്നാണ്. പക്ഷെ അതിന് അവർ പറഞ്ഞത് ആഴത്തിൽ ഭൂമിക്കടിയിലേക്ക് ഇറങ്ങി പില്ലറിന്മേൽ വീട് പണിതില്ലെങ്കിൽ അവിടെ വീട് നിൽക്കുകയില്ലെന്നാണ് അങ്ങനെ പില്ലർ അടിച്ചിറക്കണമെങ്കിൽ മിനിമം മൂന്നര മീറ്ററും മാക്സിമം 7 മുതൽ 8 വരെ മീറ്ററുമാണ്. ഏറ്റവും മിനിമമാണെങ്കിൽ മൂന്നര മീറ്റർ വരെ താഴേക്ക് പില്ലർ വേണം. കുറേക്കൂടി വൾനറബിളാണെങ്കിൽ ഏഴ് മുതൽ എട്ട് മീറ്റർ വരെ പില്ലർ അടിക്കണം. അങ്ങനെ കാൽക്കുലേറ്റ് ചെയ്യുമ്പോൾ അതിന്റെ ചെലവ് രണ്ടേകാൽ ലക്ഷം രൂപവരെയാകും. ഞങ്ങൾ ആദ്യം റഫ് കോസ്റ്റായിട്ടാണ് പറഞ്ഞിരുന്നതെങ്കിലും ആ സ്ഥാനത്ത് എക്സ്പേർട്ട് ഒപ്പീനിയൻ അനുസരിച്ചുള്ള ഡിസൈൻ വരുമ്പോൾ രണ്ടു തരത്തിലാണ്. 2,67,000 രൂപ വരും. മാക്സിമമാണെങ്കിൽ 3,15,000 രൂപ വരും. ഇതാണ് ടൈപ്പ് ഡിസൈൻ. വോളന്ററി ഏജൻസീസിനെ സംബന്ധിച്ചിടത്തോളം ഞങ്ങൾ അവരെ ഇക്കാര്യം അറിയിച്ചിട്ടുണ്ട്. ടൈപ്പ് ഡിസൈൻ അവർക്ക് കൊടുത്തു കഴിഞ്ഞാൽ ഉടൻതന്നെ നിർമ്മാണത്തിലേക്ക് കടക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രി വോളന്ററി ഏജൻസീസിനെ വിളിച്ചു കൂട്ടി. നമ്മൾ പ്രമേയങ്ങളിൽ പറയുന്നതുപോലെ ഒരു അത്യാഹിതം വന്നാൽ എത്ര അധികം ഉദാരമതികളായ ആളുകൾ ഏതു രീതിയിൽ സഹായത്തിനായി എത്തുന്നു. എത്ര ഉദാരമതികളായ ആളുകളാണ് കേരളത്തിന് അകത്തും പുറത്തുമുള്ളതെന്ന് സുനാമി ദുരന്തം തെളിയിച്ചിരിക്കുകയാണ്. വോളന്ററി ഏജൻസികൾ മുന്നോട്ടുവന്നു പല ജോലികൾ ഏറ്റെടുക്കുവാൻ പുനരധിവാസ രംഗത്ത്, ദുരിതാശ്വാസ രംഗത്ത് അവരോടുള്ള നന്ദി ഈ അവസരത്തിൽ ഞാൻ പ്രകടിപ്പിക്കുകയാണ്. ഇപ്പോൾ ഭവന നിർമ്മാണ രംഗത്ത് 33 സ്പോൺസേഴ്സ് വന്നിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് മാതാ അമൃതാനന്ദമയി മഠമാണ്. അവർ പറഞ്ഞത്, നിങ്ങൾ തീരുമാനിക്കുന്നതനുസരിച്ച് എത്ര വീടുകൾ വേണമെങ്കിലും പണിയാമെന്നാണ്. നമുക്ക് ആവശ്യമായിട്ടുള്ളത് മുവായിരം വീടുകളാണ് എന്ന് കണക്കാക്കുന്നുവെങ്കിൽ ഞങ്ങൾ അത് വോളന്ററി ഏജൻസീസിനുവേണ്ടി ഡിസൈൻ ചെയ്യുകയുണ്ടായി. ഇന്നലെ രാത്രി അത് പൂർത്തിയായിക്കഴിഞ്ഞു. മുവായിരം വീടുകളിൽ 1,300 വീടുകൾ അമ്മയ്ക്കുവേണ്ടി മാറ്റി വയ്ക്കുകയാണ്. അമൃതാനന്ദമയി മഠം അത് നിർമ്മിച്ച് നൽകും. ബാക്കിയുള്ള വീടുകളെ സംബന്ധിച്ചിടത്തോളം 33 ഏജൻസീസ് വന്നുവെന്നു പറയുന്നു. വിവിധ മത ധർമ്മ സ്ഥാപനങ്ങൾ, സംഘടനകൾ, സാംസ്കാരിക സംഘടനകൾ, വ്യക്തികൾ, എൻ.ആർ.ഐ. ഗ്രൂപ്പുകൾ ഇവരെല്ലാം വീടുകൾ നിർമ്മിച്ചു നൽകാൻ വന്നിട്ടുണ്ട്. വാസ്തവത്തിൽ വീടുകൾ വീതിക്കുമ്പോൾ അവർ ഉദ്ദേശിച്ച നമ്പർ വന്നിട്ടില്ലായിരിക്കാം. എങ്കിലും ഗവൺമെന്റ് ഇക്വിറ്റബിളായി വീതിച്ചിട്ടുണ്ട്. ഇന്നുതന്നെ അതി റിലീസ് ചെയ്യുന്നു എന്നുള്ളത് സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ദേവകുമാർ: അങ്ങ് സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്.

ശ്രീ. കെ. എം. മാണി: നിങ്ങൾ മറ്റു ബിസിനസുകളിൽ ഒച്ച വയ്ക്കും പോലെ ഇതിൽ ബഹളം ഉണ്ടാക്കരുത്. വളരെ പാവപ്പെട്ടവർക്ക് വേണ്ടി സർക്കാർ ചെയ്യുന്ന നടപടികൾ വിശദീകരിക്കുമ്പോൾ രാഷ്ട്രീയച്ചുവയുണ്ടാക്കരുത്. ഇപ്പോൾത്തന്നെ വോളന്ററി ഏജൻസീസ് വീടുകൾ നിർമ്മിക്കുന്നതിൽ മാത്രമല്ല, കുട്ടികളുടെ വിദ്യാഭ്യാസ കാര്യത്തിലും, അനാഥരായിട്ടുള്ള കുട്ടികളെ അഡോപ്റ്റ് ചെയ്യുന്നതിനും മുന്നോട്ട് വന്നിട്ടുണ്ട്. കമ്മ്യൂണിറ്റി സെന്ററുകൾ പണിയൽ, കുഞ്ഞുങ്ങൾക്ക് ജോലി കൊടുക്കാൻ ടൗൺഷിപ്പ് നിർമ്മിക്കൽ തുടങ്ങിയ വിവിധ കാര്യങ്ങൾക്കുവേണ്ടിയും വോളന്ററി ഏജൻസീസ് മുന്നോട്ടു വന്നിട്ടുണ്ട്. അവരുടെ സഹായം ആ രംഗങ്ങളിൽ തേടുന്നതാണ്. Gratitious relief കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് വളരെയേറെ കാര്യങ്ങൾ ചെയ്യുകയുണ്ടായി. വാട്ടർ സപ്ലൈ റെക്ടിഫിക്കേഷനുവേണ്ടി 11 കോടി രൂപ സാംഗ്ഷൻ ചെയ്തിട്ടുണ്ട്. മറ്റൊരു കാര്യം പറയാനുള്ളത്, ഇതിന്റെ ഫണ്ടിംഗിനെ സംബന്ധിച്ചിടത്തോളം ഒരു സംശയവും വേണ്ട. ആരോ എന്തോ പറഞ്ഞു, അത് പത്രത്തിൽ വന്നു എന്നാണ് പറഞ്ഞത്. ഇതിൽ വക മാറ്റാൻ പറ്റില്ല. ഇത് വളരെ സുതാര്യമാണ്. ഈ പണം വേറൊരു കാര്യത്തിന് ചെലവഴിക്കാൻ പറ്റില്ല. സുനാമി ദുരന്തത്തിന് കിട്ടുന്ന പണം റീഹാബിലിറ്റേഷൻ കാര്യങ്ങൾക്കുവേണ്ടിയല്ലാതെ വേറൊരു കാര്യത്തിനുവേണ്ടിയും ചെലവാക്കാൻ പറ്റില്ല. നമുക്ക് അതിൽ വളരെ ഉത്തരവാദിത്വമുണ്ട്. സി.ആർ.എഫ്. എപ്പോഴും ആഡിറ്റ് ചെയ്യുന്ന ഫണ്ടാണ്. കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുന്ന ഫണ്ടാണ്. അത് എപ്പോഴും പരിശോധിക്കുന്ന ഫണ്ടാണ്. സി.ആർ. ചീഫ് മിനിസ്റ്റേഴ്സ് റിലീഫ് ഫണ്ടിലുമായിട്ടാണ് തുക വരുന്നത്. സി.ആർ. ഫണ്ടിന്റെ വിവരവും ചീഫ് മിനിസ്റ്റേഴ്സ് റിലീഫ് ഫണ്ടിന്റെ വിവരവും ഞാൻ പറയാം. അതൊക്കെ കൃത്യമായി അക്കൗണ്ട് ചെയ്ത് പണം ചെലവു ചെയ്യുന്ന കാര്യങ്ങളാണ്. സി.ആർ. ഫണ്ടിന്റെ കോർപ്പസ് 181 കോടി രൂപയാണ്. അത് മുഴുവൻ ഡിസ്ട്രിക്ട് കളക്ടർമാർ ഡിസ്ട്രിബ്യൂട്ട് ചെയ്തു കഴിഞ്ഞു. ജനറൽ കാര്യങ്ങൾക്കുവേണ്ടി 2004-05-ൽ സി.ആർ.എഫ്.-ന്റെ കോർപ്പസ് 181 കോടി രൂപയായിരുന്നു. ആ കോർപ്പസ് മുഴുവൻ ഡിസ്ട്രിക്ട് കളക്ടർമാർ വിതരണം ചെയ്തുകഴിഞ്ഞു. പിന്നീട് 100 കോടി രൂപ സി.ആർ.എഫ്.-ലേയ്ക്ക് വന്നിട്ടുണ്ട്. അത് റവന്യൂവിൽ ക്രെഡിറ്റ് ചെയ്തു. പക്ഷേ സി.ആർ.എഫ്.-ലേക്ക് വന്നിട്ടില്ല. സപ്ലിമെന്ററി ഡിമാന്റ് നിയമസഭ പാസ്സാക്കിക്കഴിയുമ്പോഴാണ് റവന്യൂ വിലേയ്ക്ക് ക്രെഡിറ്റ് ചെയ്ത 100 കോടി രൂപ സി.ആർ.എഫ്.-ലേയ്ക്ക് വരുന്നത്. അപ്പോൾ 100 കോടി രൂപ ഉൾപ്പെടെ സി.ആർ.എഫി.-ലേക്ക് വരേണ്ടതായിട്ടുണ്ട്. ഇവിടെ ചർച്ചാ വിഷയമായിട്ടുള്ളത് സുനാമിക്കുശേഷമുള്ള കാര്യങ്ങളെ സംബന്ധിച്ചാണ്. കഴിഞ്ഞ വർഷം ഡിസംബർ മാസം 26-ാം തീയതിക്കു ശേഷമുള്ളതാണ്. ഒരു കാര്യം സഭയെ അറിയാക്കാനുണ്ട്. നമുക്ക് വരാൻ പോകുന്ന ചെലവ് ഇനിയാണ്. Gratitious relief-ന്റെ ചെലവുകൾ മാത്രമാണ് വന്നത്. അത്

ചെറിയ ചെലവാണ്. ഇനി വരാൻ പോകുന്ന ചെലവുകൾ എന്നു പറയുന്നത്, വീടുകൾ നിർമ്മിക്കണം, റോഡുകൾ നിർമ്മിക്കണം, പാലങ്ങൾ പണിയണം, കുടിവെള്ളത്തിന്റെ കാര്യം ശരിയാക്കണം, ഇലക്ട്രിസിറ്റി, ഇൻഫ്രാസ്ട്രക്ച്ചർ എന്നിവയുടെ കാര്യങ്ങളിലാണ് ചെലവുകൾ കിടക്കുന്നത്. ബൃഹത്തായ ചെലവുകളാണ് ഇനി വരാൻ പോകുന്നത്. ഡിസ്ട്രിക്ട് കളക്ടർമാർക്ക് 11 കോടി 66 ലക്ഷം രൂപയാണ് അനുവദിച്ചത്. അതിൽ 19-1-2005 വരെ ഡിസ്ട്രിക്ട് കളക്ടർമാർ ചെലവു ചെയ്തിരിക്കുന്നത് 9,17,00,000 രൂപയാണ്. 34 കോടി രൂപ ഇനി ഡ്സിട്രിക്ട് കളക്ടർമാരുടെ കയ്യിൽ മിച്ചമുണ്ട്. കൊല്ലം കളക്ടർ രൂപ തീർന്നു എന്നു കണ്ടപ്പോൾ ഇന്നലെത്തന്നെ മൂന്നു കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. ഒമ്പതുകോടി പതിനേഴു ലക്ഷം രൂപയാണ് ചെലവു ചെയ്തിരിക്കുന്നത്. Gratitious relief-നെ സംബന്ധിച്ചിടത്തോളം supply of medicine-ന് 80 ലക്ഷം രൂപ, evacuation of population-ന് 79 ലക്ഷം രൂപ, exgratia to bereaved families-ന് 147 ലക്ഷം രൂപ, repair of houses-ന് 27 ലക്ഷം രൂപ, food and clothing-ന് 262 ലക്ഷം രൂപ exgratia to injured-ന് 86 ലക്ഷം രൂപ, drinking water supply-ക്ക് 5 ലക്ഷം രൂപ, other items എല്ലാം കൂടി കൂട്ടുമ്പോൾ ഒമ്പതു കോടി പതിനേഴ് ലക്ഷം രൂപയാണ് Gratitious relief-ന്റെ ഭാഗത്ത് ചെലവായിട്ടുള്ളത്. മാത്രമല്ല, ഇവിടെ മറ്റൊരു കാര്യം പറയാനുള്ളത്, സി.ആർ.എഫ്.-ലുള്ള പണത്തിൽനിന്ന് ഡിസ്ട്രിക്ട് കളക്ടർമാർ പണം റിലീസ് ചെയ്യുന്നു, ചീഫ് മിനിസ്റ്റേഴ്സ് റിലീഫ് ഫണ്ടിൽനിന്നും ഞങ്ങൾ പണം റിലീസ് ചെയ്യുന്നു. ഈ രണ്ടു ഫണ്ടിൽക്കൂടി ക്രെഡിറ്റ് ചെയ്തുകൊണ്ട്, രണ്ടു ഫണ്ടിൽക്കൂടിയാണെങ്കിൽപ്പോലും ഇതിന് പ്രത്യേകമായി അക്കൗണ്ടിംഗ് സിസ്റ്റം വച്ചുകൊണ്ട് സുനാമിക്കുള്ള വരവും ചെലവും പ്രത്യേകമായി തയ്യാറാക്കിക്കൊണ്ട് അതിൽനിന്ന് ഒരു രൂപപോലും വകമാറി ചെലവു ചെയ്യാതിരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ഫുൾ പ്രൂഫായി കാര്യങ്ങൾ നടത്താനാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന നയം. അതനുസരിച്ച് നടപടികൾ നീങ്ങുന്നതാണ്. ഡെത്ത് കേസുകളുടെ കാര്യം പറയാം. ഒരു ലക്ഷം രൂപ വീതം മരിച്ച ആളുകളുടെ കുടുംബത്തിന് കൊടുക്കണമെന്നാണ്. ഞങ്ങൾ ഒരു ലക്ഷം രൂപ വച്ച് കൊടുത്തു കഴിഞ്ഞിരിക്കുന്നു. പക്ഷേ ചില വീടുകളിൽ 10,000 രൂപയാണ് കിട്ടിയത് എന്നു പറയുന്നു. അതു ശരിയാണ്. ഒരു വീട്ടിൽ ഒരാൾ മരിച്ചു കഴിഞ്ഞാൽ ഉടനെ ഒരു ലക്ഷം രൂപ കൊടുക്കുകയില്ല. ആദ്യമായി ആശ്വാസം എന്ന നിലയിൽ 10,000 രൂപ കൊടുത്ത ശേഷം അവർ ഒരു heirship certificate ഹാജരാക്കണം. അത് ഹാജരാക്കിക്കഴിയുമ്പോൾ 90,000 രൂപ അവകാശിയുടെ പേരിൽ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ് പതിവ്. മുമ്പ് heirship certificate-നാണെങ്കിൽ ഗസറ്റ് പബ്ലിക്കേഷൻ വേണം, ഒരു മാസത്തെ ടൈം വേണം, ഇതൊക്കെ ഇപ്പോൾ റിലാക്സ് ചെയ്തിരിക്കുന്നു. ഇപ്പോൾ ഗസറ്റ് പബ്ലിക്കേഷനും ഒരു മാസത്തെ സമയം വേണ്ട. അഞ്ചു ദിവസത്തിനകം heirship certificate കൊടുക്കണമെന്ന് റവന്യൂ ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മരിച്ചവരുടെ കുടുംബത്തിലെ അവകാശികൾക്ക് അഞ്ചു

LIBRARY ARCHIVES Kerala Legislative Assembly

ദിവസത്തിനകം heirship certificate പ്രൊഡ്യൂസ് ചെയ്തു കഴിയുമ്പോൾ 90,000 രൂപ ബാങ്കിൽ ഇടുകയാണ് ചെയ്യുന്നത്. ഏതെങ്കിലും ഒരു കേസിൽ 10,000 രൂപ മാത്രമേ കിട്ടിയിട്ടുള്ളൂ എന്നു പറയുമ്പോൾ അതിന്റെ അർത്ഥം ഇതാണ്. ഞങ്ങൾ ഇതെല്ലാം സാംഗ്ഷൻ ചെയ്തുകഴിഞ്ഞിരിക്കുന്നു. മരിച്ചവരുടെ ഓരോ വീട്ടിലും ഒരു ലക്ഷം രൂപ കൊടുക്കുകയാണ്. തീരദേശത്തുള്ള നാലേകാൽ ലക്ഷം കുടുംബങ്ങൾക്ക് കഴിഞ്ഞ നാലാഴ്ചയായി സൗജന്യ റേഷൻ കൊടുത്തു കൊണ്ടിരിക്കുകയാണ്. ഡിസ്ട്രിക്ട് കളക്ടർമാർക്ക് റേഷനുവേണ്ടി അഞ്ചു കോടി അമ്പത്തിമൂന്നു ലക്ഷം രൂപ ഇതിനോടകം നൽകുകയുണ്ടായി. ഇതിനുപുറമേ 100 കോടിയോളം രൂപ committed expenditure വരുത്തിയിട്ടുണ്ട്. അതിനും സാംഗ്ഷൻ കൊടുത്തിട്ടുണ്ട്. ഞാൻ കഴിഞ്ഞ പ്രാവശ്യം സഭയിൽ സൂചിപ്പിക്കുകയുണ്ടായി, 100 കോടി രൂപ സാംഗ്ഷൻ ചെയ്തുകൊടുത്തിട്ടുണ്ട് എന്ന്. അതായത്, sea-wall, bridges, roads, ration, miscellaneous items തുടങ്ങിയവയ്ക്കെല്ലാം കൂടി 117 കോടി രൂപയാണ്. കഴിഞ്ഞ പ്രാവശ്യം 100 കോടി രൂപ എന്നാണ് പറഞ്ഞത്. 117 കോടി രൂപയുടെ സാംഗ്ഷൻ നൽകിയിട്ടുണ്ട്. പ്രതിരോധ നടപടികളെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഞങ്ങൾ സയന്റിസ്റ്റിനെ വിളിച്ചുവരുത്തി അവരോട് കാര്യങ്ങൾ ആലോചിക്കുകയുണ്ടായി. സയന്റിസ്റ്റുകൾ പല അഭിപ്രായങ്ങളും പുതിയ അറിവുകളും ഞങ്ങൾക്ക് നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സുനാമി, cyclone ഭൂമികുലുക്കം, ലാൻഡ് സ്ലൈഡ് തുടങ്ങിയവയെ sense ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ഇന്നത്തേക്കാൾ കുറച്ചുകൂടി വിദഗ്ദ്ധമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്തിട്ടുണ്ട്; പ്രധാനമന്ത്രിയുമായും കേന്ദ്ര ഗവൺമെന്റുമായും ചർച്ച ചെയ്തിട്ടുണ്ട്. അങ്ങനെയുള്ള കാര്യങ്ങൾ നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രതിരോധത്തിനുവേണ്ടി sea-wall നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. അഴീക്കൽ, ആയിരംതെങ്ങ്, ആറാട്ടുപുഴ എന്നിവിടങ്ങളിൽ പാലങ്ങൾ നിർമ്മിക്കണം. ഇതൊക്കെ പ്രതിരോധത്തെ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. സുനാമിയുണ്ടായാൽ പാലമൊന്നുമില്ലെങ്കിൽ ആളുകൾക്ക് ഓടി രക്ഷപ്പെടാൻ കഴിയില്ല. മറ്റൊന്ന് 1358 കോടി രൂപയുടെ ധനസഹായത്തിനായി കേന്ദ്ര ഗവൺമെന്റിന് മെമ്മോറാണ്ടം കൊടുത്തിട്ടുണ്ട്. അങ്ങനെ ബൃഹത്തായ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ബൃഹത്തായ ചെലവുകൾ പ്രതീക്ഷിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് നമുക്ക് കൂടുതൽ സഹായം തരും. ഇപ്പോൾതന്നെ കാര്യമായ സഹായം എത്തിച്ചിട്ടുണ്ട്. അവരുടെ സമീപനം വളരെ ഉദാരമാണ്. അതിന് കേന്ദ്ര ഗവൺമെന്റിനോട് നന്ദിയുണ്ട്. ഇനിയും കേന്ദ്ര ഗവൺമെന്റിൽനിന്ന് കൂടുതൽ സഹായം വാങ്ങണം. അതിനുവേണ്ടി ഇതിൽ രാഷ്ട്രീയമില്ല. ഇക്കാര്യത്തിൽ ഭരണകക്ഷി പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒറ്റക്കെട്ടായി നിൽക്കണം. പാവപ്പെട്ട, ദുരിതമനുഭവിക്കുന്ന ആളുകൾ, ദുരിതമനുഭവിക്കുന്ന മേഖല, ദുരിതമനുഭവിക്കുന്ന പഞ്ചായത്തുകളായ ആലപ്പാട്, ആറാട്ടുപുഴ എന്നിവ പുനഃസംഘടിപ്പിക്കണം, നവീകരിക്കണം. അവിടത്തെ ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

പുതിയൊരു ജീവിതം കൊടുക്കാനായി, അവിടെ ടൗൺഷിപ്പാക്കി മാറ്റി എല്ലാ സൗകര്യങ്ങളും കൊടുത്തുകൊണ്ട് ഒരു പുതിയ ജീവിതം ഉറപ്പുകൊടുക്കത്തക്ക വണ്ണമുള്ള നടപടികളിലേയ്ക്ക് നീങ്ങാനാണ് കേരള ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അങ്ങനെയുള്ള പ്രവർത്തനരംഗത്ത് എവിടെയെങ്കിലും എന്തെങ്കിലും വിമർശിക്കാൻ കാണും. By and large, പറയുമ്പോൾ മാതൃകാപരമായ പ്രവർത്തനമാണ് കേരള ഗവൺമെന്റ് നിർവ്വഹിച്ചിട്ടുള്ളത് എന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് സംതൃപ്തിയുണ്ട്. ഈ പ്രശ്നത്തിൽ ജനപ്രതിനിധികളുടേയും രാഷ്ട്രീയകക്ഷികളുടേയും മറ്റെല്ലാപേരുടേയും സഹകരണമുണ്ടായിട്ടുണ്ട്, സാമൂഹ്യ-സാംസ്കാരിക സംഘടനകളും മറ്റു സംഘടനകളുമെല്ലാം നൽകിയിട്ടുള്ള സഹകരണത്തിന് പ്രത്യേകിച്ച് ഒരിക്കൽക്കൂടി നന്ദി പ്രകാശിപ്പിച്ചുകൊണ്ടും നിങ്ങളുടെ എല്ലാവരുടേയും കൂടുതൽ സഹകരണം ഇനിയും ഈ രംഗത്തുണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കേരളത്തിലെ ജനങ്ങൾ, മാത്രമല്ല, മലയാളികൾ ഉള്ള എല്ലാ സ്ഥലങ്ങളിൽനിന്നും ഇത്രയും സഹായവും എല്ലാം മറന്നുകൊണ്ട് ഒത്തൊരുമിച്ചുള്ള പ്രവർത്തനവും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നടന്നു എന്ന കാര്യം വലിയ ഒരു ആശ്വാസമാണ്. അതാണ് മനുഷ്യരിലെ നന്മ. ഗവൺമെന്റിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഞങ്ങൾ പൂർണ്ണമായി സഹകരിച്ച വരാണ്. 28-ാം തീയതി മുഖ്യമന്ത്രി വിളിച്ച സർവ്വകക്ഷിയോഗം തൊട്ട് അങ്ങ് രൂപീകരിച്ച സംസ്ഥാനാടിസ്ഥാനത്തിലുള്ള കമ്മിറ്റിയിലൊക്കെ ഏറ്റവും സഹകരണമായ നിലപാടാണ് ഞങ്ങൾ എടുത്തിട്ടുള്ളത്. ചില കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കുന്നത് നിങ്ങളെ പരിഹസിക്കാനോ വിലയിടിച്ചു കാണിക്കാനോ അല്ല. ചില പോരായ്മകൾ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. അത് ഞങ്ങളുടെ ചുമതലയാണ്. ഇവിടെ ഫണ്ടിനെക്കുറിച്ച് ശ്രീ. ദേവകുമാർ ചോദിച്ചു, ഫണ്ട് കിട്ടിയത് എത്രയെന്ന് പറഞ്ഞിട്ടില്ല, അത് വളരെ പ്രസക്തമായ കാര്യമാണ്. അത് ഞാനിവിടെ ചൂണ്ടിക്കാണിക്കാം. ഏറ്റവും അടുത്ത ദിവസം ഗവൺമെന്റ് ഓർഡർ ഇറക്കി പുതിയ ഡിപ്പാർട്ടുമെന്റ് രൂപീകരിച്ചു. എല്ലാവർക്കും അത് ആശ്വാസമായി തോന്നി. ഇതിനുവേണ്ടി Disaster Management Department ഉണ്ടാക്കിയ ഈ നിമിഷം വരെ ഒരു സെക്രട്ടറിയെ വച്ചതല്ലാതെ ഒന്നും തന്നെ ചെയ്തിട്ടില്ല. എത്ര നിരുത്തരവാദപരമായിട്ടാണ് ഈ കാര്യങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നത്? ഞങ്ങൾ ഇതു രണ്ടു മീറ്റിംഗിലും ഉന്നയിച്ചതാണ്. സമയക്കുറവുകൊണ്ട് details-ലേക്ക് പോകുന്നില്ല. ഒരു ഡിപ്പാർട്ടുമെന്റ്, അത് function ചെയ്യേണ്ട ഏറ്റവും പ്രധാനപ്പെട്ട ഒരു സമയത്താണ് ഇപ്പോൾ നിൽക്കുന്നത്. കേരളത്തിലുള്ളവർ അല്ലെങ്കിൽ മലയാളികൾ മുഴുവനും കൈ അയച്ചു സഹായിച്ചു. നല്ല collection കിട്ടി. കേന്ദ്രസഹായം മാത്രമല്ല കേരളത്തിലുള്ള എല്ലാവരും സഹായിച്ചു. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ ഒരു പ്രധാനപ്പെട്ട വാർത്ത ഒന്നാമത്തെ പേജിൽ, 'സുനാമി പിരിവ് നാടാകെ secretariat-ൽ മാത്രം

LIBRARY ARCHIVES Kerala Legislative Assembly

ഒന്നും നടക്കുന്നില്ല', എവിടെയൊക്കെയോ കോ-ഓർഡിനേഷന്റെ തകരാറ്, ആ തകരാറ് പരിഹരിക്കണ്ടേ? അതുകൊണ്ടാണ് ഞങ്ങൾ സൂചിപ്പിക്കുന്നത്. കാശ് ഇഷ്ടംപോലെ കിട്ടി, 117 കോടി രൂപയുടെ ഉത്തരവുകൾ കൊടുത്തു, 19 കോടി രൂപ ചെലവഴിച്ചു എന്നൊക്കെ പറഞ്ഞു. എല്ലാം സുതാര്യമായി, എല്ലാവരും അറിഞ്ഞുകൊണ്ടുതന്നെ നടക്കട്ടെ. ചില കാര്യങ്ങളിൽ ജനങ്ങൾക്ക് ആശങ്കയുണ്ട്, ഗവൺമെന്റിനു കിട്ടുന്ന ഫണ്ട് വിനിയോഗിക്കുന്നതിൽ വീഴ്ചകൾ സംഭവിക്കുന്നു എന്ന് വളരെ ശക്തമായ അഭിപ്രായം നിലനിൽക്കുകയാണ്; ഇവിടെ സംസാരിക്കുന്നവർ പറയുമല്ലോ. ആലപ്പുഴ ജില്ലയിൽ, കൊല്ലം ജില്ലയിൽ അല്ലെങ്കിൽ കരുനാഗപ്പള്ളിയിൽ, ഈ പറഞ്ഞ പ്രവർത്തനങ്ങളൊക്കെ നടപ്പിൽ ആയതാണോ? എല്ലാ സ്ഥലത്തും അസ്വസ്ഥതയല്ലേ, ഈ ക്യാമ്പുകളിൽ, ഷെഡുകൾ പണിയുന്നു, വീടു പണിയുന്നു എന്ന് ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപനം അല്ലേ നടത്തുന്നത്. മന്ത്രി പറഞ്ഞു, കഴിഞ്ഞ മീറ്റിംഗിൽ നിന്നു വ്യത്യസ്തമായി വീടുകളുടെ ഡിസൈനുകൾ മാറ്റിയെന്ന്. വീടുകളുടെ ഡിസൈനുകൾ കൊടുക്കുന്ന സംഘടനകളുമായി ചർച്ച നടക്കുന്നുണ്ട്. എന്നാൽ സന്നദ്ധ സംഘടനകളുമായി സർക്കാരിന് അഭിപ്രായ വ്യത്യാസം വന്നു എന്നല്ലേ ഇപ്പോൾ റിപ്പോർട്ടുകൾ വന്നിരിക്കുന്നത്. വലിയ ചേരിതിരിവുകളും വിഭാഗീയതയുമൊക്കെ ആ മേഖലയിൽ ഉണ്ടാവുകയല്ലേ, ഇതിന്റെ ഫലമായി സംഭവിക്കുന്നത്? ഇതിനു കാരണം ഗവൺമെന്റ് ഇക്കാര്യങ്ങൾ ചെയ്തതിലുണ്ടായ വീഴ്ചയാണ്. 100 കോടി രൂപ ഞങ്ങൾ വിതരണം ചെയ്തു എന്നു പറഞ്ഞു. ഞങ്ങൾ എല്ലാ കളക്ടറേറ്റുകളിലും അന്വേഷിച്ചു. ഒരു കളക്ടർക്കും പ്രത്യേകമായി ഫണ്ട് കൊടുത്തിട്ടില്ല ചെലവിന് അനുസരിച്ച് സംഖ്യ കൊടുക്കുന്നു എന്നു അവർ പറഞ്ഞു. അങ്ങനെ കൊടുത്താൽ മാത്രമേ കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയുകയുള്ളൂ. ഇത്രയും വലിയ, ഭാരിച്ച ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രവർത്തനം നടത്തുമ്പോൾ അതിനുള്ള സഹായകരമായ സാഹചര്യം ഉണ്ടാകണം. കിട്ടുന്നത് ഇരുന്നൂറോ മുന്നൂറോ എത്ര കോടിയെങ്കിലുമാകട്ടെ. ഇനിയും വളരെയേറെ സംഖ്യ തരാൻ മറ്റു പലരും തയ്യാറായി നിൽക്കുന്നു, ഇത് വിനിയോഗിക്കുന്നതിൽ ശുഷ്കാന്തിയും ഉത്തരവാദിത്വവും സുതാര്യതയും ഉണ്ടാകണം. അതില്ല എന്ന പരാതി വ്യാപകമായി ഉണ്ടായിരിക്കുന്നു. അർഹതപ്പെട്ടവർക്ക് അല്ലേ കിട്ടേണ്ടത്! വീട് നഷ്ടപ്പെട്ടവരായാലും മരണപ്പെട്ടവരായാലും കാണാതെ പോയവരായാലും പലപല ആനുകൂല്യങ്ങൾ കൊടുക്കുന്നു. അർഹതപ്പെട്ടവർക്ക് കിട്ടട്ടെ. ഞങ്ങൾ മൂന്നു യോഗത്തിലും ആവർത്തിച്ചുപറഞ്ഞ ഒരു കാര്യം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ആവർത്തിച്ച് ഞങ്ങളെല്ലാവരും ആവശ്യപ്പെട്ടതാണ് ഈ affected area-കളിൽ ജനകീയ കമ്മിറ്റികൾ ഉണ്ടാവണം. പൊളിറ്റിക്കൽ പാർട്ടികൾ, ജനപ്രതിനിധികൾ സന്നദ്ധ സംഘടനകൾ വലിയ സംഭാവന ചെയ്തവരുണ്ടെങ്കിൽ അവരുടെ representatives എല്ലാവരുമുള്ള കമ്മിറ്റി വേണം. Affected area-കളിൽ ഈ കമ്മിറ്റികൾ ആയിരിക്കണം പ്രവർത്തനം ഏറ്റെടുക്കാൻ. അവർക്ക് പൂർണ്ണമായ ഉത്തരവാദിത്തം കൊടുക്കണം. അല്ലാതെ ആരെയെങ്കിലും വിളിച്ച് ചർച്ച ചെയ്താൽ പോരാ. ഇത് എത്രയോ ഗൗരവത്തോടെ ഉന്നയിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

നടപടി ഉണ്ടായില്ല. ഇവിടെ ബഹുമാനപ്പെട്ട ഒരു MLA തന്നെ പറയുന്നു ഞങ്ങൾ അറിയുന്നില്ല എന്ന്. കൂടാതെ പഞ്ചായത്ത് പ്രസിഡന്റുമാരും ജില്ലാ പ്രസിഡന്റുമാരും പറയുന്നു. Affected area-കളിൽ, പ്രത്യേകിച്ച് ഈ മൂന്നു ജില്ല കളിലെ, പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കണമെന്ന ആവശ്യം തീരെ അവഗണിച്ചു, ഞാൻ കുറ്റപ്പെടുത്തുകയല്ല, ആ കമ്മിറ്റിയില്ലെങ്കിൽ, കോടിക്കണക്കിന് രൂപയാണ് ചെലവഴിക്കപ്പെടുന്നത്. ആരാണ് നോക്കുന്നത്? പലപല ആനുകൂല്യങ്ങൾ പലർക്കുമായി വിതരണം ചെയ്യുമ്പോൾ അതൊക്കെ അർഹതപ്പെട്ടവർക്ക് കൃത്യമായി കിട്ടണമെങ്കിൽ അതിനനുസരിച്ചുള്ള നടപടിക്രമം വേണം. Affected area-കളിൽ ഇതിനൊരു സംവിധാനം മന്ത്രിമാരുടെ നേതൃത്വത്തിൽ ഉണ്ടാക്കിക്കോ എന്ന് മുഖ്യമന്ത്രി പറയണം. യോഗം വിളിച്ചു ചേർക്കാനല്ല കൃത്യമായ ഒരു സംവിധാനം തെരഞ്ഞെടുക്കുന്ന രീതികൾ തൊട്ട് പണം ചെലവാക്കുന്ന കാര്യങ്ങളിൽ വരെ വേണം അത്. Monitor ചെയ്യാനും ഓരോ നടപടിയും പരിശോധിക്കാനും കഴിയുന്ന ഒരു സംവിധാനം ഉണ്ടാവണം. ജനപ്രതിനിധികളെയും തദ്ദേശ ഭരണ സ്ഥാപനങ്ങളെയും വിശ്വാസത്തിലെടുക്കണം. അവരെ വിശ്വാസത്തിലെടുക്കാതെ ഈ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയാൽ എന്ന് ഇത് തീർക്കാൻ കഴിയും? മറ്റൊരു കാര്യം വീടുകളും, ജീവനോപാധികളും നഷ്ടപ്പെട്ടവർക്ക് ഗവൺമെന്റ് കുറച്ചു സഹായം നൽകും. ബാക്കി ബാങ്കിൽനിന്ന്, ഇവർക്ക് ആർക്കെങ്കിലും കഴിയുമോ ബാങ്കിൽ നിന്നു പണം വാങ്ങാനും പലിശ അടയ്ക്കാനും. അത് കഴിഞ്ഞ മീറ്റിംഗിൽ ഞങ്ങൾ ഉന്നയിച്ചതാണ്. വള്ളവും വലയും മറ്റ് സാധന സാമഗ്രികളും നഷ്ടപ്പെട്ടവർക്ക് അതിനുള്ള മുഴുവൻ ചെലവും ഗവൺമെന്റ് വഹിക്കണം. അതിന് ഒരു തരത്തിലും ബാങ്കുകളുടെ 7%, 8%, 10% പലിശ വേണ്ട പൂർണ്ണമായി അത് സർക്കാർ കൊടുക്കണമെന്ന് പലിശ കൊടുക്കേണ്ടതുണ്ടെങ്കിൽ ഗവൺമെന്റ് അത് സബ്സിഡി ആയി കൊടു ക്കണം. ഗവൺമെന്റിന്റെ കൈയിൽ പണം ഉണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്ന് പണം കിട്ടാൻ പോകുന്നു, പലരും പണം തരാൻ തയ്യാറാകുന്നു. മത്സ്യത്തൊഴിലാ ളികളും, പാവപ്പെട്ടവരും എല്ലാം നഷ്ടപ്പെട്ടവരും, ബാങ്കിൽ പോയി ലോണെടു ത്താൽ പലിശ കൊടുക്കണം. അവർക്ക് വള്ളവും വലയും ഉണ്ടാക്കാൻ, പലിശ കൊടുത്ത് ബാങ്കിൽ നിന്ന് കടം എടുക്കണമെന്ന് പറയുന്നത് അവരെ തീരാക്കടക്കയ ത്തിലേക്ക്, തീരാ ദുഃഖത്തിലേക്ക് വഴി തുറക്കുന്നതാണ്. അതിന് ഇടവരരുത്. പൂർണ്ണമായും ആ ചെലവുകൾ ഗവൺമെന്റ് തന്നെ വഹിക്കണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ പറയുകയാണ്. കടൽ ഭിത്തി കെട്ടുന്ന കാര്യം ഉൾപ്പെടെ ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെപ്പറ്റി എനിക്ക് കഴിഞ്ഞ കൊല്ലം നിയമസഭയിൽ നിന്ന് കിട്ടിയ ഒരു ഉത്തരമുണ്ട്. ഇതെല്ലാം ഇവിടെ നിർവഹിക്കുന്നു എന്നാണ് ഗവൺമെന്റ് പറയുന്നത്. Centre for Earth Science Studies, പീച്ചിയിൽ സ്ഥാപിച്ച ഭൂകമ്പമാപിനി, അതുപോലുള്ള സൗകര്യങ്ങൾ തീരദേശത്ത് സ്ഥാപിച്ചിട്ടുള്ളത്, തിരമാലകളെയും ഭൂകമ്പങ്ങളെയും പറ്റി

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കുന്നതിനും, കേരളത്തിൽ ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടു കൂടിയുള്ള പഠനം കടലാക്രമണ പ്രക്രിയകൾ ഇവയെല്ലാം ശാസ്ത്രീയമായി വിലയിരുത്തുന്നതിനുമാണ്. ഇതൊക്കെ കേരളത്തിൽ നടക്കുന്നുണ്ട് എന്നാണ് ഇവിടെ ഗവൺമെന്റ് രേഖാമൂലം നൽകിയ മറുപടി. ഇവിടെ വല്ലതും നടക്കുന്നുണ്ടോ? നമ്മുടെ ശാസ്ത്ര സാങ്കേതിക ഗവേഷണ സ്ഥാപനങ്ങളും സർക്കാരും നിസ്സഹായാവസ്ഥയിൽ നിന്നില്ലേ, അതുകൊണ്ട് ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുൻകരുതലുകൾ വേണം. ഇതൊരു വലിയ പാഠമായി എടുക്കണം. ഇതുപോലുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണം. അപകടങ്ങളും നാശനഷ്ടങ്ങളും കുറയ്ക്കാൻ, തന്മൂലം കഴിയും. അതിരാവിലെ റിപ്പോർട്ടു ചെയ്ത ഒരു സംഭവം ടി.വി. ചാനലിൽ ഒന്നു കാണിച്ചാൽ പോരെ? മുഖ്യമന്ത്രി അന്ന് ടി.വി. ചാനലിലൂടെ പറഞ്ഞു അപകടമാണ്, എല്ലാവരും രക്ഷനടപടികളിലേക്കു പോകണം, അപകടം വരുന്നു എന്നു പറഞ്ഞപ്പോൾ എല്ലാവരും കൂട്ടത്തോടെയല്ലേ പാലായനം ചെയ്തത്. ഇതേ രീതിയിൽ ഒന്നുകൂടി മുന്നറിയിപ്പു കൊടുക്കാൻ, വേണ്ടപോലെ വേണ്ട സമയത്ത് മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥരും ആക്ട് ചെയ്തെങ്കിൽ ഒരുപക്ഷേ കുറേയെറെ അപകടങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നില്ലേ. ക്രിസ്തുമസ്സിന്റെ തലേ ദിവസം, 24-ാം തീയതി ഇതു സംബന്ധിച്ച് പുറത്തുവന്ന റിപ്പോർട്ടുകൾ പരിശോധിക്കുമ്പോൾ 8.1 റിക്ടർ സ്കെയിലിൽ രേഖപ്പെടുത്തിയ അതിശക്തമായ ഭൂകമ്പം ഇൻഡോനേഷ്യയിലും ആസ്ത്രേലിയയ്ക്കുമിടയിൽ ഉള്ള ശാന്ത സമുദ്രത്തിൽ ഉണ്ടായതായും റിപ്പോർട്ടുകൾ പുറത്തുവന്നു. ഇത് പല പത്രങ്ങളും റിപ്പോർട്ടു ചെയ്തു, എന്തുകൊണ്ട് ഇതൊക്കെ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല? അതിരാവിലെ ഉണ്ടായത് മാത്രമല്ല തലേദിവസവും തലേന്നിന്റെ തലേദിവസവും അപകടസ്ഥിതി ഉണ്ട് എന്ന് റിപ്പോർട്ടുകൾ വരുമ്പോൾ അത് മനസ്സിലാക്കി ആവശ്യമായ മുൻകരുതലുകൾ എടുക്കണ്ടേ? ഇതിലൊക്കെ വീഴ്ച വന്നു, പരസ്പരം കുറ്റപ്പെടുത്താനും അങ്ങോട്ടുമിങ്ങോട്ടും പഴിചാരാനും പറയുന്നതല്ല, മേലിൽ ഇതുപോലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ, അപകടങ്ങൾ കുറയ്ക്കാൻ കഴിയുന്ന വിധത്തിൽ അതിശക്തമായ നടപടികൾ ഉണ്ടാകണം. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ് ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടായി മുഖ്യമന്ത്രി, റവന്യൂ വകുപ്പുമന്ത്രി, ബന്ധപ്പെട്ട മന്ത്രിമാർ ഒക്കെ ചുമതലയേറ്റു. എല്ലാവരും സജീവമായി പ്രവർത്തിച്ച് തുടക്കത്തിൽ ഉണ്ടായ വീഴ്ചകളൊക്കെ പരിഹരിക്കപ്പെട്ടു. രക്ഷാപ്രവർത്തനങ്ങൾക്കായി ജനങ്ങൾ മുഴുവൻ മുന്നോട്ടുവന്നു. ഞാൻ ഫിഷറീസ് വകുപ്പുമന്ത്രിയെ പ്രത്യേകിച്ച് അഭിനന്ദിക്കുന്നു. ഒരുപാടു കാര്യങ്ങളിൽ അങ്ങ് മുൻകൈ എടുത്തു. ഇതോടൊപ്പം തന്നെ നാട്ടിൻപുറങ്ങളിലെ ജനപ്രതിനിധികളും, പൊതുജനങ്ങളും, രാഷ്ട്രീയ പാർട്ടികളും, സന്നദ്ധ സംഘടനകളും ആണ് ഈ അപകടസന്ധിയിൽ ഏറ്റവും മുന്നിൽ നിന്ന് പ്രവർത്തിച്ചത് എന്നത് മറന്നുപോകരുത്. അവരെ ഒഴിവാക്കി ഒക്കാണ്ട് അവരുടെ അഭിപ്രായങ്ങളെ തിരസ്ക്കരിച്ചുകൊണ്ട് ഗവൺമെന്റ്

LIBRARY ARCHIVES Kerala Legislative Assembly

ഏകപക്ഷീയമായി ഇതിനുള്ള നടപടികളുമായി മുന്നോട്ടുപോകരുത്. ശ്രീ. ടി. കെ. ദേവകുമാർ ചോദിച്ച ചോദ്യം ഞാനും ചോദിക്കുകയാണ് സന്നദ്ധ സംഘടനകൾ കോടിക്കണക്കിന് രൂപ ഗവൺമെന്റിന് നൽകിയില്ലേ? ഈ സംഘടനകളുടെ അഭിപ്രായങ്ങൾക്ക് ഒരു വില കൽപ്പിക്കണ്ടേ; അവർ പറയുന്ന അഭിപ്രായങ്ങൾ കേൾക്കേണ്ടേ; അവരുമായി ചർച്ച ചേയ്യേണ്ടേ? ഇപ്പോൾ നാട്ടിൽ, പ്രത്യേകിച്ച് സുനാമി ബാധിതപ്രദേശങ്ങളിൽ കേൾക്കുന്നത് അത്ര നല്ലതല്ലാത്ത വാർത്തകളാണ്. ജനങ്ങളുടെ ഇടയിൽ അങ്ങോട്ടുമിങ്ങോട്ടും വിഭാഗീയതയും വൈരൃവും ഉണ്ടാക്കുന്ന രീതിയിലുള്ള നടപടി ഗവൺമെന്റ് എടുക്കരുത്. തദ്ദേശ സ്ഥാപനങ്ങളെയും ജനപ്രതിനിധികളെയും രാഷ്ട്രീയ പാർട്ടികളെയും വിശ്വാസത്തിൽ എടുത്തുകൊണ്ട് കൂട്ടായ പ്രവർത്തനങ്ങൾക്ക് ആയിരിക്കണം സർക്കാർ നേതൃത്വം നൽകേണ്ടത്. ഇവിടെ ഫണ്ടിന്റെ കാര്യം പറഞ്ഞേ പറ്റൂ. മുഖ്യമന്ത്രി കഴിഞ്ഞ യോഗത്തിൽ പിരിഞ്ഞുകിട്ടിയ സംഖ്യയുടെ കണക്ക് പറഞ്ഞു. ഞങ്ങൾ ആവർത്തിച്ചു ചോദിച്ചു, ഇപ്പോഴും ചോദിക്കുകയാണ്. കോടിക്കണക്കിന് രൂപ കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും സഹകരണ വകുപ്പ് പിരിച്ചെടുത്തിട്ടുണ്ട്. എന്തുകൊണ്ട് അത് മുഖ്യമന്ത്രിയുടെ ഫണ്ടിലേക്ക് നൽകുന്നില്ല? എന്തുകൊണ്ട് സഹകരണ വകുപ്പിന്റെ ഫണ്ട് പ്രത്യേകമായി ചെലവഴിക്കപ്പെടാൻ ഇടവരുന്നു? അതുകൊണ്ട് സഹകരണ വകുപ്പായാലും ഏത് ഡിപ്പാർട്ടുമെന്റായാലും സന്നദ്ധ സംഘടനകളായാലും മുഖ്യമന്ത്രിയുടെ ഫണ്ടിലേക്ക് കിട്ടിയ സംഖ്യ എത്രയാണെന്നുള്ളത് കൃത്യമായി ഈ സഭയിൽ പറയണം. മുഖ്യമന്ത്രിയുടെ ഫണ്ടിലേക്ക് കിട്ടിയ സംഖ്യയുടെ കണക്ക് പറഞ്ഞപ്പോൾ ഇനി സഭയിൽ ബിൽ പാസ്സാക്കിയിട്ടുവേണമെന്ന് പറഞ്ഞതൊക്കെ സാങ്കേതികമായിരിക്കാം. പക്ഷേ ഗവൺമെന്റിന്റെ കൈയിൽ കോടിക്കണക്കിന് രൂപ കിട്ടിയിട്ടുണ്ട്. സംഘടനകളിൽ നിന്നായാലും വ്യക്തികളിൽ നിന്നായാലും കിട്ടിയ സംഖ്യയുടെ കണക്ക് മറുപടി പറയുമ്പോൾ സഭയിൽ പറയണം. ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഇതുപോലുള്ള ഏറ്റവും വലിയ അപകട സന്ധിയിലും ജനങ്ങളെ സഹായിക്കാൻ, സംരക്ഷിക്കാൻ എല്ലാവിധ പ്രവർത്തനങ്ങളും യോജിച്ചു ചെയ്യണം. നമുക്ക് ഒരുമിച്ചു നിൽക്കണമെന്നുള്ള നല്ല സന്ദേശം തന്നെയുണ്ടാകട്ടെ. അതു സംബന്ധിച്ച് യോജിച്ച് ഒരു പ്രമേയം പാസ്സാക്കി കേന്ദ്രത്തിൽ നിന്നും, ഏതുമേഖലയിൽനിന്നും കിട്ടുന്ന പരമാവധി സഹായം നേടിയെടുക്കാൻ നമുക്ക് ഒരുമിച്ച് ശ്രമിക്കാം, അതിന് ഗവൺമെന്റ് മുൻകൈ എടുക്കേണ്ടതുണ്ടെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ഡോ. എം. എ. കുട്ടപ്പൻ: സർ, കഴിഞ്ഞ ഡിസംബർ 26-ാം തീയതി നമ്മുടെ സംസ്ഥാനത്ത് ആഞ്ഞടിച്ച സുനാമി ദുരന്തത്തിന്റെ കാര്യത്തിൽ കൊല്ലം, ആലപ്പുഴ ജില്ലകൾ കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ദുരന്തം വിതറിയത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ലയാണ്. ആ ജില്ലയിൽനിന്നും 13 പേരെ കാണാതായിട്ടുണ്ട്. അതിൽ ചിലയാളുകൾ അന്യ സംസ്ഥാനത്തുപോയിട്ട് കാണാതായതാണ്. എറണാകുളം ജില്ലയിലെ ഞാറയ്ക്കൽ, പള്ളുരുത്തി, മട്ടാഞ്ചേരി, പറവൂർ അടക്കമുള്ള തീരദേശ മണ്ഡലങ്ങളേയും അത് ബാധിച്ചിട്ടുണ്ട്. ഞാറയ്ക്കൽ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളും അറബിക്കടലുമായി തൊട്ടു കിടക്കുകയാണ്. എല്ലാ പഞ്ചായത്തുകളിലും സുനാമി ദുരന്തമുണ്ടാവുകയും ചെയ്തു. ഇടവനക്കാട് പഞ്ചായത്തിലാണ് ഏറ്റവും കൂടുതൽ ദുരന്തമുണ്ടായത്. അവിടെ ഏതാണ്ട് 5 പേർ മരിച്ചു. എറണാകുളം ജില്ലയിൽ 43 റിലീഫ് ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. അതിൽ ഏറ്റവും കൂടുതൽ ക്യാമ്പ് വേണ്ടി വന്നത് ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലാണ്. 17 ക്യാമ്പുകൾ ഞാറയ്ക്കൽ മണ്ഡലത്തിലും ഒരു ക്യാമ്പ് എറണാകുളത്തും സംഘടിപ്പിക്കേണ്ടിവന്നു. ആ റിലീഫ് പ്രവർത്തനത്തിൽ സർക്കാരിനുപുറമെ ആ പ്രദേശത്തുള്ള എല്ലാ സന്നദ്ധ സംഘടനകളും പാർട്ടികളും സഹകരിക്കുകയുണ്ടായി. ഇവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ക്യാമ്പുകളിൽ പേര് രജിസ്റ്റർ ചെയ്ത എല്ലാവർക്കും 1000 രൂപ വച്ച് കൊടുത്തുവെന്ന് പറയുകയുണ്ടായി. ആലപ്പുഴ ജില്ലയിൽ കൊടുത്തുവെന്ന് കേട്ടു. എറണാകുളം ജില്ലയിൽ അങ്ങനെ 1000 രൂപ ആർക്കും കൊടുത്തിട്ടില്ല. പത്രവാർത്ത കണ്ടിട്ട് ക്യാമ്പുകളിൽ താമസിച്ചവർ ഞങ്ങളുമായി വഴക്ക് കൂടി. എന്നാൽ അങ്ങനെ ഒരു ഉത്തരവില്ലെന്നാണ് ജില്ലാ കളക്ടർ പറഞ്ഞത്. എന്തായാലും എറണാകുളം ജില്ലയിലെ ക്യാമ്പുകളിൽ താമസിച്ച ആർക്കും 1000 രൂപ വച്ച് കൊടുത്തിട്ടില്ല. അത് പരിശോധിച്ചാൽ നന്നായിരിക്കും. എറണാകുളം ജില്ലാ കളക്ടർക്ക് ഏതാണ്ട് 2 കോടി 5 ലക്ഷം രൂപ സർക്കാർ നൽകുകയുണ്ടായി. ആ തുക ഏതാണ്ടെല്ലാം ചെലവായിട്ടുണ്ട്. വീടു നഷ്ടപ്പെട്ടവർക്ക് 50,000 രൂപ വച്ച് കൊടുക്കുമെന്നും ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. എറണാകുളം ജില്ലയിൽ ഏതാണ്ട് 244 വീടുകളാണ് പൂർണ്ണമായി നശിച്ചത്. കഴിഞ്ഞ ഡിസംബർ 26-നാണ് സുനാമി ദുരന്തമുണ്ടായത്. ഒരു മാസം തികയുന്നതിനുമുമ്പ് ജനുവരി 21-ാം തീയതി തന്നെ എറണാകുളം ജില്ലയിലെ എടവനക്കാട് വീടുകൾ നിർമ്മിക്കാനുള്ള തറക്കല്ലിടുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പു മന്ത്രിയുമൊക്കെ അതിൽ പങ്കെടുത്തു. 2005 മാർച്ച് 31-നകം വീടുകളുടെ പണി പൂർത്തിയാക്കാനാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത്. ജില്ലയിലെ മുഴുവൻ വീടുകൾ ഇല്ലെങ്കിൽപ്പോലും എടവനക്കാടിലെ വീടുകളുടെ കാര്യത്തിൽ മാർച്ച് 31-നകം പണി പൂർത്തിയാക്കും. അതിന് ഗവൺമെന്റ് വാഗ്ദാനം ചെയ്തിട്ടുള്ള 50,000 രൂപ എത്രയും വേഗം എത്തിക്കാനുള്ള ശ്രമമുണ്ടാകണം. ഒരു ഗൾഫ് മലയാളി സഹായിക്കാനായി മുന്നോട്ടു വന്നിട്ടുണ്ട്. പണി നടന്നുകൊണ്ടിരിക്കുകയാണ്. Greater Cochin Development Authority ആണ് ഇതിന്റെ സൂപ്പർവിഷൻ നടത്തിക്കൊണ്ടിരിക്കുന്നത്.

ആ ജില്ലയിൽ ഏതാണ്ട് 5,400 വീടുകൾ ഭാഗികമായി തകർന്നിട്ടുണ്ട്. അതിനുള്ള നഷ്ടപരിഹാരവും നൽകണം. ഇവിടെ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറയാത്ത ഒരു കാര്യമുണ്ട്. ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യപ്പെട്ട സീരിയസ്സായ ആളുകൾക്കുള്ള എല്ലാ ചെലവുകളും കൊടുക്കുകയുണ്ടായി. 200-ലേറെപ്പേരെ അഡ്മിറ്റ് ചെയ്തിട്ടുണ്ട്. എല്ലാവർക്കും 5000 രൂപവച്ച് കൊടുത്തിട്ടുമുണ്ട്. ആ ജില്ലയിൽ അപ്രകാരം കൊടുത്തിട്ടുണ്ട്, മറ്റു ജില്ലകളുടെ കാര്യം എനിക്കറിയില്ല. അതുപോലെ എറണാകുളം തീരദേശം മുഴുവൻ തന്നെ മത്സ്യബന്ധന മേഖലയാണ്. അവിടെ ധാരാളം ആളുകൾക്ക് വള്ളവും വലയും മറ്റ് മത്സ്യബന്ധനോപകരണങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്. ഏതാണ്ട് 1500 വള്ളങ്ങളാണ് നഷ്ടപ്പെട്ടത്. അതിൽ 700 വള്ളങ്ങൾ പൂർണ്ണമായും നശിക്കുകയോ കാണാതാവുകയോ ചെയ്തിട്ടുണ്ട്. 865 വള്ളങ്ങൾ ഭാഗികമായി നശിച്ചിരിക്കുകയാണ്. വല കൊടുത്തു തുടങ്ങിയെന്നറിഞ്ഞു, മുഴുവൻപേർക്കും വല കൊടുക്കാനുള്ള ഏർപ്പാടുണ്ടാകണം. വള്ളം റിപ്പയർ ചെയ്യുന്ന പണിയോ പുതിയത് കൊടുക്കുന്ന പണിയോ ആയിട്ടില്ല, അത് ഉടനെ ചെയ്യാനുള്ള ഏർപ്പാടുണ്ടാകണം. കാരണം വള്ളമില്ലാത്തതുമൂലം തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. ആ പ്രദേശങ്ങളിൽ സർക്കാർ ഉടമയിലും സ്വകാര്യ ഉടമയിലും fish farm ഉണ്ടായിരുന്നു. അത് മുഴുവൻ നശിച്ചുപോയിരിക്കുന്നു. Hatchery-ഉം നശിച്ചുപോയിട്ടുണ്ട്, അവർക്ക് നഷ്ടപരിഹാരം കൊടുക്കാൻ തയ്യാറാകണം. വൈപ്പിൻകരയിലെ കുടിവെള്ളത്തിന്റെ കാര്യം പണ്ടേ ദുർബല പിന്നെ ഗർഭിണി എന്നു പറഞ്ഞതുപോലെയാണ്, കഴിഞ്ഞ പത്തു പതിനഞ്ചു വർഷമായി കുടിവെള്ള ക്ഷാമമുള്ള പ്രദേശമാണ് വൈപ്പിൻകര. സുനാമി വന്നപ്പോൾ കുടിവെള്ളം കിട്ടാതെ വല്ലാതെ ബുദ്ധിമുട്ടി. ക്യാമ്പുകളിലൊക്കെ വെള്ളം കൊടുത്തുവെങ്കിലും ഇപ്പോഴും കുടിവെള്ളം എത്തിക്കാൻ കഴിയുന്നില്ല. ഈ ഒരു കാര്യത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ പതിഞ്ഞാൽ കൊള്ളാം. അവിടെയുള്ള പൈപ്പുകൾ മുഴുവൻ തകർന്നുപോയിരിക്കുന്നു. അത് റിപ്പയർ ചെയ്യാൻ വേണ്ടി ഏതാണ്ട് 190 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. അത് അടിയന്തിരമായി അനുവദിച്ചു തരണം. അവിടെ വെള്ളം കൊടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടായിരിക്കുകയാണ്. ഇപ്പോൾ ഭാഗികമായി ലോറിയിലും മറ്റും വെള്ളം കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് ഒട്ടും മതിയാകുന്നില്ല. അതുകൊണ്ട് എറണാകുളത്ത് കുടിവെള്ളത്തിന്റെ കാര്യത്തിൽ ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധയുണ്ടായേ മതിയാവുകയുള്ളൂ. ഇവിടെ പ്രധാനമായും ചൂണ്ടിക്കാണിക്കാനുള്ളത് കടൽ ഭിത്തിയുടെ കാര്യമാണ്. എറണാകുളം ജില്ലയിൽ മൊത്തം ഏതാണ്ട് 34 കോടി രൂപയുടെ പണി നടത്തേണ്ടതുണ്ട്. കടൽഭിത്തികൾ മുഴുവൻ പൊളിഞ്ഞുപോയിരിക്കുകയാണ്. ആ കടൽ ഭിത്തികൾ പുനർനിർമ്മിക്കാൻ 34 കോടി രൂപയുടെ പ്രൊപ്പോസൽ അയച്ചിട്ടുണ്ട്. പക്ഷേ അടിയന്തിരമായി ചെയ്യേണ്ട പുനർനിർമ്മാണ ജോലികളെ സംബന്ധിച്ച് ഏതാണ്ട് 694 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ മുഖ്യമന്ത്രിക്ക് കൊടുത്തിരിക്കുകയാണ്. അത് കാബിനറ്റിൽ വച്ച്

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. അത് പാസ്സായോ എന്ന് അറിയില്ല. കുറെ ഭാഗത്തെ കടൽഭിത്തി തകർന്നുപോയിരിക്കുകയാണ്. അത് അടിയന്തിരമായി പുനർ നിർമ്മിക്കാനുള്ള ഫണ്ട് അനുവദിക്കണം. മൊത്തം എറണാകുളം ജില്ലയിൽ 6.91 കോടി രൂപയുടെ പ്രൊപ്പോസലാണ് വച്ചിരിക്കുന്നത്, അത് അനുവദിച്ചു തരണം. ബാക്കിയുള്ള കാര്യങ്ങൾ നടപടിക്രമങ്ങൾ പൂർത്തിയായിട്ടു തന്നാൽ മതിയാകും. അടിയന്തിരമായി ചെയ്യേണ്ട വർക്ക് ഇതാണ്. അതുപോലെ ശാസ്ത്രജ്ഞന്മാർ ഇപ്പോൾ കടൽഭിത്തി കെട്ടുന്നതിനെ എതിർത്തു കൊണ്ടിരിക്കുകയാണ്. അവിടെ കടൽഭിത്തി മാത്രം പോരാ പുലിമുട്ടു കൂടിയുണ്ടാകണം. മുൻകാലങ്ങളിൽ പുലിമുട്ടുണ്ടായിരുന്നു. പുലിമുട്ടുണ്ടായിരുന്നപ്പോൾ കടൽഭിത്തി അങ്ങനെ തകരുമായിരുന്നില്ല. ഇപ്പോൾ പുലിമുട്ടില്ലാത്തതുകൊണ്ട് കടൽഭിത്തി തകർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ സുനാമി മാത്രമല്ല, ഇടയ്ക്കിടയ്ക്ക് കടലാക്രമണമുണ്ടാകുമ്പോൾ ഭിത്തി പൊളിഞ്ഞുകൊണ്ടിരിക്കുകയുമാണ്. അങ്ങനെ സംഭവിക്കാതിരിക്കാൻ ഈ കടൽഭിത്തിക്കൊപ്പം തന്നെ പുലിമുട്ടും പണിയാനുള്ള തീരുമാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഏതാണ്ട് 600-700 വർഷം മുമ്പു മാത്രമാണ് വൈപ്പിൻകര ഉണ്ടായത്. ഏതു നിമിഷവും വെള്ളപ്പൊക്കവും കടലാക്രമണവുമുണ്ടാകുന്ന സ്ഥലമാണിത്. അവിടെ മറ്റു സ്ഥലങ്ങളിലുണ്ടായതുപോലെ വികസനമുണ്ടായിട്ടില്ല. ഒന്നുരണ്ട് പി.ഡബ്ല്യു.ഡി. റോഡുകൾ മാത്രമേയുള്ളൂ. ബാക്കി മുഴുവൻ വില്ലേജ് റോഡുകളാണ്. ഒട്ടേറെ വില്ലേജ് റോഡുകളും തകർന്ന് തരിപ്പണമാകുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെ വന്നപ്പോൾ ആ റോഡുകളുടെ ദയനീയ സ്ഥിതി കണ്ട് കുറച്ചുതുക അപ്പോൾതന്നെ സാങ്ഷനാക്കി. ഏതാണ്ട് 303 ലക്ഷം രൂപയാണ് സാങ്ഷനാക്കിയത്. ആ വർക്ക് തുടങ്ങാൻ പോവുകയാണ്. എനിക്ക് ഇവിടെ സൂചിപ്പിക്കാനുള്ളത് ആ വർക്ക് പൂർത്തിയായി കഴിയുമ്പോൾ പണം കൊടുക്കാനുള്ള ഏർപ്പാടുണ്ടാകണം. പി.ഡബ്ല്യു.ഡി.-യാണ് ചെയ്യാൻ പോകുന്നതെങ്കിൽ സംശയം വേണ്ട, രണ്ടരവർഷം കഴിഞ്ഞാലും പണം കിട്ടാൻ പോകുന്നില്ല. അതുകൊണ്ട് സുനാമിയുമായി ബന്ധപ്പെട്ട് റോഡ് റിപ്പയർ നടത്തുമ്പോൾ ഒരു പ്രത്യേക ഹെഡിൽ അത് വകയിരുത്താനുള്ള ഏർപ്പാടുണ്ടാകണം. കരാറുകാർക്ക് പണം കിട്ടാൻ പോകുന്നില്ല, അവർക്ക് ആശങ്കയുണ്ട്. അതുകൊണ്ട് സുനാമി ഹെഡിൽ അല്ലെങ്കിൽ Disaster Management-ൽപ്പെടുത്തിവേണം ഈ റോഡിന്റെ പണി നടത്തേണ്ടത്. അല്ലെങ്കിൽ കരാറുകാർ പണിക്ക് വരാത്ത അവസ്ഥയുണ്ടാവും. അതുകൊണ്ട് ആ കാര്യം ചെയ്യാൻ സർക്കാർ തയ്യാറാകണം. അതുപോലെ തന്നെ വൈപ്പിൻ പ്രദേശത്ത് ധാരാളം വില്ലേജ് റോഡുകൾ തകർന്നു പോയിട്ടുണ്ട്. അവിടെ P.W.D. റോഡുകൾ വളരെ കുറച്ചേയുള്ളൂ. മൂന്നു നാലു റോഡുകൾ മാത്രമേ P.W.D.-യുടേതായിട്ടുള്ളൂ. ബാക്കിയെല്ലാം വില്ലേജ് റോഡുകളാണ്. ആ വില്ലേജു റോഡുകളെ സംബന്ധിച്ചിടത്തോളം എം.എൽ.എ. ഫണ്ടിൽ നിന്നോ ഫ്ളഡ് വർക്കിൽ നിന്നോ ചെയ്യാൻ കഴിയാത്തതുകൊണ്ട് ഓരോ പഞ്ചായത്തും പ്രത്യേകം പ്രൊപ്പോസൽ തയ്യാറാക്കി ജില്ലാ കളക്ടർ വഴി റവന്യൂ

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പിനെ അറിയിക്കുകയാണ് ചെയ്യുന്നത്. ആ റോഡുകളുടെ കാര്യവും പരിശോധിക്കണം. ഗവൺമെന്റ് നന്നായി സഹകരിക്കുന്നുണ്ട്. എങ്കിലും പൂർണ്ണമായും ചെയ്യാൻ ബാക്കിയുള്ള റോഡുകളുടെ കാര്യത്തിൽ, കടൽ ഭിത്തി കെട്ടുന്ന കാര്യത്തിൽ, കുടിവെള്ളം കൊടുക്കുന്ന കാര്യത്തിൽ,' സർക്കാർ ഉണർന്നു പ്രവർത്തിക്കണം. തകർന്നുപോയ റോഡുകളെല്ലാം പുനഃസ്ഥാപിക്കുന്നതു വരെ സർക്കാരിന്റെ എല്ലാവിധ സഹായ സഹകരണങ്ങളും ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. പി. കെ. കെ. ബാവ:</u> സർ, മാനം കറുത്താൽ നെടുവീർപ്പുകളുമായി കൂരകളിൽ കഴിയേണ്ടി വരുന്നവരാണ് നമ്മുടെ മൽസ്യത്തൊഴിലാളികൾ. ഇടിമുഴങ്ങിയാൽ രാത്രികാലങ്ങളിൽ അവർക്ക് ഉറങ്ങാൻപോലും കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. വർഷങ്ങളായി അവർ കടൽക്ഷോഭത്തിനിരയാകുകയും, കടലാക്രമണത്തിൽ ഒട്ടേറെ നാശനഷ്ടങ്ങൾക്ക് വിധേയമാകുകയും ചെയ്യുന്നു. ഇതിനുംപുറമെയാണ് കൂനിന്മേൽ കുരുവെന്നതുപോലെ സുനാമി ഇവരെ പിടികൂടിയത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ കണക്കനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 204 മരണമാണ് സംഭവിച്ചിട്ടുള്ളത്. അതിലും കൂടുതലായി എത്രയോ പേർക്ക് പരിക്കേറ്റിട്ടുണ്ട്. മരണമടഞ്ഞവർക്ക് ഒരു ലക്ഷം രൂപവരെ വിതരണം ചെയ്യുന്നതിന് സർക്കാർ സന്നദ്ധമായിട്ടുണ്ട്. പരിക്കേറ്റവർക്ക് അടിയന്തിര സാമ്പത്തിക സഹായം നൽകാൻ സർക്കാർ മുന്നോട്ടു വന്നിട്ടുണ്ട്. എന്നാൽ സർക്കാർ കണക്കനുസരിച്ച് പരിക്കേറ്റവരെന്നു പറയുന്നത്. ആശുപത്രിയിൽ കിടക്കുന്നവരാണ്. പക്ഷേ ആശുപത്രിയിൽ എത്തിക്കാൻ ആളില്ലാത്തതുകൊണ്ട്, ഏറെ പ്രയാസം അനുഭവിക്കുന്ന, വേദനയനുഭവിക്കുന്ന, സാമ്പത്തിക സഹായം ലഭിക്കാത്ത ധാരാളം പരിക്കേറ്റ ആളുകൾ ഇന്നും നമ്മുടെ കടലോരങ്ങളിൽ ഉണ്ടെന്ന വസ്തുത ഞാൻ ഓർത്തുപോകുകയാണ്. സുനാമി ദുരന്തത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ടുപോയ പഞ്ചായത്തുകൾ ഉണ്ട്. പൂർണ്ണമായും ഭാഗികമായും വീടുകൾ നഷ്ടപ്പെട്ടവരുണ്ട്. അവരുടെ ബോട്ടുകൾ, വള്ളങ്ങൾ, വലകൾ, മൽസ്യ ബന്ധനോപകരണങ്ങൾ ഇവയൊക്കെ ഒഴുകിപ്പോയിട്ടുണ്ട്. കേരളത്തിലെ മൂന്നു ജില്ലകളിലാണ് സുനാമി ദുരന്തം ഏറ്റവും രൂക്ഷമായത്. ഏഴ് കടലോര ജില്ലകളിലെ ആളുകൾക്കുകൂടി ഇതിന്റെ ദുരന്തവും ദുരിതവും അനുഭവിക്കാൻ ഇടവന്നിട്ടുണ്ട്. ഈ പ്രദേശങ്ങളിലൊക്കെ എത്രയോ വീടുകൾ പൂർണ്ണമായും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. തൃശ്ശൂർ മുതൽ പാലക്കാട് വരെയുള്ള ജില്ലകളിൽ ഭാഗികമായി വീടുകൾ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. അതുപോലെ വള്ളവും വലയും ബോട്ടുകളും നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ഇതിനൊക്കെ അവർക്ക് ആനുപാതികമായ രീതിയിൽ നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതിന് ബഹുമാനപ്പെട്ട ഗവൺമെന്റ് മുന്നോട്ടു വരണമെന്നാണ് എനിക്കു അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ജനകീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി പാവങ്ങളുടെ ഇടയിൽക്കൂടി ഓടി നടക്കുന്നതിനിടയിലാണ് ഈ സുനാമി ദുരന്തം

നമ്മെ മാടിവിളിച്ചത്. ആ സമയത്ത് വീരശൂരപരാക്രമികളായ മനുഷ്യർ ആശങ്കയോടുകൂടി, ദുർബലരായി, നിസ്സഹായരായി മിഴിച്ചു നിന്നപ്പോൾ, നമ്മുടെ മുഖ്യമന്ത്രിയുടെ മനുഷ്യമുഖം അവിടേയും വളരെ പ്രകടമായി കാണാൻ കഴിഞ്ഞു. അതിന്റെ ഫലമായി ഗവൺമെന്റിന്റെ എല്ലാ മെഷീനറികളും അന്നു രാത്രി മുതൽ യുദ്ധസന്നാഹത്തോടുകൂടി ജനങ്ങളെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി, അവർക്കു ധൈര്യം പകർന്നു കൊടുക്കുന്നതിനുവേണ്ടി മുന്നോട്ടു വന്നുവെന്നു മാത്രമല്ല മുഖ്യമന്ത്രിയുടെ അതീവ ജാഗ്രതയുടെ ഫലമായി, ഗവൺമെന്റിന്റെ അങ്ങേയറ്റത്തെ ശ്രദ്ധയുടെ ഫലമായി നമ്മുടെ സംസ്ഥാനത്തിനപ്പുറത്തുള്ള മനുഷ്യ സ്നേഹികളായിട്ടുള്ള മുഴുവൻ ആളുകളുടേയും സഹകരണം ഈ ദുരന്തത്തെ നേരിടുന്ന കാര്യത്തിൽ ഉറപ്പു വരുത്തുന്നതിന് ഗവൺമെന്റിനു സാധിച്ചിട്ടുണ്ടെന്നുള്ള കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. മൽസ്യത്തൊഴിലാളികളോട് ഈ ഗവൺമെന്റ് കാണിച്ചിട്ടുള്ള ഔദാര്യം ചെറുതല്ല. കൈവശരേഖയില്ലാത്തതുകൊണ്ട് വളരെ വർഷങ്ങളായി അവർക്ക് റേഷൻ കാർഡുകൾ ഉണ്ടായിരുന്നില്ല, മണ്ണെണ്ണ കിട്ടുമായിരുന്നില്ല, വൈദ്യുതി ലഭിക്കുമായിരുന്നില്ല. ഈ ഗവൺമെന്റ് വന്നതിനു ശേഷം അതിനൊരു പരിഹാരമുണ്ടാക്കി. താൽക്കാലികമായിട്ടുള്ള കൈവശരേഖ കൊടുത്തത് ഈ ഗവൺമെന്റാണെന്നുള്ള കാര്യം നന്ദിയോടുകൂടി ഞാൻ സ്മരിക്കുകയാണ്. നഷ്ടപരിഹാരം കൊടുക്കുന്നതിനുപുറമെ രണ്ടു മാസത്തെ സൗജന്യ റേഷനും ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി പ്രത്യേകമായിട്ടുള്ള ഇൻഷ്വറൻസ് പദ്ധതികൾ ആരംഭിക്കുന്നതിനും ഈ ഗവൺമെന്റ് പ്രത്യേകം താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട് എന്നു മാത്രമല്ല ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനും സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ പ്രസംഗിച്ചപ്പോൾ ചെറിയൊരു ആശങ്ക ഇവിടെ പ്രകടിപ്പിക്കുകയുണ്ടായി. അതു സ്വാഭാവികം മാത്രമാണ്. ബാലാരിഷ്ടതകൾ തരണം ചെയ്യാത്ത ഒരു ഗവൺമെന്റാണിത്. അപ്പോൾ സ്വാഭാവികമായും അതിന്റേതായിട്ടുള്ള പ്രയാസങ്ങൾ ഉണ്ടാകുമെന്നുള്ള കാര്യത്തിൽ സംശയമില്ല. എന്നാലും ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള ആത്മാർത്ഥതയാണ് ഇതു കാണിക്കുന്നതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ശാസ്ത്രജ്ഞന്മാരൊക്കെ പറയുന്നത് ഈ സുനാമി പ്രവചിക്കാൻ സാധ്യമല്ലെന്നാണ്. അതുപോലെ സുനാമി വിതയ്ക്കുന്ന സ്ഥലത്ത് അതിനെ നേരിടാനും മനുഷ്യനു കഴിയില്ലെന്നാണ്. അതു സംബന്ധിച്ച് ആവശ്യമായ അവബോധം മനുഷ്യനു നൽകുന്നതിനുവേണ്ടിയുള്ള ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതുണ്ടെന്ന് ശാസ്ത്രജ്ഞന്മാർ പറയുന്നുണ്ട്. ആ രംഗത്തും നല്ലൊരു കാൽവയ്പുണ്ടാകണമെന്ന് ഞാൻ ഗവൺമെന്റിനോട്

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കുകയാണ്. ഇതുപോലുള്ള സംഭവങ്ങൾ പെട്ടെന്നുണ്ടാകുമ്പോൾ, അവരെ മാറ്റി താമസിപ്പിക്കാൻ ഇടമന്വേഷിച്ചു നടക്കുന്നതു വലിയ പ്രയാസമുണ്ടാക്കാറുണ്ട്. ചിലപ്പോൾ സ്ക്കൂളുകൾ തുറന്നു കിട്ടാറില്ല; പൊതുസ്ഥാപനങ്ങൾ കിട്ടിയില്ലെന്നു വരാം. അല്ലെങ്കിൽ അയൽവാസികൾക്ക് ബുദ്ധിമുട്ടുകളും പ്രയാസങ്ങളും വരുന്നതുകൊണ്ട് അവർ താമസിപ്പിച്ചില്ലെന്നു വരാം. അങ്ങനെയുള്ള സമയങ്ങളിൽ അവരെ പെട്ടെന്നു താമസിപ്പിക്കാൻ എല്ലാ കടലോരങ്ങളിലും ആശ്വാസ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഡോ. എം. എ. കുട്ടപ്പൻ പറഞ്ഞതുപോലെ കടൽഭിത്തികൾ നിർമ്മിച്ചുകൊടുക്കുന്ന കാര്യം, കടൽ ഭിത്തികൾ നിർമ്മിച്ചു കൊടുത്തേ പറ്റൂ. പക്ഷേ മുമ്പ് നിർമ്മിച്ച കടൽ ഭിത്തികളുടെ സ്ഥിതിയെന്താണ്? അതിനു കാലാകാലങ്ങളിൽ മെയിന്റനൻസൊന്നും നടക്കുന്നില്ല. അതു തകർന്നു കൊണ്ടിരിക്കുകയാണ്. അതുമൂലം വമ്പിച്ച തോതിലുള്ള നാശനഷ്ടങ്ങൾ ഉണ്ടാകുന്നു എന്നുള്ളത് ഒരു വസ്തുതയാണ്. അതുകൊണ്ട് എനിക്കു പറയാനുള്ളത്, കടൽഭിത്തി നിർമ്മിച്ചിട്ടില്ലാത്ത പ്രദേശങ്ങൾ, അപകടകരമായിട്ടുള്ള മേഖലകൾ, കടൽക്ഷോഭത്തിനു വിധേയരാകുന്ന പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന ചില പ്രത്യേക സ്ഥലങ്ങൾ ഏതൊക്കെ എന്ന് ഐഡന്റിഫൈ ചെയ്യണം. തൃശ്ശൂർ ജില്ലയെ സംബന്ധിച്ചിടത്തോളം ഏറിയാട് മുതൽ പുന്നയൂർ പഞ്ചായത്തു വരെയുള്ള നീണ്ട കടൽത്തീരം, കാലാകാലങ്ങളിൽ ഉണ്ടാകുന്ന കടൽക്ഷോഭത്തിന് ഇരയായ എത്രയോ ഹതഭാഗ്യവാന്മാരുടെ കഥ ആ പ്രദേശത്തിനു പറയാനുണ്ടാകും. അതുപോലെ കോഴിക്കോട്, മലപ്പുറം ജില്ലകളിലെ പല കടലോര പ്രദേശങ്ങളിലും സമയബന്ധിതമായി കടൽ ഭിത്തി നിർമ്മിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതോടൊപ്പം തന്നെ നിലവിലുള്ള കടൽ ഭിത്തി സംരക്ഷിക്കുന്നതിന്റെ ഭാഗമായി ഒരു പാക്കേജ് ആരംഭിക്കണമെന്നു കൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെ കടലോരങ്ങൾ സംരക്ഷിക്കുന്നതിന് കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുകയെന്നത് പരിഹാരമായി ശാസ്ത്രജ്ഞന്മാർ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. മറ്റൊരു കാര്യം പറയാനുള്ളത് കടൽത്തീരങ്ങളിൽ താമസിക്കുന്നവരെ ഒരു പദ്ധതിയുടെ അടിസ്ഥാനത്തിൽ അല്ലെങ്കിൽ ഒരു സ്കീമിന്റെ അടിസ്ഥാനത്തിൽ മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടിയുണ്ടാകണം. ഒറ്റയടിക്ക് മാറ്റി താമസിപ്പിക്കണമെന്നല്ല പറയുന്നത്, സമയബന്ധിതമായി പ്രത്യേകം പ്രത്യേകം സ്ഥലങ്ങൾ കണ്ടെത്തി പുനരധിവസിപ്പിക്കാനുള്ള നടപടിയുണ്ടാകണം. അതോടൊപ്പം അവിടെ മറ്റാളുകൾ വന്ന് കയ്യേറുന്നില്ലെന്ന് ഉറപ്പുവരുത്താനുള്ള നടപടി കൂടി സ്വീകരിക്കണം. അല്ലെങ്കിൽ കാലാകാലങ്ങളിൽ നഷ്ടപരിഹാരം കൊടുക്കുന്നതിനും ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുന്നതിനും മാത്രമായിരിക്കും ഗവൺമെന്റിന്റെ ശ്രദ്ധ. അതുകൊണ്ട് ഈ പ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

സുരക്ഷിതമായിട്ടുള്ള വീടുകൾ നിർമ്മിച്ചു കൊടുക്കുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. അതുപോലെ തന്നെ ഗവൺമെന്റ് കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. മൽസ്യത്തൊഴിലാളി മേഖലയിലും ആ കടങ്ങൾ എഴുതിത്തള്ളണം. അവരെ സംബന്ധിച്ചിടത്തോളം അവർക്ക് തിരിച്ചടയ്ക്കാനുള്ള യാതൊരു സാദ്ധ്യതയുമില്ല. അതുകൊണ്ട് മൽസ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളാനാവശ്യമായ നടപടി സ്വീകരിക്കണം. അവർക്ക് രണ്ട് മാസത്തെ സൗജന്യ റേഷനാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ളത്; അത് പോരാ ചുരുങ്ങിയത് മൂന്നുമാസം കൂടി അവർക്ക് സൗജന്യ റേഷൻ കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കേണ്ടതായിട്ടുണ്ട്. ഇപ്പോഴും മൽസ്യ മേഖലയിൽ പ്രത്യേകിച്ചും തീരപ്രദേശത്തെ സംബന്ധിച്ചിടത്തോളം അവരൊക്കെ ഭയാശങ്കയിലാണ്. എപ്പോഴും എന്തും സംഭവിക്കാമെന്നുള്ള സ്ഥിതിയാണ്. ശാസ്ത്രജ്ഞന്മാരും ഒന്നും സംഭവിക്കില്ല എന്നു പറയുന്നില്ല. ഇപ്പോഴും സാദ്ധ്യതയുണ്ടെന്നാണ് അവരുടേയും പ്രവചനം. അതുകൊണ്ട് അവരുടെ ഭീതിയകറ്റുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കണം. അതുപോലെ ഒരു വലിയ പ്രയാസമുള്ളത് അവർ മൽസ്യബന്ധനം നടത്തികൊണ്ടുവരുന്ന മൽസ്യം വാങ്ങാൻ ആളില്ലെന്നുള്ളതാണ്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി മൽസ്യ വിപണന മേളകൾ സംഘടിപ്പിച്ച് പ്രചരണം നടത്തുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തുന്നുണ്ട്. അതുപോലെ സന്നദ്ധ സംഘടനകളും പ്രചരണശ്രമം നടത്തുന്നുണ്ട്. അതുകൊണ്ടൊന്നും ഫലപ്രദമായ മാറ്റങ്ങളുണ്ടായിട്ടില്ലെന്നുള്ളതാണ് സത്യം. അതുകൊണ്ട് മൽസ്യോൽപ്പന്നങ്ങൾക്ക് വില ലഭ്യമാക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട കടപ്പുറം, പുന്നയൂർ എന്നീ പ്രദേശങ്ങളിൽ ഒട്ടേറെ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. ചിലത് പൂർണ്ണമായും, ചിലത് ഭാഗീകമായും തകർന്നു, ചില വീടുകൾ തകർന്നിട്ടില്ല പക്ഷെ ദിവസങ്ങളോളം വീട്ടിനകത്ത് വെള്ളം കയറിക്കിടന്നതിനാൽ അതിന്റെ അടിത്തറ ദുർബലമായിരിക്കുന്നതുകൊണ്ട് ആ വീടുകൾക്കുള്ളിൽ ധൈര്യമായി താമസിക്കാൻ കഴിയുന്നില്ല. അങ്ങനെയുള്ള വീടുകളിൽ താമസിക്കുന്ന ആളുകളേയും സുരക്ഷിതമായ സ്ഥലങ്ങളിൽ പാർപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ടും ഗവൺമെന്റിന്റെ ഇതുപോലുള്ള ശ്രമങ്ങൾക്ക് എല്ലാവിധ പിൻതുണയും വാഗ്ദാനം ചെയ്തുകൊണ്ടും ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ടി. എൻ. പ്രതാപൻ:</u> സർ, ചരിത്രസമാനതകൾ ഇല്ലാത്ത എല്ലാപേരേയും അങ്ങേയറ്റം വേദനിപ്പിക്കുകയും ദുഃഖിപ്പിക്കുകയും അതിലേറെ ഇപ്പോഴും നമ്മുടെ ഹൃദയങ്ങളിൽനിന്നും മാഞ്ഞുപോകാത്ത ഒരുപാട് വ്രണങ്ങളുമായി സുനാമി ദുരന്തമുണ്ടാക്കിയ പ്രത്യാഘാതത്തിന്റെ ഭീകര ചിത്രത്തിനുമുന്നിലാണ് നമ്മളെല്ലാപേരും നിൽക്കുന്നത്. കുളിപ്പിച്ചുകൊണ്ടിരുന്ന കുഞ്ഞിനെ

LIBRARY ARCHIVES Kerala Legislative Assembly

അമ്മയുടെ കൈയിൽനിന്ന് പിടിച്ചുകൊണ്ടുപോയ രാക്ഷസ തിരമാലകൾ, വീട്ടു മുറ്റത്ത് കളിച്ചുകൊണ്ടിരുന്ന കുഞ്ഞുങ്ങളെ കണ്ണുതുറന്ന് നോക്കുമ്പോൾ കാണാതെ വന്ന അമ്മമാരുടെ വേദനകളും ദീനരോദനങ്ങളും ഇന്ന് തീരപ്രദേശത്ത് താമസിക്കുന്ന മൽസ്യത്തൊഴിലാളികളുടേയും അതുമായി ബന്ധപ്പെട്ട് ജീവിക്കുന്ന സമൂഹത്തിനും എത്ര നഷ്ടപരിഹാരം നൽകിയാലും തോരാത്ത കണ്ണുനീരിനും വേദനയ്ക്കും മുന്നിൽ ഞാൻ ശിരസ്സ് കുനിക്കുന്നു. സുനാമി ദുരന്തത്തിൽ പൂർണ്ണമായും തകർന്നുപോയ രണ്ട് ഗ്രാമങ്ങൾ; അതിന്റെ ആഘാതമേറ്റ 187 ഗ്രാമങ്ങൾ വേറെയും. തീരദേശത്ത് സുരക്ഷിതത്വം നഷ്ടപ്പെട്ട പതിനൊന്ന് ലക്ഷത്തോളം ജനങ്ങൾ ഇന്ന് വേദനകൊണ്ട് പിടയുകയാണ്. കേരളത്തിനകത്തുവച്ച് മരണമടഞ്ഞ 172 പേരും പുറത്തുവച്ച് മരണമടഞ്ഞ 32 പേരും ഉൾപ്പെടെ 204 പേരുടെ ജീവൻ നമ്മുടെ സംസ്ഥാനത്തുനിന്നും രാക്ഷസ്സ തിലമാലകൾ അപഹരിച്ചു. പരിക്കേറ്റ ആയിരങ്ങളുടെ തേങ്ങലുകൾ വേറെയും. 1358 കോടി രൂപയുടെ നാശനഷ്ടങ്ങൾ നമ്മുടെ രാജ്യത്തുണ്ടായി. ഇന്നും മരണതുല്യം ജീവിക്കുന്ന നമ്മുടെ സഹോദരങ്ങളുടെ ഹൃദയവേദനകൾ വാക്കുകൾക്കപ്പുറത്താണ്. എന്തിന് ജീവിക്കണം, എങ്ങനെ ജീവിക്കണം എന്നറിയാതെ തളർന്നുപോയ തീരദേശ ജനതയെ മെല്ലെമെല്ലെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിൽ ഗവൺമെന്റും കേരള സമൂഹവും കാണിച്ച മാതൃക അഭിമാനകരമാണ്. അതിന് നേതൃത്വം കൊടുത്ത ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും ഫിഷറീസ് വകുപ്പുമന്ത്രിയേയും റവന്യൂ വകുപ്പുമന്ത്രിയേയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ഇതിന് പിന്തുണ നൽകിയ ആ പ്രദേശങ്ങളിലെ എം.എൽ.എ.-മാർ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥന്മാർ എല്ലാവരേയും തീരദേശമേഖലയിൽ നിന്നും വരുന്ന ജനപ്രതിനിധിയെന്ന നിലയിൽ ഞാൻ അഭിനന്ദിക്കുകയാണ്. ജനങ്ങളുടെ സ്നേഹവും സാന്ത്വനവും തീരപ്രദേശത്തേക്ക് ഒഴുകിയത് വലിയൊരു ആശ്വാസം തന്നെയാണ്. നിസ്സഹായരായവരുടെ തുരുത്തുകളിൽ പർവ്വതംപോലെ നിലകൊണ്ട വേദനകളും വേവലാതികളും ഒരു പരിധിവരെയെങ്കിലും അകറ്റുവാൻ പ്രയോജനകരമായത് എല്ലാപേരുടേയും കൂട്ടായ്മയുടെ ശ്രമമാണെന്ന് കേരളം തെളിയിച്ചു. കടലിനേക്കാൾ വിശാലമാണ് മലയാളികളുടെ മനസ്സെന്ന് ലോകത്തിനുമുന്നിൽ കാണിച്ചുകൊടുക്കാൻ കേരളത്തിനു കഴിഞ്ഞുയെന്നുള്ളത് വളരെയേറെ അഭിമാനകരമായ കാര്യമാണ്. നമ്മുടെ ഗവൺമെന്റ് ദുരന്ത പരിഹാരത്തിനുവേണ്ടി പ്രത്യേകമായ ഒരു വകുപ്പ് രൂപീകരിച്ചുവെന്നുള്ളത് ഇൻഡ്യയ്ക്കുതന്നെ മാതൃകയാണെന്ന് എടുത്തുപറയട്ടെ. നമ്മുടെ സംസ്ഥാനത്തെപ്പോലെതന്നെ അയൽ സംസ്ഥാനങ്ങളിലും ദുരന്തമുണ്ടായി. ഇന്നലത്തേയും മിനിഞ്ഞാന്നത്തേയും പത്രത്തിൽ അയൽ സംസ്ഥാനങ്ങളിലെ വാർത്തകൾ നമ്മൾ വായിച്ചു. ഇൻഡ്യയ്ക്കകത്തെ മറ്റ് പല സംസ്ഥാനങ്ങളിലും ഈ ദുരന്തമുണ്ടായ സ്ഥലങ്ങളിൽ പ്രാദേശിക ഗവൺമെന്റുകളുടെയൊക്കെ നേതൃത്വപരമായ പങ്കില്ലാത്തതിന്റെ പീഡനങ്ങളുടെ കഥ ദിവസംപ്രതി പത്രങ്ങളിൽ വരുകയാണ്. അതിനുമുന്നിൽ കേരള ഗവൺമെന്റ് ഈ രംഗത്ത് കാണിച്ച മാതൃകാപരമായ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനത്തെ എത്രകണ്ട് പ്രശംസിച്ചാലും മതിയാകില്ല. അതിനുവേണ്ടി ഒരു വകുപ്പുണ്ടാക്കി ഒരു സെക്രട്ടറിയെ നിയമിച്ച് ഇതിനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുകയാണ്. പൂർണ്ണമായും തകർന്നുപോയ ആലപ്പാട്ട് ആറാട്ടുപുഴ ഗ്രാമങ്ങൾ പുനരുദ്ധരിക്കാൻ സർക്കാർ തീരുമാനിച്ചതിനെ അഭിനന്ദിക്കുകയാണ്. കേരളം അപ്രതീക്ഷിതമായ തകർച്ചയെ നേരിട്ടപ്പോൾ മുഴുവൻ കേരളീയരുടേയും മനസ്സ് ഇടറിയെന്നുള്ളത് ഏറ്റവും വലിയ ആശ്വാസമാണ്. അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് ഈ കാര്യത്തിൽ ഒന്നായി. ഈ ഐക്യവും മനുഷ്യ സ്നേഹവും എന്നുമുണ്ടാകട്ടെയെന്ന് പ്രാർത്ഥിക്കുകയാണ്. ഒന്നാംഘട്ട പ്രവർത്തന ങ്ങൾ ഗവൺമെന്റ് അതീവ ജാഗ്രതയോടെ നടത്തി. മുഖ്യമന്ത്രി ഈ സംഭവമറിഞ്ഞയുടൻ സ്ഥലത്തേക്ക് ഓടിയെത്തി. ആലപ്പുഴയിൽ ബഹുമാന്യനായ കെ. സി. വേണുഗോപാലും കൊല്ലത്ത് ശ്രീ. ബാബു ദിവാകരനും ബഹുമാന്യയായ ശ്രീമതി കെ. ആർ. ഗൗരിയമ്മയും ഓടിയെത്തി. ഈ ദുരന്തത്തിൽ കടൽത്തിരമാലകളുടെ ആഘാതമേറ്റയാളാണ് ശ്രീമതി കെ. ആർ. ഗൗരിയമ്മ. ഈ പ്രദേശങ്ങളിലെല്ലാം കക്ഷി വ്യത്യാസമില്ലാതെ എം. എൽ. എ. - മാർ, പ്രതിപക്ഷ കക്ഷിയിലെ പ്രധാനപ്പെട്ട ആളുകൾ എല്ലാപേരും ഈ കാര്യത്തിൽ കാണിച്ച ഒരു വലിയ ഐക്യം കേരളത്തിന്റെ ചരിത്രത്തിൽ അവിസ്മരണീയമായ ഒന്നാണെന്ന് എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സുനാമി ബാധിച്ച് ഒന്നേകാൽ മാസം കഴിഞ്ഞിട്ടും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ ഇപ്പോഴും 26,247 പേർ ക്യാമ്പുകളി ലാണെന്ന് പറഞ്ഞു. സർക്കാർ ഇവർക്ക് മരുന്നും ഭക്ഷണവുമെല്ലാം നൽകുന്നു വെങ്കിലും ഇത്രയും ദിവസം നിരന്തരമായി ഒന്നിച്ചു താമസിക്കുമ്പോഴുണ്ടാകുന്ന കഷ്ടത ഗവൺമെന്റ് പ്രത്യേകം കാണേണ്ടതാണ്. അവർക്ക് തൊഴിലുണ്ടാകണം. അവരുടെ സ്വകാര്യ ആവശ്യങ്ങൾ നിർവഹിക്കണം. എന്തെല്ലാം കൊടുത്താലും ക്യാമ്പുകളിലെ ജീവിതം ഇനി നീട്ടിക്കൊണ്ടുപോകുന്നതിൽ അവർ അസഹിഷ്ണു ക്കളാണെന്ന കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. ഒന്നാംഘട്ട ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സർക്കാർ വളരെ കാര്യക്ഷമമായി പ്രവർത്തിച്ചുവെന്ന് സമ്മതി ക്കുന്നു. എന്നാൽ രണ്ടാംഘട്ട പ്രവർത്തനങ്ങൾ സർക്കാർകാര്യം മുറപോലെ എന്ന രീതിയിൽപ്പോകുന്നുയെന്ന് പരാതിപറഞ്ഞാൽ അതിൽ അൽപ്പം ശരി യുണ്ടെന്ന് എടുത്തു പറയട്ടെ. രണ്ടാംഘട്ട പ്രവർത്തനത്തിൽ എന്താണ് സംഭവി ച്ചത്? അത് എന്തുകൊണ്ട് താമസിച്ചുവെന്നുള്ളത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഗൗരവപൂർവ്വം വിലയിരുത്തണം. കുറ്റകരമായ അനാസ്ഥ യുണ്ടെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കണം. യുദ്ധകാലാടിസ്ഥാനത്തിൽ കാര്യങ്ങൾ ചെയ്യുന്നുവെന്ന് പറഞ്ഞിട്ട് താൽക്കാലിക താമസ സൗകര്യത്തിനായി ഹൗസിംഗ് ബോർഡിനേയും നിർമ്മിതിയേയും ഏൽപ്പിച്ചെന്ന് പറയുന്നു. ഇതുവരെയായി നിർമ്മിക്കാൻ കഴിഞ്ഞ താൽക്കാലിക വീടുകളുടെ എണ്ണം പരിമിതമാണെന്ന കാര്യം പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. ഒരാഴ്ചകൊണ്ട് ഏതാണ്ട് 700 കുടുംബങ്ങൾക്കുള്ള താൽക്കാലിക സംവിധാനം അമൃതാനന്ദമയീ മഠം ഉണ്ടാക്കി. നമ്മുടെ സർക്കാർ സംവിധാനം ഈ കാര്യത്തിൽ വരുത്തി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുള്ള വീഴ്ചയെ സംബന്ധിച്ച് നിർബന്ധമായും ആലോചിക്കണം. അമൃതാനന്ദമയീമഠം ഉണ്ടാക്കിയ താൽക്കാലിക താമസത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകൊണ്ട് ജനുവരി മാസം 14-ാം തീയതി ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത് 45 ദിവസത്തിനകം എല്ലാ ഷെൽട്ടറുകളും പൂർത്തിയാക്കുമെന്നാണ്. ഈ നിരാലംബരായ ആളുകൾ ആശങ്കാകുലരാണ്. 45 ദിവസമെന്നാകുമെന്ന് നോക്കിയിരിക്കുകയാണ്. കൈതപ്രം ദാമോദരൻ നമ്പൂതിരിയുടേയും ശ്രീ. എം. എ. ബേബിയുടേയും കൊല്ലം എം.പി.-യുടേയും കൂടെ കഴിഞ്ഞ ദിവസം ക്യാമ്പിൽ പോയ ഒരാളാണ് ഞാൻ. വളരെ ആശങ്കാകുലരാണ് ക്യാമ്പിൽ താമസിക്കുന്നവർ. ഇപ്പോൾ സർക്കാരിന്റെ വക തീർന്നുവരുന്ന താൽക്കാലിക ഷെഡുകൾ 300 ആളുകൾക്ക് മാത്രമാണുള്ളത്. 5,000 രൂപ വാങ്ങി കുറേ പേർ ബന്ധുവീടുകളിലോ വാടക വീടുകളിലോ പോകാൻ തയ്യാറായി കഴിഞ്ഞെങ്കിലും ബാക്കിയുള്ളവർക്ക് ഇനിയും ആയിരത്തിൽപ്പരം ഷെഡുകൾ വേണ്ടി വരും. അതിന്റെ പണി ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ ഏൽപ്പിച്ചുവെന്നാണ് പറയുന്നത്. പണി ഇതുവരെ ശരിയായ രീതിയിൽ തുടങ്ങിയിട്ടില്ല. കമ്മ്യൂഷൻ ക്ഷണിക്കാൻ നോട്ടീസ് നൽകണം. അതിനുശേഷം കമ്മ്യൂഷൻ പൊട്ടിക്കാൻ 20 ദിവസം. പൊട്ടിച്ചുകഴിഞ്ഞാൽ നെഗോഷ്യേറ്റ് ചെയ്യണം. ഇതിനൊക്കെവേണ്ടി ഒരു വകുപ്പുണ്ടാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ എല്ലാ മന്ത്രിമാരും ശുഷ്കാന്തി കാണിച്ചിട്ടും ഈ കാര്യത്തിൽ സർക്കാരിന്റെ നൂലാമാലകളുടെ പ്രൊസീഡുവർ ഇത്രമാത്രം നീട്ടിക്കൊണ്ടുപോയത് അങ്ങേയറ്റം ഖേദകരമാണ്. മുഖ്യമന്ത്രിയും വകുപ്പുമന്ത്രിമാരും ഒക്കെ കാണിക്കുന്ന വേഗതയിൽ രണ്ടാം ഘട്ടത്തിൽ ഇതിന്റെ പ്രൊസീഡുവറിനു വേണ്ടിമാത്രം ഇത്ര കാലതാമസം ഉണ്ടാക്കിയത് വളരെ കഷ്ടമായിപ്പോയി എന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. അതിന്റെ പുരോഗതി വിലയിരുത്താൻ പ്രധാനമന്ത്രിയുടെ മുഖ്യ പ്രൈവറ്റ് സെക്രട്ടറി 26-ാം തീയതി സ്ഥലം സന്ദർശിച്ചിരുന്നു. അദ്ദേഹം പൂർണ്ണ തൃപ്തിയോടെയല്ല പോയത് എന്ന് പറയുന്നതിൽ എന്നോട് പരിഭവം തോന്നരുത്. മരണപ്പെട്ടവരുടെ ബന്ധുക്കളെയെല്ലാം ഒരു ക്യാമ്പിൽ ആക്കിയത് അവരുടെ ഭക്ഷണത്തിനോ സന്തോഷത്തിനോ മാത്രമായിരുന്നില്ല. അവർക്കുള്ള ആനുകൂല്യങ്ങൾ, നഷ്ടപ്പെട്ട രേഖകൾ തുടങ്ങിയ ആവശ്യങ്ങൾക്ക് വിവിധ ആഫീസുകളിൽ കയറിയിറങ്ങാതെ ക്യാമ്പിൽ തന്നെ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയായിരുന്നു ഇവരെയെല്ലാം ഒരുമിച്ച് ആക്കിയത്. എങ്കിലും അവർക്ക് ലഭിക്കാനുള്ള ധനസഹായവും രേഖയും ഇതുവരെ പൂർണ്ണമായും ലഭിച്ചിട്ടില്ല എന്ന് ക്യാമ്പിൽ പോയി കാണുകയും കാര്യങ്ങൾ അവരോട് നേരിട്ട് സംസാരിക്കുകയും ചെയ്ത ഒരാള് എന്ന നിലയിൽ ആശങ്കയോടുകൂടി ഈ സന്ദർഭത്തിൽ പ്രത്യേകം എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്. ക്യാമ്പിൽ നിന്നും ഇപ്പോൾ ഇൻഡ്യൻ ആർമി ഒഴിഞ്ഞുപോയി. പകരം ഇപ്പോൾ ഒരു തഹസീൽദാരെയാണ് ചുമതല ഏൽപ്പിച്ചിരിക്കുന്നത്. ക്യാമ്പിലെ അംഗങ്ങളുടെ ആവശ്യങ്ങൾ, നഷ്ടപ്പെട്ട രേഖകൾ, ധനസഹായം എന്നിവ ക്യാമ്പിൽ തന്നെ

നൽകുകയും അവരെ എത്രയും വേഗം താൽക്കാലിക ഷെൽട്ടറുകളിലേക്ക് മാറ്റുകയും ചെയ്യുന്നതിന് അടിയന്തിര നടപടികൾ ഉണ്ടാകണം. പ്രസ്തുത കാര്യങ്ങൾക്ക് ഒരു കാരണവശാലും കാലതാമസം വരരുത്. താൽക്കാലിക ഷെഡുകളുടെ പണി ഫെബ്രുവരി മാസം രണ്ടാം തീയതിക്കകത്തെങ്കിലും പൂർത്തിയാക്കുമെന്ന് നിർബന്ധമായിട്ടും ഉറപ്പു വരുത്തണം. ആലപ്പുഴ ജില്ലാ കളക്ടർ ഈ കാര്യത്തിൽ വീഴ്ച വരുത്തിയപ്പോൾ അദ്ദേഹത്തെ അവിടെനിന്നും അടിയന്തിരമായി മാറ്റാൻ എടുത്ത തീരുമാനം പോലെ റവന്യൂ വകുപ്പിലെ ഏതെങ്കിലും ഉദ്യോഗസ്ഥൻ ഈ കാര്യത്തിൽ വീഴ്ച വരുത്തുകയാണെങ്കിൽ അങ്ങ് അത് നിഷ്പക്ഷമായി പരിശോധിക്കണം. അതിനുവേണ്ടി ആരെയെങ്കിലും ചുമതലപ്പെടുത്തണം. നടപടിയെടുക്കാൻ മടികാണിക്കരുത് എന്ന് ഈ സന്ദർഭത്തിൽ പ്രത്യേകം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ കാര്യത്തിൽ എതെങ്കിലും വീഴ്ച വരുത്തുന്നുവെന്ന് ബോദ്ധ്യമുണ്ടെങ്കിൽ അതിന് പ്രത്യേകമായി ഒരു പരിശോധന യുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇവിടെ മത്സ്യഫെഡും ഫിഷറീസ് ഡിപ്പാർട്ടുമെന്റും ഈ കാര്യത്തിൽ കാണിച്ച വേഗതയെ ഞാൻ പ്രത്യേകം അഭിന്ദിക്കുകയാണ്. പുതിയ വഞ്ചിയും വലയും എഞ്ചിനുമൊക്കെ കൊടുക്കുന്ന കാര്യത്തിൽ മത്സ്യഫെഡ് അങ്ങേയറ്റം ജാഗ്രതയോടുകൂടിയാണ് പ്രവർത്തിച്ചത്. തീരദേശത്തുള്ള ഒരാൾ എന്ന നിലയിൽ, മത്സ്യത്തൊഴിലാളികളുടെ വികാരം അറിയുന്ന ഒരാൾ എന്ന നിലയിൽ ഫിഷറീസ് വകുപ്പുമന്ത്രി ശ്രീ. ഡൊമിനിക് പ്രസന്റേഷൻ ഈ കാര്യത്തിൽ കാണിക്കുന്ന ശുഷ്കാന്തിയേയും ആത്മാർത്ഥതയേയും ഞാൻ ഈ സന്ദർഭത്തിൽ അഭിന്ദിക്കുകയാണ്. വിവിധ രാഷ്ട്രീയ പാർട്ടികൾ, ട്രേഡ് യൂണിയനുകൾ, അമൃതാനന്ദമയീമഠം, സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ, സേവാഭാരതി, സേവാ സംഘടനകൾ ജമാഅത്ത് ഇസ്ലാമി, ഡി.വൈ.എഫ്.ഐ., യൂത്ത് കോൺഗ്രസ്സ്, എ.ഐ.വൈ.എഫ്. തുടങ്ങിയ പല സംഘടനകളും കാഴ്ച വച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ സ്ഥിതിഗതികൾ നേരെയാക്കുന്നതിന് വളരെയേറെ സഹായിച്ചു എന്ന കാര്യം പ്രത്യേകം എടുത്തു പറയാൻ ആഗ്രഹിക്കുകയാണ്. അത് പറയാതെ പോകുന്നത് ഒട്ടും ശരിയല്ല. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളോടൊപ്പം തന്നെ ഈ പറഞ്ഞ യുവജന സംഘടനകളും സാമൂഹ്യ സംഘടനകളും മതസംഘടനകളും എല്ലാം കാണിച്ചിട്ടുള്ള ആത്മാർത്ഥത കേരള ചരിത്രത്തിലെ ഏറ്റവും വലിയ അവിസ്മരണീയമായ ഒരു അനുഭവമാണ്. ഇത് എല്ലാവർക്കും ഒരു വലിയ പാഠമാകട്ടെ എന്ന് ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകം ഓർമ്മപ്പെടുത്തുകയാണ്. ഒന്നാംഘട്ട പ്രവർത്തനത്തിൽ സർക്കാർ കാണിച്ച ആത്മാർത്ഥത ശ്ലാഘനീയമാണ്. രണ്ടാം ഘട്ട പ്രവർത്തനം ഇഴഞ്ഞു നീങ്ങുന്നു എന്നുള്ളത് സത്യമാണ്. ആ കാര്യത്തിൽ നിർബന്ധമായും ഗൗരവപൂർവ്വമായ ഇടപെടൽ അടിയന്തിരമായും ഉണ്ടായേ മതിയാകൂ. എല്ലാ മത്സ്യത്തൊഴിലാളികൾക്കും ക്ഷേമാശ്വാസം നൽകണം. ആലപ്പാടും ആറാട്ടുപുഴയിലും പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ ലെയ്സൺ ഓഫീസുകൾ നിർബന്ധമായും ഉണ്ടാകണം. അതിനുവേണ്ടി മാത്രമായി ഒരു പ്രത്യേക ലെയ്സൺ ഓഫീസ് തുറക്കണം. ഈ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പരിശോധിക്കാൻ പ്രാദേശികമായ ഒരു കമ്മിറ്റി ഉണ്ടായേ മതിയാകൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു അഭ്യർത്ഥനയുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോടൊപ്പം ഫിഷറീസ് വകുപ്പുമന്ത്രിയെക്കൂടി മോണിട്ടറിംഗിന് ചുമതലപ്പെടുത്തി ജില്ലാ കളക്ടർക്കുമേലുള്ള ഒരു ഉദ്യോഗസ്ഥന് കമ്മിറ്റിയുടെ സ്പെഷ്യൽ ചുമതല നിർബന്ധമായും നൽകണം. ആ പ്രദേശങ്ങളിലെ എം.എൽ.എ.-മാർ, എം.പി.-മാർ, ജില്ലാ-ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികളുടെ പ്രധാനപ്പെട്ട ആളുകൾ, നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ച സന്നദ്ധ സംഘടനകളിലെ ആളുകൾ ഇവരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു സ്പെഷ്യൽ ലെയ്സൺ കമ്മിറ്റി, നിർബന്ധമായും ഉണ്ടാക്കിയാൽ ഇക്കാര്യത്തിൽ വലിയ ഗുണം ഉണ്ടാകുമെന്ന് ഈ സന്ദർഭത്തിൽ എടുത്തു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആനുകൂല്യം പറ്റുന്നതിനുവേണ്ടി ചില ഉദ്യോഗസ്ഥന്മാരുടേയും രാഷ്ട്രീയ പാർട്ടികളുടേയും ഒക്കെ പിൻബലത്തോടുകൂടി അനർഹരായ പല ആളുകളും ഇതിൽ കടന്നു കൂടുന്നുണ്ട്. അപ്പുറവും ഇപ്പുറവും എന്നില്ലാതെ ചിലർ അതിൽ വെള്ളം ചേർക്കാൻ ശ്രമിക്കുന്നുണ്ട്. ആ ക്യാമ്പിൽ പോയപ്പോൾ എനിക്ക് നേരിട്ട് കിട്ടിയ പരാതിയാണ്. ഒരിക്കലും അത് ഉണ്ടാകാൻ പാടില്ല. ഒരു കാര്യം, വായ്പ തിരിച്ചടക്കുന്നതിന് 7 മാസം, 11 മാസം ഒക്കെ നീട്ടിക്കൊടുത്തു. ഈ ദുരന്തത്തിൽ എല്ലാം നശിച്ച പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ വായ്പ നീട്ടി കൊടുത്തിട്ട് കാര്യമില്ല. ആ വായ്പ ഒന്നുകിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അല്ലെങ്കിൽ സുനാമിയുടെ പേരിൽ വന്ന കോടിക്കണക്കിന് രൂപയിൽനിന്നും എടുത്ത് പൂർണ്ണമായും വീടുകൾ തകർന്നു പോയവർക്കുള്ള വായ്പ മത്സ്യഫെഡ് വഴിയോ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് വഴിയോ ഗവൺമെന്റ് അടയ്ക്കണം. അവരെ ഈ വായ്പ അടയ്ക്കുന്നതിൽ നിന്ന് ഒഴിവാക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. ഇവർക്ക് ലോൺ കൊടുത്തിട്ട് കാര്യമില്ല. ലോൺ കൊടുത്താൽ അടയ്ക്കാൻ ഒരു മാർഗ്ഗവുമില്ല. കടലിന്റെ സ്ഥിതി നാം ഇവിടെ ചർച്ച ചെയ്തതാണ്. പിടിക്കുന്ന മത്സ്യം വാങ്ങാൻ ആളില്ല. മത്സ്യത്തിനെതിരെ ദുഷ്പ്രചരണം നടത്തുന്നു. അതിനു മുന്നിൽ പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ പകച്ചുനിൽക്കുന്നു. അവർക്ക് ലോൺ കൊടുത്ത് ഇനിയും അവരെ കടക്കെണിയിലേക്ക് വലിച്ചിഴയ്ക്കരുത് എന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പ്രത്യേകമായി പറയാനുള്ളത്. അതുകൊണ്ട് പൂർണ്ണ സൗജന്യത്തോടുകൂടിയുള്ള മത്സ്യബന്ധനോപകരണങ്ങളാണ് അവർക്ക് കൊടുക്കേണ്ടത്. വീട് വച്ചു കൊടുക്കുന്നതിൽ വലിയ ഒരു ആശയ കുഴപ്പമുണ്ട്. തീരപ്രദേശത്ത് ആവശ്യമില്ലാതെ ജാതിയുടേയും മതത്തിന്റേയും വിത്തുവിതയ്ക്കാൻ ഇടയാകരുത്. ജാതി മതങ്ങളും പ്രത്യയശാസ്ത്രങ്ങളും ആ സാധുക്കളുടെ ഇടയിൽ കലർത്തരുത്. ഇവരെ സ്നേഹിക്കുക, സാന്ത്വനമേകുക.

അതുമാത്രമാകട്ടെ ജീവകർമ്മം.
കടലിന്റെ കണ്ണുനീർ മുത്തുകൾക്കായി നാം
ചൊരിയുക നമ്മുടെ സാന്ത്വനങ്ങൾ.

ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ, മരണമടഞ്ഞവരുടെ ബന്ധുക്കൾക്ക് ഒരു ലക്ഷം രൂപ നൽകി എന്ന് പറയുന്നു. കേന്ദ്രം അനുവദിച്ച ഒരു ലക്ഷം രൂപയും അതുപോലെ ഫിഷറീസ് വകുപ്പു മുഖേന ലഭിക്കാനുള്ള ഇൻഷ്വറൻസ് തുകയും അടിയന്തിരമായി നൽകേണ്ടതാണ്. ഇങ്ങനെ പറഞ്ഞുപറഞ്ഞ് നീട്ടിക്കൊണ്ടു പോകുന്നത് ശരിയല്ല. അതുപോലെ സുനാമി ദുരന്തം ഉണ്ടായതിനുശേഷം കാണാതായ ആളുകളുടെ ജഡം ലഭിച്ചാൽ മാത്രമേ നഷ്ടപരിഹാരത്തുക അവരുടെ ബന്ധുക്കൾക്ക് നൽകുകയുള്ളൂ എന്ന നിലപാട് സ്വീകരിക്കരുത്. വടകരയിൽ പോണ്ടിച്ചേരിയിലുള്ള മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിനിടയിൽ മരണപ്പെട്ടു. ഇതുവരെയായിട്ടും അവരുടെ കുടുംബത്തിന് ഒരു നയാപൈസ പോലും കിട്ടിയിട്ടില്ല. സുനാമി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ജഡം അപകടത്തിൽപ്പെട്ടവരുടേതാണെന്ന് ബോദ്ധ്യമായാൽ അവരുടെ കുടുംബാംഗങ്ങൾക്കും ഈ ആനുകൂല്യം ലഭ്യമാക്കണം. വീടുകളുടെ നിർമ്മാണവും നീണ്ടുപോയിട്ടുണ്ട്. എനിക്കു തോന്നുന്നത് ഹൗസിംഗ് ബോർഡും നിർമ്മിതിയും മാത്രമല്ല നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി കെട്ടിട നിർമ്മാണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത് എന്നാണ്. യുദ്ധകാലാടിസ്ഥാനത്തിൽ പി.ഡബ്ലിയു.ഡി.-യേയും വീടുകൾ നിർമ്മിക്കാൻ സാധിക്കുന്ന എല്ലാ ഏജൻസികളെയും ഉപയോഗപ്പെടുത്തിക്കൊണ്ട് നഷ്ടപ്പെട്ട വീടുകൾ മാത്രമല്ല, ഭാഗീകമായി തകർന്ന വീടുകളും സർക്കാർ പുതുക്കി പണിയേണ്ടിയിരിക്കുന്നു. ഇത്തരം വീടുകളും പുതുക്കിപ്പണിയാൻ നമ്മൾ സന്നദ്ധരാകേണ്ടതാണ്. ശ്രീ. പി. കെ. കെ. ബാവ വളരെ വിശദമായി പറഞ്ഞു. മലബാർ ഭാഗത്ത് പലയിടത്തും സുനാമിയുടെ ഫലമായി ഭീകരമായ അപകടം ഉണ്ടായിട്ടില്ല എങ്കിലും ചോമ്പാൽ ഫിഷിംഗ് ഹാർബർ തുടങ്ങിയിടത്തെല്ലാം ഈ സുനാമിയുടെ ഫലമായി പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. അതുപോല ബേപ്പൂരിൽ ഉണ്ടായി, അവിടെയെല്ലാം തിരമാലകളിൽപ്പെട്ട് ബോട്ടുകൾ മണലിൽ വീണ് തകർന്നു, അങ്ങനെ പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. ആലപ്പുഴ, കൊല്ലം ജില്ലകളിൽ മാത്രം ഉണ്ടായതുകൊണ്ട് മലബാർ ഭാഗങ്ങളിൽ ഉണ്ടായ സംഭവങ്ങളെ സംബന്ധിച്ച് നമ്മൾ യഥാർത്ഥത്തിൽ മനസ്സിലാക്കുന്നില്ല. അവിടെയും മത്സ്യത്തൊഴിലാളികൾ ഇന്ന് ഭയവിഹ്വലരാണ്. സുനാമി ദുരന്തം ഉണ്ടായ അവസരത്തിൽ പാവപ്പെട്ട ആളുകൾ ഓടിപ്പോയ പ്രദേശവുമുണ്ട്. മറ്റൊരു പ്രശ്നം കരുനാഗപ്പള്ളിയിലും കായംകുളം ആശുപത്രിയിലും ഒക്കെ ആ പ്രദേശത്തുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ സംഘടനകളും സജീവമായി രംഗത്തിറങ്ങി. യഥാർത്ഥത്തിൽ കേരളത്തിലെ ജനങ്ങളുടെ ഐക്യം എന്താണെന്ന് ബോദ്ധ്യപ്പെട്ടത് ആ അവസരത്തിലാണ്. പക്ഷെ ഇപ്പോൾ നമ്മൾ കെട്ടിടനിർമ്മാണവും മറ്റു പല പ്രവർത്തനങ്ങളും നടത്തുന്ന അവസരത്തിൽ അതാതു പ്രദേശങ്ങളിലെ രാഷ്ട്രീയ പാർട്ടികളെയും സാമൂഹ്യ സംഘടനകളെയും നമ്മളെ സഹായിക്കുന്നവരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ജനകീയ സമിതിയുടെ മേൽനോട്ടം ഉണ്ടാകേണ്ടതാണ്. അല്ലെങ്കിൽ ഭാവിയിൽ അത് വലിയ ആക്ഷേപങ്ങൾക്ക് ഇടയാകും. ഇവിടെ നിയമസഭാംഗങ്ങൾ എന്നുള്ള നിലയ്ക്ക്, ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിൽ മന്ത്രിമാരായവർ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നു. അതിന്റെ മറ്റ് നടപടികൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ അത് പ്രാവർത്തികമാക്കുന്നു. അതോടൊപ്പം എം.എൽ.എ.-മാരും ത്രിതല പഞ്ചായത്ത് അംഗങ്ങളും അതാതു പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പരിശോധിച്ച് ഗൗരവമായി ഇതിന്

നേതൃത്വം നൽകുകയും പോരായ്മകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ വേണ്ടപ്പെട്ട മേഖലകളിൽ നിവേദനം നൽകുകയും ചെയ്യണം. ഇവിടെ സുനാമി ദുരന്തത്തെ സംബന്ധിച്ച് മുൻകൂട്ടി അറിയാൻ സാധിക്കില്ലേ എന്നു ചോദിച്ചു; ഇതൊക്കെ വളരെ ശരിയാണ്. പക്ഷെ അപകടം ഉണ്ടാകാൻ പോകുന്നു എന്നൊരു വാർത്ത വന്നു. പല പ്രദേശങ്ങളിലും അതിന്റെ അടിസ്ഥാനത്തിൽ ആളുകളെ കടപ്പുറത്തു നിന്ന് മാറ്റി താമസിപ്പിച്ചപ്പോൾ അത് മനസ്സിലാക്കി സംസ്ഥാനത്ത് ആ രൂപത്തിലുള്ള പ്രചരണം നടത്തി. കടലോര മേഖലയിലുള്ള ആളുകളെ മാറ്റി താമസിപ്പിക്കാൻ സാധിച്ചില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതൊന്നും ഇനി പരിഹരിക്കാൻ സാധിക്കില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി രണ്ടു ദിവസം കഴിഞ്ഞതിനുശേഷം ഇത്തരം ഭീഷണി വരുന്നു എന്നുപറഞ്ഞപ്പോൾ ഈ ആളുകളോട് മാറി താമസിക്കാൻ ആവശ്യപ്പെട്ടതനുസരിച്ച് ചിലർ മാറി താമസിച്ചതിന്റെ ഫലമായി ഭയത്തോടെയാണെങ്കിലും കടലോരത്തു പോയി വീടുകളിൽ കയറി സഹോദരികളോട് രക്ഷാ കേന്ദ്രങ്ങളിലേക്ക് ഓടിപ്പോകാൻ പറഞ്ഞ ഒരാളെന്നുള്ള നിലയ്ക്ക് ബുദ്ധിമുട്ടുണ്ടാകാം. പക്ഷേ നാലഞ്ച് മണിക്കൂർ മുമ്പേ നമ്മൾ അറിഞ്ഞ വിവരം പറയാൻ സാധിച്ചിരുന്നുവെങ്കിൽ കുറെ ആളുകളെ രക്ഷപ്പെടുത്താമായിരുന്നില്ലേ എന്ന് ഒരു സംശയം. അതുപോലെതന്നെ പല ഏജൻസികൾ, മാതാ അമൃതാനന്ദമയി മഠം ഒക്കെ സാമ്പത്തികമായി സഹായിക്കാം എന്നുപറഞ്ഞ് വന്നവരാണ്. ഈ സംഭവം കണ്ട അവസരത്തിൽ നല്ല ഉദ്ദേശത്തോടുകൂടി വളരെ പെട്ടെന്ന് അവർ വന്നു. എനിക്കു തോന്നുന്നു അവർ കാണിച്ച ആ താത്പര്യം നമുക്ക് പരിപൂർണ്ണമായി ഉപയോഗപ്പെടുത്താൻ സാധിച്ചോ, സഹായങ്ങൾ മുഴുവൻ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിലെ കടലോര മേഖലകളിലുള്ള ഈ ദുരിതം പരിപൂർണ്ണമായി അവസാനിപ്പിക്കുന്നതിനു സഹായകരമായ വിധത്തിൽ സഹായങ്ങൾ മുഴുവൻ ഉപയോഗിക്കാൻ സാധിച്ചോ എന്നതിനെ സംബന്ധിച്ച് സംശയമുണ്ട്. അത് ഇന്നത്തെ പത്രങ്ങളിലുമുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വേണ്ടപോലെ ഇത് പരിഹരിക്കാൻ ആവുന്ന നടപടികൾ സ്വീകരിക്കുന്നില്ല. അതിന്റെ പ്രധാനമായ ഒരു കാരണം ഞാൻ മനസ്സിലാക്കുന്നത് ഈ പ്രവൃത്തികളുമായിട്ടൊക്കെ അതാതു പ്രദേശത്തെ ജനങ്ങളെ ബന്ധപ്പെടുത്തണം. ഇതിൽ ജീവൻപോലും ബലിയർപ്പിച്ചുകൊണ്ട് ആ പ്രദേശത്തുപോയി ജനങ്ങളെ രക്ഷപ്പെടുത്താൻ ശ്രമിച്ച ജനങ്ങളുണ്ട്. ആ രാഷ്ട്രീയ പാർട്ടികളെയും ജനപ്രതിനിധികളെയും ഇതിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്താൻ നമുക്ക് സാധിക്കേണ്ടതാണ്. ബഹുമാനപ്പെട്ട ആന്റണി മുഖ്യമന്ത്രിയായിരുന്ന അവസരത്തിൽ കടലോര മേഖലയിൽ എം.എൽ.എ.-മാരുടെ ഒരു യോഗം വിളിച്ചിരുന്നു. അന്ന് വളരെ ഫലപ്രദമായ ചില നിർദ്ദേശങ്ങൾ കടലോരത്തെ സംരക്ഷിക്കുന്നതിനെ സംബന്ധിച്ച് മുന്നോട്ട് വച്ചിരുന്നു. അതൊന്ന് പരിശോധിക്കണം. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് എന്തുചെയ്യാൻ സാധിക്കും എന്നുള്ളതിനെ സംബന്ധിച്ച് ആലോചിക്കണം. ഒന്ന് ജനകീയ കമ്മിറ്റികൾ രൂപീകരിക്കണം. വള്ളവും വലയുമൊക്കെ കൊടുക്കാനുള്ള അടിയന്തിര നടപടി സ്വീകരിച്ചു എന്നുംപറഞ്ഞു. അത് പണമായിട്ടൊന്നും കൊടുത്താൽ പോരാ, വള്ളവും വലയും തന്നെ കൊടുക്കണം. കേരളത്തിൽ എവിടെയെല്ലാം വള്ളവും വലയും നഷ്ടപ്പെട്ടിട്ടുണ്ടോ, വള്ളങ്ങൾ പരസ്പരം തമ്മിൽ മുട്ടിതകർന്നിട്ടുണ്ടോ അത് പരിശോധിക്കണം. എനിക്ക് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിനീതമായി അഭ്യർത്ഥിക്കാനുള്ളത്, തങ്ങളുടെ ഏരിയായിൽ അപകടങ്ങളും തകരാറുകളും ഉണ്ടായി എന്നത് റവന്യൂ വകുപ്പുമന്ത്രിയെ അറിയിക്കുന്നത് ഒരു പോരായ്മയാണോ എന്ന് ധരിക്കുന്ന ചില ഉദ്യോഗസ്ഥൻമാരുണ്ടോ എന്ന് ഞാൻ സംശയിക്കുന്നു. കാരണം കോഴിക്കോട് ജില്ലയിലുണ്ടായ ചില അപകടങ്ങളെ സംബന്ധിച്ച്, അതുപോലെ കണ്ണൂർ ജില്ലയിലും, മലബാർ ജില്ലയുടെ ചില ഭാഗത്തും തൃശ്ശൂർ ജില്ലയിലെ വീടുകൾ തകർന്നതിനെ സംബന്ധിച്ചും ഇവിടെ ശ്രീ. പി. കെ. കെ. ബാവ സൂചിപ്പിക്കുകയുണ്ടായി. പക്ഷെ ഇവിടെ റിപ്പോർട്ടു ചെയ്തതിൽ തൃശ്ശൂർ ജില്ലയിൽ വീടുകൾ തകർന്നതായി പറഞ്ഞിട്ടില്ല. അതു കൊണ്ട് ഞാൻ പറയുന്നത് ഇതിനെ സംബന്ധിച്ചൊക്കെ നമ്മൾ ഗൗരവമായി വിലയിരുത്തണം. ഇങ്ങനെയുള്ള അവസരത്തിൽ നാടിന്റെ മൊത്തത്തിലുള്ള പിൻതുണയും സഹകരണവും ആവശ്യമാണ്. അത് കേവലം ഉദ്യോഗസ്ഥ നിലവാരത്തിൽ കൊണ്ടുപോയാലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കമുള്ള മന്ത്രിമാർ ഇതിന് വേണ്ട നേതൃത്വം കൊടുത്തതുകൊണ്ടും മാത്രമാകില്ല. എല്ലാവർക്കും പങ്കാളിത്തം ഉണ്ടാക്കുന്ന രൂപത്തിലുള്ള ഒരു ജനകീയ കൂട്ടായ്മ ഉണ്ടാവണം. അങ്ങനെ സുതാര്യമായ പ്രവർത്തനങ്ങൾ നടത്താൻ സാധിക്കണം. നമുക്ക് കേന്ദ്രത്തോട് കൂടുതൽ സാമ്പത്തിക സഹായത്തിന് ആവശ്യപ്പെടാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ലോകത്ത് എല്ലാ ഭാഗത്തുമുള്ള മലയാളികളോട് നമുക്ക് സഹായം ആവശ്യപ്പെടാം. അതേ അവസരത്തിൽ മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, രാഷ്ട്രീയ കക്ഷികൾ, സാമൂഹ്യ സംഘടനകൾ, മാതാ അമൃതാനന്ദമയി മഠം പ്രതിനിധി, ഇതിനുവേണ്ടി ഫണ്ട് പിരിക്കുന്ന പത്ര പ്രതിനിധികൾ ഇവരെല്ലാം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ 100 ശതമാനം യോജിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനത്തിന് സന്നദ്ധമാകണമെന്ന് അഭ്യർത്ഥി ക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: സർ, സമീപകാലത്ത് ലോക മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച ഏറ്റവും വലിയ ദുരന്തമായിരുന്നു ഡിസംബർ മാസം 26-ാം തീയതി യുണ്ടായത്. കേരളതീരത്ത് തികച്ചും ദുർബല ജനവിഭാഗത്തെയാണ് സുനാമി ദുരന്തം ഏറ്റവും കൂടുതൽ ബാധിച്ചത് എന്നതാണ് നമുക്ക് ഏറെ ദുഃഖമുണ്ടാ ക്കുന്ന കാര്യം. മറ്റു രാജ്യങ്ങളിൽ വിനോദസഞ്ചാരത്തിൽ ഏർപ്പെട്ടിരുന്ന ഉന്നത നിലയിൽ ജീവിക്കുന്ന ആളുകളെയും ഇത് ബാധിച്ചിട്ടുണ്ട്. എങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം തികച്ചും ദുർബ്ബലരായ, തീരദേശങ്ങളിൽ താമസിക്കുന്ന കിടപ്പാടം ഇല്ലാത്ത കുടിലുകളിൽ താമസിക്കുന്ന അന്നന്നത്തെ ജീവിതത്തിന് പണി യെടുത്ത് ജീവിക്കുന്ന പാവപ്പെട്ടവരെയാണ് ഇത് കൂടുതലായും ബാധിച്ചിട്ടുള്ളത്. ഈ ദുരന്തത്തിന് പരിഹാരം ഉണ്ടാക്കുന്നതിന് അതിന്റെ ദുരിതാശ്വാസ നടപടി കൾക്ക് ഗവൺമെന്റ് ഉണർന്നു പ്രവർത്തിച്ചു എന്നതിൽ നമുക്ക് അഭിമാനിക്കുവാൻ വകയുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും മറ്റു മന്ത്രിമാരും ജനപ്രതിനിധികളും, ജനസമൂഹമാകെ സന്നദ്ധ സംഘടനകളുടെ

സഹകരണത്തോടുകൂടി കൂട്ടായി പ്രവർത്തിച്ചു എന്നത് ഈ ദുരന്തത്തിനിടയിലും ഒരു സുവർണ്ണ രേഖയായി നമുക്ക് കാണാൻ കഴിയും. കേരള സമൂഹത്തെക്കുറിച്ചുള്ള ഒരു ചിന്ത സാധാരണ നമുക്ക് കേൾക്കാൻ കഴിയുന്നത് നമ്മൾ സ്വാർത്ഥരാണ്, സ്വന്തം കാര്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരാണ്, മറ്റുള്ളവരുടെ ദുഃഖം കാണാൻ കൂട്ടാക്കാത്തവരാണ് എന്നൊക്കെ പലപ്പോഴും പറയാറുണ്ടെങ്കിലും ഒരു ദുരന്തമുണ്ടായപ്പോൾ മുഴുവൻ ആളുകളും എല്ലാവിഭാഗം ജനങ്ങളും ഒറ്റക്കെട്ടായി പ്രവർത്തിച്ച് ഇതിന് പരിഹാരം ഉണ്ടാക്കുവാൻ നടപടികൾ സ്വീകരിച്ചു. ഈ ദുരന്തം ഉണ്ടായതിനുശേഷം ഏതാണ്ട് എല്ലാ ദിവസവും ഒന്ന് രണ്ട് ആഴ്ചക്കാലത്തേക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കാബിനറ്റ് കൂടി നടപടികൾ സ്വീകരിക്കുകയുണ്ടായി. മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും രാത്രി വൈകിയും 12 മണിക്കും ഒരു മണിക്കുമൊക്കെ ആ ക്യാമ്പുകളിലേക്ക് കടന്നു ചെന്ന് അവിടെ നടക്കുന്ന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ തയ്യാറായി എന്നത് ഈ ദുരന്തം ഉണ്ടായതിനുശേഷം ഗവൺമെന്റ് എത്ര കാര്യക്ഷമമായി ഈ കാര്യത്തിൽ പ്രവർത്തിച്ചു എന്നതിന്റെ തെളിവായി ഞാൻ കാണുകയാണ്. അത്യാവശ്യമായി ഒന്നാം ഘട്ടത്തിൽ ചെയ്യേണ്ട നടപടികൾ എല്ലാം വളരെ കാര്യക്ഷമമായി പൂർത്തിയാക്കുവാൻ കഴിഞ്ഞു. ഭക്ഷണം എത്തിക്കുവാൻ, ദുരിതാശ്വാസ ക്യാമ്പുകളുടെ പ്രവർത്തനങ്ങൾ നടത്തുവാൻ അവിടെ ശുദ്ധജലം എത്തിക്കുവാൻ വൈദ്യസഹായം എത്തിക്കുവാൻ ആവശ്യമുള്ള മുഴുവൻ കാര്യങ്ങളും യാതൊരു തടസ്സവും കൂടാതെ ആർക്കും പരാതിക്കു ഇടനൽകാൻ കഴിയാത്തവിധം പൂർത്തിയാക്കുവാൻ നമുക്ക് കഴിഞ്ഞു. ഇനിയും മുന്നോട്ടുള്ള സ്ഥിരമായ സംവിധാനങ്ങളെക്കുറിച്ച് ആലോചിക്കുന്ന ഒരു കാലഘട്ടമാണിത്. പോരായ്മകളൊക്കെ ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് പരിഹരിക്കുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടികൾ സ്വീകരിച്ചു എന്നത് സന്തോഷത്തിന് വക നൽകുന്ന കാര്യമാണ്. ക്യാമ്പിൽ എത്തുന്ന ആളുകൾക്ക് 1000 രൂപ വച്ച് കൊടുക്കാൻ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ട് എറണാകുളം ജില്ലയിൽ അത് കൊടുത്തില്ല എന്ന് ഡോ. കുട്ടപ്പൻ സൂചിപ്പിക്കുകയുണ്ടായി. അങ്ങനെയുള്ള ഉദ്യോഗസ്ഥരുടെ പേരിൽ നടപടിയെടുക്കണം. എല്ലായിടത്തും ഗവൺമെന്റ് നൽകിയ നിർദ്ദേശം നടപ്പിലാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടപടി സ്വീകരിച്ചപ്പോൾ എവിടെയെങ്കിലും അതിന് പോരായ്മയുണ്ടായിട്ടുണ്ടെങ്കിൽ അവരുടെ പേരിൽ ഗവൺമെന്റ് കർശന നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. റവന്യൂ വകുപ്പുമന്ത്രി ഇന്ന് പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിക്കുകയുണ്ടായി. ബഹുമാനപ്പെട്ട കെ. ആർ. ഗൗരിയമ്മ ചൂണ്ടിക്കാട്ടിയതനുസരിച്ച് ക്യാമ്പുകളിൽ എത്താൻ കഴിയാത്തവർക്കും ബന്ധുക്കളോടൊപ്പം താമസിച്ചവർക്കും 1000 രൂപ വച്ച് കൊടുക്കാൻ നിർദ്ദേശം കൊടുത്തു എന്ന് ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ദുരിതമനുഭവിക്കുന്ന ജനങ്ങളോട് ഗവൺമെന്റ് സ്വീകരിക്കുന്ന ആർദ്രതയോടുകൂടിയ നടപടികൾ

LIBRARY ARCHIVES Kerala Legislative Assembly

എത്രമാത്രം ഗുണകരമാണ് എന്നതിന്റെ തെളിവാണ് ഈ തീരുമാനമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഈ ദുരന്തം ഉണ്ടായതിനുശേഷം ഭാവിയിൽ ഇതു പോലുള്ള ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അതെങ്ങനെ നേരിടണമെന്ന് ഗവൺമെന്റ് ചിന്തിച്ചുകൊണ്ട് ഡിസാസ്റ്റർ മാനേജുമെന്റ് ഡിപ്പാർട്ടുമെന്റ് ആരംഭിക്കുകയുണ്ടായി. അതിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുകയാണ്. ആവശ്യമായ സ്റ്റാഫിനെ നൽകി അതിന്റെ പ്രവർത്തനങ്ങൾ കുറെക്കൂടി മെച്ചപ്പെട്ട നിലയിൽ മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഈ ദുരന്തം ഉണ്ടായപ്പോൾ നമുക്ക് സംഭവിച്ച നമുക്ക് മാത്രമല്ല എല്ലാ രാജ്യങ്ങളിലും ഉണ്ടായ പ്രശ്നം മുൻകൂട്ടി അറിയാനുള്ള സംവിധാനമുണ്ടായില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ദുരന്തം ഉണ്ടാകുമ്പോൾ അത് മുൻകൂട്ടി അറിയാനുള്ള സംവിധാനം വേണം. ശാസ്ത്രവും സാങ്കേതിക വിദ്യകളും വളരെയധികം പുരോഗമിച്ചു എന്ന് പറയുമ്പോഴും ഈ ദുരന്തം ഉണ്ടായി. മണിക്കൂറുകൾ കഴിഞ്ഞതിന് ശേഷവും അറിയാനുള്ള നടപടികൾ സ്വീകരിക്കാൻ ശാസ്ത്രത്തിന് എവിടെയോ പിഴവുപറ്റി, ഭാവിയിൽ ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടായാൽ അതിന് പരിഹാരം കാണാൻ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ അതിനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതാണ്. ദുരിതബാധിത പ്രദേശങ്ങളിലെ ആളുകൾക്ക് സർക്കാർ കൊടുത്ത സഹായങ്ങൾ പലതരത്തിലാണ്. ഒരുലക്ഷം രൂപ വച്ച് മരണപ്പെട്ട ആളുകളുടെ കുടുംബങ്ങൾക്ക് സഹായം നൽകിക്കഴിഞ്ഞു. ബാക്കി മറ്റു തരത്തിലുള്ള സഹായങ്ങളൊക്കെ നൽകി. കുടുംബത്തിലെ ഏക വരുമാന മാർഗ്ഗമുള്ള വ്യക്തികൾ മരിച്ച കുടുംബാംഗങ്ങൾക്ക് പ്രത്യേകമായ പരിഗണന നൽകി, അവർക്ക് സഹായം എത്തിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണം. താൽക്കാലിക ഷെഡ്ഡുകളിലേക്ക് ഇനിയും ഇരുപത്തിയായിരം ആളുകൾ മാറുവാൻ ഉണ്ട്. അവർക്ക് ഏതാണ്ട് 360 ഷെഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ 13-ാം തീയതിയോടുകൂടി പൂർത്തിയാകുമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. ബാക്കിവരുന്ന 1000 ഷെഡ്ഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയുംവേഗം പൂർത്തിയാക്കി മുഴുവൻ ആളുകളേയും താൽക്കാലിക ഷെഡ്ഡുകളിലേക്ക് മാറ്റാനുള്ള നടപടിയുണ്ടാകണം. സ്ഥിരമായ വീടുകൾ വച്ചുകൊടുക്കാൻ ഗവൺമെന്റ് പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. ആ പദ്ധതിയും അടിയന്തിരമായി പൂർത്തീകരിക്കാനുള്ള നടപടികൾ ഉണ്ടാകണം. ഏതാണ്ട് ഒന്നേമുക്കാൽ ലക്ഷം രൂപ ചെലവ് വരുന്ന ഡിസാസ്റ്റർ റസിസ്റ്റൻസിന് ഉതകുന്ന സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുകൊണ്ട് നല്ല വീടുകൾ നിർമ്മിച്ചു നൽകാനാണ് ഗവൺമെന്റ് തീരുമാനിച്ചത്. ആ നടപടികൾ അടിയന്തിരമായി പൂർത്തിയാക്കണം. ഒരു കാര്യം കൂടി സൂചിപ്പിച്ചുകൊള്ളട്ടെ, തീരദേശ പരിപാലന നിയമം നിലവിലുണ്ട്. ആ നിയമം പാലിക്കാൻ നമ്മൾ വിമുഖത കാണിക്കുകയാണ്. ആ നിയമം പാലിച്ചിരുന്നെങ്കിൽ ചിലപ്പോൾ ഇത്രമാത്രം വലിയ ദുരന്തം നമ്മുടെ നാട്ടിൽ ഉണ്ടാകുമായിരുന്നില്ല എന്ന് ഇപ്പോൾ പറയുന്നുണ്ട്. ഭാവിയിലെങ്കിലും CRZ (Coastal Regulation Zone) കർശനമായി പാലിച്ചുകൊണ്ടു മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ അനുവദിക്കാവൂ. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന ഒരഭ്യർത്ഥന ഈ വേദിയിൽ

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കുകയാണ്. അനാഥ കുട്ടികളെ പുനഃരധിവസിപ്പിക്കാനുള്ള പദ്ധതിക്ക് ഗവൺമെന്റ് നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് വരൾച്ച, വെള്ളപ്പൊക്കം എന്നിവമൂലം കാർഷിക വിളകൾക്ക് നാശനഷ്ടമുണ്ടാകുമ്പോൾ, യഥാർത്ഥത്തിലുള്ള നഷ്ടപരിഹാരം കേന്ദ്രത്തെ അറിയിച്ചാൽ വളരെ ചെറിയ തുകയാണ് ലഭിക്കാറുള്ളത്. എന്നാൽ ഇക്കാര്യത്തിൽ വളരെ ഉദാരമായ സമീപനം കേന്ദ്രഗവൺമെന്റ് സ്വീകരിച്ചു. നമ്മുടെ ബഹുമാന്യനായ പ്രധാനമന്ത്രി ഇവിടെ വന്ന് കാര്യങ്ങൾ മനസ്സിലാക്കി കുറെ തുകയും അനുവദിച്ചു. 1358 കോടി രൂപയുടെ നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള ഒരപേക്ഷകൂടി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അത് പൂർണ്ണമായി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ കാര്യങ്ങൾ എത്രയും വേഗം കാര്യക്ഷമതയോടുകൂടി ഭാവിയിൽ നടപ്പാക്കേണ്ട കാര്യങ്ങൾ കൂടി പൂർത്തിയാക്കി ഈ സുനാമി ദുരന്തത്തിൽ അകപ്പെടാൻ ഇടയായവർക്ക് ഉണ്ടായ നഷ്ടം നികത്തണം; പൂർണ്ണമായി ഒരു കാലത്തും പരിഹരിക്കാൻ കഴിയുകയില്ല. പക്ഷെ കഴിയുന്നത്ര ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ച് അവരെ സഹായിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിറുത്തുന്നു.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ,

അനന്തമജ്ഞാതമവർണ്ണനീയം
ഈലോകഗോളം തിരിയുന്ന മാർഗ്ഗം
അതിലെങ്ങാണ്ടൊരിടത്തിരുന്ന് നോക്കുന്ന
മർത്ത്യൻ കഥയെന്തു കണ്ടു.

ഈ ബ്രഹ്മാണ്ഡ വൃക്ഷത്തിലെ പൂക്കളായ നക്ഷത്രങ്ങൾപോലും കാലം അതിന്റെ കരംകൊണ്ട് ലീലയായി ഒന്ന് പിടിച്ചുകുലുക്കിയാൽ പാടെ പതിഞ്ഞുപോകുമെന്നാണ് ശ്രീ. നാലപ്പാട് നാരായണമേനോൻ പാടിയത്. ഇത്രയും ഭീകരമായ പ്രകൃതിദുരന്തത്തെക്കുറിച്ച് തന്റെ ഭൂമിക്കൊരു ചരമഗീതത്തിൽ ശ്രീ. ഒ. എൻ. വി. പറഞ്ഞു.

അറിയാതെ ജനനിയെ പതിനായിച്ചൊരു,
യവനതരുണന്റെ കഥയെത്രപഴകി,
പുതിയ കഥയെഴുതുന്നു വസുധയുടെ മക്കൾ,
ഇവർ വസുധയുടെ വസ്ത്രമുരിയുന്നു.

ഈഡിപ്പസ് രാജാവിനെക്കുറിച്ചാണ് അദ്ദേഹം കവിതയെഴുതിയത്. എങ്കിലും അദ്ദേഹത്തിന്റെ ആഘാത നൊമ്പരങ്ങളെടുത്ത് വീക്ഷണ സാഹചര്യങ്ങൾ ഒരുക്കി എത്തിയ ഒരു വിപത്തായിരുന്നു സുനാമിയെന്ന് ഞാൻ ന്യായമായി സംശയിക്കുന്നു. സുമാത്രയിൽ ഡിസംബർ 26-ാം തീയതി രാവിലെ ആറു മണി കഴിഞ്ഞ് ഇരുപത്തിയൊൻപത് മിനിട്ട് ആയപ്പോൾ ഉണ്ടായ ഒരു ഭീകര ഭൂകമ്പത്തിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട തിരകൾ 900 കിലോമീറ്റർ വേഗത്തിൽ സഞ്ചരിച്ച് ഉച്ചയോടെ കേരള തീരത്ത് എത്തിയ സുനാമിയിൽ നമ്മുടെ രണ്ട് ഗ്രാമങ്ങൾ പൂർണ്ണമായി തകർന്നു പോയി. 157 ഗ്രാമങ്ങളിൽ അതിന്റെ ആഘാതമുണ്ടായി. തീരദേശത്ത് സുരക്ഷിതത്വം നഷ്ടപ്പെട്ട പതിനൊന്ന് ലക്ഷത്തോളം ജനങ്ങളുണ്ട്. മരണമടഞ്ഞവർ 204 പേരാണ്.

LIBRARY ARCHIVES Kerala Legislative Assembly

172 പേർ കേരളത്തിലും 32 പേർ കേരളത്തിന് പുറത്തുമാണ് മരിച്ചത്. എന്റെ മണ്ഡലത്തിൽ കേരളത്തിന് പുറത്താണ് മൂന്നുപേർ മരിച്ചത്. രണ്ടുപേർ വേളാങ്കണ്ണി തീർത്ഥാടനത്തിനു പോയവരാണ്. ചാത്തന്നൂരിലെ ഏലിയാമ്മ ടീച്ചറും, മധുസൂദനൻ നായരുമാണ് മരിച്ചത്. ആൻഡമാനിൽ ഇടനാട്ടെ പുരുഷോത്തമൻ പിള്ള മരിച്ചു. അവരുടെ കുടുംബങ്ങളിൽ നിന്ന് ഉയർന്ന കൂട്ടനിലവിളി, പരിക്കേറ്റ ആയിരങ്ങളുടെ തേങ്ങൽ ഇപ്പോഴും മാറിയിട്ടില്ല. 1358 കോടി രൂപയുടെ നാശനഷ്ടങ്ങൾ. കേരളം വിറങ്ങലിച്ചുപോയ ആ ഡിസംബർ 26. കേരളത്തിന്റെ ഓർമ്മയിലെങ്ങും ഇല്ലാത്ത തരത്തിലുള്ള ഭീകരമായ കടൽക്ഷോഭമാണ് ക്രിസ്മസ് പിറ്റേന്ന് തീരദേശ ജില്ലകൾ കണ്ടത്. സുനാമി ദുരന്തം ലോകമൊട്ടാകെ രണ്ടു ലക്ഷത്തി എഴുപത്തിയാറായിരത്തി മുപ്പത്തിയാറു പേരുടെ ജീവനാണ് അപഹരിച്ചത്. അതിൽ കേരളത്തിന്റെ തീരജില്ലകളിൽ സംഭവിച്ച ഇത്രയും വലിയ ഭീകരമായ കടൽക്ഷോഭം കേരളത്തിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായിട്ടാണ് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇരുപത്തിമൂന്ന് കോടി പതിനേഴ് ലക്ഷത്തി പതിനയ്യായിരത്തി നാന്നൂറ്റിയമ്പതു രൂപയുടെ നഷ്ടമാണ് മത്സ്യബന്ധന മേഖലയിൽ ഉണ്ടായത്. കട്ടമരങ്ങൾ, വള്ളങ്ങൾ, മത്സ്യബന്ധനവലകൾ, ചീനവലകൾ, കുറ്റിവലകൾ, ഉണക്കമത്സ്യം, മത്സ്യബന്ധന ബോട്ടുകൾ, ഫാമുകൾ അടക്കം നഷ്ടം വന്നു. ഇതെല്ലാം നഷ്ടപ്പെട്ട ഒരു സമൂഹം മുഴുവൻ ഇന്നും അവർ നോക്കെത്താത്ത ദൂരത്തിൽ കണ്ണുംനട്ട് ഇരിക്കുകയാണ്. പലരും സഹായിക്കാൻ മുന്നോട്ടു വന്നിട്ടുണ്ട്. മാതാ അമൃതാനന്ദമയീ മഠം നൂറ് കോടി രൂപ ചെലവാക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. ക്രിസ്ത്യൻ സഭകളുടെയെല്ലാം പ്രസ്ഥാനമായ കാരിത്താസ് മുപ്പത് കോടി രൂപ ചെലവാക്കാമെന്ന് പറയുന്നു. പല എൻ.ആർ. ഐ.-കളും മുന്നോട്ടു വന്നിട്ടുണ്ട്. 1300 വീടുകൾ മാതാ അമൃതാനന്ദമയീമഠത്തിന് നമ്മൾ നിശ്ചയിച്ച് നൽകിയിട്ടുണ്ട്. എനിക്ക് പറയാനുള്ളത് ഈ മേഖലയിൽ വീട് വച്ച് നൽകുന്നതിന് മുന്നോട്ടുവന്നിട്ടുള്ളവരെല്ലാം അവർക്ക് വീട് വച്ചുനൽകാൻ കഴിഞ്ഞില്ലെങ്കിൽ മറ്റ് കാര്യങ്ങൾക്ക് ആ തുക സമാഹരിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കണമെന്നാണ്. നമ്മുടെ ദുഃഖത്തിൽ പങ്കുചേരാനെത്തിയ പ്രിയങ്കരനായ പ്രധാനമന്ത്രി ഇവിടെ പറഞ്ഞതെന്താണ്? അദ്ദേഹം നമുക്ക് അപ്പോൾ തന്നെ നൂറ് കോടി രൂപയുടെ ആനുകൂല്യം പ്രഖ്യാപിച്ചു. വീണ്ടും അതു സംബന്ധിച്ചുള്ള പാക്കേജിനുവേണ്ടി നമ്മൾ ഒരു റിപ്പോർട്ട് തയ്യാറാക്കി കൊടുത്തു. ആ റിപ്പോർട്ട് പരിശോധിച്ച് നമുക്കുവേണ്ട അനുകൂലമായ നടപടികൾ സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുപോലെ നമ്മുടെ ബഹുമാന്യനായ പ്രസിഡന്റ് ശ്രീ. എ. പി. ജെ. അബ്ദുൾകലാം ഈ മാസം തന്നെ ഇവിടെ എത്തുമെന്ന് പറയുന്നു. നമ്മുടെ തീരദേശത്ത് ധാരാളം പ്രശ്നങ്ങളാണ് ഉള്ളത്. തീരദേശ പരിസ്ഥിതി സംരക്ഷണത്തിന് ആവശ്യമായ ഒരു തീരദേശപരിപാലന പദ്ധതി (Coastal Zone Management Plan) വിശദമായി തയ്യാറാക്കണം. നിർദ്ദിഷ്ട തീരദേശ മാനേജുമെന്റ് പ്ലാനിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ആവശ്യമായ ഭേദഗതികൾ വരുത്താൻ കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം. തീരദേശത്തെ പരിസ്ഥിതിയും സംരക്ഷണവും വികസനവും തമ്മിൽ പൊരുത്തപ്പെട്ടു പോകുന്ന ഒരു നടപടിക്രമമാണ് രൂപപ്പെടുത്തേണ്ടത്. അതിനുവേണ്ടി ജില്ലാതലത്തിൽ ഡിസാസ്റ്റർ മാനേജുമെന്റ് സെല്ലുകൾ രൂപീകരിച്ച് ഇങ്ങനെയുള്ള ദുരന്തത്തെ

LIBRARY ARCHIVES Kerala Legislative Assembly

നേരിടുന്നതിന് എപ്പോഴും സന്നദ്ധമായിരിക്കണം. ഞാൻ നേരത്തെ സൂചിപ്പിച്ചതു പോലെ പ്രകൃതി ദുരന്തം നമുക്ക് പ്രവചിക്കാൻ കഴിയുകയില്ല. നമ്മൾ പ്രകൃതിയുടെ മുന്നിൽ വെറും തൃണതുല്യമാണ്. അതുകൊണ്ട് ജപ്പാൻകാർ ചെയ്തതുപോലെ എപ്പോഴും കരുതിയിരിക്കുകയെന്നുള്ളതാണ് ഏക മാർഗ്ഗം. ജപ്പാൻകാർ ഭൂകമ്പത്തെയും തുറമുഖ കടൽക്ഷോഭത്തെയും ഭീകരമായ അഗ്നിപർവതങ്ങളെയും കരുതിയിരിക്കുന്നു. അവർ അതിന്റെയെല്ലാം നടുവിലാണ് കഴിയുന്നത്. ലോകത്തെ എല്ലാ കണ്ടുപിടിത്തങ്ങളുടേയും മാതാവായി ജപ്പാൻ മാറുന്നതും ഇതിനിടയിൽ തന്നെയാണ്. ജപ്പാനെ നമുക്ക് മാതൃകയാക്കാൻ കഴിയണം. 27-ാം തീയതി രാവിലെ ഏഴു മണിക്ക് മുമ്പ് ദുരിതാശ്വാസ ക്യാമ്പുകളിൽ റിപ്പോർട്ട് ചെയ്യാത്തവർക്ക് ആനുകൂല്യങ്ങൾക്ക് അർഹതയില്ലെന്ന് പറഞ്ഞ് പലരേയും മാറ്റി നിറുത്തുന്നുണ്ട്, അതുപോലെ പല ഉദ്യോഗസ്ഥരും തെറ്റായി പ്രവർത്തിച്ചു. എന്റെ നിയോജകമണ്ഡലത്തിൽ അഞ്ചര കിലോമീറ്റർ കടൽഭാഗമുണ്ട്. കോട്ടപ്പുറം വില്ലേജാഫീസർ പല റേഷൻകടക്കാർക്കും സൗജന്യ റേഷൻ കൊടുത്തിട്ടില്ല. അതിനെക്കുറിച്ച് ചോദിച്ചപ്പോൾ ശ്രീ. ഉമ്മൻചാണ്ടി തരുമെന്ന് നിഷേധാത്മകമായ മറുപടി പറഞ്ഞ വില്ലേജാഫീസർ ആണ് കോട്ടപ്പുറം വില്ലേജാഫീസിലുള്ളത്. അങ്ങനെയുള്ള ഉദ്യോഗസ്ഥരും ഇതിനിടയിലുണ്ട്. അവരെയൊക്കെ നിലയ്ക്കു നിർത്താൻ കഴിയണം. കൊല്ലം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടന്നിട്ടുള്ള ആശ്വാസപ്രവർത്തനങ്ങളെ ഒരിക്കലും കുറച്ചുകാണാൻ കഴിയില്ല. അതുപോലെ തന്നെ ശ്രീ. രാജൻ ബാബു എം.എൽ.എ.-യുടെ പ്രവർത്തനങ്ങളെ നമ്മൾ അഭിനന്ദിച്ചേ മതിയാകൂ. അദ്ദേഹത്തെ ആക്ഷേപിക്കാൻ രാഷ്ട്രീയം കലർത്താൻ ഇവിടെ ചിലർ ശ്രമിച്ചു. ഈ സമയത്താണ് സി.പി.ഐ. (എം.) ജില്ലാ സമ്മേളനം നടക്കുന്നത്. ഇവിടെ പലരും പ്രസംഗിച്ചല്ലോ. എവിടെയെങ്കിലും അവർ ജില്ലാ സമ്മേളനം മാറ്റി വച്ചോ? ഒരൊറ്റ ജില്ലാ സമ്മേളനവും മാറ്റിയിട്ടില്ല. കൊല്ലത്ത് പേരിനൊന്ന് പ്രകടനം ഒഴിവാക്കി. തിരുവനന്തപുരം, എറണാകുളം, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ ആർഭാടമായി ഉൽസവപ്രഹർഷത്തോടുകൂടി, ബാന്റുമേളം പക്കമേളം, കതിനാവെടി എല്ലാമായി ജില്ലാ സമ്മേളനങ്ങൾ ആഘോഷിച്ചു. എന്ത് മനസ്സാക്ഷിയാണ് ഇവർക്കുള്ളത്. ഇവിടെ വന്നു പറയുന്നു സർക്കാരിന്റെ പ്രവർത്തനം മോശമായിപ്പോയി. സർക്കാരിന്റെ കാര്യങ്ങളിൽ വിട്ടുവീഴ്ച വന്നുവെന്ന് സർക്കാരിനെ കുറ്റപ്പെടുത്താൻ അവസരം കിട്ടിയാൽ അത് പ്രകൃതി ദുരന്തമല്ല ഏത് ദുരന്തമായാലും അതിനെ ഹാസ്യത്തിന് വിഷയമാക്കാൻ അപാര കഴിവുള്ള വരാണ് മലയാളികൾ. നാം പോലും ഞെട്ടിത്തരിച്ചുപോയ നമ്മുടെ എല്ലാ ഫലിത വൽക്കരണ വാഹനങ്ങളും സ്തബ്ധമായിപ്പോയ ഈയൊരു അഭിശപ്ത മുഹൂർത്തമെന്ന് പറയുന്ന സുനാമിയുടെ ദുരന്ത വേളയിൽപ്പോലും രാഷ്ട്രീയ പ്രവർത്തനത്തിൽ നിന്ന് ഒരു ദിവസം മാറിനിന്നുകൊണ്ട് സഹകരിക്കുവാൻ വന്നിട്ടില്ല. എൻ.ഡി.എഫ്.-നേയും ആർ.എസ്.എസ്.-നേയും മുമ്പിൽ ഇവർ നാണിക്കേണ്ടേ? ഇവർ പറയുന്നത് തെറ്റായി പ്രചരിപ്പിക്കുന്ന ശക്തികൾപോലും അവിടെ മുഴുവൻ ദിവസവും എല്ലാ കാര്യങ്ങൾക്കും മുന്നിട്ടു നിന്നപ്പോൾ അക്കാര്യത്തിൽ രാഷ്ട്രീയവിഷം കലർത്താനാണ് ഇവർ ശ്രമിച്ചത് എന്നാണ്. എന്റെ കണ്ണിൽക്കണ്ട കാഴ്ചയുണ്ട്. ദുരന്ത ദിനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കരുനാഗപ്പള്ളി താലൂക്കാശുപത്രിയിൽ എത്തുമ്പോൾ രാത്രി എട്ടര മണിക്ക് ഞാൻ അവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അപ്പോൾ മുതൽ പത്രക്കാരോടും മാധ്യമങ്ങളോടും എല്ലാം സംസാരിക്കുന്നത് സർക്കാരിനെതിരായിട്ടാണ്. ഈ ദുരന്തം സർക്കാർ ഉണ്ടാക്കിയതാണോ? കല്ലുവാതുക്കൽ വിഷമദ്യ ദുരന്തം ഉണ്ടായത് സർക്കാരിന്റെ മദ്യനയം മൂലമാണെങ്കിൽ ഈ പ്രകൃതി ദുരന്തം ഉണ്ടാകുന്നത് നമുക്കാർക്കെങ്കിലും നിയന്ത്രിക്കാൻ കഴിയുമോ? അതിൽപോലും രാഷ്ട്രീയം കലർത്തും മാർക്സിസ്റ്റ് പാർട്ടി. ഇതാ എനിക്ക് മറ്റൊരു മോഷനുംകൂടി കിട്ടിയിരിക്കുന്നു. ഇക്കാര്യത്തിൽപോലും ഒരുമിച്ചു നിൽക്കാൻ കഴിയാത്ത ഇതിനെ പാപ്പരത്തമല്ല പപ്പാരപാപ്പരത്തമെന്ന് പറയേണ്ടി വരും. അത്രത്തോളം പാപ്പരത്തമാണ്. ഇങ്ങനെയൊരു ചർച്ച വരുമ്പോൾ unanimous ആയി നമ്മൾ കേന്ദ്രത്തോട് ആവശ്യപ്പെടേണ്ട ചില കാര്യങ്ങളുണ്ട്. തീരദേശ പരിപാലന നിയമം നിലവിലുള്ള നമ്മുടെ സംസ്ഥാനത്ത് ഇക്കാര്യത്തിൽ തീരദേശ ജനങ്ങളെ വിശ്വാസത്തിൽ എടുത്താൽ മാത്രമേ നമുക്ക് പല കാര്യങ്ങളും ചെയ്യാൻ കഴിയുകയുള്ളൂ. അവർ അവിടെനിന്നും മാറിത്താമസിക്കുന്നതിന് ഒരിക്കലും തയ്യാറാകില്ല. പൊന്നുകൊണ്ടു കൊട്ടാരം തീർത്തുകൊടുക്കാമെന്ന് പറഞ്ഞാലും മൽസ്യത്തൊഴിലാളികൾ, കടലിന്റെ മക്കൾ അവിടെ മാത്രമേ കഴിയുകയുള്ളൂ. അവരെയെല്ലാം ബോധവൽക്കരിക്കുകയും മറ്റു പല കാര്യങ്ങളിലേയ്ക്ക് കൊണ്ടുവരികയും ചെയ്താൽ മാത്രമേ ഈ പറയുന്ന തരത്തിൽ പുനരധിവാസവും മറ്റു പുനഃസംഘടനയും പൂർത്തിയാകുകയുള്ളൂ. പുനർനിർമ്മാണം പൂർത്തിയാക്കുന്നതിന് ഒരുമിച്ചു നിൽക്കേണ്ട ഏറ്റവും വലിയ വേദിയായ ഈ സഭയിൽപ്പോലും വേർതിരിവ് സൃഷ്ടിക്കാൻ ഇവർ ശ്രമിക്കുന്നു. അതുകൊണ്ട് കേരളത്തിൽ ഇടക്കിടയ്ക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഭൂചലനവും ഉരുൾപൊട്ടലും കടൽക്ഷോഭവും തുടങ്ങി ദേശീയ പ്രാധാന്യമർഹിക്കുന്ന ഇത്തരം ദുരന്തങ്ങളെ നേരിടുന്നതിന് ശാസ്ത്രജ്ഞന്മാരെ ഉൾപ്പെടുത്തി സമഗ്രമായ ഒരു പഠനം നമ്മുടെ സംസ്ഥാന സർക്കാർ നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്. സുനാമി ദുരന്തത്തിന് ഇരയായവർക്ക് വീടുവച്ചു കൊടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കണം. ശ്രീ. ടി. എസ്. മൂർത്തി ലോകോത്തര സുനാമി വിദഗ്ദ്ധനാണ്. അദ്ദേഹം സേതുസമുദ്ര കനാൽ കേരളത്തിന് വിനാശമാകുമെന്ന് പറഞ്ഞു. ഈ കനാലിൽ സുനാമി കയറിയാൽ ദക്ഷിണകേരളത്തിൽ വൻനാശം വിതയ്ക്കും. സുനാമി ദുന്തം നടന്നിട്ട് ഇന്ന് 38 ദിവസം തികയുകയാണ്. ഇനിയുള്ള ദിവസങ്ങളിലെങ്കിലും ഇത്തരം കാര്യങ്ങളിൽ നമുക്ക് ചെയ്യാവുന്ന എല്ലാ കാര്യങ്ങളിലും പൂർണ്ണമായി സഹകരിക്കാൻ എല്ലാവരും തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ പ്രസംഗം നിർത്തുന്നു.

2.00 p. m.]

ശ്രീ. എ. എൻ. രാജൻ ബാബു: സർ, കേരളത്തിൽ സംഭവിച്ച സുനാമി ദുരന്തത്തിൽ മരിച്ച 172 പേരിൽ 131-ഉം എന്റെ നിയോജകമണ്ഡലമായ ആലപ്പാട്ട് ഉള്ളവരാണ്. കേരളത്തിൽ പരിക്കേറ്റ 1020 പേരും ഈ പഞ്ചായത്തിലും മണ്ഡലത്തിലുമുള്ളവരാണ്. 26-ാം തീയതി 29 ക്യാമ്പുകളിലായി 34942 പേരെ പ്രവേശിപ്പിക്കേണ്ടതായി വന്നു. 31-ാം തീയതി ഇത് 35321 പേരായി ഉയർന്നു. ഇപ്പോൾ 15 ക്യാമ്പുകളിലായി 16525 പേരുണ്ട്. രാക്ഷസീയ ഭാവമാർന്ന കടൽ തിരമാലകൾ കേരളത്തിന്റെ തീരദേശത്തെ ആവാസ വ്യവസ്ഥയെത്തന്നെ തകർത്തെറിഞ്ഞ ദുരന്തം നടന്നിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് 39 ദിവസം തികയുകയാണ്. ഇൻഡോനേഷ്യയിലെ സുമാത്രാ ദ്വീപിന് സമീപം കടൽത്തട്ടിലുണ്ടായ ഭൂകമ്പത്തെത്തുടർന്ന് കേരളത്തിന്റെ തീരദേശത്തുണ്ടായ കടൽ കയറ്റമാണ് നിരവധി മരണത്തിന് കാരണമായിട്ടുള്ളത്. 24000 അടി ആഴത്തിലുള്ള സമുദ്രത്തിലൂടെ ജെറ്റ് വിമാനത്തിന്റെ വേഗതയിലെത്തിയ തിരമാലകൾ എത്രയോ കുടുംബങ്ങളെയാണ് ഇല്ലാതാക്കിയത്. പത്തര മണിക്ക് തീരപ്രദേശത്ത് കടൽ കയറി. അര മണിക്കൂർ കഴിഞ്ഞ് വീണ്ടും കയറി. പിന്നീട് കടൽ ഉള്ളിലേയ്ക്ക് ഒരു കിലോമീറ്ററോളം വലിഞ്ഞു. ചിപ്പി, ഞണ്ട്, ശംഖ് എന്നിവ പ്രത്യക്ഷപ്പെട്ടു. പിന്നീട് കടലിൽ നിന്നും വെള്ളം മലകണക്കെ മുകളിലേയ്ക്ക് കയറുന്ന കടലിന്റെ അലർച്ച എല്ലാം വിട്ടെറിഞ്ഞ് ഓടുന്നവർ, മരക്കൊമ്പിൽ പിടിച്ചു കിടക്കുന്നവർ, തെങ്ങിൽ കയറിപ്പറ്റുന്നവർ, പുരപ്പുറത്തു കയറുന്നവർ, സ്ത്രീകളും കുട്ടികളും ഉൾപ്പെടെ വെള്ളത്തിൽ ഒഴുകിപ്പോകുന്നു. വീട്ടുപകരണങ്ങൾ ഒഴുകിപ്പോകുന്നു. വീടുകൾ തകർന്ന് നിലം പതിക്കുന്നു. മൽസ്യബന്ധനത്തിനുള്ള ഉപകരണങ്ങൾ നഷ്ടപ്പെടുന്നു. ഒരു ആയുസ്സുകൊണ്ട് നേടിയതു മുഴുവനും നഷ്ടപ്പെടുന്നു. കടലമ്മ നൽകിയതു മുഴുവനും കടലമ്മ തിരികെ എടുത്തതുപോലെ ബന്ധുക്കളും ഉറ്റവരും നഷ്ടപ്പെട്ടവർ. തൊഴിൽ നഷ്ടപ്പെട്ടവർ, കൃഷിനാശം സംഭവിച്ചവർ, കന്നുകാലികളെ നഷ്ടപ്പെട്ടവർ, പഠനോപകരണങ്ങൾ നഷ്ടപ്പെട്ട വിദ്യാർത്ഥികൾ ഇതാണ് സ്ഥിതി. ആ നാടിന്റെ അവസ്ഥ. നേരത്തെ ഇവിടെ ചുണ്ടിക്കാണിച്ചതുപോലെ ഈ ദുരന്തം നേരിടുന്നതിന് ഗവൺമെന്റ് വളരെയധികം ശക്തമായി മുന്നോട്ടുവന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ശ്രീ. പ്രതാപൻ സൂചിപ്പിച്ചതുപോലെ ലോകത്തെങ്ങുമില്ലാത്ത വേഗത്തിലാണ് കാര്യങ്ങൾ നടന്നത്. ഈ വിവരം അറിഞ്ഞ ഉടൻതന്നെ ഗവൺമെന്റ് മെഷിണറികൾ ഉണർന്നു പ്രവർത്തിച്ചു. കിട്ടാവുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളിലും പോലീസ് വാനുകളിലും ഡിപ്പാർട്ടുമെന്റ് വാനുകളിലും പ്രൈവറ്റ് ബസ്സുകളിലുമായി നൂറുകണക്കിനാളുകളെ 29 ക്യാമ്പുകളിൽ എത്തിക്കുകയുണ്ടായി. മണിക്കൂറുകൾക്കകം വെള്ളം വൈദ്യുതി, സാനിറ്റേഷൻ സൗകര്യം, ഇവയൊക്കെ നൽകുകയുണ്ടായി. അർദ്ധരാത്രിയോടുകൂടി നിരവധി മൃതശരീരങ്ങൾ കൂന്നുകൂടുകയുണ്ടായി. 10-60 മൃതശരീരങ്ങൾ മോർച്ചറിയിൽ കൊടുക്കാതെ അവിടെ കിടത്തുകയുണ്ടായി. ഐസ് കൊണ്ട് മൂടാൻ ശ്രമിച്ചപ്പോൾ അത് മോർച്ചറിയിൽ സൂക്ഷിക്കണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലെ മോർച്ചറികളിൽ നിന്നും 90 ആംബുലൻസുകൾ വരുത്തി മോർച്ചറിയിലേയ്ക്ക് മാറ്റി. പിറ്റേ ദിവസം 10, 20, 40, 60 എന്നീ ക്രമത്തിൽ മൃതശരീരങ്ങൾ വന്നുകൊണ്ടിരുന്നു. പോസ്റ്റ്മോർട്ടം ഒഴിവാക്കിക്കൊണ്ട് മൃതശരീരങ്ങൾ 88 കുടുംബങ്ങൾക്ക് വിട്ടുകൊടുക്കുകയും 43 മൃതശരീരങ്ങൾ 2 ശ്മശാനങ്ങളിലായി മതാചാരപ്രകാരം കേരളത്തിന്റെ മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ സംസ്കരിക്കുകയും ചെയ്തു. അതിനുശേഷം പകർച്ചവ്യാധികൾ ഉണ്ടാകാതിരിക്കത്തക്കവിധത്തിൽ ക്ലോറിനേഷനും മരുന്നുതളിയും ഉൾപ്പെടെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ 34 ക്യാമ്പുകളിൽ അതിവേഗം നടത്തുകയും ചെയ്തു. റിക്കാർഡുകൾ നഷ്ടപ്പെട്ടവരുണ്ടായിരുന്നു. റേഷൻ കാർഡ്, പ്രമാണങ്ങൾ, പാസ്പോർട്ട് അടക്കമുള്ള രേഖകൾ നഷ്ടപ്പെട്ടവർ ഉണ്ടായിരുന്നു. ക്യാമ്പുകളിൽ നിന്നും അപേക്ഷകൾ മേടിച്ച് അദാലത്തുകൾ നടത്തി അതെല്ലാം തിരിച്ചു കൊടുക്കാനുള്ള ശ്രമം നടന്നു. അങ്ങനെ ഒന്നാം ഘട്ടം തൃപ്തികരമായി പൂർത്തിയാക്കി എന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് വേഗത കുറഞ്ഞിട്ടുണ്ട്. രണ്ടാം ഘട്ടമെന്നത് താത്ക്കാലിക പുനഃരധിവാസമാണ്. ഏതാണ്ട് മുന്നൂറോളം ഷെൽട്ടറുകൾ പണി തീർത്തു വരുന്നു എന്നാണ് പറയുന്നത്. എന്നാൽ ഇന്നേവരെ ഷെൽട്ടറുകൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല എന്നുള്ളത് ഒരു സത്യമാണ്. മാതാ അമൃതാനന്ദ മയീമഠം ആറേഴു ക്യാമ്പുകൾ തുറന്നു. അവിടെ താത്ക്കാലിക ഷെൽട്ടറുകൾ പണിതിട്ടുണ്ട്. അതോടൊപ്പംതന്നെ പെർമനെന്റ് വീടുകൾ ഉടൻതന്നെ ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഏതാണ്ട് 2300 വീടുകൾ മുഴുവനായും 2000 വീടുകൾ ഭാഗികമായും നഷ്ടപ്പെട്ട പഞ്ചായത്തുകൾ ഉൾക്കൊള്ളുന്നതാണ് എന്റെ മണ്ഡലം. അവിടെ സ്ഥിരതാമസം സൃഷ്ടിക്കാൻ വേണ്ട നടപടികൾ എത്രയുംവേഗം എടുക്കണം. മാതാ അമൃതാനന്ദമയി ഗവണ്മെന്റിനോട് പറയുന്നതെല്ലാം ചെയ്യാൻ തയ്യാറാണെങ്കിൽ മഠത്തിൽ നിന്നും കിട്ടുന്ന ഓഫറുകൾ അംഗീകരിച്ചുകൊണ്ട് യുക്തമായ തീരുമാനം എത്രയുംവേഗം ഗവണ്മെന്റ് എടുക്കുകയും ഈ നടപടികൾ പൂർത്തീകരിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി അവിടെ വന്ന് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് വള്ളവും വലയും ബോട്ടുകളുമെല്ലാം നഷ്ടപ്പെട്ടവർക്ക് റീപ്ലേസ് ചെയ്യുന്നതിനുള്ള വിതരണോൽഘാടനം ചെയ്തിരിക്കുകയാണ്. എന്നാൽ ഇപ്പോൾ വിതരണം സ്ലോയായിട്ടാണ് നടക്കുന്നത്. അത് തീർച്ചയായും വേഗത്തിലാക്കണം. അതുപോലെ ഭാഗികമായി വീടുകൾ നഷ്ടപ്പെട്ടവർക്ക് അത് റിപ്പയർ ചെയ്യുന്നതിന് മുഴുവൻ തുകയും പണമായിത്തന്നെ നൽകി അവരെ സഹായിക്കണമെന്നാണ് ജനങ്ങൾ ആവശ്യപ്പെടുന്നത്. കൂടാതെ ഫ്ളാറ്റു സിസ്റ്റം ഒഴിവാക്കി പ്ലോട്ടുകൾ ഉള്ളവർക്ക് മുഴുവനും അതാതു പ്ലോട്ടുകളിൽതന്നെ വീടുകൾ വയ്ക്കാൻ സഹായിക്കണമെന്നാണ് ജനാഭിപ്രായം. പെർമനെന്റ് വീടുകൾ പണിയുമ്പോൾ ഇനിയും ഒരു സുനാമി വന്നാൽ അതിനെ അതിജീവിക്കത്തക്ക രീതിയിൽ ശാസ്ത്രീയമായ സ്ട്രക്ചറിൽ പണിയേണ്ടതായിട്ടുണ്ട്. അതുപോലെ വൈദ്യുതിക്ക് സ്ഥിരമായ സംവിധാനം ഉണ്ടാകണം. സുനാമി ദുരന്തം നേരിടുന്നതിന് പുലിമുട്ടുകൾ, സീ വാളുകൾ എന്നിവ ഉണ്ടാകണമെന്നാണ് എനിക്ക് ശക്തമായി ആവശ്യപ്പെടാനുള്ളത്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി കഴിഞ്ഞ ഓൾ പാർട്ടി മീറ്റിംഗിൽ പറഞ്ഞതുപോലെ ഇപ്പോൾ അവർക്ക് ആവശ്യം സുരക്ഷിതത്വ ബോധമണ്. ആ സുരക്ഷിതബോധം ഉണ്ടാകണമെങ്കിൽ പുലിമുട്ടോടുകൂടിയുള്ള കടൽഭിത്തികൾ കെട്ടേണ്ടതായിട്ടുണ്ട്. ഏതാണ്ട് 11 കോടി രൂപയുടെ കടൽഭിത്തി നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ഗവൺമെന്റിലേക്ക് സമർപ്പിച്ചിട്ടുണ്ട്. എത്രയും വേഗം ആ പ്രൊപ്പോസൽ അംഗീകരിച്ചുകൊണ്ട് കടൽഭിത്തി നിർമ്മാണം പൂർത്തീകരിക്കണം. അതോടൊപ്പം തന്നെ പാലം ഇല്ലാത്തതിന്റെ ഫലമായി കൂടുതൽ പേർ മരിക്കേണ്ടി വന്നിട്ടുണ്ട്. അത് ഒഴിവാക്കാനായി യുദ്ധകാലാടിസ്ഥാനത്തിൽ കഴിഞ്ഞ ഒരാഴ്ചയ്ക്ക് മുമ്പ് തന്നെ 16 കോടി രൂപ എസ്റ്റിമേറ്റുള്ള അഴീക്കൽ ആയിരം തെങ്ങ് പാലത്തിന്റെ ടെൻഡർ വിളിച്ചിട്ടുണ്ട്. അതിന്റെ പണിയും ഉടൻ പൂർത്തിയാക്കണം. വീടുകൾ നഷ്ടപ്പെട്ട മുഴുവൻ പേർക്കും വീടുകൾ നൽകണം. ഭാഗികമായി ഡാമേജ് വന്നവർക്ക് ഇളവുകൾ കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വീടുകൾ കിട്ടിയാലും, അരി കിട്ടിയാലും, അവിടെപ്പോയി താമസിക്കാൻ ബുദ്ധിമുട്ടുണ്ട്. ശുദ്ധജലം വൈദ്യുതി എന്നിവ കിട്ടാനുള്ള ബുദ്ധിമുട്ട്, അതുകൊണ്ട് വീട് വച്ചുകൊടുക്കുന്നതിനോടൊപ്പം ശുദ്ധജലവും വൈദ്യുതിയും കിട്ടുന്നതിനുള്ള സംവിധാനം കൂടി ഉണ്ടാക്കേണ്ടതാണ്. ബോട്ടുകളും വള്ളങ്ങളും എഞ്ചിനുകളും തകരാറിലായിട്ടുണ്ട്. റിപ്പയർ ചെയ്യാവുന്ന എഞ്ചിനുകൾ ഗവൺമെന്റ് ചെലവിൽ തന്നെ മത്സ്യഫെഡ് വഴി റിപ്പയർ ചെയ്തുകൊടുക്കണം. നഷ്ടപ്പെട്ടവർക്ക് വള്ളവും വലയും എഞ്ചിനുകളും പുതിയത് വാങ്ങി നൽകണം. അതുപോലെതന്നെ തീരദേശത്തുള്ളവരുടെ ബുദ്ധിമുട്ടുകളൊക്കെ അങ്ങെയ്ക്കറിയാം. അതുകൊണ്ട് അവരുടെ വായ്പകൾ എഴുതി തള്ളാനുള്ള നടപടികളെടുക്കേണ്ടതായിട്ടുണ്ട്. സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. അതോടൊപ്പം തന്നെ പരിക്കേറ്റവർക്ക് 5,000 രൂപയും ക്യാമ്പിൽ വന്നവർക്ക് ആയിരം രൂപയും നൽകാമെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ ചില മണ്ഡലങ്ങളിൽ പ്രത്യേകിച്ച് കൃഷിവകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ തഹസീൽദാർ ഒപ്പിട്ട ലിസ്റ്റ് കൃഷിവകുപ്പുമന്ത്രിയെ കൊണ്ട് ഒപ്പിടിയിച്ച് കൊടുത്തതിന് ശേഷവും ഈ മണ്ഡലത്തിൽ ആയിരം രൂപ ലഭിക്കാൻ അർഹതയുള്ളവർക്ക് കൊടുത്തിട്ടില്ല. അതിലും എത്രയും വേഗം നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. ഇതുകൂടാതെ തന്നെ ഇവർക്ക് ഏറ്റവും കൂടുതൽ ആവശ്യമെന്ന് പറയുന്നത് സുരക്ഷിതത്വബോധമാണ്. ആലപ്പാട് പഞ്ചായത്തിൽ കടലിനോട് ചേർന്ന് പടിഞ്ഞാറ് ഭാഗത്ത് താമസിക്കാൻ തയ്യാറല്ലാത്തവരെ ടി.എസ്. കനാലിന് കിഴക്ക് വശത്ത് ഗവൺമെന്റ് തന്നെ ഭൂമി പൊന്നുംവിലയ്ക്കെടുത്ത് പുനരധിവസിപ്പിക്കണമെന്നും 2005 മെയ് 15-ന് മുമ്പ് തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി കൊടുത്ത ഉറപ്പിന്റെ അടിസ്ഥാനത്തിൽ പരിപൂർണ്ണ പുനരധിവാസം പൂർത്തീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഒരു ലെയ്സൺ ഓഫീസിന്റെ പ്രവർത്തനം ഇല്ലാത്തത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. Disaster Management-ന്റെ കീഴിലുള്ള ഒരു ലെയ്സൺ ഓഫീസ് എല്ലാ ഡിപ്പാർട്ടുമെന്റുകളിലേയും ഉദ്യോഗസ്ഥരെ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രവർത്തനം തുടങ്ങണം. ആലപ്പാട് താമസിക്കുന്ന ദുരിതബാധിതർക്ക് യാത്ര ചെയ്യാനുള്ള ബുദ്ധിമുട്ടുണ്ട്. എല്ലാ വിഭാഗക്കാരെയും ഉൾപ്പെടുത്തികൊണ്ട് ജനകീയ കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികളെടുക്കണം. അമൃതാനന്ദമയി മഠം മുന്നോട്ടുവച്ചിട്ടുള്ള ഓഫറിനുമേൽ യുക്തമായ രീതിയിൽ തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഡി. സുഗതൻ:</u> സർ, ഡിസംബർ 26-ാം തീയതി നടന്ന സംഭവത്തിൽ ഞാനൊരു ദൃക്സാക്ഷിയാണ്. എന്റെ മണ്ഡലത്തിലെ തോട്ടപ്പള്ളി സ്പിൽവേയുടെ മുൻവശത്ത് ഞങ്ങൾ കുറേ ആളുകൾ നിൽക്കുമ്പോഴാണ് ഈ സംഭവമുണ്ടായത്. പക്ഷേ ഭാഗ്യവശാൽ അവിടെ വന്ന തിരമാലകൾക്ക് പത്തടി ഉയരമേ ഉണ്ടായിരുന്നുള്ളൂ. അത് നേരെ കടന്നുവന്ന് സ്പിൽവേ തകർത്തുകൊണ്ടാണ് തിരികെ പോയത്. മൂന്ന് ഷട്ടറുകൾ തകരുന്നതും ഉപ്പ് വെള്ളം നേരെ കുട്ടനാട്ടിലേക്ക് പ്രവഹിക്കുകയും ചെയ്യുന്ന കാഴ്ച നേരിട്ട് ഞാൻ കണ്ടതാണ്. ആ പ്രദേശത്തെ തിരമാലകൾക്ക് ഉയരം കുറവായിരുന്നു. അതുകൊണ്ട് മരണമുണ്ടായില്ല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്ന് വേണമെങ്കിൽ പറയാം. പക്ഷേ ഇതേ സമയത്ത് തന്നെയാണ് ആറാട്ടു പുഴയിലും ആലപ്പാട്ടുമൊക്കെ വൻതിരമാലകൾ വന്ന് കൂടുതൽ മരണത്തിനിട യാക്കിയത്. ഇതൊന്നുമറിയാത്ത ഫിഷറീസ് വകുപ്പുമന്ത്രിയെ ഞാൻ കണ്ട കാഴ്ച വിളിച്ച് പറയുകയുണ്ടായി. എന്റെ ധാരണ ഇവിടെ മാത്രമാണ് ഇത് ഉണ്ടായത് എന്നാണ്. അദ്ദേഹം പറഞ്ഞു, അതല്ല വ്യാപകമായി കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടെന്ന്. കൂടുതൽ മരണമുണ്ടായ സ്ഥലങ്ങളായ ആലപ്പാട്ട് പഞ്ചായത്തിലെയും ആറാട്ടു പുഴയിലെയും പ്രവർത്തനങ്ങളെക്കുറിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി കൂടുതൽ പ്രാധാന്യം നൽകി ഇവിടെ അവതരിപ്പിച്ചത്. അന്നുതന്നെ ശ്രീമതി ഗൗരിയമ്മയുടെ മണ്ഡലമായ അരൂരിലെ അന്ധകാരനഴിയിൽ മൂന്ന് സ്ത്രീകൾ ഈ തിരമാലയിൽ ഒഴുകിപ്പോവുകയുണ്ടായി. പിന്നീട് ആശുപത്രിയിൽ വച്ച് രണ്ട് പേർ മരണമടഞ്ഞു. ആലപ്പുഴ ജില്ലയുടെ തീരപ്രദേശങ്ങൾക്കാകെ ഈ തിരമാലകളുടെ ആക്രമണം കൊണ്ട് വൻനാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ആറാട്ടുപുഴയിൽ മരിച്ച ഒമ്പതുപേർ അമ്പലപ്പുഴ സ്വദേശികളായിരുന്നു. അമ്പലപ്പുഴ നിന്ന് വിവാഹം കഴിച്ചുകൊണ്ടു പോയ ചെറുപ്പക്കാരായ പെൺകുട്ടികൾ. അവരുടെ മക്കളും മുഴുവൻ മരിച്ചുപോയി. അങ്ങനെ കുടുംബം പൂർണ്ണമായിട്ടും നശിച്ചുപോയി. അവരുടെയെല്ലാം ശവശരീ രങ്ങൾ അമ്പലപ്പുഴയിൽ ഞങ്ങൾ കൊണ്ടുവന്നാണ് സംസ്ക്കരിച്ചത്. അവിടെ പുതിയ പ്രശ്നങ്ങളുമുണ്ടായിട്ടുണ്ട്. അതുകൂടി ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഭാര്യയും രണ്ട് കുഞ്ഞുങ്ങളും മരിക്കുന്നു. ചെറുപ്പ ക്കാരനായ ഭർത്താവ് മാത്രം ബാക്കിവരികയാണ്. ആനുകൂല്യങ്ങൾ മുഴുവൻ ചെറുപ്പക്കാരനായ ഭർത്താവ് മാത്രം വാങ്ങിക്കൊണ്ടുപോകുന്ന സ്ഥിതി ഉണ്ടാകുന്നുണ്ട്. ഒരു ജുഡീഷ്യൽ മൈൻഡ് ഇക്കാര്യത്തിൽ അപ്ലൈ ചെയ്ത് വേണം ആനുകൂല്യങ്ങൾ കൊടുക്കേണ്ടത് എന്നൊരു അഭിപ്രായമുണ്ട്. പ്രായമായ അച്ഛനും അമ്മയും മരിച്ചുപോയാൽ ആനുകൂല്യം കിട്ടണമെന്ന് ആഗ്രഹിക്കുന്ന മക്കളുമുണ്ട്. ആലപ്പുഴ ജില്ലയെ സംബന്ധിച്ചിടത്തോളം തീരദേശത്തുള്ള എല്ലാ ഗ്രാമങ്ങളിലും വൻ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. അതിന്റെ കണക്കുകളൊക്കെ ഫിഷറീസ് വകുപ്പിന്റെ പക്കലുണ്ട്. ഫസ്റ്റ് ഫെയ്സിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആർക്കും ഒരു ആക്ഷേപവുമില്ല. പക്ഷേ സെക്കന്റ് ഫെയ്സിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ നിർദ്ദേശിക്കാനുണ്ട്. തീരപ്രദേശത്തെ ജനങ്ങളെന്ന് പറഞ്ഞാൽ ഏതാണ്ട് മുഴുവനും മത്സ്യത്തൊഴിലാളികളാണ്. ഇവരെല്ലാവരും മത്സ്യത്തൊഴിലാളി ക്ഷേമനിധിയിലെ അംഗങ്ങളുമാണ്. കാർഡും തെളിവുകളുമൊക്കെ ഉള്ളവരാണ്. ഇവരുടെ വീടുകൾക്കൊക്കെ ഒരുപാട് നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. അതിന് അപേക്ഷകളും കൊടുത്തിട്ടുണ്ട്. അവർക്ക് റിപ്പയറിംഗിനും മെയിന്റനൻസിനുമുള്ള പണം കൊടുക്കാൻ ഫിഷറീസ് വകുപ്പ് തയ്യാറാകുന്നില്ല. പണമില്ലാത്തതുകൊണ്ട് നറുക്കിടേണ്ടി വരുന്നു. രണ്ടായിരം അപേക്ഷകൾ നറുക്കിട്ട് 10 ആളുകൾക്ക് കൊടുക്കേണ്ടി വരുന്നു. പണമില്ലാത്ത അവസ്ഥയുമുണ്ട്. ഭാവിയിൽ തീരപ്രദേശത്ത് ഇങ്ങനെ ഉണ്ടാകാതിരിക്കണമെങ്കിൽ സീ വാൾ ആവശ്യമാണ്. എന്റെ നിയോജക മണ്ഡലത്തിലെ നീർക്കുന്നം പ്രദേശത്ത് 1800 മീറ്ററോളം ഇപ്പോൾ ഗ്യാപ്പുണ്ട്. കല്ല് കെട്ടിയിട്ടില്ല. പതിവായിട്ട് കടലാക്രമണം ഉണ്ടാകുന്ന സ്ഥലങ്ങളാണ്. കളക്ടർ കോൺഫറൻസ് വിളിച്ചുകൂട്ടി പണമില്ല, അത് ഇറിഗേഷൻ വകുപ്പാണ് ചെയ്യേണ്ടത് എന്ന് പറഞ്ഞു. കടലാക്രമണം ഞങ്ങൾ നേരിട്ട് കണ്ട് നിന്നതാണ്. തോട്ടപ്പള്ളി

പ്രദേശത്ത് മെയിന്റനൻസ് വർക്ക് നടത്താൻ കഴിഞ്ഞിട്ടില്ല. ജലവിതരണം തകരാറിലായിട്ടുണ്ട്, പൈപ്പുകൾ നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ഇതൊക്കെ ഓരോ വകുപ്പ് ചെയ്യേണ്ട കാര്യങ്ങളാണ്. ഡിസാസ്റ്റർ മാനേജ്മെന്റ് എന്നൊരു വകുപ്പ് രൂപീകരിക്കുന്നുണ്ട്. അതിന്റെ കോ-ഓർഡിനേഷൻ എങ്ങനെയാണെന്ന് മനസ്സിലായിട്ടില്ല. ജലവിഭവ വകുപ്പ് ഫിഷറീസ് വകുപ്പ് എന്നിവയുടെ കോ-ഓർഡിനേഷൻ ഉണ്ടെങ്കിൽ മാത്രമെ ഫലപ്രദമായി കാര്യങ്ങൾ ചെയ്യാൻ കഴിയൂ. അതുകൊണ്ട് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ ചുമതല മുഖ്യമന്ത്രിയുടെ നിയന്ത്രണത്തിലായിരിക്കണം എന്നൊരു അഭിപ്രായമുണ്ട്. ഇല്ലെങ്കിൽ ഒരു കാര്യവും നടക്കാൻ പോകുന്നില്ല. സുനാമി ബാധിതപ്രദേശമായിട്ട് 219 വില്ലേജുകളെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിൽ നാശനഷ്ടങ്ങൾ കൂടുതലും സംഭവിച്ചത് തീരദേശത്ത് മാത്രമാണ്. ഈ 219 വില്ലേജുകൾ ഏതൊക്കെയാണെന്ന് പരിശോധിക്കണം. 9 ജില്ലകളും പറയുന്നുണ്ട്. ഇതിന്റെ പേരിൽ ആനുകൂല്യങ്ങൾ മറ്റ് സ്ഥലങ്ങളിലേയ്ക്കോ ഹൈറെയ്ഞ്ചിലേയ്ക്കോ അല്ലെങ്കിൽ കടൽ ഇല്ലാത്ത സ്ഥലത്തോ പോയിട്ട് കാര്യമില്ല. യഥാർത്ഥത്തിൽ നഷ്ടമുണ്ടായ ജനങ്ങൾക്ക്, തീരദേശവാസികൾക്ക് ഇത് ലഭ്യമാക്കണം. അതിന്റെ രണ്ടാമത്തെ ഫെയ്സിനുള്ള നടപടികൾ ആ മേഖലയെ കേന്ദ്രീകരിച്ചുകൊണ്ട് വേണമെന്നുള്ള അഭിപ്രായമാണ് എനിക്ക് രേഖപ്പെടുത്താനുള്ളത്. ഇവിടെ സൗജന്യ റേഷൻ കൊടുക്കുന്നുണ്ട്. തീരപ്രദേശത്തെ എം.എൽ.എ. ആയതുകൊണ്ട് പറയുകയാണ്, മത്സ്യത്തൊഴിലാളികൾ തികച്ചും പട്ടിണിയിലാണ്. ഇപ്പോൾ ഫ്രീ റേഷൻ കൊണ്ട് മാത്രമാണ് തീരപ്രദേശത്തെ ആളുകൾ ജീവിക്കുന്നത്. ആളുകൾ മത്സ്യം വാങ്ങിക്കുന്നില്ല. മത്സ്യത്തിന്റെ വയറ്റിൽ വിരലുണ്ടായിരുന്നു. മോതിരമുണ്ടായിരുന്നു എന്നൊക്കെയുള്ള പ്രചരണം നടത്തിയതുകൊണ്ട് മത്സ്യം ആരു വാങ്ങിക്കുന്നില്ല. ഞങ്ങളെപ്പോലുള്ള ആളുകൾ അവിടെ മത്സ്യ സദ്യ നടത്തി നോക്കി. പരസ്യമായി പാകം ചെയ്ത് കഴിച്ച് ആളുകൾക്ക് കാണിച്ചു കൊടുക്കുന്നുണ്ട്. എന്നിരുന്നാൽപ്പോലും കടൽ മത്സ്യം തീരെ ചെലവില്ല. അതുകൊണ്ട് മത്സ്യത്തൊഴിലാളികൾ ആകെ പട്ടിണിയിലാണ്. ഇപ്പോൾ സൗജന്യ റേഷൻ കൊണ്ടുമാത്രം പിടിച്ചു നിൽക്കുകയാണ്. അതുകൊണ്ട് സൗജന്യ റേഷൻ ഇനിയും ഒരു മാസത്തേയ്ക്ക് കൂടി നീട്ടേണ്ടതായിട്ടുണ്ട്. ഒരു ദിവസം ജോലി ഇല്ലെങ്കിൽ പിറ്റേ ദിവസം മത്സ്യത്തൊഴിലാളികൾ പട്ടിണിയിലാകും. അതുകൊണ്ട് തീർച്ചയായിട്ടും സൗജന്യ റേഷൻ അടുത്ത ഒരു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് കൊടുക്കണം. വീട് മെയിന്റനൻസിനുള്ള ആനുകൂല്യങ്ങൾ ഒന്നുകിൽ ഫിഷറീസ് വകുപ്പ് നൽകണം. അല്ലെങ്കിൽ ഈ ഫണ്ട് ഫിഷറീസ് വകുപ്പിന് കൈമാറിക്കൊണ്ട്, ജനപ്രതിനിധികൾ ഉൾപ്പെട്ട കമ്മിറ്റിക്ക് ഈ പണം കൊടുക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണം. എന്റെ ജില്ലയിലാണെങ്കിൽ തീരപ്രദേശത്ത് മെയിന്റനൻസിനായി 2000 അപേക്ഷകൾ ഉണ്ട്. ഞങ്ങൾ യോഗം കൂടിയാൽ 200 പേർക്ക് പോലും കൊടുക്കാൻ ഫണ്ടില്ല. അതിന് ആവശ്യമായ പണം കൊടുക്കണം. അതുപോലെ കടൽഭിത്തി കെട്ടാൻ ഇറിഗേഷൻ വകുപ്പിനും പണം ഉണ്ടാകണം. കൽക്കെട്ട് കെട്ടിയില്ലെങ്കിൽ കാലവർഷക്കെടുതിയിൽപോലും നാശനഷ്ടങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് ആ കാര്യങ്ങളെക്കുറിച്ച് പ്രത്യേക പരിഗണനയുണ്ടാകണം ഡിസാസ്റ്റർ മാനേജുമെന്റ് വകുപ്പ് കൈകാര്യം ചെയ്യുമ്പോൾ യഥാർത്ഥത്തിൽ അർഹരായ ആളുകൾക്ക്മാത്രം കിട്ടാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അവസരം ഉണ്ടാകണം. ആറാട്ടുപുഴയിലെയും ആലപ്പാട്ടിന്റെയും ടെമ്പററി ഷെഡിന്റെ കാര്യം ഇവിടെ പറഞ്ഞു. അവിടെ ആധുനിക പട്ടണം സൃഷ്ടിക്കുന്നത് നല്ല കാര്യമാണ്. പൂർണ്ണമായി വീട് നശിച്ച ആളുകൾക്ക് അത് കൊടുക്കണം. ഇനി ഒരു ആക്രമണം ഉണ്ടായാൽ നേരിടാൻതക്ക രീതിയിലുള്ള വീടുകൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. പക്ഷേ അതോടൊപ്പം തന്നെ മരണം ഉണ്ടാകുന്നില്ല എന്നുള്ളതുകൊണ്ട് മറ്റ് മേഖലകളെ അവഗണിക്കപ്പെട്ടു പോകാൻ സാധ്യമല്ല. നൂറുകണക്കിന് വള്ളവും വലയും വീടുകളും നഷ്ടപ്പെട്ട പ്രദേശങ്ങളുണ്ട്. കുട്ടനാടാണെങ്കിൽ തോട്ടപ്പള്ളി സ്പിൽവേ തകർന്നു ഉപ്പുവെള്ളം കയറി പൂർണ്ണമായിട്ട് താഴ്ന്ന പ്രദേശങ്ങളിലെ ഈ വർഷത്തെ കൃഷി നശിച്ചിരിക്കുകയാണ്. ആലപ്പുഴ ജില്ലയെ സുനാമി ബാധിത ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്തിനാണ് കുട്ടനാടെന്നു ചോദിക്കും. നെല്ല് നശിച്ചിട്ടുണ്ട്. നിങ്ങൾക്കറിയാം. കൈനകരി, നെടുമുടി, തകഴി, പുറക്കാട് തുടങ്ങിയ വില്ലേജുകളിലെ നിരവധി പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറി ഈ പ്രാവശ്യത്തെ കൃഷി നഷ്ടപ്പെട്ടിരിക്കുകയാണ്. കൃഷിവകുപ്പിന് അത് കൊടുക്കാൻ പ്രൊവിഷനില്ല. ഇത് പ്രകൃതി ദുരന്തത്തിൽ പെടുത്തിക്കൊണ്ടുതന്നെ ആ മേഖലകളിലെ കൃഷിക്ക് നഷ്ടം വന്നിട്ടുള്ള കർഷകരെ സഹായിക്കാനുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. ഉപ്പുവെള്ളം കയറിയെന്നത് എല്ലാവർക്കും അറിയാവുന്നതാണ്. ജനപ്രതിനിധി എന്നുള്ള നിലയിൽ ഞാൻ ദൃക്സാക്ഷിയുമാണ്. സ്പിൽവേ തകർന്നു. വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും എന്നു പറഞ്ഞതുപോലെ അന്ന് തകർന്ന സ്പിൽവേയുടെ ഷട്ടറുകൾ 48 മണിക്കൂറിനകം റീപ്ലേസ് ചെയ്യാൻ നമുക്ക് കഴിഞ്ഞു. അത് കാണാൻ എനിക്ക് ഇടയായി. മൂവി ക്രെയിൻ കൊണ്ടുവന്നു ഷട്ടറുകൾ ഓരോന്നും അര മണിക്കൂറുള്ള ഗ്യാപ്പിൽ വളരെ സമർത്ഥമായ രീതിയിൽ മാറ്റാനും ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. വേണമെങ്കിൽ അത് ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്. അതുകൊണ്ട് രണ്ടാം ഫെയ്സിലുള്ള പ്രവർത്തനങ്ങൾ കുറെക്കൂടി കാര്യക്ഷമമായിട്ട് നടക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇപ്പോൾ മരിച്ചവർക്ക് ഒരു ലക്ഷം രൂപ സംസ്ഥാന ഗവൺമെന്റ് കൊടുക്കുമെന്നു പറഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാർ ഒരു ലക്ഷം രൂപ കൊടുക്കുന്നുണ്ട്. കുട്ടികൾക്കാണെങ്കിൽ 50,000 രൂപ എന്നുള്ളതുണ്ട്. അത് ഹെയർഷിപ്പിന്റെ കാര്യത്തിൽ ഞാൻ നേരത്തെ പറഞ്ഞതുപോലെ ഒരു പരിശോധന ഇക്കാര്യത്തിൽ ആവശ്യമുണ്ട്. അത് പരിശോധിച്ച് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഫണ്ടിന്റെ കോ-ഓർഡിനേഷനെക്കുറിച്ചും പണപ്പിരിവിനെക്കുറിച്ചും ചില കാര്യങ്ങൾ പറയുകയുണ്ടായി. എല്ലാ ആളുകളും പണം പിരിക്കുന്നുണ്ട്. അത് ഗവൺമെന്റിന് കൊടുക്കുന്നുണ്ടോ, അല്ലെങ്കിൽ ആര് എങ്ങനെ എന്തു ചെയ്യുന്നു എന്നുള്ളതിന് ഒരു ധാരണയുമില്ല. നേരിട്ട് കുറെ അധികം സഹായം എത്തിച്ചുകൊടുക്കുന്നുണ്ട്. എ.ഐ.സി.സി.-യിൽ നിന്നുതന്നെ 1000 ചാക്ക് അരിയാണ് കൊല്ലം ഡി.സി.സി. വഴി അന്നത്തെ ദിവസങ്ങളിൽ എത്തിച്ചിട്ടുള്ളത്. റെഡ്ക്രോസിന്റെ ഒരുപാട് സഹായങ്ങൾ വരുന്നുണ്ട്. പക്ഷേ പല സംഘടനകളും പണം പിരിക്കുന്നുണ്ട്. ഇതൊക്കെ എങ്ങനെ ചെലവഴിക്കുന്നു. എന്നുള്ളതിന് ഒരു പരിശോധന ആവശ്യമുണ്ട്. ഞാൻ ഇത് പറയാൻ കാരണമുണ്ട്. ആലപ്പുഴയിലെ സി.പി.ഐ. (എം.)-ന്റെ ജില്ലാ കമ്മിറ്റി 27 ലക്ഷം രൂപ പിരിച്ച് ഗവൺമെന്റ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഇട്ടിരിക്കുകയാണ്. അവിടുത്തെ

ജില്ലാ സെക്രട്ടറി പരസ്യമായിട്ട് പത്രസമ്മേളനം നടത്തി പറഞ്ഞു. ഞങ്ങൾ ഈ പണം ഗവൺമെന്റിന് കൊടുക്കുകയില്ല. ഞങ്ങൾ ആലോചിച്ച് വേണ്ടതു ചെയ്യുമെന്ന്. ഇങ്ങനെ ഒരു സംവിധാനത്തിൽ കാര്യങ്ങൾ പോയാൽ ശരിയാകുമോ? 2 കോടിയോളം രൂപ മാർക്സിസ്റ്റ് പാർട്ടിയുടെ കൈയിൽ ഉണ്ട്. അവർ എന്തു ചെയ്യണമെന്നു തീരുമാനിച്ചില്ലെന്നും അറിയുന്നുണ്ട്. ഏതായാലും ആലപ്പുഴയിൽ പത്രസമ്മേളനം നടത്തി അവിടുത്തെ ജില്ലാ സെക്രട്ടറി പരസ്യമായി പറഞ്ഞതു കൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്. സുനാമി ദുരന്തത്തിന്റെ പേരിൽ ദിരുതാശ്വാസത്തിന് എന്ന് പറഞ്ഞു ജനങ്ങളിൽ നിന്ന് പണം പിരിക്കുകയും അത് ബാങ്കിൽ ഇടുകയും ഞങ്ങൾ ഇത് ഗവൺമെന്റിന് കൊടുക്കുകയില്ലെന്നു പരസ്യമായി പറയുകയും ചെയ്യുന്നു. അങ്ങനെയാണെങ്കിൽ പിന്നെ അത് എന്താണ് ചെയ്യാൻ പോകുന്നതെന്ന് അറിയേണ്ട ബാധ്യത നമുക്കുണ്ട്.. ഇതൊക്കെ പൊതുജനങ്ങളിൽ നിന്ന് പിരിക്കുന്ന പണമാണ്. അത് പാർട്ടി ഫണ്ടായി മാറുന്നില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ചുകൂടി ചർച്ച ചെയ്ത് ഒരു സമവായം ഉണ്ടാക്കണമെന്നുള്ളതാണ് എന്റെ അഭിപ്രായം. ഏതായാലും ഇത്തരം ചർച്ചകളിൽ നമ്മൾ എല്ലാം യോജിച്ച ഒരു തീരുമാനത്തിലാണ് എത്തിയത്. ഒരു ഭരണകൂടവും ജനങ്ങളും ഒന്നിച്ച് ഇറങ്ങിയ ഒരു സംഭവമാണ് സുനാമി ദുരന്തം. അതിന്റെ ഒന്നാം ഫെയ്സിൽ നമ്മൾ എല്ലാവരും ഒന്നിച്ച് അണിനിരന്നിട്ടുള്ളതാണ്. ആർക്കും ആക്ഷേപമില്ല. ജനപ്രതിനിധികൾ ആകെയും എല്ലാ പാർട്ടികളിലുംപെട്ട ജനപ്രതിനിധികളും മനുഷ്യസാധ്യമായ എല്ലാ സഹായങ്ങളും എത്തിച്ചിട്ടുണ്ട്. പക്ഷേ രണ്ടാമത്തെ ഫെയ്സിൽ വരുന്ന ചുമതലകൾ എല്ലാം ഏതാണ്ട് ഗവൺമെന്റിന്റെ മാത്രം ചുമതലയായിട്ട് മാറുകയാണ്. കൺസ്ട്രക്ഷൻ വർക്ക് ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങളാണ്. ഇനിയുള്ള എല്ലാ കാര്യങ്ങളും വീട് വച്ചു കൊടുക്കുന്ന കാര്യങ്ങൾ, റോഡുകൾ നന്നാക്കുന്ന കാര്യങ്ങൾ, ജലവിതരണം ഏർപ്പെടുത്തുന്ന കാര്യങ്ങളൊക്കെ ഭരണകൂടത്തിന് മാത്രം ചെയ്യാവുന്ന കാര്യങ്ങളാണ്. അങ്ങനെയുള്ള സമയത്ത് ഇത്തരം ഫണ്ടുകൾ ആര് എങ്ങനെ ഉപയോഗിക്കണമെന്നുള്ള കാര്യത്തിൽ ഒരു ധാരണ ഉണ്ടാകേണ്ടതായിട്ടുണ്ട്. വകുപ്പുകൾ എങ്ങനെ കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് പോകുമെന്നതിനെക്കുറിച്ച് ഒരു ധാരണ ഉണ്ടാകേണ്ടതായിട്ടുണ്ട്. ഉദാഹരണത്തിന് ഒരു കൽക്കെട്ട് വേണമെന്നു പറഞ്ഞാൽ എസ്റ്റിമേറ്റ് തയ്യാറാക്കി അതിന് ആവശ്യമായ പ്രൊപ്പോസൽ ഗവൺമെന്റിൽ അയച്ചുകഴിഞ്ഞിട്ട് ടെൻഡർ ചെയ്ത് ആ വർക്ക് നടത്തിവരുമ്പോൾ ഒരു വർഷം എടുക്കും. പല ഫോർമാലിറ്റീസും ഒഴിവാക്കിക്കൊണ്ടുതന്നെ സീവാൾ നിർമ്മിക്കുന്ന കാര്യത്തിൽ അടിയന്തിര നടപടി ഉണ്ടാകേണ്ടതായിട്ടുണ്ട്. മന്ത്രിസഭ തീരുമാനിച്ച രണ്ട് വർക്കുകൾ വന്നതും രണ്ട് മന്ത്രിമാരുടെ മണ്ഡലത്തിലാണ്. ആലപ്പുഴയിലും അരൂരിലും മാത്രം. ഞാൻ കുറ്റപ്പെടുത്തുകയല്ല. 1800 മീറ്ററോളം കൽക്കെട്ടിനുള്ള ഒരു പ്രൊപ്പോസൽ വളരെ ദീർഘകാലമായി ഞങ്ങൾ അമ്പലപ്പുഴയിൽ ആവശ്യപ്പെടുകയാണ്. അതിവിടെ വന്നിട്ടില്ല. അടിയന്തിര പ്രാധാന്യമുള്ള വർക്കുകൾ ഏറ്റെടുത്ത് എത്രയും വേഗം നടപ്പിലാക്കാൻ തീരുമാനിക്കുമ്പോൾ അത് ആവശ്യമുള്ള എല്ലാ സ്ഥലങ്ങളിലും ഉണ്ടാകണം. എവിടെയെങ്കിലും ചെയ്തു എന്ന് പറഞ്ഞാൽ പോരാ. ഇത്തരം ഫോർമാലിറ്റീസ് കാലതാമസം ഉണ്ടാക്കുമെന്നുള്ളതുകൊണ്ട് അത്തരം നടപടിക്രമങ്ങളിൽ നിന്ന് അതിനെയൊക്കെ ഒഴിവാക്കികൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യങ്ങൾ അടിയന്തിരമായി ചെയ്തു തീർക്കണമെന്നു അഭ്യർത്ഥിക്കുകയാണ്. രണ്ടാമത്തെ ഫെയ്സിൽ ഇഴഞ്ഞു നീങ്ങുന്നു എന്ന ആക്ഷേപം പല അംഗങ്ങളും പറയുകയുണ്ടായി. അതിന് പരിഹാരം ഉണ്ടാകണം. ക്യാമ്പുകളിൽ പരാതികളുണ്ടെന്ന് ഇവിടെ പറഞ്ഞു. പതിനായിരക്കണക്കിന് ആളുകൾ ഒരുമിച്ച് താമസിച്ച് കുറെ ദിവസമാകുമ്പോൾ ഉണ്ടാകുന്ന പരാതികൾ സ്വാഭാവികമാണ്. പക്ഷേ അടിയന്തിരമായി പണികളൊക്കെ പൂർത്തിയാക്കി അവരെയെല്ലാം പുനരധിവസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇത്തരം പരാതികൾ ഒഴിവാക്കിക്കൊണ്ട് മുന്നോട്ട് പോകാൻ നടപടിയുണ്ടാകണം. ഗവൺമെന്റ് ചെയ്ത എല്ലാ കാര്യങ്ങളും മുഴുവൻ ജനങ്ങളും അംഗീകരിച്ചിട്ടുള്ളതാണ്. രണ്ടാമത്തെ ഫെയ്സിലും വളരെ വേഗതയിൽ കാര്യങ്ങൾ നീക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: ഈ വിഷയത്തിന്റെ ഗൗരവം പരിഗണിച്ചുകൊണ്ട് മൂന്ന് മെമ്പർമാർക്കുകൂടി സമയം കൊടുക്കുകയാണ്. ഒരു മിനിട്ട് വീതമേയുള്ളൂ. വളരെ ഫെയറായിട്ട് ചെയ്യണം.

ശ്രീ. എ. എ. അസീസ്: സർ, നേരത്തെ ശ്രീ. എ. എൻ. രാജൻ ബാബുവും ശ്രീ. ടി. എൻ. പ്രതാപനും പറഞ്ഞതുപോലെ ഏറ്റവും കൂടുതൽ ആളുകൾ മരണത്തിനിരയായത് കൊല്ലം ജില്ലയിലാണ്. എന്നാൽ ശ്രീ. എ. എൻ. രാജൻ ബാബു പറഞ്ഞത് കരുനാഗപ്പള്ളി മണ്ഡലത്തിലെ കാര്യം മാത്രമാണ്. ചവറ മണ്ഡലത്തിലും ഒരു ക്യാമ്പുണ്ട്. ഒരാൾ മരിച്ചിട്ടുണ്ട്. ആകെ 16,750 പേരാണ് കൊല്ലം ജില്ലയിൽ വിവിധ ക്യാമ്പുകളിലായി കഴിയുന്നത്. അതിൽ ശക്തികുളങ്ങരയിൽ 35 കുടുംബങ്ങളിൽപ്പെട്ട 225 പേർ കഴിയുന്നുണ്ട്. ശ്രീ. ഷിബു ബേബിജോണിന്റെ മണ്ഡലമാണ് ചവറ. മൊത്തം 3,742 ഭവനങ്ങളിൽപ്പെട്ടവരാണ് ഞാൻ പറഞ്ഞ കണക്കിൽപ്പെടുന്നവർ. കരിനാഗപ്പള്ളിയിൽ മാത്രം മരിച്ചവരുടെ കണക്ക് 131 എന്നു പറഞ്ഞപ്പോൾ ചവറ ശക്തികുളങ്ങരയിൽ ഒരാൾ മരിച്ചു അങ്ങനെ 132 ആണ്. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളിയിലും ചവറയിലും കൂടുതൽ ആളുകൾ മരിച്ചു എന്നത് ശരിയാണ്. അതോടൊപ്പം തന്നെ കൊല്ലം, ഇരവിപുരം തീരദേശങ്ങളിൽ വമ്പിച്ച കെടുതി ഉണ്ടായി. കൊല്ലം മണ്ഡലത്തെ പ്രതിനിധീകരിക്കുന്നത് തൊഴിൽ വകുപ്പ് മന്ത്രിയാണ്. വാടി കടപ്പുറത്ത് ബോട്ടുകളും വള്ളങ്ങളും ഒലിച്ചുപോയി. ഇരവിപുരത്ത് എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട മൂക്കം താന്നി പ്രദേശങ്ങളിൽ വമ്പിച്ച തോതിലുള്ള നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. ഞാൻ ഇപ്പോൾ സമയച്ചുരുക്കം കൊണ്ട് ശ്രീ. ടി. എൻ. പ്രതാപൻ പറഞ്ഞ ക്യാമ്പിലെ ദുരിതങ്ങളെ സംബന്ധിച്ച് ചുണ്ടിക്കാണിക്കുകയാണ്. ആ ദുരിതത്തിന് പരിഹാരം കാണണം. കാരണം ഇപ്പോൾ മരിച്ചവരുടെ കുടുംബങ്ങൾ മാത്രമുള്ള രണ്ട് ക്യാമ്പുകളാണുള്ളത്. ഒന്ന് ഓച്ചിറ മേമന മുസ്ലീം എൽ.പി.എസ്. അവിടെ 13 കുടുംബങ്ങളിലായി 139 അംഗങ്ങളുണ്ട്. ഓച്ചിറ വലിയകുളങ്ങര എൽ.പി.എസ്.-ൽ 65 കുടുംബങ്ങളിലായി 273 അംഗങ്ങളുണ്ട്. അങ്ങനെ മരിച്ചവരുടെ കുടുംബത്തിൽപ്പെട്ടവരെ മാത്രം ഈ രണ്ട് ക്യാമ്പുകളിലാക്കി നേരത്തെ ശ്രീ. പ്രതാപൻ പറഞ്ഞതുപോലെ,

LIBRARY ARCHIVES Kerala Legislative Assembly

അപേക്ഷ കൊടുക്കാത്തവർ കാർഡുകൾ നഷ്ടപ്പെട്ടവർ മറ്റ് ആനുകൂല്യങ്ങൾ ലഭിക്കേണ്ടവർ എന്നിവർക്ക് ഉദ്യോഗസ്ഥൻമാർ ആ ക്യാമ്പുകളിൽ ചെന്നു അപേക്ഷ സ്വീകരിക്കുമെന്നു പറഞ്ഞിരുന്നു. എന്നാൽ നാളിതുവരെ ഒരു ഉദ്യോഗ സ്ഥനും അവിടെ ചെന്നില്ല. ഈ രണ്ട് ക്യാമ്പുകളും പട്ടാളക്കാരുടെ നിയന്ത്രണത്തി ലാണ്. ക്യാമ്പിൽ കഴിയുന്നവർക്ക് ബീഡിവലിക്കാനോ നേരെചൊവ്വേ ശ്വാസം വിടാനോ സാധിക്കുന്നില്ല. ഞാൻ ക്യാമ്പ് സന്ദർശിച്ചതാണ്. ഇതാണ് ഈ രണ്ട് ക്യാമ്പുകളിലെ സ്ഥിതി. ഈ ക്യാമ്പുകളിൽ തന്നെ സ്ത്രീകളും കുട്ടികളും അകത്ത് കഴിയുമ്പോൾ പുരുഷന്മാർ ടാർപ്പാളിൻ കൊണ്ട് താൽക്കാലിക ഷെഡ് കെട്ടി പുറത്ത് കിടക്കുകയാണ്. ഇതിന് പരിഹാരം കാണണം. അതുപോലെ ആയിരം തെങ്ങിൽ മറ്റൊരു ക്യാമ്പ് ഉണ്ട്. മിലിട്ടറിയിൽ നിന്ന് റിട്ടയർ ചെയ്തു വന്നവർ നടത്തുന്ന ക്യാമ്പാണ്. ഡിമാറസ് എന്ന ക്യാമ്പിൽ 99 ഫാമിലിയിൽപ്പെട്ട 432 അംഗങ്ങൾ ഉണ്ട്. അവിടെ ഉത്തരേന്ത്യൻ ആഹാരക്രമമനുസരിച്ചാണ് ഭക്ഷണം കൊടുക്കുന്നത്. ആ ഭക്ഷണം കഴിക്കാൻ ക്യാമ്പിൽ കഴിയുന്നവർക്ക് സാധിക്കുന്നില്ല. അതിന്റെ ഫലമായി പലർക്കും രോഗങ്ങൾ പിടിപെടുന്നു. അവിടം സന്ദർശിച്ച ഞങ്ങളോടും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരോടുമെല്ലാം തന്നെ അവർ പരാതി സമർപ്പിച്ചിട്ടുള്ളതാണ്. മറ്റൊരു ക്യാമ്പായ ശ്രായിക്കാട് അമൃതാനന്ദമയി മഠത്തിൽ 275 ഫാമിലികളിലായി 1200 അംഗങ്ങളുണ്ട്. ആ ക്യാമ്പ് കുഴപ്പമില്ലാത്ത നിലയിലാണ് പോകുന്നത്. അഴീക്കൽ ഫിഷിംഗ് ഹാർബറിൽ 715 ഫാമിലി കളിൽപ്പെട്ട 2865 പേരെയാണ് ടെന്റ് കെട്ടി താമസിപ്പിച്ചിരിക്കുന്നത്. ഒരു ഭാഗത്ത് സ്ത്രീകൾ, മറുഭാഗത്ത് പുരുഷന്മാർ. പണ്ടാരത്തുരുത്ത് പ്രബോധിനി ഗ്രന്ഥശാലയിൽ 73 ഫാമിലികളിൽപ്പെട്ട 344 അംഗങ്ങളുണ്ട്. അവിടെ ബാത്ത്റൂം ഇല്ല. അവിടെ താമസിക്കുന്ന ആളുകൾ പുറത്തുള്ള പുരയിടങ്ങളിൽ പോയാണ് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നത്. അതുപോലെ പണ്ടാരത്തുരുത്ത് മെറ്റേണിറ്റി സെന്ററിൽ 80 ഫാമിലികളിൽപ്പെട്ട 1080 പേരാണ് താമസിക്കുന്നത്. ആലപ്പാട് എൽ. പി. സ്കൂളിൽ 96 ഫാമിലികളിൽപ്പെട്ട 576 അംഗങ്ങളുണ്ട്. അവർ അഞ്ച് ക്ലാസ്സ് മുറി കളിലായാണ് താമസിക്കുന്നത്. കാപ്പിലെ വള്ളിക്കാവ് അമൃതാനന്ദമയി മഠത്തിലെ എഞ്ചിനീയറിംഗ് കോളേജിൽ 702 ഫാമിലികളിൽപ്പെട്ട 2670 അംഗങ്ങളുണ്ട്. വെലനാ തുരുത്ത് കരയോഗം ക്യാമ്പിൽ 320 ഫാമിലികളിൽപ്പെട്ട 1400 പേർ കഴിയുന്നുണ്ട്. മറ്റൊരു ക്യാമ്പിൽ 702 ഫാമിലികളിൽപ്പെട്ട 2670 അംഗങ്ങൾ കഴിയുന്നു. ഇങ്ങനെ ഒരു ക്യാമ്പിൽ രണ്ടായിരവും മൂവായിരവും ആളുകൾ കഴിയുന്നതിന്റെ ദുരിതം ഒന്ന് ആലോചിച്ച് നോക്കണം. ഇവരെ എത്രയുംവേഗം മാറ്റിപ്പാർപ്പിക്കാനുള്ള സൗകര്യ മുണ്ടാക്കിക്കൊടുക്കാമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. എനിക്ക് പലരും പറയാത്ത ഒരു കാര്യമാണ് പറയാനുള്ളത്. ഒരു കുടുംബത്തിൽ തന്നെ രണ്ടും മൂന്നും ആളുകൾ മരണപ്പെട്ടിട്ടുണ്ട്. അച്ഛനും അമ്മയും മരണപ്പെട്ട് അനാഥമായ കുടുംബം, ഭാര്യ മരിച്ച അല്ലെങ്കിൽ ഭർത്താവ് മരിച്ച് വിധവയായ കുടുംബം, അങ്ങനെയുള്ള കുടുംബത്തിലെ ഏതെങ്കിലും ഒരാളിന് സർക്കാർ സർവ്വീസിലോ അല്ലെങ്കിൽ പൊതുമേഖലാ സ്ഥാപനത്തിലോ ജോലി കൊടുത്ത് സംരക്ഷിക്കാനുള്ള തീരുമാന മെടുക്കണം. അത് മാതൃകാപരമായ തീരുമാനമായിരിക്കണം. അതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാനുള്ള സന്മനോഭാവം ഗവണ്മെന്റ് ഭാഗത്തു നിന്നുണ്ടാകണം. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത് കയർത്തൊഴിലാളികളുടെ ഐഡന്റിറ്റി കാർഡ് നഷ്ടപ്പെട്ടുപോയിട്ടുണ്ട്. ക്യാമ്പുകൾ സന്ദർശിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ വഴി നഷ്ടപ്പെട്ട ഐഡന്റിറ്റി കാർഡ് നൽകുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഡോ. കെ. സി. ജോസഫ്: സർ, ഈ തലമുറയിൽപ്പെട്ട ആരും കാണാത്തത്ര ഭീകരമായ ഒരു ദുരന്തമാണ് തീരപ്രദേശത്ത് നമുക്ക് കാണേണ്ടിവന്നത്. തീരപ്രദേശത്തുണ്ടായ അനുഭവങ്ങളെക്കുറിച്ച് അവിടത്തെ മെമ്പർമാർ സംസാരിച്ചു. അതിനോടനുബന്ധമായി ഉൾപ്രദേശങ്ങളിലേയ്ക്കും ദുരന്തത്തിന്റെ പ്രതിഫലനങ്ങളുണ്ടായി എന്നുള്ളത് ബഹുമാന്യനായ ഡി. സുഗതൻ ചൂണ്ടിക്കാണിക്കുകയുണ്ടായി. തോട്ടപ്പള്ളി സ്പിൽവേയിലെ ഷട്ടറുകൾ തകർന്നതുമൂലം ഉണ്ടായ നാശനഷ്ടങ്ങൾ ഇപ്പോൾ മാത്രമായി കാണാവുന്നതല്ല. ചെറുതന, വിയ്യപുരം, തകഴി തുടങ്ങിയ പഞ്ചായത്തുകളിലെ കൃഷിനാശം ഉടൻതന്നെ നേരിട്ട് മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ പിന്നീട് കുട്ടനാടൻ ജലാശയത്തിൽ കടന്നുകയറിയിട്ടുള്ള ഉപ്പുവെള്ളം എത്ര മാത്രം കൃഷിനാശം ഉണ്ടാക്കുമെന്നുള്ളത് വിളവെടുപ്പു കാലത്തുമാത്രം കണക്കാക്കാൻ കഴിയുന്ന ഒന്നാണ്. അതുകൊണ്ട് സുനാമി ദുരന്തവുമായി ബന്ധപ്പെട്ട് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുപ്പ് ഇപ്പോൾ മാത്രം അവസാനിപ്പിക്കാവുന്നതല്ല. ഉപ്പുവെള്ളം കൊണ്ട് എത്ര കൃഷി നശിച്ചുവെന്നുള്ളത് വിളവെടുപ്പുകാലത്തുവരുന്ന കുറവുകൂടി കണക്കാക്കിക്കൊണ്ട് മാത്രമെ നിശ്ചയിക്കാൻ കഴിയൂ. അതുകൊണ്ട് യാഥാർത്ഥ്യബോധത്തോടുകൂടി തീരപ്രദേശത്ത് മാത്രമായി കാര്യങ്ങൾ ഒതുക്കി നിർത്താതെ ഈ ദുരന്തത്തിന് വിധേയരായ എല്ലാവരേയും സഹായിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, ദുരന്തത്തിന്റെ ശക്തി ജില്ലകളിൽ വ്യത്യാസമുണ്ട്. ഞാൻ അന്ന് ആലുവായിൽ ആയിരുന്നു. വിവരമറിഞ്ഞ് എന്റെ നിയോജകമണ്ഡലത്തിലെ പഞ്ചായത്തിലെ കടപ്പുറത്ത് എത്തുമ്പോൾ പതിനൊന്ന് മണിയായി. ഞാൻ ബോട്ട് ജെട്ടിയിലായിരുന്നിട്ടും എന്റെ മുട്ടുവരെ വെള്ളം വന്നു. കടൽക്ഷോഭത്തിലുണ്ടായ വ്യത്യാസമല്ലാതെ ഒൻപത് ജില്ലകൾക്ക് സഹായം കൊടുക്കുമ്പോൾ അതിന്റെ പ്രത്യേകതയൊക്കെ പരിഗണിക്കേണ്ടതാണ്. ഫിഷിംഗ് ഹാർബറുകൾക്ക് നഷ്ടം വന്നിട്ടുണ്ട്. ബോട്ടുകൾ കടലിൽ മുങ്ങി നാല് മീറ്റർ അകലെ പൊങ്ങിയപ്പോൾ, വാർഫിൽനിന്നും വിയറിയിൽനിന്നും വെള്ളം ഇറങ്ങിയതുകൊണ്ട് ബോട്ടുകൾ താഴോട്ട് പോയില്ല. ലക്ഷക്കണക്കിനു രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. സമയത്ത് ഇടപെട്ടതുകൊണ്ടും കടൽഭിത്തി ഉള്ളതുകൊണ്ടും ഫിഷിംഗ് ഹാർബറിൽ ബ്രേക്ക് വാട്ടർ ഉള്ളതുകൊണ്ടും വീടുകൾക്ക് വലിയ അപായം ഉണ്ടായില്ല. കടൽക്ഷോഭത്തിന്റെ ശക്തി കുറവായതുകൊണ്ട് ആളുകൾ ഭയവിഹ്വലരായി ഓടി രക്ഷപ്പെട്ടു. കാച്ചിംഗ് പീരിയഡ് എന്നുപറയുന്നത് മാർച്ച്-ഏപ്രിൽ മാസമാണ്. കഴിഞ്ഞ വർഷം മേയ് മാസം 5-ാം തീയതി കടൽക്ഷോഭത്താൽ കടലിലിറങ്ങാൻ കഴിഞ്ഞില്ല. അതുകൊണ്ട് ആ സമയം ഓഫ് സീസണായി പ്രഖ്യാപിക്കേണ്ടിവന്നു. രണ്ടുമാസമേ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ച് ഇനി ഇക്കൊല്ലം സാദ്ധ്യതയുള്ളൂ. അത് മുന്നിൽ കണ്ടുകൊണ്ട് ആവശ്യമായ മൽസ്യബന്ധനോപകരണങ്ങൾ ഈ രണ്ടു മാസത്തിനകം കൊടുത്തില്ലെങ്കിൽ ഈ സീസൺ മുഴുവൻ അവർക്ക് നഷ്ടമാവും. പിന്നെ അടുത്ത സെപ്റ്റംബറിലേ അവർക്ക് മൽസ്യബന്ധനത്തിന്

LIBRARY ARCHIVES Kerala Legislative Assembly

പോകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് മരണം സംഭവിച്ച പ്രദേശത്ത് പ്രത്യേക പരിഗണന കൊടുക്കുന്നതോടൊപ്പം തന്നെ ജീവിച്ചുകൊണ്ട് മരിക്കുന്ന നഷ്ടം വന്നുപോയ മൽസ്യത്തൊഴിലാളികളുടെ കാര്യംകൂടി വേണ്ടത്ര ഗൗരവത്തിലെടുക്കണം. മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിനുശേഷം ജില്ലയിൽ നടന്ന ചർച്ചയിൽ പങ്കെടുത്ത് അവിടുത്തെ ഉദ്യോഗസ്ഥൻമാരുടെ മനോഭാവവും കിട്ടിയ സംഖ്യകളുടെ കണക്കുകളൊക്കെ നോക്കിയപ്പോൾ മുന്ന് നാല് പ്രദേശങ്ങളിൽ മാത്രമായി തകൃതിയായ പ്രവർത്തനം നടക്കുന്നുവെന്നു മനസ്സിലായി. ഒൻപത് ജില്ലകൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും മറ്റ് ജില്ലകളെ ഇനിയും വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല എന്ന ആക്ഷേപം അല്ല, അനുഭവത്തിന്റെ വെളിച്ചത്തിൽ പറയേണ്ടിവന്നതിൽ എനിക്ക് വേദനയുണ്ട്. അതുകൂടി പരിശോധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്ജ്:</u> സർ, ഭീകരമായ സുനാമി ദുരന്തത്തെ സംബന്ധിച്ച് സഭയിൽ അംഗങ്ങൾ പ്രകടിപ്പിച്ച വികാരം മലയാളി സമൂഹത്തിന്റെ വികാരമാണ്. ശരിയായ രീതിയിൽ ആ വികാരം പ്രകടിപ്പിക്കപ്പെട്ടുകഴിഞ്ഞു എന്നുള്ളതുകൊണ്ട് അതിലേക്ക് ഞാൻ കടക്കുന്നില്ല. അതിൽനിന്ന് വ്യത്യസ്തമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടേയും റവന്യൂവകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്താനുള്ള ഒന്നു രണ്ട് കാര്യങ്ങൾ മാത്രമേ പറയുന്നുള്ളൂ. ഒൻപത് പത്ത് മാസത്തിനുമുൻപ് വേൾഡ് ബാങ്ക് സഹായത്തോടുകൂടി 1400 കോടി രൂപയുടെ കേന്ദ്രാവിഷ്കൃത പദ്ധതി ഇൻഡ്യയിലെ ഒൻപത് സംസ്ഥാനങ്ങളിൽ നടപ്പാക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ഈ ദുരന്തത്തെ സംബന്ധിച്ചുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് പോളിസിയുടെ കരട് കേന്ദ്ര ഗവൺമെന്റ് റവന്യൂ ഡിപ്പാർട്ടുമെന്റിലേക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ട് അതിനെപ്പറ്റി അഭിപ്രായം പറയാൻ കേരള സർക്കാരിന് കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞുകാണുമെന്ന് ഞാൻ പറയുകയല്ല; തെറ്റിദ്ധരിക്കരുത്. ഇതുസംബന്ധിച്ചുള്ള പോളിസി കേരള ഗവൺമെന്റ് കൊടുക്കാതിരുന്നതുകൊണ്ട് സുനാമി ദുരന്തത്തിന് മൂന്നാഴ്ച മുമ്പ് കേന്ദ്രസർക്കാരിന്റെ ഹോം ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാർ ഇവിടെ വന്ന് റവന്യൂ സെക്രട്ടറിയെ കാണാൻ ശ്രമിച്ചു. അദ്ദേഹം ആ ഉദ്യോഗസ്ഥൻമാർക്ക് കൊടുത്ത സമയം എത്രയായിരുന്നെന്നോ? വെറും 58 സെക്കന്റായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പു മന്ത്രിയും അതൊന്ന് അന്വേഷിക്കണം. സുനാമി ദുരന്തത്തെപ്പറ്റി പ്രവചിക്കാൻ കഴിഞ്ഞില്ല എന്ന ശാസ്ത്രലോകത്തിന്റെ അഭിപ്രായത്തോട് യോജിപ്പില്ലാത്ത ഒരാളാണ് ഞാൻ.

<u>മി. സ്പീക്കർ:</u> അങ്ങേയ്ക്ക് ഒരു മിനിട്ടേയുള്ളൂ. ഈ കാര്യത്തെപ്പറ്റിയല്ലാതെ വലിയ കാര്യങ്ങൾ സംസാരിച്ചാൽ പറ്റില്ല.

<u>ശ്രീ. പി. സി. ജോർജ്ജ്:</u> 12-12-2000-ൽ മീനച്ചിൽ താലൂക്കിലാണ് ഭൂചലനമുണ്ടായത്. പത്താം തീയതി ഇലക്ട്രിസിറ്റി ബോർഡിലെ ഡെപ്യൂട്ടി ഡയറക്ടർ എന്നെ ഫോണിൽവിളിച്ച് കഴിഞ്ഞ രണ്ടാഴ്ചയായി ഭൂചലനം കാണുന്നു;

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യതയുണ്ട് എന്നുപറഞ്ഞതാണ്. ഞാൻ ഇക്കാര്യം സെസ്സിന്റെ ഉദ്യോഗസ്ഥൻമാരോട് സംസാരിച്ചു. അതിന് സാദ്ധ്യതയില്ലെന്ന് അവർ പറഞ്ഞു. എനിക്ക് ചോദിക്കാനുള്ളത് ഇലക്ട്രിസിറ്റി ബോർഡിലെ ഡാം സേഫ്റ്റി ഡെപ്യൂട്ടി ഡയറക്ടർക്ക് ആതോന്നൽ എങ്ങനെ ഉണ്ടായി? നമുക്ക് അന്വേഷിക്കേണ്ടേ? ഇവിടെ സെസ്സ് ഉണ്ട്, സി. ഡബ്ല്യു. ആർ. ഡി. എം. ഉണ്ട്, കെ. എഫ്. ആർ. ഐ. ഉണ്ട്, അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി ഉണ്ട്. ഈ ശാസ്ത്രജ്ഞൻമാരൊക്കെ എന്തുചെയ്തുകൊണ്ടിരിക്കുകയാണ്? ശാസ്ത്രജ്ഞൻമാർ ഇത് ചർച്ച ചെയ്യേണ്ടേ? വേളാങ്കണ്ണിയിൽ സുനാമി തീരമാലകൾ ഉണ്ടായി. മണിക്കൂറിൽ 600 കിലോമീറ്റർ വേഗതയിലുള്ള തിരമാലകൾ ആയിരുന്നു. എന്തുകൊണ്ട് കേരളത്തിലെ ജനങ്ങളെ കൊലയ്ക്കുകൊടുത്തു. ഉദ്യോഗസ്ഥൻമാർ ചർച്ച ചെയ്യണ്ടേ? കോടിക്കണക്കിന് രൂപ ശമ്പളം വാങ്ങുന്നവരല്ലേ? സുനാമി തിരമാലകൾക്ക് മണിക്കൂറിൽ 600 കിലോമീറ്ററാണ് മാക്സിമം സ്പീഡ്.

<u>മി. സ്പീക്കർ:</u> അറിവ് മുഴുവൻ പറയാനുള്ള സന്ദർഭമല്ല ഇത്.

<u>ശ്രീ. പി. സി. ജോർജ്ജ്:</u> എന്നുവച്ചാൽ പറ്റുമോ? സാമാന്യ മര്യാദയ്ക്ക് ചർച്ച ചെയ്യേണ്ടതല്ലായിരുന്നോ? എന്തുകൊണ്ട് ഉദ്യോഗസ്ഥൻമാർ ഇക്കാര്യം ചർച്ച ചെയ്തില്ല, പഠിച്ചില്ല. കേരളത്തിലെ ജനങ്ങളെ അറിയിച്ചില്ല. ഗവൺമെന്റ് അന്വേഷിക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങ് എന്നെ എന്ത് കുറ്റപ്പെടുത്തിയാലും ശാസ്ത്രലോകം കേരളീയ സമൂഹത്തോട് ചെയ്ത ദ്രോഹം വളരെ കടുത്തതായിപ്പോയി.

<u>ശ്രീ. ടി. കെ. ദേവകുമാർ:</u> 2004 ഡിസംബർ 26-ന് അലറി അടിച്ച സുനാമി തിരമാലകളിൽ അകപ്പെട്ട് മരണം വരിച്ച എല്ലാ മനുഷ്യാത്മാക്കൾക്കും ഞാൻ ആദരാഞ്ജലി അർപ്പിക്കുന്നു. നിരാലംബരായവരെ ക്യാമ്പുകളിൽ എത്തിക്കുന്നതിനും അവരുടെ ആവശ്യങ്ങൾക്കും ദുഃഖങ്ങൾക്കും സഹായം എത്തിക്കുന്നവരോട് സഹകരിക്കുന്നതിനും കക്ഷിരാഷ്ട്രീയത്തിനതീതമായി ജനങ്ങൾ കാണിച്ച സഹകരണങ്ങളും സഹായങ്ങളും ഈ സന്ദർഭത്തിൽ നന്ദിപൂർവ്വം സ്മരിക്കേണ്ടതാണ്. പ്രഭവ കേന്ദ്രത്തിൽ നിന്ന് സുനാമി തിരമാലകൾ നമ്മുടെ തീരത്തെത്താൻ ആറ് മണിക്കൂർ എടുത്തപ്പോഴും ഈ വസ്തുത മനസ്സിലാക്കാൻ കഴിയാതെ പോയത് നമ്മുടെ പരിമിതിയാണെന്ന് മനസ്സിലാക്കാൻ അപ്പുറത്തിരിക്കുന്നവർക്കും ഇപ്പുറത്തിരിക്കുന്നവർക്കും കഴിയേണ്ടിയിരിക്കുന്നു. ആ പരിമിതി പരിഹരിക്കാനുള്ള പരിശ്രമം ദീർഘകാലാടിസ്ഥാനത്തിൽ നടത്തുക എന്നുള്ളതാണ് ഈ സന്ദർഭത്തിൽ എനിക്ക് നിർദ്ദേശമായി വയ്ക്കാനുള്ളത്. ഈ ചർച്ച നടക്കുമ്പോൾ സംഭവം നടന്നിട്ട് 36 ദിവസം പിന്നിട്ടു. 36 ദിവസം പിന്നിടുമ്പോൾ 26-ാം തീയതി 2 മണിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ടെലഫോണിൽ വിളിച്ച് വിവരം അറിയിക്കുന്നതുമുതൽ ഇത് ഇവിടെ ചർച്ച ചെയ്യുന്ന സമയംവരെ ഞാനും എന്റെ പാർട്ടിയും എന്റെ മുന്നണിയും ഈ ദുരിതാശ്വാസ പ്രവർത്തനങ്ങളോട് എങ്ങനെ പ്രതികരിച്ചു എന്ന് ഇതിന്റെ ചുമതലയുള്ള ഏതെങ്കിലും മന്ത്രിക്ക് നെഞ്ചിൽ കൈവച്ച് ഞങ്ങൾ ഇതിനോട് മോശമായി പ്രതികരിച്ചു, സഹകരിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

എന്ന് പറയാൻ കഴിയുമോ? കടപ്പുറത്ത് ഒരുചാക്ക് അരിപോലും കൊണ്ടു തരാൻ കഴിയാത്ത ചില ആളുകൾ ഇതിനൊക്കെ നേതൃത്വം കൊടുത്ത ഒരു സംവിധാനത്തിന്റെ നേതാവിനെ ആക്ഷേപിക്കാൻ ശ്രമിച്ചപ്പോൾ മുഖ്യമന്ത്രി ഇടപെടുമെന്ന് ഞാൻ പ്രതീക്ഷിച്ചു. മുഖ്യമന്ത്രി ഇടപെട്ടില്ല. അങ്ങയുടെ അനുയായികൾ ഇത്തരം ആരോപണം ഉന്നയിച്ചപ്പോഴും അദ്ദേഹം കേട്ടുകൊണ്ടിരിക്കുകയായിരുന്നു. ഇക്കാര്യം ആമുഖമായി പറയാതിരിക്കാൻ കഴിയില്ല. ആലപ്പുഴ, കൊല്ലം ജില്ലകളിൽ മാത്രം ഏതാണ്ട് രണ്ടു കോടിയിലേറെ ഉൽപ്പന്നങ്ങൾ മനുഷ്യ അധ്വാനം കൂടാതെ ഈ കൃഷിയിടങ്ങളിൽ എത്തിച്ചുകൊടുത്ത ഒരു എളിയ പ്രസ്ഥാനമാണ് ഞങ്ങളുടേത്. ആറാട്ടുപുഴ പ്രദേശത്ത് മാത്രം പ്രതിദിനം നാലായിരം ആളുകൾക്ക് ആറ് കൃഷിയിടങ്ങളിലായി മുന്നുനേരം ഭക്ഷണം ഉണ്ടാക്കിക്കൊടുക്കാൻ ഈ പാർട്ടിക്ക് കഴിഞ്ഞു എന്നുള്ളത് ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രിക്കും ഫിഷറീസ് വകുപ്പുമന്ത്രിക്കും നിഷേധിക്കാൻ കഴിയില്ല. ഞങ്ങൾ ഫണ്ടുപിരിച്ചതിനെ സംബന്ധിച്ച് ആലപ്പുഴ എം. എൽ. എ. ഇവിടെ പരാമർശിക്കുകയുണ്ടായി. ഞാനും പാർട്ടി ജില്ലാ സെക്രട്ടറിയും പാർട്ടി നേതാക്കൻമാരും എം. പി.-യും കൂടിയ ഞങ്ങളുടെ പാർട്ടിയും ജില്ലയിലെ ലോക്കൽ കമ്മിറ്റിയും പിരിച്ച ഫണ്ടിന്റെ സ്റ്റേറ്റുമെന്റാണ് എന്റെ കയ്യിൽ ഇരിക്കുന്നത്. പത്രസമ്മേളനത്തിൽ ഞങ്ങൾ പിരിച്ച ഫണ്ട് 25,37,409 രൂപ 60 പൈസ ആണെന്ന് പറഞ്ഞിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ വിവിധ ഘടകങ്ങളിൽ എം. പി. മുതൽ മുഴുവൻ ജനപ്രതിനിധികളും പാർട്ടി സഖാക്കളും ഞങ്ങളും നാട്ടുകാരുടെ കയ്യിൽ നിന്ന് പട്ടിണിക്കാരന്റെ കണ്ണീരൊപ്പാൻ തെണ്ടിപ്പിരിച്ചതാണ്. ഞങ്ങളുടെ കയ്യിൽ കണക്കുണ്ട്. ഒറീസയ്ക്ക്, ഗുജറാത്തിന്, ലാത്തൂരിന് ഒക്കെ പിരിച്ചതിന് ഞങ്ങൾക്ക് കണക്കുണ്ട്. ആലപ്പുഴയിലെ ഡി.സി.സി. നേതൃത്വത്തിനും കഴിയുമായിരുന്നു. സുനാമി ബാധിതരെ സഹായിക്കാൻ എന്തെങ്കിലും ചെയ്യാതിരുന്നിട്ട് അതിന് മുതിർന്നവരെ കുറ്റം പറയുന്നത് കേട്ടിട്ട് ഞങ്ങൾ ചിലത് പറഞ്ഞുപോയാൽ അതിൽ ഖേദിക്കരുത്. മുഖ്യമന്ത്രിയെങ്കിലും ഞങ്ങൾ ചെയ്തതിന്റെ സ്മരണ ഓർത്ത് ഞങ്ങൾ കാണിച്ച മനുഷ്യസ്നേഹത്തിന്റെ അടിസ്ഥാനത്തിൽ ഈ ചർച്ചയിൽ ഇടപെടേണ്ടതായിരുന്നു. ഈ കാക്കയിൽനിന്ന് ഞങ്ങൾ സംഗീതം പ്രതീക്ഷിക്കുന്നില്ല. മനുഷ്യസ്നേഹത്തിന്റെയും ജനങ്ങളോടുള്ള ബാധ്യതയുടേയും അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ദേവസ്വം വകുപ്പുമന്ത്രി ശ്രീ. കെ. സി. വേണുഗോപാൽ ഇതിൽ ഇടപെടുമെന്ന് പ്രതീക്ഷിച്ചു. കാരണം ഞങ്ങൾ ആ രൂപത്തിലാണ് ഈ പ്രവർത്തനങ്ങളോട് സഹകരിച്ചത്. എന്നാൽ കിട്ടിയ അവസരം ഞങ്ങളെ ആക്ഷേപിക്കാൻ ശ്രമിച്ചു. ഈ മന്ത്രിമാരൊക്കെയും അവിടെ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. രാഷ്ട്രീയം കാണാതിരുന്ന ഒരു ജനത, അവരുടെ പ്രവർത്തനങ്ങളോട് പ്രതികരിക്കുവാനുള്ള ജനപ്രതിനിധികളായ നേതാക്കന്മാർ എന്ന രീതിയിൽ സമീപിക്കേണ്ടതായിരുന്നു. ഞാൻ ഒരു കാര്യം ചോദിച്ചു. ഇപ്പോഴും മറുപടി പറഞ്ഞില്ല. സംഘടനകളുടെ കയ്യിൽനിന്നും എത്ര രൂപ കിട്ടി? ചർച്ചയിൽ

LIBRARY ARCHIVES Kerala Legislative Assembly

പറയേണ്ടേ? ഇക്കാര്യത്തെ രണ്ടായി കാണുകയാണ്. സർക്കാരിനും മന്ത്രിമാർക്കും സ്തുതിഗീതം പാടാൻമാത്രം അറിയാവുന്ന ചില എം. എൽ. എ.-മാർ ഇവിടെ നടത്തിയ പ്രസംഗം ഈ സർക്കാരിന് പുനർ വായനയ്ക്കും പുനഃപരിശോധനയ്ക്കും ഇടയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം എല്ലാവരും ഓടിയെത്തി സഹായിച്ചില്ലേ? സഹായിച്ചു. 36 ദിവസം പിന്നിട്ടപ്പോൾ എവിടെ എത്തി നിൽക്കുന്നു? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞല്ലോ ആലപ്പുഴ ജില്ലയിലെ മുഴുവൻ ക്യാമ്പുകളിലേയും ആളുകളെ താൽക്കാലിക ഷെൽട്ടറുകളിലേയ്ക്ക് കൊണ്ടുപോയി എന്ന്. ഈ സമ്മേളനം കഴിയുമ്പോൾ ബഹുമാന്യനായ റവന്യൂവകുപ്പു മന്ത്രിയും, അവിടെ ചുമതലയുള്ള ദേവസ്വം വകുപ്പുമന്ത്രിയും വരട്ടെ. നമുക്ക് അവിടെ പോകാം. ഒരാളേയും ഷെൽട്ടറുകളിൽ കൊണ്ടുപോയി താമസിപ്പിച്ചിട്ടില്ല. ഇപ്പോൾ സമയം 2.45 പി. എം. ഇതുവരെ ഒരാളിനെപ്പോലും ഷെൽട്ടറുകളിൽ കൊണ്ടുപോയി താമസിപ്പിക്കാൻ സാധിച്ചിട്ടില്ല. നിഷേധിക്കാൻ കഴിയുമോ? ക്യാമ്പുകളിലെ സ്ഥിതി എന്താണ്? പട്ടാളം ചുമതല വഹിച്ചിരുന്നു. മരിച്ചവരുടെ അനന്തരാവകാശികൾ താമസിച്ചിരുന്ന ഓച്ചിറയിലെ മേമന യു. പി. എസ്., വലിയകുളങ്ങര എൽ. പി. എസ്., തറയിൽകടവ് വ്യാസ കേന്ദ്രം കരയോഗം, തറയിൽകടവ് എസ്. എൻ. ഡി. പി. ക്യാമ്പുകൾ അവിടെനിന്നെല്ലാം പട്ടാളം അവരുടെ ക്യാമ്പുകളിലേക്ക് മടങ്ങി. ആ ക്യാമ്പുകളുടെ ചുമതല ഇന്ന് ആർക്കാണ്? ഞങ്ങളെ ആരേയും വിളിച്ച് ആലോചിച്ചിട്ടില്ല. പട്ടാളം ചുമതല വഹിച്ച കാര്യം പറഞ്ഞതുമില്ല. ശ്രീ. ടി. എൻ. പ്രതാപൻ ഇവിടെ അതിനെപ്പറ്റി വിശദീകരിച്ചു. ആർക്കാണ് ചുമതല കൊടുത്തിരിക്കുന്നത്? ഞങ്ങൾ ഇതിനോട് സഹകരിച്ചവരാണ്. ഇന്ന് ക്യാമ്പുകളുടെ സ്ഥിതി എന്താണ്? സത്യസന്ധമായി ഭരണകക്ഷി നേതാക്കൾക്കുപോലും നിഷേധിക്കാൻ കഴിയില്ല. ഇത്രയും ആളുകൾ 36 ദിവസം ഒരു ക്യാമ്പിൽ താമസിച്ചാൽ എന്തായിരിക്കും സ്ഥിതി? എന്റെ നാട്ടിലെ വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ പറഞ്ഞത് ഞാൻ അംഗീകരിക്കാൻ തയ്യാറല്ല. ഈ വർഷം എല്ലാവർക്കും ആൾപ്രൊമോഷൻ കൊടുക്കാം. എന്റെ നാട്ടിലെ സ്കൂളുകളിൽ പാവപ്പെട്ടവന്റെ കുട്ടികളല്ലേ പഠിക്കുന്നത്? നിങ്ങൾ വിചാരിക്കുംപോലെ ക്യാമ്പുകൾ മാറ്റാൻ കഴിയുമോ? മാറ്റാൻ കഴിയുന്ന പാക്കേജില്ല. ക്യാമ്പുകളിലെ ചെലവ് കുറയ്ക്കണമെന്ന നിർദ്ദേശം ആരാണ് കൊടുത്തതെന്ന് മുഖ്യമന്ത്രി പരിശോധിക്കണം. വിലകുറഞ്ഞ അരിയും പലചരക്ക് സാധനങ്ങളും വാങ്ങുന്നു എന്നുള്ള പരാതിയുണ്ട്. അവിടെ നിരാഹാര സമരംവരെ ഉണ്ടായി. മുഖ്യമന്ത്രിയെ വിളിച്ച് സ്വകാര്യം പറഞ്ഞ ആളുകളാണ് സമരത്തിന് നേതൃത്വം കൊടുക്കുന്നത്. അവിടെ ചെലവ് കുറയ്ക്കാനുള്ള നിർദ്ദേശമുണ്ടായി. ഒരു കാര്യം മനസ്സിലാക്കണം. ക്യാമ്പുകളിൽ കഴിയുന്നവർക്ക് അരിയും ഭക്ഷണവും മാത്രം കൊടുത്താൽമതിയോ? അവർക്ക് തേയ്ക്കാൻ എണ്ണ വേണ്ടേ? കുളിക്കാൻ സോപ്പുവേണ്ടേ? കൊടുക്കുന്നുണ്ടോ എന്ന് ഒന്ന് പരിശോധിക്കുക. ആദ്യഘട്ടത്തിലെ ദുരിതാശ്വാസ പ്രവർത്തനങ്ങളെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഒരു പരാതിയും ഞാൻ പറഞ്ഞില്ല. 36 ദിവസം എത്തിനിൽക്കുമ്പോൾ ഇന്ന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്യാമ്പുകളിലെ സ്ഥിതി അങ്ങ് പരിശോധിക്കാൻ തയ്യാറാകണം. അവിടെ ആളുകൾക്ക് എണ്ണയില്ല, സോപ്പില്ല തുടങ്ങി പരാതി നിരവധിയാണ്. പ്രായമായ പെൺകുട്ടികളും അച്ഛനും അമ്മയും പരസ്പരം ബന്ധമില്ലാത്ത അയൽവാസികളും ഒരു ഹാളിനകത്ത് നിന്ന് കിടക്കുകയാണ്. രോഗങ്ങൾ വ്യാപിക്കുകയാണ്. നമ്മൾ എത്ര ശ്രദ്ധിച്ചാലും തടഞ്ഞ് നിർത്താൻ കഴിയുമോ? പള്ളിക്കൂടങ്ങളിലാണ് ഇവർ കിടക്കുന്നത്. കന്നുകാലി തൊഴുത്തിനേക്കാൾ കഷ്ടമാണ് ക്യാമ്പുകളുടെ സ്ഥിതി. കരളലിയിക്കുന്ന ആ സ്ഥിതിവിശേഷം മനസ്സിലാക്കാൻ ശ്രീ. കെ. എം. മാണിക്ക് കഴിയില്ല? അത് പറഞ്ഞ എന്നെ നിങ്ങൾ കുറ്റക്കാരനാക്കരുത്. രണ്ടാം ഫെയ്സ് എന്താണ്? താൽക്കാലിക ഷെൽട്ടറുകളിലേക്ക് മാറ്റാമെന്ന് നമ്മൾ തീരുമാനിച്ചു. താൽക്കാലിക ഷെൽട്ടറുകളുടെ സ്ഥിതി എന്താണ്? അവിടെ മുറി തിരിച്ചിട്ടില്ല. എസ്. എൻ. ഡി. പി. യുടെ ക്യാമ്പുകളിൽ ഹാളുകളാണ് ഉണ്ടാക്കിയിരിക്കുന്നത്. ആറാട്ടുപുഴ പഞ്ചായത്തിലെ എസ്. എൻ. ഡി. പി.-യുടെ ക്യാമ്പിലും പറയ്ക്കൽ സ്കൂളിലും ക്യാമ്പുകളുടെ പണി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം. ഈ സമയത്തും മേൽക്കൂര ഇട്ടിട്ടില്ല. ഞാൻ ഇപ്പോൾ വിളിച്ചു ചോദിച്ചിട്ടാണ് പറയുന്നത്. ഉത്തരവാദിത്വത്തോടെ പറയുകയാണ്. അവിടെ എന്താണ് സ്ഥിതി? അമൃതാനന്ദമയി മഠം ഉണ്ടാക്കിയ താൽക്കാലിക ഷെൽട്ടറുകൾ മാത്രമാണ് അവിടെ പ്രവർത്തിക്കുന്നത്. 36 ദിവസം കാത്തിരുന്നു. ഒരു പ്രസ്ഥാവനയും നിങ്ങൾ ഇറക്കിയില്ല. മുഖ്യമന്ത്രി വിളിച്ചിരുത്തി സംസാരിച്ചവർ ചെയ്തതുപോലുള്ള ഒരു പ്രവൃത്തിയും നിങ്ങൾ ചെയ്തില്ല. നമ്മൾ ഗവൺമെന്റിനോടും മന്ത്രിമാരോടും ഈ സംവിധാനത്തോടും സഹകരിച്ചുനിന്നു. ഈ കടപ്പുറത്തെ പട്ടിണിക്കാരുടെ കണ്ണീരൊപ്പാൻ ഞങ്ങൾ തയ്യാറാണ്. ഇന്നത്തെ ഈ രീതി ശരിയാണോ? 36 ദിവസം കാത്തുനിന്നിട്ടാണ് സഭയിൽ ഇത് പറയുന്നത്. ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടക്കുമ്പോൾ താൽക്കാലിക ഷെഡ്ഡിന്റെ പണി സമയബന്ധിതമായി പൂർത്തീകരിക്കണം. അത് പൂർത്തീകരിക്കാൻ ജനപ്രതിനിധികളെയും രാഷ്ട്രീയ പാർട്ടികളേയും നിങ്ങൾ വിശ്വാസത്തിലെടുക്കണം. അതുപോലെ പണി പൂർത്തിയായവയിൽ കുടുംബാംഗങ്ങൾക്ക് താമസിക്കാൻ തക്കവണ്ണം അതിനകത്ത് പാർട്ടീഷൻ ഉണ്ടാകണം. പ്രായപൂർത്തിയായ പെൺകുട്ടികൾ ഉള്ളതുകൊണ്ട് അമ്മമാർക്ക് ഉറങ്ങാൻ കഴിയുന്നില്ല. അവർ പകലാണ് ഉറങ്ങുന്നത്. വിവിധ ജാതിയിലും മതത്തിലും സ്വഭാവത്തിലുമുള്ളവരാണ് ഈ ക്യാമ്പുകളിൽ കഴിയുന്നത്. അവർ വന്നിട്ട് 36 ദിവസം വരെയായി. ഞാൻ വികാരം പ്രകടിപ്പിച്ചാൽ നിങ്ങൾ എന്നോട് വിരോധം കാണിക്കരുത്. പ്രതികരിക്കാനും പ്രവർത്തിക്കാനും കഴിയണ്ടേ? എന്നും പ്രഖ്യാപനങ്ങൾ മാത്രം. അതുപോലെ ആയിരംകോടി രൂപയുടെ കാര്യം ഇവിടെ പറയുകയുണ്ടായി. ആയിരംകോടി രൂപയുടെ പദ്ധതിയിൽ ഇപ്പോഴും പരാതി അവശേഷിക്കുന്നു എന്നുള്ളതാണ് സത്യം. ഉടൻ പരിഹരിക്കുമെന്ന് എല്ലാ ഹൈലെവൽ കോൺഫറൻസുകളിലും പറയുന്നു. പക്ഷെ പരാതിമാത്രം മിച്ചം. പരാതി ഏതെങ്കിലും പ്രത്യേക രാഷ്ട്രീയ പാർട്ടിക്കോ സമുദായക്കാർക്കോ അല്ല. അർഹതപ്പെട്ടവരുടെ പരാതി പരിഹരിക്കാൻ അടിയന്തിര നടപടി ഉണ്ടാകണ്ടേ?

LIBRARY ARCHIVES Kerala Legislative Assembly

ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി ആശുപത്രിയിൽ കിടക്കുന്നവർക്ക് 5,000 രൂപ വച്ചുകൊടുക്കാൻ നമ്മൾ പറഞ്ഞു. ഡി. എം. ഒ.-യുടെ സർട്ടിഫിക്കറ്റ് വാങ്ങിയശേഷം കൊടുക്കാൻ നിർദ്ദേശിച്ചു. അതിന് ഹൈലെവൽ കമ്മിറ്റികൂടി പൂർണ്ണമായും കൊടുത്തോ? കൊടുത്തില്ലെന്നുള്ളതാണ്. ആറാട്ടുപുഴ മേഖലയിലെ സുനാമി ബാധിത പ്രദേശത്തെ ബ്ലോക്ക് പഞ്ചായത്ത് മെമ്പർ അഡ്വക്കേറ്റ് ശിവൻകുഞ്ഞ് കാലൊടിഞ്ഞ് കായംകുളം ആശുപത്രിയിൽ കിടന്നു. ഒരു പൈസ അദ്ദേഹത്തിന് കിട്ടിയില്ല. ശിവൻകുഞ്ഞിന്റെ സഹോദരൻ അഭിമന്യുവിന്റെ കാലൊടിഞ്ഞ് ആശുപത്രിയിൽ കിടന്നു. ഇന്നുവരെ ഒരു പൈസയും അദ്ദേഹത്തിന് കിട്ടിയിട്ടില്ല. ഈ രണ്ട് ഉദാഹരണം മാത്രമെ ഞാൻ പറയുന്നുള്ളു. സ്വകാര്യ ആശുപത്രിയിൽ കിടന്നവർക്കും കിട്ടിയില്ല. ആശുപത്രികൾ നിറഞ്ഞുകഴിഞ്ഞപ്പോൾ തൊട്ടടുത്ത സ്കൂളുകളിൽ അവരെ കിടത്താൻ നിർദ്ദേശം കൊടുത്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. ഞങ്ങൾ അതിനോട് സഹകരിച്ചു. സ്കൂളിൽ കിടന്ന് ചികിൽസിച്ചവർക്ക് പത്തു പൈസപോലും കിട്ടിയിട്ടില്ല. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ ചുമതലപ്പെട്ട മറ്റു മന്ത്രിമാർ പരിശോധിക്കാൻ തയ്യാറാകണം. ബന്ധുവീടുകളിൽ പോയവർക്ക്, ക്യാമ്പുകളിൽ കഴിയാത്തവർക്ക് ഒരു പാക്കേജ് പ്രഖ്യാപിക്കുമെന്ന് ജനുവരിമാസം 1-ാം തീയതി പറഞ്ഞതാണ്. ഇന്നു പറഞ്ഞു അത് സമയബന്ധിതമായി നടപ്പിലാക്കുമെന്ന്. ഇപ്പോഴും ഞാൻ പ്രതീക്ഷിക്കുന്നു. പക്ഷെ ഇതുവരെ നടപ്പിലാക്കിയിട്ടില്ല. ദുരിതാശ്വാസ ക്യാമ്പുകളിലെ ദുഃസ്ഥിതി പരിശോധിച്ച് പരാതി പരിഹരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. അതുപോലെ താൽക്കാലിക ഷെഡ്ഡുകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കാൻ ജനപ്രതിനിധികളുടെ ഉൾപ്പെടെ സഹകരണം സ്വീകരിച്ചുകൊണ്ട് ചെയ്യണം. ക്യാമ്പുകളിൽ നിന്ന് ആളുകൾ വീട്ടിൽ പോകുന്നതിന് ഒരു സ്കീം ഉണ്ടാകണം. നമ്മൾ പരസ്പരം പ്രസംഗിച്ചാൽ പോരാ. വീട് റിപ്പയർ ചെയ്യാൻ, വാസയോഗ്യമായ വീടുകളുടെ എസ്റ്റിമേറ്റ് എടുക്കാൻ പറഞ്ഞു. മൂന്നാഴ്ച കഴിഞ്ഞു. എസ്റ്റിമേറ്റ് എടുത്തുതീർന്നോ? മാണിസാർ പറയുന്നു എസ്റ്റിമേറ്റ് എടുത്തുതീർന്നു എന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ദേവസ്വം വകുപ്പു മന്ത്രിക്കും അതുപറയാൻ കഴിയുമെന്ന് തോന്നുന്നില്ല. എസ്റ്റിമേറ്റ് എടുത്തുതീർന്നിട്ടില്ല. റിപ്പയർ ചെയ്യാനുള്ള തുക അവരുടെ കയ്യിൽ കൊടുത്ത് വീട് റിപ്പയർ ചെയ്ത് വാസയോഗ്യമാക്കണ്ടേ? അല്ലാതെ അവർക്ക് വീട്ടിൽ പോകാൻ കഴിയുമോ? വീട്ടിൽ പോയാൽ അവർ എങ്ങനെ കഴിയും? അവർക്ക് സഹായമെത്തിക്കാമെന്ന് പറഞ്ഞു. അത് നിങ്ങൾ കൊടുത്തോ? അതിനെ സംബന്ധിച്ച് കളക്ടർക്ക് നിർദ്ദേശം കൊടുത്തു എന്നു പറഞ്ഞു. പക്ഷെ ചെയ്തിട്ടില്ല. ചെയ്യാത്തതിലുള്ള പരാതി ഇവിടെയല്ലാതെ മറ്റെവിടെയാണ് പറയേണ്ടത്? അതിന് അടിയന്തിര സംവിധാനമുണ്ടാക്കണം. റിപ്പയർ ചെയ്താൽ വാസയോഗ്യമാകുന്ന വീടുകളുടെ എസ്റ്റിമേറ്റ് എഞ്ചിനിയർമാരെക്കൊണ്ട് തയ്യാറാക്കിപ്പിച്ചിട്ട് അതിനുള്ള തുക അവരുടെ കയ്യിൽ കൊടുക്കണം. നേരത്തെ തീരുമാനിച്ചതനുസരിച്ച് ഒരു പാക്കേജുണ്ടാക്കി അവരെ വീട്ടിലേയ്ക്ക് അയയ്ക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതു വേണ്ടേ? അതും ചെയ്തിട്ടില്ല. ആദ്യം ചെയ്തതെല്ലാം ഞാൻ മോശമാക്കി പറയുകയല്ല. പൂർണ്ണമായി തകർന്ന വീടുകളുടെ ലിസ്റ്റിനെക്കുറിച്ച് മാണിസാർ പറഞ്ഞു. അതെവിടെനിന്ന് കിട്ടിയതാണ്? എന്റെ നാട്ടുകാർ ഇത് കാണുമെന്നുള്ളതുകൊണ്ട് എനിക്ക് ഈ കാര്യത്തിൽ മറുപടി പറയാതിരിക്കാൻ കഴിയില്ല. കടപ്പുറത്ത് പൂർണ്ണമായി തകർന്ന വീടുകളുടെ ലിസ്റ്റ് ഇതുവരെ പ്രസിദ്ധീകരിച്ചിട്ടില്ല. പരാതികൾ അവശേഷിക്കുന്നു. ഇവിടെ ഒരു കണക്ക് പ്രസിദ്ധീകരിച്ചിരിക്കുകയാണ്. അത് എവിടെനിന്ന് എങ്ങനെ കിട്ടിയ കണക്കാണ്? ഈ കണക്ക് അവിടെ പ്രസിദ്ധീകരിച്ചിട്ടില്ല. തകർന്ന് വാസയോഗ്യമല്ലാതായ വീടുകളുടെ ലിസ്റ്റ് രാഷ്ട്രീയ പാർട്ടികളുടേയും ജനപ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പ്രസിദ്ധീകരിച്ച് ഫൈനലൈസ് ചെയ്യണം. അർഹതയില്ലാത്തവർക്ക് കിട്ടുകയും അർഹതപ്പെട്ടവരുടെ പേര് ഒഴിവാക്കുകയും ചെയ്യുന്ന സ്ഥിതി ഉണ്ടാകരുത്. 1300 വീടുകളുടെ പണി അമൃതാനന്ദമയി മഠത്തിന് കൊടുത്തുവെന്ന് ഇവിടെ മന്ത്രി പറഞ്ഞു. അമ്മയുടെ പ്രസ്ഥാവനയുണ്ട്. ദേശാഭിമാനിയിൽ അല്ല, മംഗളം പത്രത്തിലാണ്. അവിടെ നാട്ടുകാർ സമരത്തിന് ഒരുങ്ങുകയാണ്. ഞാനും നാട്ടുകാരുടെ കൂടെ സമരം ചെയ്യേണ്ടിവരും. ജനുവരി മാസം 1-ാം തീയതി ഗവൺമെന്റിന് മഠത്തിൽ നിന്ന് പ്ലാൻ സഹിതം കൊടുത്തു. കൂടാതെ വിവിധ സംഘടനകൾ സമീപിച്ചു. സന്നദ്ധ സംഘടനകളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് സമയബന്ധിതമായി പുനരധിവാസം ഉറപ്പാക്കാൻ കഴിഞ്ഞോ? എടവനക്കാട് കഴിഞ്ഞു. ആ കാര്യത്തിൽ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. പക്ഷെ മറ്റുള്ള സ്ഥലങ്ങളിലും മനുഷ്യരാണ് ജീവിക്കുന്നതെന്നുള്ള ധാരണ വേണ്ടേ? ഇന്നലെ രാത്രി 1300 വീടുകൾ മാതാ അമൃതാനന്ദമയി മഠത്തിന് ഞങ്ങൾ വീതംവച്ചു കൊടുത്തു എന്നാണ് പറഞ്ഞത്. എവിടെയാണ് വീട് വയ്ക്കുന്നത്? ആലപ്പുഴ ജില്ലയിൽ ഒരു സെന്റ് ഭൂമിപോലും വീട് വയ്ക്കാൻ ഇതുവരെ വാങ്ങിയിട്ടില്ല. എവിടെ വീടുവയ്ക്കണമെന്ന് തീരുമാനിച്ചിട്ടില്ല. മാണിസാറിന്റെ മാന്ത്രിക വിദ്യയിൽ വീട് വച്ചുകൊടുക്കുമോ? വീടിന്റെ പ്ലാൻ എന്താണെന്ന് ഞാൻ കണ്ടിട്ടില്ല. അവിടത്തെ നാട്ടുകാർ തെരഞ്ഞെടുത്ത എം. എൽ. എ. ഇപ്പോഴും ഞാനാണ്. ഇതിനെക്കുറിച്ച് ഇതുവരെ ഒരു പത്രസമ്മേളനവും നടത്തിയിട്ടില്ല. യാതൊരു കുറ്റവും ഒരു സ്ഥലത്തും പറഞ്ഞിട്ടില്ല. സർക്കാർ ഉത്തരവിനുവേണ്ടി കാത്തിരിക്കുകയാണ്. പുനരധിവാസത്തെക്കുറിച്ച് സമയബന്ധിതമായ പദ്ധതി സർക്കാരിനുണ്ടാകണം. വീടിനെ സംബന്ധിച്ച് വ്യക്തമായ രൂപമുണ്ടാകണം. ഒരു മന്ത്രി പറയുന്നു. താഴത്തെ നില പില്ലറിൽ നിൽക്കണം. വെള്ളം അടിയിൽക്കൂടി ഒഴുകിപ്പോകണമെന്നും വേറൊരു മന്ത്രി പറയുന്നു. അതുവേണ്ട പില്ലറിൽ നിർത്തണ്ട, താഴെ നിർത്തിയാൽ മതിയെന്ന്. വീടിന്റെ അവസാനരൂപം ഇതുവരെ ആയിട്ടില്ല. ടെണ്ടർ വിളിച്ചു എന്ന് ഇവിടെ പറഞ്ഞു. ടെണ്ടർ വിളിച്ചതിന്റെ സ്ഥിതിയും ഗവൺമെന്റിന്റെ പുനരധിവാസ പ്രവർത്തനവും എങ്ങോട്ട് നീങ്ങുന്നു എന്ന് ബഹുമാനപ്പെട്ട അമ്പലപ്പുഴ എം. എൽ. എ. പറഞ്ഞു. സന്നദ്ധരായിവന്ന സംഘടനകളെ

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടിയോജിപ്പിച്ചിരുന്നുവെങ്കിൽ എടവനക്കാട് തുടങ്ങിയതുപോലെ കേരളത്തിലെ മറ്റു കടലോരത്തുകൂടി ഇതിനു കഴിയുമായിരുന്നു. മന്ത്രിമാരുടെ മണ്ഡലങ്ങളിൽ മാത്രമല്ല മനുഷ്യൻ ജീവിക്കുന്നത്, മറ്റുള്ള മണ്ഡലങ്ങളിലും ഉണ്ട്. ആ മനുഷ്യാത്മാക്കളെ കാണാൻ കഴിഞ്ഞില്ലെന്നുള്ള വിമർശനം ചൂണ്ടിക്കാണിക്കുകയാണ്. ഞാൻ വികാരം പ്രകടിപ്പിച്ചുവെങ്കിൽ എന്നോട് ക്ഷമിക്കണം. സുനാമി ബാധിതരുടെ വീടിന്റെ പ്ലാൻ ഏകീകൃതമായിരിക്കണം. ഇവിടെ രണ്ടോ മൂന്നോ പ്ലാനിനെപ്പറ്റി പറയുന്നുണ്ട്. 67,000, 1,50,000, ഒന്നേമുക്കാൽ ലക്ഷം ഇതിന്റെയൊക്കെ കണക്ക് പറയുന്നു. ഇതിന്റെ മാനദണ്ഡം എന്താണെന്ന് ഒരു പിടിയും കിട്ടിയിട്ടില്ല. ഇങ്ങനെ ഒരു രൂപം സഭയിൽ പറഞ്ഞപ്പോഴാണ് കേട്ടത്. ഇക്കാര്യത്തിൽ ഒരു ഏകീകൃത പ്ലാനും സമയബന്ധിത സമീപനവും ഉണ്ടാകണം. പുനരധിവാസത്തെ സംബന്ധിച്ച് ഒരു വ്യക്തത യുണ്ടാക്കണം. മറ്റൊന്ന്, അനാഥരായ കുറെ കുട്ടികൾ അവിടെയുണ്ട്. അവരെക്കു റിച്ച് മാണിസാർ ഒന്നും പറഞ്ഞുകേട്ടില്ല. പ്രഖ്യാപനത്തിൽപോലും കേട്ടില്ല. അവരെ എങ്ങനെ സംരക്ഷിക്കണം? അവരെ എവിടെക്കൊണ്ട് തള്ളണം. കടലിൽ തള്ളണോ? അക്കാര്യം ഇതുവരെ പറഞ്ഞില്ല. മൽസ്യത്തൊഴിലാളികളുടെ നഷ്ടം തിട്ടപ്പെടുത്തി വരുന്നു എന്നുപറഞ്ഞു. ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രി ചെയ്ത കാര്യങ്ങളെ ഞാൻ സന്തോഷപൂർവ്വം സ്മരിക്കുന്നു. പറഞ്ഞ കാര്യങ്ങളോട് ന്യായമായി പ്രതികരിച്ചു എന്ന അഭിപ്രായമുണ്ട്. പക്ഷെ പൂർണ്ണമായിട്ടില്ല. സംസ്ക്കരണ രംഗത്തെ തൊഴിലാളികളുടെ കാര്യം വളരെ കഷ്ടത്തിലാണ്. മൽസ്യം കൊണ്ടുപോയി വിൽക്കുന്നവരുടെ ജീവിതവും ദുരിതത്തിലാണ്. ഒരു നടപടിയും ഇതുവരെ ഉണ്ടായിട്ടില്ല. ചീനവലക്കാർ, വല വീശാൻ പോകുന്നവർ എന്നിങ്ങനെ പല വിഭാഗക്കാരുണ്ട്. ഉൾനാടൻ കായലിൽ വെള്ളംകയറി തകർന്നതിനെക്കുറിച്ച് പരിശോധിച്ചിട്ട് അർഹതയില്ലാത്ത ആർക്കും കൊടുക്കേണ്ട എന്നുപറഞ്ഞു. പക്ഷെ അതിനെക്കുറിച്ചും പരിശോധിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു കാര്യം സൂചിപ്പിക്കുകയാണ്. കയർത്തൊഴിലാളികൾ എന്നൊരു വിഭാഗമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മറന്നുകാണും. ഈ പാവങ്ങളെക്കുറിച്ച് ഗവൺമെന്റ് ഇതുവരെ ചിന്തിച്ചിട്ടില്ല. ആറാട്ടുപുഴ പഞ്ചായത്തിൽ മാത്രം 13 കയർ സഹകരണ സംഘങ്ങൾ ഉണ്ട്. അവർക്കുവേണ്ടി ചിന്തിക്കാൻ ഇതുവരെ ഗവൺമെന്റ് തയ്യാറായില്ല. മറ്റൊന്ന് ചെറുകിട കച്ചവടക്കാരുടെ കാര്യമാണ്. അവരുടെ കടയും സാധനങ്ങളുമെല്ലാം ഒഴുകിപ്പോയി. പക്ഷെ അവരോട് ഉദ്യോഗസ്ഥൻമാർ പറഞ്ഞിരിക്കുന്നത് ബിൽ കൊണ്ടു വരികയാണെങ്കിൽ കാശ് തരാമെന്നാണ്. കെട്ടിടവും സാധനങ്ങളും പോയി ബിൽ കൊണ്ടുവന്നാൽ കാശുതരാമെന്നാണ്. ബില്ലും പോയില്ല എന്നാണ് അവരുടെ വിചാരം. അവരുടെ നഷ്ടവും തിട്ടപ്പെടുത്തിയിട്ടില്ല. അതുപോലെ പൂവരശും പുന്നയുമൊഴികെയുള്ള മുഴുവൻ വൃക്ഷങ്ങളും കരിഞ്ഞു കഴിഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥൻമാരെ വിളിച്ചിട്ട് ചില പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

തയ്യാറാക്കാൻ പറഞ്ഞു. പദ്ധതി തയ്യാറാക്കിയത് എവിടെയാണ്? സുനാമി തുത്തു വാരിയ ആറാട്ടുപുഴയിലും ആലപ്പാടുമല്ല. എവിടെയാണെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരിശോധിക്കണം. മന്ത്രിയുടെ പേരും സ്ഥലവും ഡിപ്പാർട്ടുമെന്റും ഞാൻ പറയുന്നില്ല. ഇത്തരത്തിൽ കാര്യങ്ങൾ കൊണ്ടുപോകുന്നത് ശരിയല്ല. കടൽഭിത്തി നിർമ്മാണത്തിന്റെ കാര്യം പറയാതെ പോകാൻ പറ്റില്ല. 1-1-2005-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഞാൻ ഒരു മെമ്മോറാണ്ടം തന്നിരുന്നു. ആ മെമ്മോറാണ്ടത്തിൽ സുനാമി ബാധിത പ്രദേശത്ത്, ആലപ്പുഴ ജില്ലയെ സംബന്ധിച്ചിടത്തോളം ആറാട്ടുപുഴയിലുണ്ടായ സംഭവങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാതിക്കുന്നുണ്ട്. കഴിഞ്ഞദിവസം ആലപ്പുഴ ജില്ലയിൽ ഒരു ഉത്തരവ് ഇറങ്ങി. അതുകൊണ്ടാണ് ഞാൻ ഇതു പറയുന്നത്. 8050 മീറ്റർ കടൽഭിത്തി കെട്ടണമെന്നാണ് ആ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളത്. അതിന് ഡിപ്പാർട്ടുമെന്റ് എസ്റ്റിമേറ്റ് എടുത്തിരിക്കുന്നത് എട്ടുകോടി 20 ലക്ഷം രൂപയാണ്. ഇതുസംബന്ധിച്ച് കഴിഞ്ഞ ദിവസം ആലപ്പുഴ ജില്ലയിൽ ഒരു ജി. ഒ. ഇറങ്ങി. ഏഴിൽ ചിലാനം കോടി രൂപ ഒരു മണ്ഡലത്തിൽ. 40 ലക്ഷം രൂപ വേറൊരു മണ്ഡലത്തിൽ. ഇതു രണ്ടും അനാവശ്യമാണെന്നും ആരുടെയൊക്കെ മണ്ഡലത്തിലാണെന്നും ഞാൻ പറയുന്നില്ല. പക്ഷെ സുനാമി തുത്തുവാരിയ ആറാട്ടുപുഴയിലെ ഒരു സെന്റീമീറ്റർ സ്ഥലംപോലും ഇതിനകത്തില്ല. ഇന്നലെ ടെണ്ടർ പ്രസിദ്ധീകരിക്കുമെന്ന് ഞാനും മന്ത്രിയും കടപ്പുറത്തുചെന്ന് നാട്ടുകാരോട് പറഞ്ഞു. ഒരു സെന്റീമീറ്ററിന്റെപോലും ടെണ്ടർ വന്നില്ല. ഉദ്യോഗസ്ഥൻമാരോട് വിളിച്ചു ചോദിച്ചപ്പോൾ ഈ വർക്കുൾപ്പെടെ ഒറ്റ വർക്കിനും Head of Account ഇല്ലാത്തതു കൊണ്ട് ചെയ്യുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഞാനും ബന്ധപ്പെട്ട മന്ത്രിയും കൂടിയാണ് 500 മീറ്ററിന്റെ വർക്ക് ഉദ്ഘാടനം നടത്തിയത്. 1-1-2005-ൽ സി. പി. സി. ആർ. ഐ.-ൽ വച്ചുകൂടിയ യോഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് കടൽഭിത്തി വേണ്ടവർക്ക് കടൽഭിത്തി, പുലിമുട്ട് വേണ്ടവർക്ക് പുലിമുട്ട് എന്നാണ്. എന്നിട്ട് ഒരു സെന്റീമീറ്റർ കടൽഭിത്തിപോലും കേരള സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് പണിയാൻ പറ്റാത്ത അവസ്ഥയാണ്. കണ്ണൂർ, കോഴിക്കോട് തുടങ്ങി ഈ കേരളത്തിൽ സുനാമി ബാധിച്ച 9 ജില്ലയുണ്ടെന്നല്ലേ പറയുന്നത്? എന്നിട്ട് Head of Account ഇല്ല. ഇന്നലെ കൊടുക്കേണ്ടിയിരുന്ന ടെണ്ടർ കൊടുത്തില്ല എന്ന് ഉദ്യോഗസ്ഥൻമാർ എന്നോട് പറഞ്ഞു. കടൽഭിത്തി കെട്ടാത്തതിനെക്കുറിച്ച് ഞങ്ങൾ അന്വേഷിച്ചതാണോ പ്രശ്നം. . ഫണ്ട് തരാൻ തയ്യാറാകണ്ടേ? അതുപോലെ കുടിവെള്ളത്തിന്റെ പ്രശ്നവുമുണ്ട്. ഞാൻ ആറാട്ടുപുഴയുടെ കാര്യം പറയുന്നത് അവിടെ വർക്ക് ചെയ്തതുകൊണ്ടും കേരളത്തിന്റെ പൊതു സ്ഥിതി എങ്ങനെ വരുമെന്ന് ബോധ്യപ്പെട്ടതുകൊണ്ടുമാണ് . അവിടെ കുടിവെള്ളത്തിനായി രണ്ടരക്കോടി രൂപയുടെ പ്രോജക്ട് കൊടുത്തിട്ട് ഒരു രൂപ പോലും അതിന് അനുവദിച്ചിട്ടില്ല. ആലപ്പുഴയ്ക്ക് അനുവദിച്ച കാശ് എവിടെയാണെന്ന് അറിയാമോ? 4 കോടി 39 ലക്ഷം രൂപ ഇന്നലെ ചേർത്തല താലൂക്കിന് അനുവദിച്ചിട്ടുണ്ട്. സുനാമി കയറിയടിച്ച ആലപ്പുഴയ്ക്കും ആറാട്ടുപുഴയ്ക്കും ഒരു പൈസയില്ല. പുനരധിവാസം നിങ്ങൾ എങ്ങിനെയാണ് എവിടെയാണ് കൊണ്ടുപോയിരിക്കുന്നതെന്നുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ജനതയ്ക്ക് ബോധ്യപ്പെടണം. മന്ത്രിമാരുടെ മണ്ഡലങ്ങളിലേക്ക് ഉത്തരവാദപ്പെട്ടവർ ഇറങ്ങുമ്പോൾ സുനാമി ഇളകിയടിച്ച പ്രദേശത്തെ പാവപ്പെട്ടവർ കൈ ഉയർത്തിനിൽക്കുകയാണ്. എവിടേയ്ക്കാണ് നിങ്ങളിത് കൊണ്ടുപോകുന്നത്? ഫണ്ടിന്റെ ഉപയോഗത്തെ സംബന്ധിച്ച് പാക്കേജ് പ്രഖ്യാപിക്കുമെന്നു പറഞ്ഞു. പാക്കേജിനെക്കുറിച്ച് ഒരക്ഷരം ഇന്നിവിടെ ചർച്ച ചെയ്തില്ല. ആറാട്ടുപുഴയ്ക്കും ആലപ്പുഴയ്ക്കും ആലപ്പാടിനും പാക്കേജ് പൊതിഞ്ഞുതരുമെന്നായിരിക്കും അതിന്റെ അർത്ഥം. അത് ഞങ്ങളോടൊക്കെ ചർച്ചചെയ്യുമെന്ന് ഞാൻ വിചാരിച്ചു. ആറാട്ടുപുഴയിൽ ജോസും ആലപ്പാട് ശ്രീമതി ലിഡാ ജേക്കബും പാക്കേജുണ്ടാക്കുമെന്ന് പറഞ്ഞു. അവർക്ക് പാക്കേജ് തയ്യാറാക്കാൻ കഴിയുന്ന രൂപത്തിൽ ഒരു മെമ്മോറാണ്ടം കൊടുത്തു. ശ്രീ. എ. എൻ. രാജൻ ബാബു ഭരണകക്ഷിയംഗമായതുകൊണ്ട് അദ്ദേഹത്തോട് സംസാരിച്ചുകാണും. ഞങ്ങളോട് ആരും സംസാരിച്ചില്ല. കുടിവെള്ളത്തിന്റെ സ്ഥിതിയും കടൽഭിത്തിയുടെ സ്ഥിതിയും ഇതാണ്. നിങ്ങൾ എങ്ങനെയാണ് ഈ ദുരിതാശ്വാസത്തെ മുന്നോട്ടു കൊണ്ടു പോകാൻ ശ്രമിക്കുന്നത്? പുനരധിവാസത്തിന്റെ തുക വകമാറ്റി ചെലവഴിക്കുമെന്ന് പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചപ്പോൾ ഇന്നത്തെ ചർച്ചയിലും അപഹസിച്ച ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി, നിങ്ങൾക്ക് കടപ്പുറത്തിന്റെ കണ്ണുനീർ അറിഞ്ഞുകൂടാ. ഒരു കാര്യം കടുപ്പിച്ചുതന്നെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവിടെ കുറെ പാവപ്പെട്ട മനുഷ്യരുണ്ട്. അവരുടെ ജീവിതമാണ് നിങ്ങളിട്ട് പന്താടുന്നത്. കേന്ദ്ര ഗവൺമെന്റ് അനുവദിച്ച 100 കോടി രൂപയുണ്ടല്ലോ. നിങ്ങളിവിടെ ഒരു വാചകം പറഞ്ഞു. ചിലപ്പോൾ അധികമാരും അത് ശ്രദ്ധിച്ചുകാണില്ല. ഞാൻ ശ്രദ്ധിച്ചു. എന്താണെന്നറിയാമോ? ആ 100 കോടി രൂപ ചിലവഴിക്കാൻ ഇവിടെയിനി Supplementary Demand പാസ്സാക്കണമെന്ന്. 100 കോടി രൂപ ഏതൊക്കെ ഹെഡിൽ ചെലവഴിക്കാനാണ് അനുവദിച്ചിരിക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയെ അറിയിക്കണമെന്ന് അങ്ങയോട് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. Supplementary Demand അംഗീകരിച്ചാൽ മാത്രമെ ഈ തുക വിനിയോഗിക്കാൻ പറ്റുകയുള്ളൂ എന്നാണ് പറയുന്നത്. അതിനു ചൂണ്ടുപലകയായ വാചകമാണ് നേരത്തെ പറഞ്ഞത്. സ്നേഹത്തോടുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു. എല്ലാത്തിനും കയ്യും മെയ്യും മറന്ന് സഹകരിച്ചവർ, തങ്ങളുടെ കയ്യിലുള്ളത് ഈ പ്രവർത്തനങ്ങൾക്കാകെ സംഭാവന ചെയ്തവർ ഇവിടെയുണ്ട്. ഈ പുനരധിവാസത്തിന്റെ പ്രയോജനം പാവപ്പെട്ടവരിലേയ്ക്കല്ല പോകുന്നത്. ഒരു കാര്യം ഞാനിവിടെ ഗൗരവത്തോടുകൂടി പറയുന്നു. കഴിഞ്ഞ സർവ്വകക്ഷി യോഗത്തിൽ ശ്രീ. എം. എം. ഹസ്സൻ ചൂണ്ടിക്കാണിച്ചതുപോലെ കടപ്പുറം കലാപത്തിന്റെ ഭൂമിയാക്കി മാറ്റാൻ ആരുടെയൊക്കെയോ കൈകളിലേയ്ക്ക് അറിയാതെ എത്തിപ്പെടാനുള്ള ശ്രമമാണ് ഇന്ന് ഗവൺമെന്റിന്റെ പ്രവർത്തനത്തിലുള്ളത്. ഗവൺമെന്റ് അത് ഗൗരവമായി കാണണം. രാഷ്ട്രീയ പ്രതിനിധികളേയും ജനപ്രതിനിധികളേയും വിശ്വാസത്തിലെടുക്കണം. റവന്യൂ വകുപ്പുമന്ത്രി കൈകാര്യം ചെയ്തതുകൊണ്ടുതന്നെ ഒരു കാര്യംകൂടി പറയുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥരെ ഉപയോഗിച്ചുകൊണ്ട് കടപ്പുറം കരാറുകാരന്റെ പറുദീസയാക്കാമെന്നാണ് ആഗ്രഹിക്കുന്നതെങ്കിൽ ആരും കടപ്പുറത്ത് കയറില്ല. കടപ്പുറത്തെ പാവപ്പെട്ടവന്റെ കണ്ണീരൊപ്പാൻ പുനരധിവാസമാണ് വേണ്ടത്. നിങ്ങൾ കരാറുകാരന്റെ പറുദീസയാക്കാൻ പദ്ധതിയുണ്ടാക്കുകയല്ലേ? ഇതിന്റെ ദിശയും ആ രൂപത്തിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. അനർഹരായ വ്യക്തികൾക്ക് ആർക്കും ഒരു രൂപയും കൊടുക്കണമെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല. ഇന്നത്തെ ഈ അവഗണന മാറണം. ഒരു കാര്യം കൂടി ഞാൻ പറയുന്നു, അവിടെ 6 മാസം മുൻപ് കടലിൽ പോയ, അച്ഛൻ മരിച്ച ഒരു കുട്ടിയുണ്ട്. ഇപ്പോൾ സുനാമി വന്നപ്പോൾ കടലിൽപ്പോയി മരിച്ചതിന്റെ ആശ്വാസ ധനത്തിന്റെ ചെക്ക് ഫിഷറീസ് വകുപ്പുമന്ത്രി കൊടുത്തു. അച്ഛൻ സോമൻ നേരത്തെ മരിച്ചു. കുട്ടികൾക്ക് തെണ്ടിപ്പെറുക്കി എന്തെങ്കിലും കൊടുത്തുകൊണ്ടിരുന്ന അമ്മ ശോഭന ഈ സുനാമിയിൽ മരിച്ചു. 11 വയസ്സും 9 വയസ്സുമുള്ള രണ്ടു പിഞ്ചുകുട്ടികളാണ്. ഒരു കാര്യം ഞാൻ സ്നേഹത്തോടുകൂടി അഭ്യർത്ഥിക്കുന്നു, കടപ്പുറത്തെ ദുരിതാശ്വാസ പ്രവർത്തനം ഇന്നത്തെ സ്ഥിതിയിൽ ഇട്ടെറിഞ്ഞുകൊടുക്കാതെ ഗവൺമെന്റ് ആദ്യഘട്ടത്തിൽ കാണിച്ച ആത്മാർത്ഥതയും താൽപ്പര്യവും തുടർന്നുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ പോരായ്മ പരിഹരിക്കാനും കാണിക്കണം. അതുപോലെതന്നെ പുനരധിവാസ പ്രവർത്തനത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന നിഷേധാത്മക സമീപനം മാറണം. ദുരിതാശ്വസ ഫണ്ട് വഴിമാറിപ്പോകുമെന്നുള്ളതിന്റെ സൂചനയുള്ളതുകൊണ്ട് പാവപ്പെട്ട കുഞ്ഞുങ്ങൾ ഉൾപ്പെടെയുള്ള അനാഥരുടെ കാര്യമാണെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, ഞങ്ങളുടെ പാർട്ടി പിരിച്ച ഫണ്ടിനെ സംബന്ധിച്ച് ശ്രീ. ഡി. സുഗതൻ ഇവിടെ സംസാരിക്കുകയുണ്ടായി. മിസ്റ്റർ സുഗതന് ഒരു സംശയവും വേണ്ട, ഞങ്ങളുടെ മുഖപത്രമായ ദേശാഭിമാനി വഴിയും കൊല്ലം ആലപ്പുഴ ജില്ലാ കമ്മിറ്റിവഴിയും ദുരിതാശ്വാസ പ്രവർത്തനത്തിലേർപ്പെടുകയും ഫണ്ട് കളക്ടു ചെയ്യുകയും ചെയ്തു. ഒരു നയാപൈസപോലും അന്യാധീനപ്പെടുത്തിയിട്ടില്ല. മുഖ്യമന്ത്രിയോടും റവന്യൂവകുപ്പുമന്ത്രിയോടും സംസാരിച്ചിട്ട് മറ്റു സംഘടനകളും പള്ളികളുമൊക്കെ ചെയ്യുന്നപോലെ വീട് വയ്ക്കണമോ അതോ പണം മുഴുവൻ സർക്കാരിനെ ഏൽപ്പിക്കണമോ എന്നുള്ളത് സംബന്ധിച്ച് ഞങ്ങൾ ചർച്ച ചെയ്തശേഷം തീരുമാനിക്കും. അപ്പോൾ ആ ഫണ്ട് എങ്ങനെ വിനിയോഗിച്ചുവെന്ന് മനസ്സിലാക്കാൻ കഴിയും. 3.00 p.m.]

റവന്യൂവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ വളരെ ശക്തമായ ഭാഷയിൽ ഒരു വലിയ പ്രസംഗം ഇവിടെ നടത്തി. അത് പ്രതിപക്ഷ സ്വരത്തിലാണ് നടത്തിയത്. പക്ഷെ ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞ പല കാര്യങ്ങളും അർദ്ധസത്യവും അടിസ്ഥാന രഹിതവുമാണ്. Supplimentary Demand-ൽ 100 കോടി രൂപ വരുമെന്നു പറഞ്ഞു, അത് ശരിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

Supplimentary Demand പാസ്സായെങ്കിലെ ആ 100 കോടി രൂപ സി. ആർ. എഫ്.-ലേയ്ക്ക് വരികയുള്ളൂ. പക്ഷെ ഇവിടെ പണത്തിന്റെ ബുദ്ധിമുട്ടുണ്ടെന്ന് ആരെങ്കിലും പറഞ്ഞോ? ഇവിടെ പണത്തിന്റെ ബുദ്ധിമുട്ടുകൊണ്ട് ഒരു പ്രവർത്തനവും നടത്താതെയില്ല. ദുരിതാശ്വാസ പ്രവർത്തനങ്ങളെ സംബന്ധിച്ച് യാതൊരു കാരണവശാലും വിഘ്നമുണ്ടാകില്ല. അതിന് എത്ര പണം വേണമെങ്കിലും ആവശ്യമുള്ളത് മുഴുവൻ ചെലവിടും. അതാണ് ഗവൺമെന്റിന്റെ നിലപാട്. അല്ലാതെ ഏതെങ്കിലുമൊരു കാര്യം പറഞ്ഞിട്ട് അതിൽ പിടിച്ചുകൊണ്ട് പറയുന്നത് ശരിയല്ല. കരാറുകാരുടെ ഭൂമിയാക്കി മാറ്റുമെന്നു പറഞ്ഞു. എന്തിനാണ് ഈ രീതിയിൽ സംസാരിക്കുന്നത്? ആര് കരാർ കൊടുക്കുന്നു? മുഴുവൻ വീടുകളും സ്വകാര്യ ഏജൻസികൾ അഡോപ്റ്റ് ചെയ്യുകാണ്; അവരെ ഏൽപ്പിക്കുകയാണ്. അവർക്ക് സ്വതന്ത്രമായി ചെയ്യാം. കേരളാ ഗവൺമെന്റിന്റെ പബ്ലിക് സെക്ടറായ ഹൗസിംഗ് ബോർഡ് തൽക്കാലത്തേയ്ക്ക് 300 ഷെൽറ്ററുകൾ പണിയുന്നു. അത് തൽക്കാലത്തേയ്ക്കുള്ള ഷെഡ്ഡ് ആണ്. ആ ഷെഡ്ഡിന് ടെണ്ടർ കൊടുത്തു എന്നതൊഴിച്ചാൽ ബാക്കി മുഴുവനും പെർമനന്റ് വീടുകളാണ്. അവ പണിയുന്നതിനൊന്നും കരാറുകാർ വരുന്നില്ല. വെറുതെ ഗവൺമെന്റിനെ താറടിക്കുന്നതിനുവേണ്ടി, തെറ്റിദ്ധാരണയുണ്ടാക്കുന്നതിനുവേണ്ടി ഓരോ പദപ്രയോഗം ഇവിടെ നടത്തുകയാണ്. ഇത് പൊതുവേദിയാണോ? പൊതുവേദിയിൽ രാഷ്ട്രീയ പ്രസംഗം നടത്തുന്നതുപോലെ ഈ ദുരിതാശ്വാസ പ്രവർത്തനത്തിൽ ഗവൺമെന്റ് ചെയ്ത നല്ലകാര്യങ്ങളെക്കുറിച്ച് പ്രസംഗിക്കണ്ടേ? ഞാൻ വളരെ സത്യസന്ധമായി പറയട്ടെ, കേരള ഗവൺമെന്റ് എത്രമാത്രം പ്രശസ്തമായ നിലയിലാണ് ഇത് കൈകാര്യം ചെയ്തത്? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടിയെ അഭിനന്ദിക്കുകയാണ്. എത്രമാത്രം പ്രശംസനീയമായ നിലയിലാണ് അദ്ദേഹം ഇതിനെല്ലാം നേതൃത്വം കൊടുത്തതെന്ന് ഞാൻ ഓർക്കുകയാണ്. എല്ലാം Co-ordinate ചെയ്ത് ഞങ്ങൾ ഒരു ടീം ആയി പ്രവർത്തിക്കുകയാണ്. ഓരോ സംഘടനയും പിരിച്ച പണം എവിടെയെന്ന് ശ്രീ. ടി. കെ. ദേവകുമാർ ചോദിച്ചു. ഞങ്ങൾ എങ്ങനെ അറിയാനാണ്? സി. പി. ഐ. (എം.) പിരിച്ച രൂപയുടെ കണക്ക് ഇപ്പോൾ നിങ്ങൾ പറഞ്ഞപ്പോൾ മാത്രമാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അപ്പോൾ ഇവിടെ വാദി പ്രതിയായിരിക്കുകയാണ്. സംഘടനകൾ പിരിച്ച കണക്ക് എവിടെയെന്നാണ് ചോദിക്കുന്നത്. നിങ്ങൾ പിരിച്ച ഫണ്ടിൻമേൽ ഞങ്ങൾക്ക് നിയന്ത്രണമൊന്നുമില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ്? ഒരു നിയമം ഇവിടെ വരുന്നുണ്ട്. ആ നിയമത്തിൽ പ്രത്യേക വ്യവസ്ഥയുണ്ടാകും. മുഖ്യമന്ത്രി നാച്ചറൽ കലാമിറ്റിക്ക് ഇരയായവരുടെ പുനരധിവാസത്തിനുവേണ്ടി ഫണ്ട് അനൗൺസ് ചെയ്തുകഴിഞ്ഞാൽ, പിന്നീട് ഗവൺമെന്റിന്റെ അനുവാദമില്ലാതെ പണം പിരിച്ചാൽ തെറ്റാണെന്നും കണക്കുതന്നില്ലെങ്കിൽ ശിക്ഷാർഹമാണെന്നുമുള്ള ഒരു നിയമം കൊണ്ടുവരാൻ പോകുകയാണ്. ആ നിയമം വരട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

എനിക്ക് സന്തോഷമുണ്ട്. നിങ്ങൾ പിരിച്ച പണം ഇങ്ങോട്ടു തരണമോ അതോ വേറെ എന്തിനെങ്കിലും വിനിയോഗിക്കണമോ എന്നുള്ള കാര്യം ആലോചിക്കാൻ പോവുകയാണെന്നു പറഞ്ഞപ്പോൾ ചിലപ്പോൾ ഇങ്ങോട്ടു കിട്ടിയേക്കുമെന്നുള്ള സൂചനയുള്ളതുകൊണ്ട് എനിക്കു പ്രത്യാശയുണ്ട്. ഞാൻ കുറ്റപ്പെടുത്തുന്നതല്ല. നിങ്ങൾ പറയുന്നതിനൊക്കെ ഞങ്ങൾ മറുപടി പറഞ്ഞാൽ അത് രാഷ്ട്രീയമാകും. മാർക്സിസ്റ്റു കമ്മ്യൂണിസ്റ്റു പാർട്ടി പല നല്ല കാര്യങ്ങളും ചെയ്തിട്ടുണ്ട്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ബഹുമാനപ്പെട്ട കെ. എം. മാണി, അപ്പുറത്തു നിന്നും നിങ്ങളുടെ രണ്ടുമൂന്നു ആളുകൾ ഇതേക്കുറിച്ചു പറഞ്ഞപ്പോൾ മിണ്ടാതിരുന്നതെന്താണ്; ശ്രീ. ടി. കെ. ദേവകുമാർ സംസാരിച്ചപ്പോൾ നിങ്ങൾക്കു നാക്കിനു നീളം വന്നല്ലോ?

ശ്രീ. കെ. എം. മാണി: എന്റെ നാക്കിറങ്ങിയിട്ടില്ല. ശ്രീ. ടി. കെ. ദേവകുമാർ ചോദിച്ചല്ലോ, ആലപ്പുഴ ജില്ലയിൽ ഷെൽറ്റർ പൂർത്തിയായി, റവന്യൂ വകുപ്പുമന്ത്രി പറഞ്ഞു, അവിടെ താമസിക്കാൻ ആളില്ലെന്ന്. ഞാൻ പറഞ്ഞത്, ആലപ്പുഴ ജില്ലയിലെ ഷെൽറ്റർ മുഴുവൻ താമസത്തിന് സജ്ജമാക്കിയിരിക്കുന്നുവെന്നാണ്. ആലപ്പുഴയിൽ വീടുകൾ സജ്ജമാക്കിയിട്ടു ഷെൽറ്ററിൽ താമസിക്കുന്ന ആളുകൾ ഇങ്ങോട്ടു വരണം, ഇവിടെ താമസിക്കണമെന്ന് ആവർത്തിച്ചാവർത്തിച്ച് ജില്ലാ കളക്ടറും റവന്യൂ ഉദ്യോഗസ്ഥരും മന്ത്രിമാരും പറഞ്ഞിട്ടും ഷെൽറ്ററിൽനിന്നും ആരും ഇങ്ങോട്ടുവരാൻ തയ്യാറായില്ല. പുതിയ പുതിയ ഡിമാന്റുകളുമായി അവർ നിൽക്കുകയാണ്. ഞങ്ങൾക്ക് മുമ്പത്തെപ്പോലെയുള്ള വീടുകൾ വേണം. മൂന്നുലക്ഷം രൂപയുടെ വീടുകൾ കിട്ടിയില്ലെങ്കിൽ ഞങ്ങൾ താമസിക്കില്ല. നിങ്ങൾ ആ ഷെൽറ്ററിലേക്കു പോകണം എന്ന് അവരോടു പറയണം. അവർക്ക് നല്ല ഉപദേശങ്ങൾ കൊടുത്തുകൊണ്ടും അവരെ നല്ല രീതിയിൽ നയിച്ചുകൊണ്ടും ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് സഹായം നൽകിക്കൊണ്ടും ഈ ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിജയിപ്പിക്കാനും ഞങ്ങളോടു സഹകരിക്കുവാനുമുള്ള ഉത്തരവാദിത്വം എല്ലാവർക്കുമുണ്ട്. അതു ചെയ്യാതെ ഇവിടെ വന്ന് അവിടെ ഒരാൾപോലും താമസിച്ചില്ല എന്നൊക്കെയാണോ പറയേണ്ടത്? പോർവിളികൾ നടത്താൻ ഒരു പ്രയാസവുമില്ല. ശ്രീ. ടി. കെ. ദേവകുമാർ, താങ്കൾ ഇങ്ങനെയൊക്കെ പറയുന്നതിൽ യാതൊരു അർത്ഥവുമില്ല എന്നാണ് എനിക്ക് നിങ്ങളോടു പറയാനുള്ളത്. എല്ലാറ്റിനും കുറച്ച് സാവകാശം വേണം. ബഹുമാനപ്പെട്ട ടി. എൻ. പ്രതാപൻ പറഞ്ഞതുപോലെ 2-ാം ഘട്ടത്തിനു കുറച്ചു സമയമെടുക്കും. ദോശ ചുടുന്നതുപോലെ വീടുകെട്ടാൻ പറ്റുമോ? സ്വകാര്യ ഏജൻസിയുടെ സ്പീഡിൽ ഗവൺമെന്റിനു പോകാൻ പറ്റുമോ? മാതാ അമൃതാനന്ദമയിക്കു വേണമെങ്കിൽ നാളെ 100 വീടുകൾ പണിയാം. ഒറ്റ ഓർഡർ കൊടുത്താൽ മതി. ഹൗസിംഗ് ബോർഡിന് അങ്ങനെ ചെയ്യാൻ പറ്റുമോ? നമുക്കു ചില നിബന്ധനകളുണ്ട്. സ്വകാര്യ ഏജൻസികൾക്ക് ആരേയും ബോദ്ധ്യപ്പെടുത്തേണ്ട കാര്യമില്ല. അവർക്ക് ഉടനെ പണിയാം. ഗവൺമെന്റിനു പണിയണമെങ്കിൽ ടെൻഡർ കൊടുക്കണം. ടെൻഡർ കൊടുക്കാതെ ഇതു പണിതാൽ ശ്രീ. ടി. കെ. ദേവകുമാറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പ്രസംഗം എന്താകുമായിരുന്നു? ആറുകോടി രൂപയുടെ താൽക്കാലിക ഷെഡ്ഡ് പണിയണമെങ്കിൽ ടെൻഡർ കൊടുക്കേണ്ടേ? ടെൻഡർ കൊടുക്കാതെ ഇതു പണിയാൻ പറ്റുമോ? ടെൻഡർ കൊടുക്കണമെങ്കിൽ 20 ദിവസമെങ്കിലും വേണം. അതു വെട്ടിക്കുറച്ച് അവസാനം ഏഴു ദിവസമാക്കി. ഗവൺമെന്റിന് ചില നടപടി ക്രമങ്ങളും ചട്ടങ്ങളുമുണ്ട്. അതിനകത്തു നിന്നുകൊണ്ടുമാത്രമേ കെട്ടിടങ്ങൾ പണിയാൻ പറ്റൂ. അതൊന്നും മനസ്സിലാക്കാതെ എടുകുടുക്കേ ചോറും കറിയും എന്നൊക്കെ ചോദിച്ചാൽ എങ്ങനെയാണ്? പ്രസംഗം നല്ലതാണ്. പക്ഷെ ഇന്നത്തെ ചർച്ചയ്ക്ക് ഉപകരിക്കുന്നതല്ല ഈ പ്രസംഗമെന്ന് വിനീതമായി ഞാൻ പറയുകയാണ്. ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രൻ ജനകീയ കമ്മിറ്റികളെപ്പറ്റി പറഞ്ഞു. സംസ്ഥാന തലത്തിൽ ഒരു ജനകീയ കമ്മിറ്റിയുണ്ട്. എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ ആ ജനകീയ കമ്മിറ്റിയിൽ നയപരമായി നമുക്കു ചർച്ച ചെയ്യാം.രണ്ടാമത് ഒരു അഷ്വറൻസ് കൊടുത്തതിനെ സംബന്ധിച്ച് പറഞ്ഞു. ഒരു ജില്ലയെ സംബന്ധിച്ചിടത്തോളം അവിടെയുണ്ടാകുന്ന പ്രവർത്തനങ്ങൾ ക്രോഡീകരിച്ചുകൊണ്ട് ജനപ്രതിനിധികളുടെ യോഗം വിളിച്ച് പീരിയോഡിക്കലായി അത് മോണിറ്റർ ചെയ്യണമെന്നുള്ള ഇൻസ്ട്രക്ഷൻ ജില്ലാ കളക്ടർമാർക്ക് കൊടുത്തിട്ടുണ്ട്. എം. എൽ. എ. മാരേയും എം. പി. മാരേയും വിളിച്ച് അത് മോണിറ്റർ ചെയ്യാം, സംസാരിക്കാം. അതല്ലാതെ ഒരു വലിയ ജനകീയ കമ്മിറ്റി കോൺസ്റ്റിറ്റ്യൂട്ട് ചെയ്തുകൊണ്ട് ആ ജനകീയ കമ്മിറ്റികൾ പ്രവർത്തനങ്ങൾക്ക് തടസ്സമാകരുത്. മോണിറ്ററിംഗ് വേണം. ജനപ്രതിനിധികൾക്ക് അവിടെ സ്വരം വേണം. അവിടെ അവരുടെ ശബ്ദം കേൾക്കണം. അഭിപ്രായം കേൾക്കണം. അതിനു ജില്ലാ കളക്ടർമാർ ബാദ്ധ്യസ്ഥരാണ്. അതിനുള്ള നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. അതുകൊണ്ട് ഒരു ഭയപ്പാടും ഈ കാര്യത്തെ സംബന്ധിച്ച് വേണ്ട. അതൊക്കെ സുതാര്യമായിട്ടുമാത്രമേ പ്രവർത്തിക്കൂ. അംഗങ്ങളുടെ എല്ലാവരുടേയും സഹകരണം ഞങ്ങൾക്കാവശ്യമാണ്. അതുകൊണ്ടാണ് ഞങ്ങൾ ആൾ പാർട്ടി കമ്മിറ്റി വച്ചത്. പ്രതിപക്ഷം ഞങ്ങൾക്ക് സഹകരണം നൽകിയിട്ടുണ്ട്. അതിന്റെ സ്പിരിറ്റ് ഞങ്ങൾ ഉൾക്കൊള്ളുന്നു.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുപോലെ സംസ്ഥാന തലത്തിൽ ഒരു കമ്മിറ്റി ഉണ്ടാക്കിയിട്ടുണ്ട്. ആ കമ്മിറ്റിയുമായി ഞങ്ങൾ പൂർണ്ണമായും സഹകരിച്ചു പ്രവർത്തിക്കുന്നുണ്ട്. പക്ഷേ പ്രവർത്തനങ്ങൾ മുഴുവൻ നടക്കുന്നത് ഓരോ പ്രദേശത്താണ്. അതിന് സർക്കാരിന്റെ പണം മാത്രമല്ല വിവിധ സന്നദ്ധ സംഘടനകളെല്ലാം പണം അതിനുവേണ്ടി ചെലവഴിക്കുന്നുണ്ട്. അതിനെ ഒന്നു ക്രോഡീകരിച്ചുകൊണ്ട് പ്രവർത്തനം നടത്തുന്നതിനുവേണ്ടി, അതാതു പ്രദേശത്തെ ജനപ്രതിനിധികളും രാഷ്ട്രീയ പാർട്ടികളും ചേർന്നൊരു കമ്മിറ്റി ഉണ്ടാക്കിയാൽ എന്ത് തകരാറാണ് സംഭവിക്കാൻ പോകുന്നത്? അത് ഇതിന്റെ പ്രവർത്തനത്തിന് കുറെക്കൂടി സഹായകരമാകില്ലേ? അത്തരത്തിലുള്ള ഒരു പ്രദമയം പാസ്സാക്കി പ്രവർത്തിക്കുന്നതല്ലേ നല്ലത്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: സംസ്ഥാന കമ്മിറ്റികൾ നയപരമായ കാര്യങ്ങൾക്കു വേണ്ടിയുള്ളതാണ്. ഇംപ്ലിമെന്റേഷൻ പാർട്ടിനെ സംബന്ധിച്ച് നമ്മൾ ഇവിടെ ഇന്റർഫിയർ ചെയ്യേണ്ട. ഇംപ്ലീമെന്റേഷൻ എന്നു പറയുന്നത് ഗവൺമെന്റിന്റേതാണെങ്കിൽ ഉദ്യോഗസ്ഥൻമാരിൽ റെസ്പോൺസിബിലിറ്റി ഫിക്സ് ചെയ്യണം ഇംപ്ലിമെന്റേഷന്റെ ചുമതല അവർക്കാണ്. വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ സെൻഷർ ചെയ്യണം, പരിശോധിക്കണം തക്കതായ ശിക്ഷയും നൽകണം. ആ ഇംപ്ലിമെന്റേഷൻ പാർട്ട് ഏറ്റെടുക്കാൻ ഒരു ജനകീയ കമ്മിറ്റിക്കും കഴിയില്ല. തന്നെയുമല്ല വോളന്ററി ഏജൻസിയാണെങ്കിൽ അവർക്ക് അവരുടേതായ സംവിധാനമുണ്ടാകണം. അതുകൊണ്ട് നമുക്കാവശ്യമായിട്ടുള്ളത് ഓരോ സന്ദർഭത്തിലും പരിശോധന നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ, നയങ്ങൾ രൂപീകരിക്കുകയും ചെയ്യുക എന്നതാണ്. നമുക്ക് അതിനെപ്പറ്റി കൂടുതലായി ആലോചിക്കാം. അതുകൊണ്ട് ഇപ്പോൾ അതിന് Yes or No എന്നു പറയേണ്ട. നിങ്ങളുടെ സ്പിരിറ്റ് ഞാൻ മനസ്സിലാക്കുന്നു. അതിനെ ബഹുമാനിക്കുന്നു. തീർച്ചയായും ഇതിനൊരു മോണിറ്ററിംഗ് ആവശ്യമാണ്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: നിങ്ങൾ ധരിച്ചിരിക്കുന്നതുപോലെ മോണിറ്ററിംഗ് മാത്രം പോര. ഇപ്പോൾ അമിതമായി പണം ആവശ്യപ്പെടുന്നു എന്നു പറഞ്ഞാൽ അമിതമല്ല, ന്യായമാണ്, അല്ലെങ്കിൽ അമിതമായി നിങ്ങൾ ആവശ്യപ്പെടുന്നതു ശരിയല്ലെന്ന് എല്ലാവരും കൂടി പറഞ്ഞാൽ, അമിതമായി ചെയ്യുന്നവരെ തന്നെ നിയന്ത്രിക്കാൻ കഴിയുമല്ലോ? ജനകീയ കമ്മിറ്റിയെ നിങ്ങൾ എന്തിനാണ് ഭയപ്പെടുന്നത്. മുകളിൽ ഒരു കമ്മിറ്റിയുള്ളതു നല്ലതു തന്നെ. അതുപോലെ ഈ പ്രദേശത്തും ഒരു കമ്മിറ്റി വരട്ടെ. അനർഹമായി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഈ ഗവൺമെന്റിൽ നിന്നോ മറ്റു ദുരിതാശ്വാസ സഹായങ്ങൾ കൊടുക്കുന്നവരിൽ നിന്നോ പണം പിടുങ്ങാനുള്ള മനോഭാവത്തോടുകൂടി നടക്കുന്ന വിദ്വാന്മാർ എല്ലാ രാഷ്ട്രീയ പാർട്ടികളിലും ഉണ്ടെന്നു വിശ്വസിക്കുന്നവരാണ് ഞങ്ങൾ. ജനകീയ കമ്മിറ്റി വന്നു കഴിഞ്ഞാൽ, അത്തരക്കാരുടെ അമിത ഡിമാന്റ് നിയന്ത്രിക്കാൻ ഈ ജനകീയ കമ്മിറ്റിക്കു കഴിയും. ജനകീയ കമ്മിറ്റി എന്നുള്ളത് വേണ്ട, ഇതെല്ലാം മോണിറ്റർ ചെയ്താൽ മതി എന്നു പറയുന്നതിന്റെ ഭാഷ മനസ്സിലാകുന്നില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ: 4-ാം തീയതി മുൻ മുഖ്യമന്ത്രിമാരും മുതിർന്ന മറ്റു നേതാക്കന്മാരുമൊക്കെ പങ്കെടുത്ത യോഗത്തിൽ, കമ്മിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ഉരുത്തിരിഞ്ഞ പൊതു തീരുമാനം, അന്ന് മുഖ്യമന്ത്രി ഞങ്ങൾക്ക് അഷ്വറൻസ് തന്നതല്ലേ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കമ്മിറ്റി രൂപീകരിക്കാമെന്നല്ലേ?

ശ്രീ. കെ. എം. മാണി: ബഹുമാന്യനായ മുഖ്യമന്ത്രിക്കും ഫിഷറീസ് വകുപ്പു മന്ത്രിക്കും സംസാരിക്കാനുണ്ട്. അതിന് ഞാൻ തടസ്സമാകുന്നില്ല. ഏതായാലും ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്. ഒരു കാര്യം എനിക്ക് പറയാനുള്ളത് ഇംപ്ലിമെന്റേഷന്റെ ഓരോ ഘട്ടത്തിലും തടസ്സം ഉണ്ടാക്കേണ്ട കാര്യമില്ല. ഇപ്പോൾ ആർക്കും ഒരു ഭയവുമില്ല. ജനകീയ കമ്മിറ്റി എന്ന് പറഞ്ഞ് ഒരു ബോഡി ഉണ്ടാക്കി,

നമുക്ക് ഒരുമിച്ച് കൂട്ടായി എം.പി.-മാരേയും എം.എൽ.എ.-മാരേയും ജില്ലാ കളക്ടർമാരേയും വിളിച്ചു കൂട്ടിയാൽ വല്ല തെറ്റുമുണ്ടോ? ആറാട്ടുപുഴ പഞ്ചായത്തിൽ നിങ്ങൾ എല്ലാപേരും പോകണമെന്ന് പറയാൻ കമ്മിറ്റി ഇല്ലാതിരുന്നതാണോ കുഴപ്പം? അതിന് രാഷ്ട്രീയ കക്ഷികളില്ലേ? രാഷ്ട്രീയ കക്ഷികൾക്ക് നേതാക്കൻമാരില്ലേ? കമ്മിറ്റി ഇല്ലാത്തതുകൊണ്ടാണ് ഉപദേശം കൊടുക്കാൻ ബുദ്ധിമുട്ടുണ്ടായത് എന്ന് പറയുന്നതിൽ കാര്യമില്ല. നമുക്ക് എല്ലാ കാര്യങ്ങളും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് പോകാം. അതുകൊണ്ട് കുഴപ്പമൊന്നുമില്ല. ഞങ്ങളുടെ മനസ്സിലുള്ളത് ഒരു വലിയ കോൺസ്റ്റിറ്റ്യൂഷണൽ ജനകീയ കമ്മിറ്റി ഉണ്ടാക്കുക എന്നുള്ളതാണ്. ഇംപ്ലിമെന്റേഷന് തടസ്സം ഉണ്ടാകാൻ പാടില്ല. ഇംപ്ലിമെന്റേഷൻ വേഗത്തിൽ നടക്കണം. പലരും പല അഭിപ്രായം പറഞ്ഞാൽ ഒരു കാര്യവും നടക്കുകയില്ല. ഇംപ്ലിമെന്റേഷന്റെ കാര്യത്തിൽ വളരെ വേഗത്തിൽ നടക്കണമെന്ന ആഗ്രഹമുള്ളതുകൊണ്ടാണ് ഞാൻ ഈ കാര്യങ്ങൾ പറഞ്ഞത്. ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞു മാതാ അമൃതാനന്ദമയിക്ക് 50 വീടുകളാണ് കൊടുത്തതെന്ന്. ഉണ്ടായ സംഭവം എന്താണ്? ഇന്ത്യൻ പ്രസിഡന്റ് 26-ാം തീയതി വരുന്നു. മാതാ അമൃതാനന്ദമയി 50 വീടുകൾ തീർക്കാമെന്ന് പറഞ്ഞു. അപ്പോൾ 50 വീടുകൾക്കുള്ള നടപടികൾ നീങ്ങി. ഇപ്പോൾ മാതാ അമൃതാനന്ദമയിക്ക് 1300 വീടുകൾ ഗവൺമെന്റ് കൊടുക്കുകയാണ്. ഗവൺമെന്റിന്റെ ഉദ്ദേശശുദ്ധിയെ ഒരിക്കലും സംശയിക്കാൻ പാടില്ല. ഇങ്ങനെയുള്ള കാര്യങ്ങൾ സംസാരിക്കുന്നത് വളരെ തെറ്റാണ്. ഞങ്ങൾ മാതാ അമൃതാനന്ദമയിയെ ബഹുമാനിക്കുന്നു. ആദരിക്കുന്നു. അവർ ചെയ്ത സാമൂഹ്യസേവനം വളരെ വലുതാണ്. അതുകൊണ്ടാണ് ഞങ്ങൾ മേജർ കാര്യങ്ങൾ മാതാ അമൃതാനന്ദമയിയെ ഏൽപ്പിക്കുന്നത്. ഈ രംഗത്തേയ്ക്ക് കേരളത്തിലെ പ്രശസ്തരായ സാമൂഹ്യസംഘടനകൾ, സാംസ്കാരിക സംഘടനകൾ എല്ലാപേരും വന്നിട്ടുണ്ട്. എല്ലാപേരുടേയും സഹകരണം ആവശ്യമായതുകൊണ്ടാണ് ഇകിറ്റബിളായിട്ടുള്ള മറ്റ് കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അത് ഡിവൈഡ് ചെയ്ത് കൊടുത്തത്. ഇന്നലേയും ശ്രീ. ടി. കെ. ദേവകുമാർ തെറ്റിച്ചു പറഞ്ഞു. അതൊക്കെ 31-ാം തീയതിയിലെ മദ്രാസിലെ ആൾ പാർട്ടി കോൺഫറൻസിൽ വളരെ വ്യക്തമായി ഞാൻ പറഞ്ഞതാണ്. മദ്രാസിലെ ആളുകൾ വരും. അവർ വന്നു കഴിഞ്ഞാൽ അവരുമായി ചർച്ച ചെയ്ത് ഡിസൈൻ പൂർത്തിയാക്കി നടപടികൾ ഓരോന്നായി എടുക്കും. അത് കഴിഞ്ഞ് വോളന്ററി ഏജൻസി ഫസ്റ്റ് വീക്കിൽ വീടുകൾ തീർക്കുമെന്ന് പറഞ്ഞു. ആ നിലയ്ക്ക് വോളന്ററി ഏജൻസി ഓഫീസർ വന്നു, ഞങ്ങൾ പരിശോധിച്ചു. ഇന്നലെ രാത്രി ഞങ്ങൾ അതിന് ഒരു രൂപം ഉണ്ടാക്കി. ഇന്ന് അത് നിയമസഭയിൽ പറയുന്നതാണ്. ഇപ്പോൾ എത്ര കൺസിസ്റ്റന്റായിട്ട് ഈ ഗവൺമെന്റ് പോകുന്നു. പറഞ്ഞ ഷെഡ്യൂൾ പാലിച്ചുകൊണ്ട് സുതാര്യമായ പ്രവർത്തനങ്ങൾ നടത്തും. ഇത്രമാത്രം ശ്രമകരമായ ഒരു കാര്യം രാത്യകാപരമായി സാഹചര്യമനുസരിച്ചു പ്രവർത്തിച്ച ഒരു ഗവൺമെന്റ് എന്നുള്ള നിലയ്ക്ക് ഞങ്ങൾക്ക് അതിൽ സംതൃപ്തിയുണ്ട് എന്ന് എനിക്ക് പറയാം. നിങ്ങളുടെ ഉദ്ദേശശുദ്ധിയെ ഞങ്ങൾ മനസ്സിലാക്കുന്നു. നിങ്ങൾ പറയുന്ന നല്ല കാര്യങ്ങൾ ഞങ്ങൾ ശ്രദ്ധിക്കാം. പോരായ്മകൾ ഉണ്ടെങ്കിൽ ചൂണ്ടികാണിക്കാം. ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞു,

LIBRARY ARCHIVES Kerala Legislative Assembly

രണ്ട് കാലും ഒടിഞ്ഞ ഓരാൾക്ക് സഹായം കൊടുത്തില്ല എന്ന്. ശ്രീ. ടി. കെ. ദേവകുമാറും ഞാനും ഇരുപത് പ്രാവശ്യം കണ്ടിട്ടുള്ളതാണ്. അപ്പോൾ അത് പറയാൻ പാടില്ലായിരുന്നോ? ഇന്നാണോ ഇക്കാര്യം പറയുന്നത്? പോരായ്മകൾ ഉണ്ടെങ്കിൽ ആരായാലും തീർച്ചയായും ചൂണ്ടിക്കാണിക്കണം. നമുക്ക് ഇതിനൊക്കെ പരിഹാരം ഉണ്ടാക്കണം. ആ നിലയ്ക്ക് നമുക്ക് സഹകരിച്ച് മുന്നോട്ടു നീങ്ങി ഈ ദുരിതാശ്വാസ പ്രവർത്തനങ്ങളെ വിജയത്തിൽ എത്തിക്കാം എന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, സുനാമി ദുരന്തം ഉണ്ടാക്കിയ വേദന പരിപൂർണ്ണമായും നമ്മുടെ തീരപ്രദേശത്ത് നിന്നും മാറാൻ വളരെയേറെ സമയമെടുക്കും. അത് മാറ്റുന്നതിനുള്ള നടപടികൾ വളരെ വേഗത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ചുരുങ്ങിയ സമയംകൊണ്ട് ചെയ്ത കാര്യങ്ങൾക്കും ഇനി ചെയ്യാനുള്ള കാര്യങ്ങൾക്കും എല്ലാപേരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു. ഇവിടെ പ്രത്യേകമായി ചെയ്ത കാര്യങ്ങളിലൊന്ന് സമ്പാദ്യ ആശ്വാസ പദ്ധതിയിലേയ്ക്ക് ഒരു മാസത്തെ പണം 87.27 ലക്ഷം രൂപ ഗവൺമെന്റ് അടച്ചു എന്നതാണ്. അതുപോലെ തന്നെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് കൊടുക്കുന്നതിന് 6.27 കോടി രൂപ നൽകി. നടപടിക്രമം പൂർത്തിയായാൽ ഈയാഴ്ച തന്നെ അത് കൊടുക്കാൻ സാധിക്കും. രണ്ട് വർഷം മുമ്പ് ഇൻഷ്വറൻസ് ഇല്ലാതിരുന്ന കാലഘട്ടത്തിൽ മരണപ്പെട്ട 126 പേർക്ക് 1.29 കോടി രൂപയും ഗവൺമെന്റ് അനുവദിച്ചു. അതും കൊടുത്തു തുടങ്ങിയിട്ടുണ്ട്. അതുപോലെ തന്നെ വാർദ്ധക്യകാല, വിധവാ പെൻഷൻ 3.86 കോടി രൂപ കൊടുത്തുകൊണ്ടിരിക്കുകയാണ്. അതൊക്കെ സുനാമിക്ക് ശേഷം അനുവദിച്ച പണമാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഒരു സ്കീം ഉണ്ട്. ഈ ക്ഷേമനിധി ബോർഡിൽ അംഗമായിട്ടുള്ളവരിൽ മരിച്ചത് 10 പേരാണ്. ആ 10 പേരുടെ കുടുംബങ്ങൾക്കും ഓരോ ലക്ഷം രൂപ വീതം കൊടുത്തുകഴിഞ്ഞു. പരിക്കേറ്റ 97 പേർ ഉണ്ടായിരുന്നു. അവർക്കുവേണ്ടി രണ്ടായിരം രൂപ വീതം 1,94,000 രൂപ വിതരണം ചെയ്തു കഴിഞ്ഞു. മരിച്ചവരുടെ ആശ്രിതർക്കുള്ള 38 പേർക്ക് 27,800 രൂപ കൊടുത്തു. മത്സ്യ ഫെഡിന് 13.85 കോടി രൂപ അലോട്ട് ചെയ്തു. 78 ഗ്രൂപ്പുകൾക്കുവേണ്ടി 1121 പേർക്കുള്ള വല, വഞ്ചി തുടങ്ങിയവയ്ക്ക് 34.69 ലക്ഷം രൂപ കൊടുത്തു കഴഞ്ഞു. എന്ന് മാത്രമല്ല, ബഹുമാനപ്പെട്ട ടി. കെ. ദേവകുമാർ ഇവിടെ ജനകീയ കമ്മിറ്റിയുടെ കാര്യം പറഞ്ഞു. ആറാട്ടുപുഴ പഞ്ചായത്തിലും ആലപ്പാട്ട് പഞ്ചായത്തിലും അതുപോലെ എറണാകുളം ജില്ലയിലെ വിവിധ പഞ്ചായത്തുകളിലും ഇപ്പോൾ തന്നെ രാഷ്ട്രീയ പാർട്ടികളുടേയും സമുദായ സംഘടനകളുടേയും കമ്മിറ്റി കൂടി കാര്യങ്ങൾ ഫിക്സ് ചെയ്തുകൊണ്ടിരിക്കുകയാണ്. 15 കോടി രൂപയുടെ സ്പെഷ്യൽ അസിസ്റ്റൻസിക്ക് നടപടി എടുത്തു കഴിഞ്ഞു. ചൈനീസ് നെറ്റ്സ്, സ്റ്റേറ്റ് നെറ്റ്സ് ഇതിനെല്ലാം കൂടി 20 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കുടങ്ങൾ, കല്ലുമ്മേൽകായ, ഉണക്കമീൻ ഇതെല്ലാംകൂടി 92 ലക്ഷം രൂപയുടെ നഷ്ടം കണക്കെടുത്തു. ഹാച്ചറീസിന് 1,69,00,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കണ്ണൂർ തുടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ ജില്ലകളിലും നഷ്ടം ഉണ്ടായിട്ടുണ്ട്. മെക്കനൈസ്ഡ് ബോട്ടിന് തൊണ്ണൂറ് ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് മാത്രമല്ല ഗവൺമെന്റ് മറ്റു ചില കാര്യങ്ങൾകൂടി ചെയ്യാൻ ആഗ്രഹിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ടത് അവരുടെ കടത്തിന്റെ പ്രശ്നമാണ്. സുനാമിക്കുശേഷം മത്സ്യഫെഡിന് കൊടുത്തത് 13.9 കോടി രൂപയാണ്. എഞ്ചിൻ, വല, വഞ്ചി ഇവയ്ക്കൊക്കെയായി കിട്ടാനുള്ളത് 7.66 കോടി രൂപയാണ്. ഇനി അത് അവരിൽ നിന്നും തിരിച്ചു കിട്ടാത്ത സാഹചര്യമാണുള്ളത്. ആ കടം വരുന്ന ഫണ്ടിൽപ്പെടുത്തി എഴുതി തള്ളണമെന്ന് ഡിപ്പാർട്ടുമെന്റ് ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇവിടെ മാത്രമല്ല മറ്റു ജില്ലകളിലും ഈ പ്രശ്നം ഉണ്ട്. അതു പോലെ വീടിനുവേണ്ടി ബാങ്കുകളിൽ നിന്നും കടമെടുത്തിട്ടുണ്ട്. ഹൗസിംഗ് ബോർഡിൽ ആധാരം ഇരിപ്പുണ്ട്. അങ്ങനെയുള്ളവരുടെ കണക്ക് കൊടുത്തുകൊണ്ടിരിക്കുകയാണ്. ആ കടം ബാങ്കുകളിലുള്ള ബാദ്ധ്യതകളിൽ നിന്നും അവരെ മോചിപ്പിക്കണം എന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിനുള്ള നടപടികളുമായി ഗവൺമെന്റ് മുന്നോട്ടു പോകുകയാണ്. അതുപോലെ തന്നെ വീടിന്റെ കാര്യം ഇപ്പോൾ 40,000 രൂപ വീതം 2500 പേർക്കു കൂടി കൊടുക്കാൻ തീരുമാനിച്ചിരിക്കുകയാണ്. റിപ്പയറിനുവേണ്ടി 20,000 രൂപ, കക്കൂസുണ്ടാക്കാൻ 4,000 രൂപ എന്നിവയ്ക്ക് 15 കോടി രൂപയുടെ സ്പെഷ്യൽ അസിസ്റ്റന്റ്സിന് നടപടി എടുത്തു കഴിഞ്ഞു. അതു പോലെ തന്നെ ഒരു മാസത്തെ സൗജന്യ റേഷൻ കൊടുത്തു. അത് ഒരു മാസം കൂടി നീട്ടുന്നു. അതുപോലെ തന്നെ കടങ്ങളുടെ കാര്യത്തിൽ പൊതുവായ ഒരു സമീപനം എടുക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ കടമെടുത്ത പലരും ഇത് അർഹിക്കുന്നില്ല. അപ്പോൾ അർഹിക്കുന്നവർക്ക് കടാശ്വാസം കൊടുക്കുന്നതിനുവേണ്ടിയുള്ള ഗവൺമെന്റിന്റെ നീക്കത്തിൽ എല്ലാപേരുടേയും സഹകരണം ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ അവർക്ക് ലംപ്സംഗ്രാന്റ് കൊടുത്തു കഴിഞ്ഞിട്ടുണ്ട്. അതിനുവേണ്ടി ഫിഷറീസ് മേഖലയിലെ കുട്ടികളുടെ കണക്കെടുത്തുകൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ള കുട്ടികൾക്ക് സ്പെഷ്യൽ ട്യൂഷൻ കൊടുക്കുന്ന കാര്യം വരെ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അങ്ങനെ എല്ലാ വിധത്തിലും തീരപ്രദേശങ്ങളിലുള്ളവരുടെ ദുരിതം കുറച്ചുകൊണ്ട് അവരെ ഒരു പുതിയ ജീവിതത്തിലേയ്ക്ക് തിരിച്ചു കൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് കാര്യങ്ങൾ നടത്തുമ്പോൾ തീർച്ചയായും സഹകരിക്കണം. തീർച്ചയായും സഹകരണം ഉണ്ടായിട്ടുണ്ട്. ആവശ്യമില്ലാത്ത വിവാദങ്ങൾ ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ടി. പി. രാമകൃഷ്ണൻ:</u> മത്സ്യ സംസ്ക്കരണ രംഗത്ത് ജോലി ചെയ്യുന്ന ഒരുപാട് തൊഴിലാളികളുണ്ട്. അവർ തീരപ്രദേശത്ത് മാത്രം ജീവിക്കുന്നവരല്ല. ഈ ദുരന്തത്തിന്റെ ഭാഗമായി പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നവരാണ്. തീരപ്രദേശത്തെ മത്സ്യബന്ധന തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നതോടൊപ്പം തന്നെ അതുവഴി ജോലി ഇല്ലാതായി തീർന്നിട്ടുള്ള മത്സ്യസംസ്ക്കരണ രംഗത്തും വിപണന രംഗത്തുമുള്ള തൊഴിലാളികൾക്കുകൂടി ബാധകമാക്കത്തക്ക രീതിയിലുള്ള ഒരു നിലപാട് സ്വീകരിക്കണം. അവർ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങളാണ്. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അലൈഡ് വർക്കേഴ്സിന് ഒരു സ്കീം ഉണ്ട്. ആ സ്കീമിൽ അംഗങ്ങളായിട്ടുള്ളവരുടെ

LIBRARY ARCHIVES Kerala Legislative Assembly

പ്രശ്നങ്ങൾ ഇവിടെ മുമ്പും വന്നിട്ടുണ്ട്. പക്ഷെ എന്തുമാത്രം പണം നമുക്ക് ലഭിക്കും എന്ന് അറിഞ്ഞാലല്ലേ പറയാൻ പറ്റുകയുള്ളൂ. തീർച്ചയായിട്ടും ഇങ്ങനെയുള്ളവരുടെ പ്രശ്നംകൂടി കണക്കിലെടുക്കുന്നുണ്ട്. അക്കാര്യത്തിൽ സംശയമൊന്നുമില്ല. അതുകൂടി ഗവൺമെന്റ് കണക്കിലെടുത്തിട്ടുണ്ട്.

ശ്രീ. കെ. ബാബു: ജനങ്ങൾ മൽസ്യം വാങ്ങാത്തതിന്റെ ബുദ്ധിമുട്ട് മത്സ്യത്തൊഴിലാളികൾക്കുണ്ട്. ഉൾനാടൻ മൽസ്യത്തൊഴിലാളി മേഖലയിലും ഈ പ്രശ്നമുണ്ട്. അതുകൊണ്ട് സൗജന്യ റേഷൻ ഉൾനാടൻ മേഖലയ്ക്കു കൂടി കൊടുക്കണം. കാരണം ബഹുമാനപ്പെട്ട മന്ത്രിയുടെയും അതുപോലെ വൈക്കം, തൃപ്പൂണിത്തുറ ഒക്കെ ഉൾനാടൻ മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള പ്രദേശങ്ങളാണ്. അവിടത്തെ തൊഴിലാളികളും ഇപ്പോൾ ആളുകൾ മത്സ്യം വാങ്ങി കഴിക്കാത്തതുകൊണ്ട് വളരെയേറെ പ്രയാസത്തിലാണ്. ആ കാര്യം ഗവൺമെന്റ് പരിശോധിക്കണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: പല പ്രദേശങ്ങളിൽ നിന്നും ആവശ്യം വരുന്നുണ്ട്. തീർച്ചയായിട്ടും സുനാമിയുമായി ബന്ധപ്പെട്ട് തൊഴിൽരഹിതരായ അലൈഡ് വർക്കേഴ്സിനു കൂടി കൊടുക്കണമെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. ആ കാര്യം പരിശോധിക്കാനല്ലേ പറ്റുകയുള്ളൂ. പ്രധാനപ്പെട്ട പ്രശ്നം അർഹതയില്ലാത്ത ഒത്തിരി പേർ അപേക്ഷ കൊടുത്തിരിക്കുന്നു. ഗവൺമെന്റ് ആദ്യമായിട്ടാണ് മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടതിന്റെ പൈസ കൊടുക്കാൻ ആലോചിക്കുന്നത്. നിരവധി അപേക്ഷകൾ ഇന്നലെയും വന്നിരുന്നു. അതുകൊണ്ട് എനിക്ക് ഒരു അപേക്ഷയുള്ളത് ഇങ്ങനെയുള്ള കാര്യത്തിൽ ഒരു പൊതുവായ സമീപനം സ്വീകരിക്കാൻ കഴിഞ്ഞാൽ അനർഹരെ മാറ്റി നിർത്തി കൊടുക്കാൻ കഴിയും. ഇവിടെ കണ്ടൽക്കാടിന്റെ കാര്യം നേരത്തെ പറഞ്ഞല്ലോ, കണ്ടൽക്കാടിന് 35 ലക്ഷം രൂപയുടെ നഷ്ടമുണ്ടായി എന്ന് കണക്ക് കിട്ടിക്കഴിഞ്ഞു. ഇതുമായി ബന്ധപ്പെട്ട് കുറ്റിവല, ചീനവല, കണ്ടൽക്കാട്, ഉണക്കമത്സ്യം, കൂടം, ഹാച്ചറി, മത്സ്യബന്ധന ബോട്ടുകൾ, ഫാമുകൾ എന്തെല്ലാം ബന്ധമുണ്ടോ അതിന്റെയെല്ലാം കണക്കുകൾ എടുത്തുകഴിഞ്ഞു. ഇനി അവരെ എങ്ങനെ സഹായിക്കാൻ കഴിയും എന്നുള്ളതിനെ കുറിച്ചുള്ള ചർച്ചയാണ് നമുക്ക് വേണ്ടത്. അതിൽ എല്ലാവരുടേയും സഹകരണം ഉണ്ടാകണം. അവർക്ക് ഒരു പുതിയ ജീവിതമാർഗ്ഗം, വീട് ഇതൊക്കെ കൊടുക്കണം. ഇവിടെ ഫിഷറീസ് ഹാർബറിന് 23 കോടി രൂപ നാശനഷ്ടമുണ്ടായി. ഇപ്പോൾത്തന്നെ 13 കോടി രൂപ കേന്ദ്രത്തിൽ നിന്നും കിട്ടിക്കഴിഞ്ഞു. നമ്മൾ കേടുപാടുകൾ തീർക്കുന്ന ജോലി ആരംഭിക്കാൻ നടപടി എടുത്തുകഴിഞ്ഞു. അതുകൊണ്ട് കിട്ടാവുന്ന സഹായങ്ങളൊക്കെ ഏറ്റെടുത്തുകൊണ്ട് ഇത്രയും റീഹാബിലിറ്റേഷന്റെ സ്കീമുമായി മുന്നോട്ടു പോകുമ്പോൾ സഹകരണം ഉണ്ടാകണം. പക്ഷെ ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ഇക്കാര്യത്തിൽ വളരെ പ്രതിബദ്ധതയോടുകൂടിയാണ് പോകുന്നത്. അതുകൊണ്ട് ഒറ്റപ്പെടുത്തലിന്റെ ശബ്ദം ശരിയല്ല. റവന്യൂവകുപ്പു മന്ത്രിയുടെ നിർദ്ദേശം അനുസരിച്ചുകൊണ്ട് തന്നെയാണ് തീർച്ചയായിട്ടും എല്ലാ വകുപ്പുകളും മുന്നോട്ടു പോകുന്നത് എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കെ. സി. വേണുഗോപാൽ): സർ, ബഹുമാനപ്പെട്ട ഹരിപ്പാട് അംഗം സൂചിപ്പിച്ച ചില കാര്യങ്ങൾ ആറാട്ടുപുഴയിലെ പുനരധിവാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ്. അദ്ദേഹം എന്തുകൊണ്ടാണ് ഇത്തരം ഒരു പ്രകോപനപരമായ രീതിയിൽ പ്രസംഗിച്ചത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവിടത്തെ പുനരധിവാസ പ്രവർത്തനങ്ങൾ എല്ലാംതന്നെ അദ്ദേഹം കൂടി ഉൾക്കൊള്ളുന്ന കമ്മിറ്റി തീരുമാനപ്രകാരമാണ് നടക്കുന്നത്. ഈ പ്രശ്നബാധിത പ്രദേശത്തെ മൂന്നു പഞ്ചായത്തു മെമ്പർമാരും സി.പി.ഐ. (എം.)-ന്റെ അംഗങ്ങളാണ്. ഏഴ് പ്രാവശ്യം ജില്ലാ കളക്ടർ ഇതിനകം തന്നെ ഇദ്ദേഹത്തെക്കൂടി ഇരുത്തിക്കൊണ്ട് ഇതുപോലെ യോഗം നടത്തി. അവിടെ പുനരധിവാസ പ്രവർത്തനങ്ങൾക്ക് 17 ഷെഡ്യൂകളാണ് ആവശ്യപ്പെട്ടിരുന്നത്. ആ 17 ഷെഡ്യൂകളിൽ 15 എണ്ണവും ആറു ദിവസം മുമ്പ് പൂർത്തിയാക്കി. ആറു ദിവസം മുമ്പുതന്നെ ആളുകളെ അവിടേക്ക് താമസിപ്പിക്കാൻ വേണ്ടി നമ്മൾ ആവശ്യപ്പെട്ടു. അദ്ദേഹത്തിനു തന്നെ അറിയാം, ഞങ്ങൾ തമ്മിൽ പല തവണ സംസാരിച്ചതാണ്. പുനരധിവാസ പ്രവർത്തനങ്ങളുടെ പൂർണ്ണരൂപം ഉറപ്പാക്കിയാൽ മാത്രമേ അവിടത്തെ ആളുകളെ മാറ്റാൻ പറ്റൂ. എടുത്ത എണ്ണത്തെ കുറിച്ച് തർക്കമുണ്ട്. അതും അദ്ദേഹത്തിനറിയാം. എണ്ണം എടുത്തതും അദ്ദേഹത്തിന്റെ പാർട്ടിയിലെ ലോക്കൽ പഞ്ചായത്തു മെമ്പർ കൂടി ഉൾപ്പെടുന്ന ഒരു കമ്മിറ്റിയാണ്. ഏതൊക്കെ വീടുകൾ പൂർണ്ണമായി നശിച്ചിട്ടുണ്ട്, ഏതൊക്കെ വീടുകൾ ഭാഗീകമായി നശിച്ചിട്ടുണ്ട് എന്നതിന്റെയൊക്കെ കണക്കുകൾ എടുത്തിരിക്കുന്നത്. ഇനി അവിടെ വല്ല പരാതിയും ഉണ്ടെങ്കിൽ അത് വീണ്ടും ജില്ലാ കളക്ടർക്ക് കൊടുക്കാം. ആ പരാതി കൂടി പരിശോധിച്ച് ജെനുയിൻ ആയിട്ടുള്ള മുഴുവൻ ആളുകൾക്കും കൊടുക്കാം എന്ന് തീരുമാനിച്ചിട്ടുണ്ട്. ഒറ്റ കാര്യം മാത്രമേയുള്ളൂ; അർഹതയുള്ള അവസാനത്തെ ആൾക്കും കിട്ടണം. പക്ഷെ അതിന്റെ പേരിൽ അനർഹരായ ആളുകൾക്ക് കൊടുക്കാൻ ഗവൺമെന്റിന് പറയാൻ കഴിയുമോ? ഇവിടെ കമ്മിറ്റികൾ ഫലപ്രദമായി കൂടി, 2,780 പേർക്ക് ആയിരം രൂപ വീതം കൊടുത്തിട്ടുണ്ട്. അങ്ങ് പറഞ്ഞത് ശരിയാണ്. അർഹതയില്ലാത്ത കുറേപേർക്ക് കൊടുത്തിട്ടുണ്ട്. അർഹതയുള്ള കുറച്ചുപേർക്ക് കൂടി കൊടുക്കാനും ഉണ്ട്. അതിന്റെ അപേക്ഷകൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട് എന്ന് അങ്ങേയ്ക്കറിയാമല്ലോ. ആയിരക്കണക്കിന് അപേക്ഷകൾ കിട്ടിയിട്ടുണ്ട് ഇവർക്കെല്ലാം കൊടുക്കാൻ പറ്റുമോ? അതെല്ലാം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ദേവകുമാറിനറിയാം, കടൽഭിത്തിയുടെ പ്രശ്നം വന്നപ്പോൾ അവിടത്തെ ഓരോ പ്രശ്നവും അദ്ദേഹത്തെ കൂടി ഇരുത്തിക്കൊണ്ട് ഇത്രയേറെ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും ഏറ്റവും കൂടുതൽ സന്ദർശിച്ച പ്രദേശങ്ങളിലൊന്നാണ്, ആറാട്ടുപുഴ. അവിടത്തെ ഓരോ പ്രവർത്തനവും ശ്രീ. ടി. കെ. ദേവകുമാറിനറിയാം. മുഖ്യമന്ത്രിയുടെ ലേഖനത്തിൽ തന്നെയുണ്ട്, എന്നെ ആദ്യം വിളിച്ച് പറഞ്ഞത് ശ്രീ. ടി. കെ. ദേവകുമാറാണ്. അത്രയേറെ കൺസിഡറേഷൻ ഗവൺമെന്റ് ലോക്കൽ എം.എൽ.എ. എന്നുള്ള നിലയിൽ അദ്ദേഹത്തിന് കൊടുത്തിട്ടുണ്ട്. എന്തുകൊണ്ട് അദ്ദേഹം ഇത്ര പ്രകോപനപരമായി പ്രസംഗിച്ചു എന്ന് എനിക്കറിയില്ല. ഇതിനകത്ത് ഒറ്റ കാര്യമേയുള്ളൂ. നമുക്ക് ഇതിനകത്ത് രാഷ്ട്രീയം വേണ്ട, ദുരിതാശ്വാസ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായി നടത്താൻവേണ്ട നടപടികൾ ഉണ്ടാകണം. അതിൽ എല്ലാവരും സഹകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ എന്റെ വകുപ്പുമായി ബന്ധപ്പെട്ട ഒന്നു രണ്ടു കാര്യങ്ങളെക്കുറിച്ച് പരാമർശിച്ചതുകൊണ്ട് സ്വാഭാവികമായി അതിനൊരു ക്ലാരിഫി ക്കേഷൻ കൊടുക്കേണ്ടതുണ്ട്. ഒന്ന് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് ചെയ്തിട്ടുള്ള ചില പ്രവർത്തനങ്ങളെ സംബന്ധിച്ചാണ്. സുനാമി കടലാക്രമണം രൂക്ഷമായി അനുഭവപ്പെടുന്ന കൊല്ലം ജില്ലയിലെ ആലപ്പാട് പഞ്ചായത്തിലെ ജയന്തി കോളനിയിൽ 380 മീറ്റർ നീളത്തിൽ കടൽഭിത്തി കെട്ടുന്ന സ്ഥലത്തെ സംബന്ധിച്ച് ചില പരാമർശങ്ങൾ വന്നതുകൊണ്ടാണ് ഞാൻ അത് ക്ലാരിഫൈ ചെയ്യുന്നത്. 180 മീറ്റർ നീളത്തിൽ പൂർണ്ണമായി കടൽഭിത്തി പുനഃരുദ്ധാരണത്തിനും ചെറിയഴീക്കലിൽ 120 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാനും ആലപ്പുഴ ജില്ലയിലെ അന്ധകാരനഴിയിലെ കുറ്റത്തോട്ടിൽ ആയിരം മീറ്റർ നീളത്തിലും തറയിൽകടവിൽ രണ്ടായിരം മീറ്റർ നീളത്തിലും പൂർണ്ണമായി കടൽഭിത്തി നിർമ്മിച്ച് പുനഃരുദ്ധാരണം നടത്താനും ഒറ്റമശ്ശേരി പട്ടണക്കാട്ടിൽ 500 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കാനും ആലപ്പുഴ ജില്ലാ ആശുപത്രിക്ക് വടക്കു വശം 438 മീറ്റർ നീളത്തിൽ കടൽഭിത്തി പുനഃരുദ്ധാരണം നടത്താനുമായി 940 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ഭരണാനുമതി ആദ്യമായി കൊടുത്തിട്ടുണ്ട്. ഇതിനുപുറമേ അന്ധകാരനഴി പുഴയ്ക്കു സമീപം 880 മീറ്റർ നീളത്തിലും ഒറ്റമശ്ശേരിയിൽ 775 മീറ്റർ നീളത്തിലും കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് യഥാക്രമം 127 ലക്ഷം രൂപയും, 200 ലക്ഷം രൂപയും അനുവദിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് 73.65 കിലോമീറ്റർ പുതിയ കടൽഭിത്തി നിർമ്മാണത്തിനും 97.45 കിലോമീറ്റർ കടൽഭിത്തി പുനർനിർമ്മാണ ത്തിനുമായി 338.58 കോടി രൂപയുടെ ധനസഹായത്തിന് കേന്ദ്ര ഗവൺമെന്റിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആലപ്പാട് പഞ്ചായത്തിലെ ശ്രായിക്കാട് പ്രദേശത്ത് ഒരു കുഴൽക്കിണറും അഴീക്കൽ പ്രദേശത്ത് രണ്ടു കുഴൽക്കിണറുകളും ഇമ്മീഡിയേറ്റായിട്ട് ചെയ്ത പ്രവർത്തനമാണ്. ആലപ്പാട്ടു പഞ്ചായത്തിലെ നാലാം വാർഡിലെ അഴീക്കൽ പ്രദേശത്ത് ഏഴ് കുളങ്ങൾ പമ്പ് ഉപയോഗിക്കുന്നതിനും ആറാട്ടുപുഴ പഞ്ചായത്തിൽ പാറയിൽക്കടവ്, കുര്യപ്പശ്ശേരി, ഇടമൺ, പെരുമ്പള്ളിത്തറ എന്നീ സ്ഥലങ്ങളിൽക്കൂടി കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനുമുള്ള നടപടി നമ്മൾ അടിയന്തിരമായി ചെയ്തിട്ടുണ്ട്. എങ്ങനെയാണ് ശ്രീ. ടി. കെ. ദേവകുമാറിന് കണക്കുകൾ തെറ്റിദ്ധരിച്ച് കിട്ടിയതെന്ന് അറിയില്ല. ഇതോടൊപ്പം വാട്ടർ അതോറി റ്റിയിലെ Rectification and Restoration of Existing Water Supply Scheme ആലപ്പാട് പ്രദേശത്താണ് പ്രമുഖമായിട്ട് വന്നിട്ടുള്ളത്. ആലപ്പാട്, ശക്തികുളങ്ങര, ആറാട്ടുപുഴ, കടലുണ്ടി തുടങ്ങി സുനാമിമൂലം തകർന്നുപോയ വാട്ടർ സപ്ലൈ സ്കീമുകൾ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി 11.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് നേരത്തെ പ്ലാൻ ചെയ്തിരുന്നതാണ്. സാമ്പത്തിക വിഷമതകൊണ്ട് പകുതി മുടങ്ങിക്കിടന്നതാണ്. എന്നാൽ സുനാമി ദുരന്തമുണ്ടായതിനുശേഷം ആദ്യം കൂടിയ കൗൺസിലിൽ വച്ചുതന്നെ അവിടെ ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മുപ്പത്തിയെട്ടു കോടി രൂപയുടെ പദ്ധതി ക്ലിയർ ചെയ്യുകയുണ്ടായി. അങ്ങനെ 48.57 കോടി രൂപയ്ക്കുള്ള പദ്ധതി ആ പ്രദേശങ്ങളിലെ ശുദ്ധജല വിതരണത്തിനു വേണ്ടി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇതിനേക്കാൾ മുന്നോട്ടു പോകാൻ കഴിയുകയില്ല. ഇക്കാര്യത്തിൽ രണ്ട് സമീപനമാണ് നമ്മൾ എടുത്തിട്ടുള്ളത്. നേരത്തെ തുടർന്നുവന്ന നടപടികൾ സുതാര്യമാക്കുകയും ഒപ്പം കൂടുതൽ സ്പീഡിൽ ഇംപ്ലിമെന്റ് ചെയ്യുന്നതിനുവേണ്ടി യുള്ള നടപടികൾ എടുത്തുവരുകയും ചെയ്യുന്നു. ആരാട്ടുപുഴയിൽ കടൽഭിത്തിക്ക് കല്ല് ഇടുന്നതിനുവേണ്ടി ഞങ്ങൾ ഒന്നിച്ചാണ് പോയത്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സുനാമിയുടെ ചർച്ചക്കിടയിലും ഞങ്ങളെ കൊണ്ട് വാക്കൗട്ട് ചെയ്യിക്കരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇത് പറയണ്ടെങ്കിൽ ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് ഇത് കേൾക്കണ്ടെങ്കിൽ ഞാൻ നിറുത്തുന്നു. എനിക്ക് മറുപടി പറയാൻ ബുദ്ധിമുട്ട് ഉണ്ടാക്കുകയില്ലെങ്കിൽ ഞാൻ പറയാം. ഇൻഡ്യ കണ്ടതിൽ വച്ച് ഏറ്റവും വലിയ ദുരന്തത്തെക്കുറിച്ചുള്ള ചർച്ചക്കിടയിൽ പ്രതിഷേധയോഗത്തിലെ പ്രസംഗംപോലുള്ള സാഹചര്യം ആഗ്രഹിക്കുന്നില്ല. ഏത് ചർച്ചയായാലും ശാന്തമായി, ഇന്ന് നേരം പുലരുന്നതുവരെയിരുന്നു കേൾക്കാൻ ഞങ്ങൾക്ക് യാതൊരു ബുദ്ധിമുട്ടും ഇല്ല. പക്ഷേ ഒരു ദുരന്തഭൂമിയെക്കുറിച്ച് ഇവിടെ വേദനയനുഭവിക്കുന്നവരുടെ കഷ്ടപ്പാടിനെക്കുറിച്ചുള്ള ചർച്ച എന്നുള്ള ഒരു മനോവികാരത്തോടുകൂടിയുള്ള സംസാരമാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്. അതുകൊണ്ടാണ് ഞാൻ ഇതിനകത്ത് രാഷ്ട്രീയം മാറ്റി നടന്ന സംഭവങ്ങളെക്കുറിച്ച് പറയുന്നത്. നടന്ന സംഭവങ്ങൾ ഇനി കേൾക്കാൻ തയ്യാറല്ലാത്തതുകൊണ്ടും തർക്കിക്കാൻ കഴിയാത്തതുകൊണ്ടും ഞാൻ നിറുത്തുന്നു.

മി. സ്പീക്കർ: അസാധാരണമായ ഒരു ദുരന്തമെന്ന നിലയ്ക്കാണ് ചെയർ തന്നെ ഇത് നേരത്തെ സജസ്റ്റ് ചെയ്തത്. ഇവിടെ അൽപ്പം വികാരപ്രകടനങ്ങൾ ഒഴിച്ചാൽ വളരെ കാര്യമാത്രപ്രസക്തമായ കാര്യങ്ങൾ മാത്രം പറഞ്ഞു. പ്രതിപക്ഷം സവിസ്തരം കാര്യങ്ങൾ പറഞ്ഞു. ആശങ്കയും പ്രകടിപ്പിച്ചു. ഭരണകക്ഷിക്ക് വിശദീകരിക്കാൻ സമയം കൊടുക്കണ്ടേ, അതും കൊടുത്തു. നിയമത്തിന്റേയും ചട്ടങ്ങളുടേയും പരിധിവിട്ടുതന്നെ ഉന്നത നിലവാരം പുലർത്തുന്ന ഒരു കാര്യം ഉണ്ടായി. എനിക്ക് മുഖ്യമന്ത്രിയോട് ഒരു കാര്യം പറയാനുള്ളത് കേന്ദ്രത്തിൽ നിന്ന് വേണ്ടത്ര സഹായം കിട്ടുന്നുണ്ട്. സന്നദ്ധ സംഘടനകളും മുന്നോട്ട് വരുന്നുണ്ട്. പൊതുജനങ്ങളും സഹായിക്കുന്നുണ്ട്. നമ്മൾ രാഷ്ട്രീയ ചിന്താഗതിയുടെ അടിസ്ഥാനത്തിൽ വിമർശനങ്ങളും വിവാദങ്ങളും ഉണ്ടാക്കി ഇത്രയും വലിയ ഒരു കാര്യത്തിന്റെ ക്രെഡിബിലിറ്റി നഷ്ടപ്പെടാവുന്ന ഒരു സാഹചര്യം ഉണ്ടാക്കരുത്. അതുകൊണ്ട് പരസ്പരം യോജിപ്പോടുകൂടി ഒരു സംവിധാനം ഇവിടെ ഉണ്ടാക്കുന്നതിനെക്കുറിച്ച് ഗൗരവമായി എല്ലാപേരും ആലോചിക്കണമെന്നാണ് എന്റെ വിനീതമായ അഭ്യർത്ഥന.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, നമ്മുടെ നാട് കണ്ടതിൽവച്ച് ഏറ്റവും വലിയ ഒരു ദുരന്തം, ആ ദുരന്തത്തിലുള്ള ഞെട്ടലിൽ നിന്ന് മാറിയിട്ടില്ലാത്ത ഈ കേരളത്തിൽ അൽപ്പം ആശ്വാസം നൽകിയിട്ടുള്ള ഒരു ഘടകം ഈ കാര്യത്തിൽ നമുക്കെല്ലാപേർക്കും ഒന്നിച്ചുനിൽക്കാൻ സാധിച്ചു എന്നുള്ളതാണ്. ദുരന്തത്തിന് വിധേയരായവരെ സഹായിക്കാൻ മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്ത വിധത്തിലുള്ള സഹകരണമാണ് എല്ലാ ഭാഗത്തുനിന്നും ഉണ്ടായത്. ആ സ്പിരിറ്റ്, സേവനത്തിന്റേയും നൻമയുടേയുമായ ആ അന്തസ്സത്ത കൈവിടാതെ നമുക്ക് തുടർന്നുള്ള പ്രവർത്തനങ്ങളിലും ഒരുമിച്ച് പോകണമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ പ്രശ്നത്തെ ഒരിക്കലും രാഷ്ട്രീയമായി കണ്ടിട്ടില്ല; ഇനി കാണാൻ ഉദ്ദേശിക്കുന്നുമില്ല. പ്രതിപക്ഷമടക്കം എല്ലാ ഭാഗത്തുനിന്നും കിട്ടിയിട്ടുള്ള സഹകരണത്തെക്കുറിച്ച് ഞങ്ങൾക്ക് അങ്ങേയറ്റത്തെ മതിപ്പാണുള്ളത്. ഗവൺമെന്റ് ഉദ്യോഗസ്ഥൻമാരെക്കുറിച്ച് സാധാരണ വളരെയേറെ പരാതികൾ വരാറുണ്ട്. പക്ഷേ ഈ കാര്യത്തിൽ അവിടെ നിയോഗിച്ച മൂന്നു കളക്ടർമാരും അഞ്ചു സെക്രട്ടറിമാരും മുഴുവൻ ജീവനക്കാരും അങ്ങേയറ്റം ആത്മാർത്ഥമായി പ്രവർത്തിച്ചു. ഗവൺമെന്റ് പലവട്ടം പ്രതിപക്ഷ കക്ഷികളുമായി ചർച്ച ചെയ്തു. 24 മണിക്കൂർ, അല്ലെങ്കിൽ രണ്ടു ദിവസം നോട്ടീസ് വച്ച്, ഫോണിൽ വിളിച്ച്, കത്തുപോലും അയച്ചിട്ടില്ല. എല്ലാ യോഗത്തിലും എല്ലാ നേതാക്കൻമാരും പങ്കെടുത്തു. എം.പി.-മാരുടെ യോഗവും വിളിച്ചുകൂട്ടി. എല്ലാറ്റിനും അങ്ങേയറ്റത്തെ സഹകരണമാണ് കിട്ടിയിട്ടുള്ളത്. അതിന് പൂർണ്ണമായിട്ടുള്ള നന്ദി, ഗവൺമെന്റിനുവേണ്ടി ഇവിടുത്തെ രാഷ്ട്രീയകക്ഷി നേതാക്കളോടും സേവനസംഘടനകളോടും voluntary ഏജൻസികളോടും ജീവനക്കാരോടുമടക്കം നന്ദി പറയാൻ ആദ്യമായി ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. ഇവിടെ പ്രകടിപ്പിച്ച വികാരം ഞാൻ പൂർണ്ണമായി ഉൾക്കൊള്ളുന്നു. ഫസ്റ്റ് ഫെയ്സിനെക്കുറിച്ച് പരാതിയില്ല. നമ്മളെല്ലാപേരും ഇവിടെ തോളോടുതോൾ ചേർന്ന് പ്രവർത്തിച്ചു. കുറവുകൾ കണ്ടേക്കാം. എന്നാലും ഒരു നല്ല പരിധിവരെ ആശ്വാസം എത്തിക്കാൻ സാധിച്ചു. സെക്കന്റ് ഫെയിസിൽ സ്പീഡ് പോരാ, ആദ്യത്തെ ഫെയിസിൽ ഉണ്ടായതുപോലുള്ള ഒരു മുന്നേറ്റമില്ല എന്ന് ഇവിടെ പറയുകയുണ്ടായി. ഞാൻ അത് നിഷേധിക്കുന്നില്ല. അതിനകത്ത് കുറേ സത്യങ്ങളുണ്ട്. ഒന്ന്, ഇവിടെ റവന്യൂ വകുപ്പുമന്ത്രി സൂചിപ്പിച്ച നടപടിക്രമങ്ങളാണ്. ആദ്യത്തേതിനകത്ത് നമ്മൾ നടപടിക്രമങ്ങളെല്ലാം മാറ്റി. പായ് വാങ്ങിക്കാൻ പറഞ്ഞാൽ രാത്രി എന്തു വിലയ്ക്കാണെങ്കിലും കട തുറപ്പിച്ച് വാങ്ങിക്കൊണ്ടുവരും. പാത്രം വാങ്ങിക്കാൻ പറഞ്ഞാൽ എവിടെ പോയിട്ടും അതു വാങ്ങും, വാങ്ങുന്നതിന്റെ ചെലവോ ഒന്നും നമ്മൾ നോക്കിയിട്ടില്ല കാരണം സാധനമെത്തിക്കുക എന്നുള്ളത് മാത്രമായിരുന്നു ഉദ്ദേശം. പക്ഷെ സെക്കന്റ് സ്റ്റേജിൽ നമുക്ക് അങ്ങനെയങ്ങു പോകാൻ ഒക്കില്ല. അപ്പോൾ ടെൻഡറും നടപടിക്രമങ്ങളും എന്നുള്ള പ്രശ്നമുണ്ടാകും, എന്നാലും ലഘൂകരിക്കാവുന്നത് അത്രയും ലഘൂകരിച്ചു. പക്ഷെ അതിനേക്കാൾ വലിയ ഒരു പ്രശ്നം നമ്മുടെ ഇടയിൽപ്പെട്ടു. അതു വീട് വയ്ക്കുന്നതിനെക്കുറിച്ചുള്ള പ്രശ്നങ്ങളാണ്. അവിടെ ഉള്ളവരാരും ഈ സ്ഥലംവിട്ട് പോകാൻ തയ്യാറല്ല. നമുക്ക് ആരെയും നിർബന്ധിക്കാൻ ഒക്കില്ല. പക്ഷേ ഒരു കാര്യം എല്ലാ രാഷ്ട്രീയപാർട്ടികളും സംഘടനകളും സഹകരിച്ചു. കടലിനോട് ചേർന്ന് റോഡിന് പടിഞ്ഞാറു വശം ആരെയും താമസിപ്പിക്കാൻ പുതിയ വീട് ഒന്നും വയ്ക്കാൻ പറ്റില്ല എന്ന്

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനിച്ചു. അതിൽ എല്ലാപേരും സഹകരിച്ചു. അത്രയും ആശ്വാസമുണ്ട്. അതിന് പ്രത്യേകം നന്ദിയുണ്ട്. ഇതിനേയും ആർക്കെങ്കിലും വേണമെങ്കിൽ എതിർക്കാമായിരുന്നു. തൊട്ടുകിഴക്ക് എന്ന് പറഞ്ഞാലും സുനാമി ഭീഷണിയുള്ള സ്ഥലങ്ങളാണ്. നമ്മൾ രാഷ്ട്രീയപാർട്ടികളുമായി ചർച്ച നടത്തുന്ന അവസരത്തിൽ പ്രമുഖരായിട്ടുള്ള സയന്റിസ്റ്റുകളെ 29-ാം തീയതി തന്നെ ഞാൻ വിളിച്ചുകൂട്ടി, വാണിംഗ് തന്നിട്ടില്ല അങ്ങനെയുള്ള രീതിയിലൊക്കെ കുറ്റപ്പെടുത്താൻ ശ്രമിക്കുന്നതിനുപകരം ഇനിയെന്ത് എന്ന് ചിന്തിക്കുക. സുനാമി അഫക്ടഡ് ആയിട്ടുള്ള ഏരിയാകളിൽ ചില വീടുകൾ പണിയേണ്ടിവരും, അതുകൊണ്ട് അതിനുവേണ്ട സഹകരണവും ഉപദേശവും തരണമെന്ന് അവരോട് പറഞ്ഞു. അവർ ഒരു പ്രത്യേക കമ്മിറ്റി ഇതിനുവേണ്ടി ഫോം ചെയ്തു. പത്തംഗ കമ്മിറ്റിയാണ്, ഹൗസിംഗ് ഡിപ്പാർട്ടുമെന്റ് ആണ് ഇതിന്റെ എക്സ്പേർട്ട്സിനെ വച്ചത്. Shri P. Najendra Kumar, National Institute of Ocean Technology, Chennai, Dr. Narasimha Rao, Department of Ocean Engineering of I.I.T., Chennai, Dr. Sen Gupta, Department of Ocean Engineering I.I.T., Chennai, Shri Manicka Vajakam, Superintending Engineer, C.P.W.D., Government of India തുടങ്ങിയ പത്തു പേരുടെ അഡ്വൈസാണ് നമ്മൾ ചോദിച്ചത്. അവർ സ്ഥലത്തുവന്ന് മണ്ണ് പരിശോധിച്ച് പലവിധത്തിലുള്ള പരിശോധനകളും കാര്യങ്ങളും നടത്തിയശേഷം അവരുടെ ഏറ്റവും നല്ല ഉപദേശം ഈ സുനാമി ഭീഷണിക്ക് അപ്പുറത്തേക്ക് പോകുകയെന്നുള്ളതാണ്; അപ്പുറത്ത് പോകാൻ സാദ്ധ്യമല്ല. അപ്പോൾ സുനാമി ഭീഷണിയുള്ള സ്ഥലത്തേക്കുള്ള വീടിന്റെ പ്ലാൻ തയ്യാറാക്കാൻ സമയമെടുത്തു. വീടുകളുടെ സൈസിനെക്കുറിച്ച് ഗവൺമെന്റിന് ധാരണയില്ലെന്ന് ശ്രീ. ടി. കെ. ദേവകുമാർ അൽപ്പം തെറ്റിദ്ധരിച്ചാണ് പറഞ്ഞത്. വ്യക്തമായ ധാരണയുണ്ട്. 420 ചതുരശ്ര അടി, ഒന്നേമുക്കാൽ ലക്ഷത്തിനും രണ്ട് ലക്ഷത്തി അറുപത്തിയയ്യായിരത്തിനും മൂന്നേമുക്കാൽ ലക്ഷത്തിനുമുള്ള എസ്റ്റിമേറ്റ് റവന്യൂ വകുപ്പുമന്ത്രി പറഞ്ഞ സൈസ്സിൽ ഒരു അടി പോലും മാറുന്നില്ല. അങ്ങനെ തെറ്റിദ്ധരിക്കരുത്. അങ്ങ് തെറ്റിദ്ധരിച്ചെന്ന് തോന്നുന്നു. വിടുകൾ വലുതും ചെറുതും ആണെന്നാണ്. വീടുകൾ ഒരേ വലിപ്പംതന്നെ. 420 ചതുരശ്ര അടി. ഒരേ പ്ലാൻ, അതിൽ സുനാമി ഭീഷണിയില്ലാത്ത സ്ഥലത്ത് പണിതാൽ ഒന്നേമുക്കാൽ ലക്ഷം രൂപയേ ആകൂ. സുനാമി ഭീഷണിയുള്ള സ്ഥലത്തു പണിതാൽ 2.66 ലക്ഷം രൂപ വരും. ഇവരുടെ കണക്കാണ്. ഇവർ അതിന്റെയെല്ലാം എസ്റ്റിമേറ്റുകളും കാര്യങ്ങളും എടുത്തുവന്നിരിക്കുകയാണ്. അതിനുംപുറമേ ആലപ്പാട്ടും ആറാട്ടുപുഴയിലുമൊക്കെയുള്ള ചെളി നിറഞ്ഞ സ്ഥലങ്ങളിലേക്ക് വരുമ്പോൾ 2.66 ലക്ഷം രൂപ എന്നുള്ളത് വീണ്ടും മാറുകയാണ്. വ്യത്യസ്ത സ്ഥലങ്ങളിൽ വ്യത്യസ്ത റേറ്റാണ് വരുന്നത്. ഏതാണ്ട് 3.75 ലക്ഷം രൂപയ്ക്കടുത്ത് വരത്തക്കവിധത്തിലാണ് വന്നിരിക്കുന്നത്. സൈസ്സ് ഒന്നു തന്നെയാണ്. പക്ഷേ അവർ പറയുന്നത് ഞങ്ങൾ ഉപദേശിക്കുമ്പോൾ ഞങ്ങൾക്ക് ഒരു റിസ്ക്കെടുക്കാൻ സാദ്ധ്യമല്ല എന്നാണ്. ഇങ്ങനെയൊന്നും നാളെ വരാൻ പറ്റില്ല എന്നൊന്നും നമുക്കാർക്കും പറയാൻ കഴിയില്ല. ഒന്നുകിൽ നിങ്ങൾ ഏരിയ മാറണം. അല്ലെങ്കിൽ ഇതുപോലെ ചെയ്യണമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. ഞാൻ സമ്മതിക്കുന്നു. എടവനക്കാട് അതുമുണ്ടായിട്ടില്ല. അവിടെ രണ്ടാഴ്ച മുമ്പ് പണി തുടങ്ങിക്കഴിഞ്ഞു. ഒരു മാസം

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമ്പോൾ അവർക്ക് സ്ഥിരമായി വീട് ആകുകയാണ്. എന്താ കാരണം? അവിടെ സുനാമി ഭീഷണിയില്ലാത്ത സ്ഥലമാണ്. വീട് പണിയുന്നതിന് ഗവൺമെന്റിനെ കുറ്റപ്പെടുത്തണമെങ്കിൽ കുറ്റപ്പെടുത്താം. ഇതാണ് സാഹചര്യമെന്ന് ഞാൻ വ്യക്തമാക്കുകയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വന്ന ഒരു അപാകതയല്ല. നമ്മൾ സ്വീകരിക്കേണ്ട സുരക്ഷയുമായി ബന്ധപ്പെട്ട കരുതൽ നടപടികളും ഗവൺമെന്റിന്റെ മിനിമം നടപടിക്രമങ്ങളും പാലിക്കേണ്ടി വന്ന സമയത്ത് പറഞ്ഞിട്ടുള്ള കാര്യമാണ്. എടവനക്കാട് വന്നില്ല. അതിനു കാരണം സുനാമി ഭീഷണി ഇല്ലാത്ത സ്ഥലത്തേക്ക് വീടുകൾ മാറ്റി പണിയാനായി ഗവൺമെന്റിന് ഒരു ഏക്കർ 18 സെന്റ് സ്ഥലം ഉണ്ടായിരുന്നു. സുനാമി ഭീഷണിയുള്ള സ്ഥലത്തുണ്ടായിരുന്നവരെ ഇങ്ങോട്ട് മാറ്റി താമസിപ്പിക്കാൻ സാധിച്ചു. ബാക്കിയുള്ളവർ അവരുടെ സ്ഥലത്ത് പണിയാൻ തീരുമാനിച്ചതുകൊണ്ടാണ് ഇങ്ങനെയൊരു സ്ഥിതിവിശേഷം ഉണ്ടായത്. അത് സദയം കാണണമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഡിസാസ്റ്റർ മാനേജുമെന്റെന്ന ഒരു പ്രത്യേക ഡിപ്പാർട്ടുമെന്റുണ്ടാക്കി. അത് ഭാവിയിലും പ്രയോജനം ചെയ്യത്തക്ക വിധത്തിൽ സ്ഥിരമായ ഒരു ഡിപ്പാർട്ടുമെന്റാക്കാനാണ് ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട രാജേന്ദ്രൻ പറഞ്ഞു, അതിന് സെക്രട്ടറിയെ മാത്രമേ വച്ചിട്ടുള്ളൂ മറ്റ് പോസ്റ്റുകളൊന്നും കൊടുത്തിട്ടില്ലെന്ന്. അദ്ദേഹം പറഞ്ഞത് നിഷേധിക്കുന്നില്ല. ഡിപ്പാർട്ടുമെന്റ് സെക്രട്ടറിയെയാണ് ആദ്യം വച്ചത്. അത് കഴിഞ്ഞ് ഇപ്പോൾ ഒരു അഡീഷണൽ സെക്രട്ടറി, ഒരു അണ്ടർ സെക്രട്ടറി, രണ്ട് സെക്ഷൻ ഓഫീസർ, ആറ് അസിസ്റ്റന്റ്, മൂന്ന് ടൈപ്പിസ്റ്റ്, രണ്ട് പ്യൂൺ ഇത്രയും സ്റ്റാഫിനെ ഡിപ്പാർട്ടുമെന്റ് ഫംഗ്ഷൻ ചെയ്യുന്നതിനുവേണ്ടി അനുവദിച്ചു കൊടുത്തിട്ടുണ്ട്.

ശ്രീ. ബിനോയ് വിശ്വം: ഡിസാസ്റ്റർ മാനേജുമെന്റിനുവേണ്ടിയുള്ള പ്രത്യേക വകുപ്പിൽ സെക്രട്ടറി മുതൽ പ്യൂൺ വരെയുള്ള എല്ലാപേരേയും നിയമിച്ചു എന്ന് അങ്ങ് പറഞ്ഞു. ഡിസാസ്റ്റർ മാനേജുമെന്റിനെ സംബന്ധിച്ച് 16-5-2002-ലെ ഉത്തരവ് നമ്പർ എം.എസ്. 160/2002 ആർ.ഡി.-യിൽ പറയുന്നത് പ്രകൃതിക്ഷോഭങ്ങളുണ്ടായാൽ അടിയന്തിരമായി ജനങ്ങളെ സഹായിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലകൾതോറും 20 പേർ വീതം അടങ്ങുന്ന ഒരു മൾട്ടി ഡിസിപ്ലിനറി കോർ ഗ്രൂപ്പ് രൂപീകരിച്ചു എന്നാണ്. കളക്ടർമാർ ചെയർമാൻമാരായ കമ്മിറ്റികൾ രൂപീകരിക്കണമെന്നും ബന്ധപ്പെട്ട എല്ലാ ഏജൻസികളുടേയും പങ്കാളിത്തം വേണമെന്നും അതിലുണ്ട്. അന്ന് സുനാമിയില്ല. പ്രകൃതിക്ഷോഭങ്ങൾ ഉണ്ടായാൽ അടിയന്തിരമായി ജനങ്ങൾക്കുവേണ്ടി സഹായം എത്തിക്കാൻ വേണ്ടിയുള്ള സംവിധാനത്തെപ്പറ്റിയാണ് റവന്യൂ വകുപ്പിന്റെ ആ ഉത്തരവിൽ പറയുന്നത്. ഫിനാൻസ് കമ്മീഷന്റെ ശുപാർശപ്രകാരം അത് രൂപീകരിച്ചതാണ്. ഈ മൾട്ടി ഡിസിപ്ലിനറി കോർ ഗ്രൂപ്പ് ഈ ഘട്ടത്തിൽ എവിടെയെങ്കിലും എന്തെങ്കിലും ചെയ്തിട്ടുണ്ടോ? ഇല്ലെങ്കിൽ എന്തുകൊണ്ട് ആക്ട് ചെയ്യാൻ കഴിഞ്ഞില്ല. രണ്ടാമത്തെ വിഷയം, എന്റെ മനസ്സിൽ ഒന്നുരണ്ടു വീട്ടുകാരുണ്ട്. അവരിൽ രണ്ടു പേരുടെ മക്കൾ മരിച്ചത് കന്യാകുമാരിയിൽ വച്ചാണ്. രണ്ടു മക്കളെ കാണ്മാനില്ല. അത് വൈക്കം താലൂക്കിലാണ്. വേളാങ്കണ്ണിയിൽ മാതാവിനെ കാണാൻ പോയ ഒരു കുടുംബത്തിലെ അച്ഛൻ തിരിച്ചുവന്നത് ഇളയ മകൾ മാത്രമായിട്ടാണ്. അമ്മയേയും മൂത്ത മകളേയും കടൽ കൊണ്ടുപോയി. ആ അച്ഛന്റെ

LIBRARY ARCHIVES Kerala Legislative Assembly

കണ്ണീരിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. കാണാതായ മനുഷ്യരെ എങ്ങനെയാണ് കണ്ടെടുക്കുന്നത്? ഞാൻ ആ വീട്ടിൽ പോയി. ഒരു തീരുമാനം എടുത്തെങ്കിൽപ്പോലും ആ വീടുകളിൽ അവർക്ക് സഹായമെത്തിക്കാനുള്ള നീക്കമായിട്ടുണ്ട്. പ്രശ്നം അതാണ്. അത് വേവ് ചെയ്തു. സന്തോഷമുണ്ട്. അത് എത്തിക്കാൻ വേണ്ടിയുള്ള നടപടി എത്രയും വേഗം വേണമെന്നേ ഞാൻ പറയുന്നുള്ളു.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> ഞങ്ങൾ തീരുമാനം എടുത്തു കഴിഞ്ഞതാണ്. കേരളത്തിനു പുറത്തുപോയി മരണപ്പെട്ടവർക്ക് സഹായം എത്തിക്കാൻ തീരുമാനിച്ചു. എല്ലാപേരുടേയും ഡെഡ്ബോഡി കിട്ടിയിട്ടില്ല. ഇവിടത്തെ ഗവൺമെന്റ് സെക്രട്ടറിയെ അയച്ചു. അദ്ദേഹത്തിന്റെ റിപ്പോർട്ട് വരുത്തി അതിന്റെ അടിസ്ഥാനത്തിൽ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തു. കളക്ടർമാർക്ക് ഇങ്ങനെയൊരു അപേക്ഷ കിട്ടിയാൽ അവർക്ക് അതിനെക്കുറിച്ച് ബോദ്ധ്യം വരുന്ന സാഹചര്യത്തിൽ രൂപ കൊടുക്കാൻ പറഞ്ഞു. ഒരാൾക്കുപോലും രൂപ കിട്ടാതിരിക്കരുതെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവിടെ ചില പോരായ്മകളെക്കുറിച്ച് പറഞ്ഞു. ഞാൻ അതും നിഷേധിക്കുന്നില്ല. ചില സഹായങ്ങൾ നൽകാത്തതിന്റെ കാരണത്തെക്കുറിച്ചും പറഞ്ഞു. ഈ അപകടസമയംതൊട്ട് ഞാൻ പറഞ്ഞ ഒരു കാര്യമുണ്ട്. സുനാമി ദുരന്തത്തിന് സഹായമെത്തിക്കുന്ന കാര്യത്തിൽ പണം ഒരു തടസ്സമായിരിക്കത്തില്ല. ഞാൻ ഇന്ന് വീണ്ടും ആവർത്തിക്കുന്നു. ശ്രീ. ടി. കെ. ദേവകുമാർ ഉൾപ്പെടെ പറയുന്ന സഹായം എത്തിക്കുന്നതിൽ പണം ഒരു തടസ്സം ആയിരിക്കുകയില്ല. ആ കാര്യത്തിൽ ഗവൺമെന്റിന് വലിയ ബുദ്ധിമുട്ടുണ്ട്. അർഹിക്കുന്നവർക്ക് കൊടുക്കുന്നതിൽ ബുദ്ധിമുട്ടുണ്ട്. അതിന് നിങ്ങൾകൂടി സഹായിക്കണമെന്ന് മാത്രമേ എനിക്ക് പറയാനുള്ളൂ. ആയിരം രൂപവച്ച് കൊടുക്കുന്നതിൽ അർഹിക്കുന്ന ആർക്കെങ്കിലും കിട്ടാനുണ്ടെങ്കിൽ അത് പരിഗണിക്കാൻ തയ്യാറാണ്. നമ്മൾ ഒരു നിബന്ധന വച്ചിരുന്നു. ക്യാമ്പിൽ 27-ാം തീയതിയെന്നു പറഞ്ഞു. ഇങ്ങനെ പരാതി വന്നതിന്റെ അടിസ്ഥാനത്തിൽ ജനറലായി ഒത്തിരി റിലാക്സേഷൻ വരുത്തി. മരിച്ചവരുടെ വീട്ടിലുള്ളവർക്കും വീട് നശിച്ചവർക്കും ഇത് ബാധകമല്ല. വീട് പൂർണ്ണമായും നശിച്ചവർ ക്യാമ്പുകളിൽ പോയാലും പോയില്ലെങ്കിലും അവർക്ക് ആയിരം രൂപ വച്ച് കിട്ടും. ഇതൊക്കെ കഴിഞ്ഞതിനുശേഷം ഇൻഡിവിഡുവലായ കേസുകളുണ്ടെങ്കിൽ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ശ്രദ്ധയിൽപ്പെടുത്തിയാൽ അവർക്ക് ആ രൂപ അനുവദിക്കാം. നമുക്ക് ഏറ്റവും വലിയ ബുദ്ധിമുട്ട് ഇതാണ്. ഇവിടെ ആരോ പറഞ്ഞു മരിച്ചവർക്കുള്ള രൂപ കൊടുത്തില്ലെന്ന്. ഞാൻ അന്നേരം തന്നെ അന്വേഷിച്ചു. ക്ലയിം ചെയ്യാത്ത ഒരാൾ ഒഴിച്ച് ബാക്കി എല്ലാപേർക്കും രൂപ കൊടുത്തിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും കിട്ടേണ്ടതുകയുണ്ട്. അതിന് ഞങ്ങൾ കേന്ദ്രമന്ത്രിമാരുമായി ബന്ധപ്പെട്ടു. കേന്ദ്രം ഇവിടെ കൊടുക്കണോ അതോ അവർ തരില്ലേ എന്ന് ചോദിച്ചു. അവകാശികൾ അടക്കമുള്ളവരുടെ ലിസ്റ്റ് എത്തിച്ചാൽ അവർക്ക് ബാങ്ക് അക്കൗണ്ട് തുടങ്ങി അതിലേക്ക് ഡയറക്ടായിട്ട് കൊടുക്കുമെന്നാണ് കേന്ദ്രത്തിൽ നിന്നും അറിയിച്ചിരിക്കുന്നത്. മരിച്ചവരുടെ ആശ്രിതർക്ക് കേന്ദ്രത്തിൽ നിന്നുള്ള തുക വാങ്ങി കൊടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് സഹായിക്കുമെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വള്ളവും വലയും പൂർണ്ണമായും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് അത് കൊടുക്കാമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഇതുവരെ അത് കിട്ടിയിട്ടില്ല. തലശ്ശേരി കടപ്പുറത്തുള്ള കാര്യമാണ് ഞാൻ പറയുന്നത്. മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ ഉപകരണങ്ങൾ വാങ്ങിക്കൊടുക്കാനുള്ള ക്രമീകരണം നടത്തുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: തീർച്ചയായിട്ടും ഉണ്ടാകും. അത് പൂർണ്ണമായിട്ടും നമുക്ക് നൽകാം. അതിനാവശ്യമായി മത്സ്യഫെഡ് ആവശ്യപ്പെട്ട 13 കോടിയിൽപ്പരം രൂപ അനുവദിച്ചിട്ടുണ്ട്. അവരും ആദ്യം കോൺസെൻട്രേറ്റ് ചെയ്തത് സുനാമി ദുരന്തം മൂലം മരണം സംഭവിച്ച മൂന്നു നാലു പഞ്ചായത്തുകളെയാണ്. വടക്കൻ ജില്ലകളിലും നാശനഷ്ടം ഉണ്ടായിട്ടുണ്ട്. അവിടെ എത്രയുംവേഗം സഹായം എത്തിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. ടി. കെ. ദേവകുമാർ: പരാതി പരിഹരിക്കാൻ നിർദ്ദേശം കൊടുത്തിട്ട് മൂന്നാഴ്ചയായി. ഇപ്പോഴും അത് പരിഹരിച്ചിട്ടില്ല. പരിഹരിക്കുമെന്ന പുതിയ നിർദ്ദേശമാണ് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി പറഞ്ഞത്. ഉറപ്പുകളല്ലാതെ പരാതികൾ പരിഹരിക്കുന്നില്ല എന്നതാണ് ചൂണ്ടിക്കാണിച്ചതിന്റെ വ്യക്തത. മരണാനന്തര ചടങ്ങുകൾക്ക് പ്രായപൂർത്തിയായവർക്ക് 10,000 രൂപയും കുട്ടികൾക്ക് 5,000 രൂപയുമാണ് നമ്മൾ കൊടുത്തിരിക്കുന്നത്. അത് ശരിയല്ല എന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അത് ഇതുവരെ പരിശോധിച്ചിട്ടില്ല. മരണാനന്തര ചടങ്ങുകൾക്ക് കൊടുത്ത പതിനായിരം രൂപയും അയ്യായിരം രൂപയും കഴിച്ചുള്ള തുക ഒരു ലക്ഷം രൂപയിൽ നിന്നും കൊടുത്തിട്ടുള്ളത് പിടിച്ചുവച്ചിരിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സാധാരണ നമ്മൾ ചെയ്യുന്നത്, ആദ്യം കൊടുക്കുന്ന സഹായം കഴിഞ്ഞതിനുശേഷമാണ് പിന്നീട് കൊടുക്കുന്ന സഹായം കുറക്കുന്നത്. ഇക്കാര്യത്തിൽ അത് ഒഴിവാക്കി അവർക്ക് ആദ്യം കൊടുത്ത തുക കൂട്ടാതെ തന്നെ ഒരു ലക്ഷവും, അമ്പതിനായിരവും കൊടുക്കാനുള്ള നടപടിയെടുക്കും. ഇവിടെ അനാഥരായ കുട്ടികളെക്കുറിച്ച് ഒന്നും പറഞ്ഞില്ലെന്ന് പറഞ്ഞു. അനാഥരായ കുട്ടികളെ സംരക്ഷിക്കുന്നതിന് പ്രത്യേകമായിട്ടുള്ള സംവിധാനമുണ്ടാക്കും. പരാതികൾ പരിഹരിക്കുമെന്ന് പറഞ്ഞിട്ടുള്ളത് സംബന്ധിച്ച്, അവിടുത്തെ പഞ്ചായത്ത് മെമ്പർമാരെയും ലോക്കലായിട്ടുള്ള ആളുകളെയും ഉൾപ്പെടുത്തി കൊണ്ട് കമ്മിറ്റികൾ പരിശോധിക്കണമെന്നായിരുന്നു പറഞ്ഞിട്ടുള്ളത്. അതുപോലെയുള്ള കാര്യങ്ങളിലൊക്കെ എന്തെങ്കിലും പരാതിയുണ്ടായിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് ഒരു ബുദ്ധിമുട്ടും ഉണ്ടാകില്ല. നമുക്ക് നാളെയെക്കുറിച്ച് കൂടി ചിന്തിക്കണം. ഇത് സെക്കന്റ് ഫെയ്സാണ്. സെക്കന്റ് ഫെയ്സ് എന്നു പറയുന്നത് പുനരധിവാസമാണ്. അതിനകത്തുണ്ടായിട്ടുള്ള ചില കാര്യങ്ങളൊക്കെ ശ്രീ. ടി. കെ. ദേവകുമാർ പറഞ്ഞു. ആ കാര്യം കൂടി ഞാൻ എടുത്തു പറയാം. ഞാൻ കളക്ടറുമായി ബന്ധപ്പെട്ടു. അവിടെ 15 ഷെൽട്ടേഴ്സ് പണിയാനായിരുന്നു ആദ്യത്തെ തീരുമാനം. ഞാൻ അവിടെ ചെന്നപ്പോൾ വേറെ രണ്ട് കൂട്ടർ എന്നെ തടഞ്ഞുനിർത്തി അവർക്ക് കൂടി അവിടെ പ്രത്യേക ഷെൽട്ടർ വേണമെന്ന് ആവശ്യപ്പെട്ടു. ഞാൻ അപ്പോൾത്തന്നെ കളക്ടറെ വിളിച്ച് അതുംകൂടി പണിയാൻ

പറഞ്ഞു. ആദ്യം അവർ തീരുമാനിച്ച 15 ഷെൽട്ടേഴ്സും ശ്രീ. കെ. സി. വേണുഗോപാൽ പറഞ്ഞതുപോലെ ആറ് ദിവസമായി തീർന്നുകിടക്കുകയാണ്. ഞാൻ രണ്ടാമത് പണിയാൻ പറഞ്ഞ രണ്ട് ഷെൽട്ടറുകൾ മാത്രമാണ് പണി തീരാത്തത്. അത് രണ്ടു മൂന്ന് ദിവസത്തിനകം തീരും. ബാക്കി 15 ഷെൽട്ടേഴ്സിന്റെയും പണി തീർന്നിരിക്കുകയാണ്. ബഹുമാനപ്പെട്ട ദേവകുമാറിനോട് ഒരു കാര്യം പറയാം. മാറി താമസിക്കാൻ ഇപ്പോൾ തയ്യാറാണെങ്കിൽ മന്ത്രിസഭയിലെ ഒരു സഹപ്രവർത്തകൻ കൂടി അങ്ങയോടൊപ്പം വരും. ഇന്ന് തന്നെ അങ്ങോട്ട് മാറ്റി താമസിപ്പിക്കാൻ തയ്യാറാണ്.

ശ്രീ. ടി. കെ. ദേവകുമാർ: ക്യാമ്പിൽ താമസിക്കുന്ന ആളുകൾ അവിടെ നിന്നും പോകുന്നതിന് തയ്യാറായിരിക്കുകയാണ്. അവർക്കുള്ള പാക്കേജ് നടപ്പിലാക്കാനോ അതിനുള്ള ഫണ്ട് കൊടുക്കാനോ റവന്യൂ വകുപ്പുമന്ത്രി തയ്യാറാകുമോ? എങ്കിൽ ഇന്ന് ആളുകൾ പോകും.....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ കളക്ടറെ വിളിച്ച് അന്വേഷിച്ചപ്പോൾ കളക്ടർ തന്ന മറുപടിയാണ് പറഞ്ഞത്.....(ബഹളം).....

ശ്രീ. ടി. കെ. ദേവകുമാർ: താമസിക്കാൻ തയ്യാറുള്ളവർക്ക് റിപ്പെയർ ചെയ്യാനുള്ള ഫണ്ടിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കണം. അവർ താമസിക്കാൻ പോയാൽ കൊടുക്കാനുള്ള പാക്കേജ്, ഇത് രണ്ടും നോക്കണം.....(ബഹളം).....

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ തർക്കത്തിനുവേണ്ടി പറയുന്നതല്ല. ടെമ്പററി ഷെൽട്ടേഴ്സ് തയ്യാറാണ്. ഇന്നാണെങ്കിൽ ഇന്ന് താമസിപ്പിക്കാൻ തയ്യാറാണ്. ഞാൻ രണ്ടാമത് ഉണ്ടാക്കാൻ പറഞ്ഞ രണ്ട് ഷെൽട്ടറുകൾ രണ്ട്, മൂന്ന് ദിവസത്തിനകം തീരും. ബാക്കി പതിനഞ്ചും തയ്യാറാണ്. അവിടെ പോകാൻ തയ്യാറാണെങ്കിൽ അവരെ ഇന്ന് വൈകുന്നേരം തന്നെ വിടാൻ തയ്യാറാണ്. ആറ് ദിവസമായി എല്ലാം റെഡിയായിരിക്കുന്നുവെന്നാണ് കളക്ടർ എന്നെ അറിയിച്ചിരിക്കുന്നത്. ഏതായാലും നമുക്ക് എല്ലാവരുടെയും സഹകരണത്തോടുകൂടി ബാക്കി കാര്യം.....(ബഹളം).....

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ടെമ്പററി ഷെഡ്ഡിൽ താമസിക്കുന്നത് സംബന്ധിച്ച് എനിക്ക് കിട്ടിയ വിവരം വലിയ കുട്ടുവത്തിലൊക്കെ ഭക്ഷണം പാകം ചെയ്താണ് ക്യാമ്പിൽ താമസിച്ചിരുന്നവർക്ക് കൊടുത്തുകൊണ്ടിരുന്നത്. ഒറ്റയ്ക്കൊറ്റയ്ക്ക് താമസിക്കുക എന്നുവരുമ്പോൾ അവർക്കുള്ള വീട്ടുപകരണങ്ങൾ, മറ്റ് സാധനങ്ങൾ എല്ലാം തന്നെ വാങ്ങി കൊടുക്കാതെ അങ്ങോട്ട് പോകണമെന്നാണ് പറയുന്നത്. അതെല്ലാം പരിശോധിച്ചിട്ട്, അവർക്ക് അവിടെ പോയാൽ സോപ്പ്, ചീപ്പ് അടക്കമുള്ള സാധനങ്ങൾ ഒന്നിച്ച് കൊടുക്കുകയോ അല്ലെങ്കിൽ അതിനുവേണ്ട പണം കൊടുക്കുകയോ ചെയ്യണം. അതാണ് ഈ പറയുന്ന പാക്കേജ്.

ശ്രീ. ഉമ്മൻ ചാണ്ടി: അതാണ് തടസ്സമെങ്കിൽ നിശ്ചയമായും അതിനെക്കുറിച്ച് ആലോചിക്കാം.....(ബഹളം).....

ശ്രീ. കെ. സി. വേണുഗോപാൽ: നിലവിലുള്ള ക്യാമ്പിൽ ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും ഇവിടെയും ഉണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അതിനകത്ത് യാതൊരു പ്രശ്നവുമില്ല.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: രണ്ടാംഘട്ട പ്രവർത്തനത്തിലുണ്ടായിട്ടുള്ള വേഗതക്കുറവിനെക്കുറിച്ച് പറഞ്ഞു. ക്യാമ്പിൽ താമസിക്കുന്ന ആളുകളുടെ സർട്ടിഫിക്കറ്റുകളും രേഖകളും നഷ്ടപ്പെട്ടത് ഇപ്പോഴും തിരിച്ച് കിട്ടിയിട്ടില്ല. ഇത്രയും ദിവസമായിട്ടും അത് കൊടുക്കുന്നതിന് വേണ്ടിയുള്ള നടപടികൾ പൂർത്തിയായിട്ടില്ല. അവർക്ക് ആനുകൂല്യങ്ങൾ ലഭിക്കണമെങ്കിൽ അവരുടെ രേഖകൾ കിട്ടണം. അതിന് വേഗത വളരെ കുറവാണ്. അത് പരിഹരിക്കുകയാണ് വേണ്ടത്.

ശ്രീ. ഉമ്മൻ ചാണ്ടി: ഇപ്പോൾ 1571 പേർക്ക് റേഷൻ കാർഡ് നഷ്ടപ്പെട്ടത് കൊടുത്തു. കുട്ടികൾക്കുള്ള ബുക്കും യൂണിഫോമും മുഴുവൻ പേർക്കും കൊടുത്തു. പാസ്പോർട്ട്, മറ്റുള്ള രേഖകൾ, എസ്.എസ്.എൽ.സി. ബുക്ക് അതു പോലെയുള്ളവയ്ക്ക് ഒരു പൈസ പോലും അടയ്ക്കാതെ എല്ലാ രേഖകളും കൊടുക്കുന്നതിന്റെ ഉത്തരവാദിത്തം ഗവൺമെന്റ് ഏറ്റെടുത്ത് അവർക്ക് നൽകാമെന്ന് സമ്മതിച്ചിരിക്കുകയാണ്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: ആൻഡമാൻ നിക്കോബാറിലെ നിക്കോബാർ ഐലന്റിലെ ഇന്ദിരാ പോയിന്റിൽ കഴിഞ്ഞ പത്ത്, ഇരുപത്തിയഞ്ച് വർഷമായി ഒരു ചെറിയ പെട്ടിക്കട നടത്തി ഉപജീവനം നടത്തിവന്ന ഒരു നിർദ്ധന കുടുംബം എല്ലാം നഷ്ടപ്പെട്ട് രാമന്തളി പഞ്ചായത്തിലേക്ക് വന്നിട്ടുണ്ട്. അവിടത്തെ ഗവൺമെന്റ് തന്നെ ഇങ്ങോട്ടേക്ക് അയച്ചതാണ്. ഇപ്പോൾ അവർ മറ്റൊരാളുടെ വീട്ടിലാണ് കഴിഞ്ഞുകൂടുന്നത്. ഒരു വീട് വച്ചുകൊടുത്ത് അവരെ സഹായിക്കാൻ ഗവൺമെന്റിന് കഴിയുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: അവരെ എങ്ങനെ സഹായിക്കാൻ പറ്റുമെന്നുള്ളത് നമുക്ക് പരിശോധിക്കാം. മറീന ബീച്ചിൽ പെട്ടിക്കട നടത്തിയിരുന്ന മലയാളികളായ പലർക്കും നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. മറുനാടൻ മലയാളികളുടെ കാര്യങ്ങൾ നോക്കുന്ന ഡിപ്പാർട്ടുമെന്റാണല്ലോ നോർക്ക. അവർക്ക് ഫണ്ടുണ്ട്. ആ ഫണ്ടിൽ നിന്ന് അയ്യായിരം രൂപ കൊടുക്കാനായിട്ട് തീരുമാനിക്കുകയും ഉദ്യോഗസ്ഥൻമാർ അവിടെപ്പോയി ആ തുക കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇവിടത്തെ മലയാളി സംഘടനതന്നെ മുൻകൈ എടുത്ത് അവരുമായി സഹകരിച്ചു കൊണ്ടാണ് ആ തുക കൊടുത്തത്. ആൻഡമാൻ നിക്കോബാറിൽ നിന്ന് വന്നവരുടെ കാര്യത്തിൽ എന്ത് ചെയ്യാൻ പറ്റുമെന്നുള്ളത് നോക്കാം. മാലി ദ്വീപിൽ വച്ച് അപകടംപറ്റി തിരുവനന്തപുരത്ത് ആശുപത്രിയിൽ കിടന്ന് ചികിത്സിക്കുന്ന ഒരാൾ അദ്ദേഹത്തിന് ബുദ്ധിമുട്ടാണെന്ന് അറിയിച്ചതിനെത്തുടർന്ന് ഗവൺമെന്റ് 50,000 രൂപ അദ്ദേഹത്തിന്റെ ചികിത്സ ചെലവിനുവേണ്ടി കൊടുത്തിട്ടുണ്ട്. ആൻഡമാനിൽ നിന്ന് വന്നിട്ടുള്ളവരുടെ കാര്യത്തിൽ എന്ത് ചെയ്യാൻ കഴിയുമെന്ന് നോക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: ഒന്നാം ഫെയ്സും രണ്ടാം ഫെയ്സും അങ്ങ് പറഞ്ഞു. നേരത്തെ ഇറിഗേഷൻ മിനിസ്റ്റർ കൃത്യമായിട്ട് പറഞ്ഞിട്ടുമില്ല. കണ്ണൂർ ജില്ലയിൽ തലശ്ശേരി, എടക്കാട് മണ്ഡലങ്ങളിലെ തീരപ്രദേശത്ത് അഴീക്കോട് മണ്ഡലം ഉൾപ്പെടെ പ്രധാനമായും സുനാമിയുടെ നാശനഷ്ടം ഉണ്ടാകാൻ കാരണം കടൽഭിത്തി ഇല്ലാത്തതാണ്. ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതിയാണ്. ഇപ്പോൾ കൊല്ലം, ആലപ്പുഴ മേഖലയിലാണ് കൂടുതൽ പ്രാധാന്യം കൊടുത്തത്. അതിൽ തർക്കമില്ല. ഇവിടത്തേക്ക് പ്രൊപ്പോസൽ അയച്ചതല്ലാതെ ഒന്നും ചെയ്തിട്ടില്ല. എന്തെങ്കിലും ചെയ്യുമോ?

ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, സത്യം പറഞ്ഞാൽ ഞാൻ അതെല്ലാമുള്ള രേഖയും ഫയലുമായിട്ടാണ് വന്നത്. പക്ഷേ എന്നെ പറയാൻ അനുവദിക്കാത്തതുകൊണ്ട് ഞാൻ പിന്നെ ഒരു അസുഖകരമായ അന്തരീക്ഷം ഉണ്ടാക്കണ്ട എന്നു കരുതി പറയാനുള്ളത് എല്ലാം എന്റെ ഹൃദയത്തിലൊതുക്കി, എന്റെ വേദനയും ഒതുക്കി ഞാൻ ഇവിടെ ഇരിക്കുകയായിരുന്നു. അങ്ങ് ഏതായാലും പറഞ്ഞത് നന്നായി. അങ്ങ് പറഞ്ഞ പ്രൊപ്പോസലും ഇതിനകത്തുണ്ട് എന്ന് വിനയപൂർവ്വം ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ശ്രീ. എം. വി. ജയരാജൻ പറഞ്ഞ കാര്യം മൂന്നാമത്തെ ഫെയ്സാണ്. സെക്കന്റ് ഫെയ്സിനകത്ത് സുനാമി അഫക്ട് ചെയ്തിട്ടുള്ള ജീവനാശം വന്നിട്ടുള്ള നാലഞ്ചു പഞ്ചായത്തുകളിൽ കടൽഭിത്തി കെട്ടുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്യാനുദ്ദേശിക്കുകയാണ്. മൂന്നാമത്തെ ഫെയ്സ് എന്നു പറയുന്നത് നമ്മുടെ കടലോരപ്രദേശങ്ങളിൽ ഒന്നാകെ സുരക്ഷിതത്വം ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള കടൽഭിത്തി കെട്ടുന്ന പരിപാടിയാണ്. ധാരാളം വോളണ്ടറി ഓർഗനൈസേഷൻസ് സഹായവുമായി ഇന്ന് മുന്നോട്ട് വന്നിട്ടുണ്ട്. അവരിൽ കുറച്ച് പേർക്ക് മാത്രമേ ഇവിടെ വീട് പണിയാനായിട്ട് അനുമതി കൊടുക്കുന്നുള്ളൂ. ഏറ്റവും വലിയ ഓഫറുമായിട്ട് വന്നത് മാതാ അമൃതാനന്ദമയീ മഠം ആണ്. നമുക്ക് ആവശ്യം വേണ്ടിവരുന്ന വീടുകളുടെ പകുതിയോളം, 1,300-ഓളം അവർ നിർമ്മിച്ച് തരുന്നതിനുവേണ്ടിയിട്ടുള്ള അനുമതിയാണ് കൊടുത്തുകഴിഞ്ഞിരിക്കുന്നത്. റവന്യൂ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചു. ബാക്കി വന്നിട്ടുള്ള ഏജൻസികൾക്കൊക്കെ അവർ പറഞ്ഞിട്ടുള്ളതിനേക്കാൾ, മാതാ അമൃതാനന്ദമയീ മഠത്തിനുതന്നെ കൊടുക്കുന്നത് അവർ ഏറ്റെടുക്കാമെന്നു പറഞ്ഞിട്ടുള്ള വീടുകളുടെതിനേക്കാൾ കുറവാണ്. അത് ഉൾപ്പെടെ മറ്റ് വോളണ്ടറി ഓർഗനൈസേഷനൊക്കെ സഹായങ്ങൾ ഈ തീരപ്രദേശത്തെ പട്ടിണിപ്പാവങ്ങളുടെ പുനഃരുദ്ധാരണത്തിനുവേണ്ടി, അവരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി വിനിയോഗിക്കണമെന്നുള്ളതാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഗവൺമെന്റിന്റെ ആഗ്രഹവും അതാണ്.

അവരുടെ ആശങ്ക അകറ്റുന്നതിനും സുരക്ഷിതത്വബോധം ഉണ്ടാക്കുന്നതിനും വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് ഏറ്റെടുത്ത് നടത്തുകയാണ്. മറ്റ് കാര്യങ്ങളിൽ വോളണ്ടറി ഓർഗനൈസേഷന്റെ സഹായ സഹകരണങ്ങൾ നമ്മൾ പൂർണ്ണമായി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്. ഡിസാസ്റ്റർ മാനേജുമെന്റിനു വേണ്ടി ഒരു നിയമം കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. അത് ഈ സെഷനിൽ തന്നെ കൊണ്ടുവരാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അതുപോലെ തന്നെ സയന്റിസ്റ്റുകളുടെ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അത് ഇന്ത്യയിലും വിദേശത്തുമുള്ള പല വിദഗ്ദ്ധന്മാരുമായി ബന്ധപ്പെട്ടുകൊണ്ട് അവർ ഇതു സംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊക്കെ തരും. കാനഡയിലെ മാനിറ്റോബാ യൂണിവേഴ്സിറ്റിയിലെ ഡോക്ടർ ടാഡ് മൂർത്തി, വിസിറ്റിംഗ് സയന്റിസ്റ്റ് ഈ മാസം പത്താം തീയതി ഇവിടെ വരുന്നുണ്ട്. അദ്ദേഹം ഇതുസംബന്ധിച്ച് ഒരു ലക്ചർ നടത്തും. സുനാമി ആന്റ് കോസ്റ്റൽ പ്രൊട്ടക്ഷൻ എന്നതിനെക്കുറിച്ചാണ് ഡിസ്ക്കഷൻ. അങ്ങനെയുള്ള സയന്റിസ്റ്റുകളുടെ സഹായത്തോടുകൂടി ഇതിനെക്കുറിച്ച് ദീർഘ വീക്ഷണമുള്ള പരിപാടികൾക്ക് രൂപം കൊടുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. സി.എം.ഡി.ആർ.എഫ്.-ലേക്ക് ഇതുവരെ കിട്ടിയ തുക എത്രയാണെന്നു ചോദിച്ചിരുന്നു. 18.71 കോടി രൂപയാണ് ഇന്നലെവരെ കിട്ടിയിട്ടുള്ളത്. സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കളക്ട് ചെയ്ത തുക ഗവൺമെന്റിന് കിട്ടിയോ എന്നു ചോദിച്ചു. അവർ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്. ഇതുവരെ രണ്ടര കോടി രൂപ വരെയായി. 3 കോടി രൂപ വരെ ആകുമെന്നാണ് അവർ പ്രതീക്ഷിക്കുന്നത്. അവർ ആ പിരിവ് നിർത്തിയാൽ അന്നേരം മുഖ്യമന്ത്രിയുടെ ഫണ്ടിലേക്ക് തരും. അതുപോലെ ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ പണം പിരിക്കാൻ സംവിധാനമില്ല എന്നൊക്കെ പറഞ്ഞു. എവിടെയെങ്കിലും കുറ്റവും കുറവും വന്നുകാണുമായിരിക്കാം. ഇതുവരെ 2,49,996 രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ബാക്കി പിരിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. ഞാൻ ഒരു കാര്യം കൂടി ഈ സഭയ്ക്ക് ഉറപ്പു തരുന്നു. സുനാമിക്കുവേണ്ടി കിട്ടിയിട്ടുള്ള തുക സുനാമി ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാനും സുനാമി അഫക്ടഡായിട്ടുള്ള പ്രദേശം ഉൾപ്പെടെയുള്ള തീരപ്രദേശത്തിന്റെ വിവിധ ആവശ്യങ്ങൾക്കുവേണ്ടിയുമല്ലാതെ വേറൊരു കാര്യത്തിനും വിനിയോഗിക്കുകയില്ല. അതുകൊണ്ടുതന്നെ ഇതിനുവേണ്ടി കേന്ദ്രത്തിൽ നിന്നു വരുന്ന തുകയും മുഖ്യമന്ത്രിയുടെ ഫണ്ടിലേക്ക് വന്നിരിക്കുന്ന തുകയും ഒന്നിച്ചു കിടക്കുമ്പോഴാണല്ലോ പിന്നേയും സംശയങ്ങൾ വരുന്നത്. അതുകൊണ്ട് സംശയങ്ങൾക്ക് അതീതമായിട്ടാകാൻവേണ്ടി സി.എം.ഡി.ആർ.എഫ്.-ലെ തുകയും സി.ആർ.എഫ്.-ലെ തുകയും സെപ്പറേറ്റാക്കി മാറ്റുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനം ഉണ്ടാക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഈ തുക ഞങ്ങൾ വകമാറ്റി ചെലവഴിക്കില്ല എന്നു തീരുമാനിച്ചു. ആ തീരുമാനത്തിനു ശേഷവും ചിലർക്ക് പിന്നേയും സംശയം നിൽക്കുന്നതുകൊണ്ടാണ് ഇങ്ങനെയുള്ള ഒരു തീരുമാനം എടുക്കാൻ എന്നെ പ്രേരിപ്പിച്ചത് എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly